# കൂരോപ്പട ഗ്രാമപഞ്ചായത്ത്

# വികസന രേഖ 1996



## അഡ്വൈസറി ബോർഡ്

1. ശ്രീ. പി.ഇസഡ്. ജോസഫ് (പഞ്ചായത്ത് പ്രസിഡൻറ്)
2. ശ്രീ. എം.ജി. ഗോപാലകൃഷ്ണൻ നായർ (പഞ്ചായത്ത് വൈസ് പ്രസിഡൻറ്)
3. ശ്രീ. കെ.ജി. ബാലചന്ദ്രൻ നായർ (ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മറ്റി)
4. ശ്രീ. എം.ആർ. ഗോപാലകൃഷ്ണൻ നായർ
5. ശ്രീ. വിജയൻ, അമൃതാഞ്ജലി
6. ശ്രീ. ബിജി കുര്യൻ
7. ശ്രീ. പി.പി. ഗോപിനാഥൻ നായർ
8. ശ്രീ. ജോസ് നാഞ്ഞിലത്ത്
9. അഡ്വ. എൻ. ജയപ്രകാശ്

ചീഫ് എഡിറ്റർ : **ശ്രീ. വി.എ. പുരുഷോത്തമൻ നായർ**

ജനറൽ എഡിറ്റർ : **ശ്രീ. വി.ജി. രാമചന്ദ്രൻ നായർ**

സബ് എഡിറ്റേഴ്സ് : **ശ്രീ. പി.എസ്. ചന്ദ്രകുമാർ**<br>**ശ്രീ. കെ.പി. ശ്രീരാമൻ**

## ബോർഡ് ഓഫ് എഡിറ്റേഴ്സ്

: ശ്രീ. ഉലഹന്നാൻ പീലിപ്പോസ്
: ശ്രീ. എം.പി. ഗോപാലകൃഷ്ണൻ നായർ
: ശ്രീ. ശങ്കരനാരായണപിള്ള
: ശ്രീമതി. പി.എസ്. സുജാത
: ശ്രീമതി. സാറാമ്മ പൗലോസ്

ഭൂപടനിർമ്മാണം : ശ്രീ. പി.എൻ. അന്ത്രയോസ്
വിഭവ ഭൂപടനിർമ്മാണം : പി.എസ്. ചന്ദ്രകുമാർ
സാമൂഹ്യ സാംസ്കാരിക ചരിത്രം : വി.ജി രാമചന്ദ്രൻ നായർ
ദ്വിതീയതല വിവരശേഖരണം : വിജയൻ, അമൃതാഞ്ജലി

## സബ്ജക്റ്റ് കമ്മിറ്റി

| *വിഷയം* | *ചെയർമാൻ* | *കൺവീനർ* |
|---|---|---|
| 1. കൃഷിയും ജലസേചനവും | സി.പി. സരസ്വതിയമ്മ | കെ.കെ. എബ്രഹാം |
| 2. മൃഗസംരക്ഷണവും മത്സ്യബന്ധനവും | ഷേർലി തര്യൻ | കെ.കെ. തങ്കപ്പൻ |
| 3. വിദ്യാഭ്യാസം | കെ.ജി. ബാലചന്ദ്രൻ നായർ | പി.എം. ശ്രീനിവാസക്കു( |
| 4. കുടിവെള്ളവും പൊതുജനാരോഗ്യവും | കുഞ്ഞൂഞ്ഞമ്മ കുര്യൻ | ശ്രീകുമാർ ഗോകുലം |
| 5. വ്യവസായം | ഏലിയാസ് കുര്യൻ | സോമശേഖരൻ നായർ വി.എം. |
| 6. ഗതാഗതം-ഊർജ്ജ | കെ.എൻ. രാജു | പി.എൻ. ശിവൻ |
| 7. പാർപ്പിടവും സാമൂഹ്യക്ഷേമവും | എം.ജി. ഗോപാലകൃഷ്ണൻ നായർ | ടി.എം. ജോർജ് |
| 8. സംസ്കാരം | പി.കെ. രാധാകൃഷ്ണൻ നായർ | ടി.എം. ആൻറണി |
| 9. വനിതാക്ഷേമം | ഷേർലി തര്യൻ | പി.എ. അമ്പിളി |
| 10. സഹകരണം | ഏലിയാസ് കുര്യൻ | സി.എൻ.എസ്. നായർ |
| 11. പട്ടികജാതി പട്ടികവർഗ്ഗം | കെ.എൻ. രാജു | ടി. ശ്യാം |
| 12. വിഭവ സമാഹരണം | പി.കെ. രാധാകൃഷ്ണൻ നായർ | ജോസഫ് കുളങ്ങര |

53-3




"ബ്രിട്ടീഷുകാരുടെ നുകത്തിൻകീഴിൽനിന്ന് ഇൻഡ്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്രനാവുക എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം സ്വരാജിന്റെ അർത്ഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടുന്നതുകൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിതമാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാതാർത്ഥ്യമാകുന്നത്, അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെ എതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസരത്തിൽ മാത്രമായിരിക്കും."

- ഗാന്ധിജി



**ആശാരിപറമ്പിൽ ഗോപാലപിള്ള**
പഞ്ചായത്ത് ആഫീസ്, വില്ലേജ് ആഫീസ്, മൈതാനം
എന്നിവയ്ക്ക് സ്ഥലം സംഭാവന ചെയ്ത് ഗ്രാമപുരോഗതിക്ക്
തുടക്കം കുറിച്ച മഹത്വ്യക്തി.



**വി.എ. പുരുഷോത്തമൻ നായർ**
കൺവീനർ
ജനകീയാസൂത്രണം



**പി.പി. ഗോപിനാഥൻ നായർ**
സംസ്ഥാന അദ്ധ്യാപക അവാർഡും
സംസ്ഥാന പി.ബി.എസ്. അവാർഡും
കരസ്ഥമാക്കിയ ളാക്കാട്ടൂർ എം.ജി.എം.
ഹൈസ്കൂൾ അദ്ധ്യാപകൻ



കെ.ജി. ബാലചന്ദ്രൻ നായർ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
വാർഡ് 5



പി.ഇസഡ്. ജോസഫ്
പ്രസിഡൻറ്
വാർഡ് 1



എം.ജി. ഗോപാലകൃഷ്ണൻ നായർ
വൈസ് പ്രസിഡൻറ്
വാർഡ് 3



സി.പി. സരസ്വതിയമ്മ
മെമ്പർ
വാർഡ് 2



എസ്.ആർ.സതിമോൾ
മെമ്പർ
വാർഡ് 4



ഷെർലി തര്യൻ
മെമ്പർ
വാർഡ് 6



പി.കെ. രാധാകൃഷ്ണൻ നായർ
മെമ്പർ
വാർഡ് 7



ഏലിയാസ് കുര്യൻ
മെമ്പർ
വാർഡ് 8



കെ.എൻ. രാജു
മെമ്പർ
വാർഡ് 9



കുഞ്ഞൂഞ്ഞമ്മ കുര്യൻ
മെമ്പർ
വാർഡ് 10



കെ. ശിവരാമൻ
സെക്രട്ടറി


1,759.8835 HC
22,750
10
SBT
PHC
PH
GVH
RBO
KSEB
SCB
PYT
VO
CC
GAD
KB
കൂരോപ്പട
പഞ്ചായത്ത്

# അധികാരം ജനങ്ങളിലേക്ക്
## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

- ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം.
- പഞ്ചായത്ത് രാജ്-നഗരപാലികാ സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമസഭകൾ
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്.
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു.
- വികസന സെമിനാറുകൾ, പരിശീലനക്ലാസ്സുകൾ
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാക്സ് ഫോഴ്സുകൾ
- ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി.

# ആമുഖം

## ജനകീയാസൂത്രണം എന്ത്? എന്തിന്?

കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികൾ രാജ്യത്ത് വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ മുടക്കിയ വിഭവവുമായി താരതമ്യപ്പെടുത്തുമ്പോൾ നേട്ടങ്ങൾ ഇതിനേക്കാൾ എത്രയോ ഇരട്ടി ഉണ്ടാവേണ്ടതായിരുന്നു എന്ന് നമുക്ക് ബോധ്യപ്പെടും. എവിടെയാണ് തരക്കേട്. ഈ അന്വേഷണം വർഷങ്ങളായി തുടർന്നുപോന്നു.

കാർഷിക, വ്യാവസായിക മേഖലകളിലെ മുരടിപ്പ്, സേവനമേഖലയിലെ ഗുണനിലവാരക്കുറവ്, വ്യാപകമായ തൊഴിലില്ലായ്മ, സാർവ്വത്രികമായ അഴിമതി ഇവയിൽനിന്ന് കരകയറാൻ മാർഗ്ഗമെന്താണ്? ഇതുവരെ മുടക്കിയ മുതലിലെ ഏറിയ പങ്കും ഇടനിലക്കാരുടേയും കോൺട്രാക്ടർമാരുടെയും കീശകളിൽ എത്തിച്ചേരുകയായിരുന്നു. പ്രധാനമന്ത്രിയായിരിക്കെ ശ്രീ. രാജീവ് ഗാന്ധി പറഞ്ഞതുപോലെ പദ്ധതികാര്യങ്ങളിൽ മുടക്കുന്ന തുകയുടെ പതിനഞ്ചു ശതമാനം മാത്രമേ ജനങ്ങൾക്കു കിട്ടിയിരുന്നുള്ളൂ. ഈ നില മാറിയെതീരൂ.

ഇവിടെയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രസക്തി. തീരുമാനങ്ങൾ എല്ലാം മുകളിൽനിന്ന് വരുന്നതിനു പകരം താഴേതലത്തിൽ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും ജനങ്ങൾക്കു കഴിയണം. ഈ നിലയ്ക്കുള്ള ചിന്ത കേരളത്തിൽ ആദ്യമായി കണ്ണൂർ ജില്ലയിൽ, കല്യാശ്ശേരി പഞ്ചായത്തിൽ, പ്രാവർത്തികമാക്കി. അവിടെനിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട് തുടർന്ന് പഞ്ചായത്തുകളിലും ഇപ്പോൾ കേരളത്തിലാകെയും പ്രാദേശിക ആസുത്രണത്തിനും ജനപങ്കാളിത്തത്തോടെയുള്ള വിസനത്തിനും കേരള സർക്കാർ മാതൃക കാട്ടുകയാണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ ജനങ്ങളാകെ താത്പര്യം കാണിക്കുമ്പോൾ നഷ്ടബോധമുള്ള ഏതാനുംചില ഉദ്യോഗസ്ഥമേധാവികളും ചുരുക്കം ജനപ്രതിനിധികളും ചില മാധ്യമങ്ങളും തങ്ങളുടെ കൊതിക്കെറുവ് തീർക്കാൻ മുതിരുന്നില്ലെന്നില്ല. അതിനെയൊക്കെ അതിജീവിച്ച് ജനങ്ങളുടെ ഇച്ഛാശക്തി കേരളമാകെ ഈ പ്രസ്ഥാനത്തിൽ നിറഞ്ഞുകാണുന്നു.

ജനങ്ങൾ മറ്റാരോ ചെയ്യുന്ന വികസനപ്രക്രിയയുടെ ഗുണഭോക്താക്കളായാൽ മാത്രം പോര. ആസുത്രകരും, കൈകാര്യകർത്താക്കളും മുൻഗണാനിർണ്ണയക്കാരുമാകണം. വികസനമെന്നാൽ റോഡ്, പാലം, ആശുപത്രി, സ്കൂൾ ഇവമാത്രമല്ല ഐക്യ കേരളപ്പിറവിയെ തുടർന്ന് നടന്ന ഭൂപരിഷ്കരണം സമ്പൂർണ്ണ സാക്ഷരത, വിഭവഭൂപട നിർമ്മാണം. അയൽക്കൂട്ടപരീക്ഷണങ്ങൾ, കേരളമോഡൽ വികസനചർച്ചകൾ, വീട്ടമ്മമാരുടെ സമരങ്ങൾ, ജൈവകൃഷി തുടങ്ങിയ അനുഭവ പാഠങ്ങളുടെ വെളിച്ചത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ, കക്ഷിരാഷ്ട്രീയത്തിനതീതമായി, സന്നദ്ധപ്രവർത്തകർ, സാങ്കേതിക വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ ഗ്രാമസഭകൾവരെയുള്ള പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ മുഖേന ജനശക്തിയുണർത്തി കേരളത്തിന്റെ സ്ഥായിയായ വികസനത്തിനുവേണ്ടി ഒൻപതാം പഞ്ചവത്സരപദ്ധതി പഞ്ചായത്ത് - ബ്ലോക്ക്- നഗരസഭ-ജില്ലാ തലങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കാനുള്ള ജനകീയ പ്രസ്ഥാനമാണ് ജനകീയാസൂത്രണം.

ജനങ്ങൾ ഇതുവരെ വികസന പ്രക്രിയയുടെ Object ആഖ്യാതങ്ങൾ മാത്രമായിരുന്നു. ഇനിമേൽ Subject ആഖ്യകൾ ആവാനുള്ള പ്രക്രിയയാണ് ജനകീയാസൂത്രണം.

കേരളം സമ്പന്നമാണ് പക്ഷേ കേരളീയർ ദരിദ്രരും. ധാന്യങ്ങളും പച്ചക്കറികളും മാത്രമല്ല, പൂമാലകൾ പോലും നമുക്കു പുറത്തുനിന്നു വരണം. ഈ നില മാറിയേതീരൂ. സാർവ്വത്രികസാക്ഷരതയും നിറയെ വിദ്യാഭ്യസ സ്ഥാപനങ്ങളും ഉണ്ടെങ്കിലും നമ്മുടെ വിദ്യാഭ്യാസ നിലവാരം വളരെ ശോചനീയമാണ്. ആശുപത്രികളുടെ എണ്ണം ഏറെയുണ്ടെങ്കിലും വ്യാപകമായ രോഗാതുരതയും ജലജന്യരോഗങ്ങളും അങ്ങിങ്ങായിയുള്ള ദാരിദ്ര്യത്തുരുത്തുകളും കുടിവെള്ളക്ഷാമവും നമുക്ക് അഭിമാനിക്കത്തക്കതല്ല എന്നു മാത്രമല്ല, നാം നിർമ്മാർജ്ജനം ചെയ്തു എന്നുകരുതിയിരുന്ന പല രോഗങ്ങളും കൂടുതൽ കരുത്തോടെ തിരിച്ചുവരികയും ചെയ്തിരിക്കുന്നു. അമിത കേന്ദ്രീകരണവും ജനപ്രാതിനിധ്യക്കുറവും ഇന്ത്യൻ ജനാധിപത്യത്തിന്റെ ദൗർബല്യങ്ങളാണ്. തൊണ്ണൂറുകോടി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തൊള്ളായിരം എം. പി. മാരും ആറായിരത്തോളം എം. എൽ. എ. മാരും മാത്രമാണ് നമുക്കുള്ളത്. എവിടെയാണ് 73-74 ഭരണഘടനാഭേദഗതികളിലൂയെ നിലവിൽവന്ന പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ പ്രസക്തിയേറുന്നത്. ബാലറ്റുപെട്ടി ഒരു മാർഗ്ഗമാണെങ്കിൽ അത് ഭസ്മാസുരന്റെ വരം കൊടുക്കലാണ്. അത് അധികാരവിനിയോഗമല്ല പരിത്യാഗമാണ് എന്ന് ഇനിയും മറ്റുള്ളവരെകൊണ്ട പറയിക്കാത്തവിധം ഇന്ത്യയിൽ ജനാധിപത്യം കൂടുതലാഴത്തിൽ വേരോടുന്നതിന് ഈ സംവിധാനം പ്രയോജനപ്പെടുത്തണം. ഇതിദലയ്ക്ക് കേരളം നല്കുന്ന മാതൃകയാണ് ജനകീയാസുത്രണ പ്രസ്ഥാനം. മൂന്നാംലോകവികസനത്തിൽ മാതൃകകാണാൻ ലോകം കേരളത്തെ ഉറ്റുനോക്കുന്നു.

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

സ്ഥലനാമ സംബന്ധമായ ഐതിഹ്യം കൂരോപ്പടയ്ക്ക് സ്വന്തമായുണ്ട്. വെന്നിമല ആസ്ഥാനമാക്കി എ. ഡി. 1100-ൽ രാജ്യം ഭരിച്ച തെക്കുംകൂർ രാജാവിൻെറ ഭടന്മാരെ പാർപ്പിച്ചിരുന്ന സ്ഥലമാണത്രേ കൂരോപ്പട. 'കൂറ് അകത്തുള്ള പട' വസിച്ചിരുന്ന ഈ പ്രദേശം കൂരോപ്പടയായി അറിയപ്പെട്ടു. കൗരവന്മാർ പടയിറങ്ങിയ സ്ഥലം എന്നും, ഊരഹപ്പുഴ ലോപിച്ച് കൂരോപ്പുഴയും പിന്നീട് കൂരോപ്പടയുമായി എന്നെല്ലാമുള്ള വാമൊഴികളും സ്ഥലനാമസംബന്ധിയായി നിലനിൽക്കുന്നുണ്ട്. കൊച്ചിയുടെ സാമന്തരായിരുന്ന തെക്കുംകൂർ രാജാക്കന്മാർ തിരുവിതാംകൂറിനെതിരായ യുദ്ധത്തിൽ കായംകുളവുമായും മറ്റ് വടക്കൻ രാജ്യങ്ങളുമായും സഹകരിച്ചതിൻെറ പേരിൽ 1749-ൽ തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന മാർത്താണ്ഡവർമ്മ തെക്കുംകൂർ രാജ്യം തിരുവിതാംകൂറിനോടു ചേർത്തു.

ചോറ്റി (കാഞ്ഞിരപ്പള്ളി) മുതൽ വേമ്പനാട്ടു കായൽ വരെ വിസ്തൃതമായ ഭൂവിഭാഗത്തിൻെറ ഉടമസ്ഥതയുണ്ടായിരുന്ന അമ്പഴത്തുങ്കൽ കർത്താക്കന്മാരുടെ സ്വന്തമായിരുന്നു കൂരോപ്പട, കോത്തല മാടപ്പാട് കരകൾ ഇത് സംബനധിച്ച രേഖകൾ കുടുംബ അവകാശമായി കർത്താക്കന്മാർ നില നിർത്തി പോരുന്ന പള്ളിക്കത്തോട് ശ്രീകൃഷ്ണ ക്േ,ത്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്. കൊല്ലവർഷം 1085-ൽ കർത്താക്കന്മാർ ഇടയ്ക്കാട്ടു കുന്നിലെ ഓർത്തഡോക്സ് പള്ളിക്കും ആനിക്കാട് കത്തോലിക്കാപ്പള്ളിക്കും സ്ഥലം അനുവദിച്ചു കൊണ്ട് നസ്രാണികൾക്ക് എഴുതി കൊടുത്ത പ്രമാണ രേഖകളും ഈ ക്ഷേത്രത്തിലുണ്ട്.

പഞ്ചായത്തിലെ പുലിക്കുന്ന്, ആനക്കല്ല്, മതുമല, വിളിക്കല്ല് എന്നിവയും അരുവിക്കുഴി, കൂവപ്പൊയ്ക, കോയിത്താനം, അരുമ്പുമല എന്നീ സ്ഥലങ്ങളും വഴിയാത്രക്കാർ ഇളപ്പിറക്കിപ്പോയ ഇളപ്പുങ്കലും ഇങ്ങനെ ചരിത്രത്തിൽ സ്ഥാനം പിടിച്ചു.

ഉന്നത വിദ്യാഭ്യാസത്തിൻെറ അഭാവം കൊണ്ടാവാം ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ അലയൊലികൾ ഈ ഗ്രാമത്തിൽ കാര്യമായി ഉണ്ടായില്ല. എങ്കിലും നാഷണൽ കോൺഗ്രസ്സിൻേറയും സ്റ്റേറ്റ് കോൺഗ്രസ്സിൻേറയും പ്രവർത്തനങ്ങൾ അങ്ങിങ്ങ് നടന്നിരുന്നു.

സ്വതന്ത്ര്യപ്രാപ്തിയോടു കൂടിയാണ് ജനങ്ങളിൽ ശക്തമായ രാഷ്ട്രീയ അവബോധം രൂപപ്പെട്ടു തുടങ്ങിയത്. 1946-ൽ കോത്തല 12-ാം മൈൽ പുത്തമ്പുര പറമ്പിൽ പി. റ്റി. ചാക്കോയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം നടന്നു. കരിമ്പുങ്കൽ നാരായണൻ നായരായിരുന്നു അതിൻെറ സംഘാടകൻ.

കൊല്ലവർഷം 1114-ൽ ഉത്തരവാദഭരണ പ്രക്ഷോഭത്തോടനുബന്ധിച്ച് നടന്ന പുതുപ്പള്ളി വെടിവെയ്പ് സംഭവത്തിലും കൂരോപ്പടയിൽ നിന്നുള്ള സമരഭടന്മാർ പങ്കെടുത്തിരുന്നു. മഠത്തിൽ ശ്രീ. മാധവൻ നായർ ഉൾപ്പെടെ 14 പേർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. ദേശീയ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നടന്ന ആദ്യത്തെ സംഭവം ഇതാണ്.

അമ്പതുകളുടെ ആരംഭത്തിൽ തന്നെ ഇവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉദയം ചെയ്തു. കോളജ് വിദ്യാർത്ഥിയായിരുന്ന കോത്തല ചൊറിക്കാവുങ്കൽ രവീന്ദ്രൻ നായർക്ക് (ആർ. വി. ആർ. നായർ) പാമ്പാടി ബാലനുമായുണ്ടായ പരിചയമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേയ്ക്ക് അദ്ദേഹത്തെ ആകർഷിച്ചത്. പഞ്ചായത്തിലെ ആദ്യത്തെ തെരഞ്ഞെടുപ്പിലും പാർട്ടി സ്വതന്ത്ര സംഥാനാർത്ഥികളെ നിർത്തി മത്സരിപ്പിച്ചു. 1953-ൽ കർഷകസംഘത്തിൻെറ പ്രവർത്തനം ആരംഭിച്ചു. കോത്തല മാന്താനം പുരയിടത്തിൽ ആയിരുന്നു കർഷക സംഘത്തിൻെറ ഓഫീസ് പ്രവർത്തിച്ചിരുന്നത്. പുലിയന്നൂർ ശ്രീധരൻ ഇളയതായിരുന്നു സംഘത്തിൻെറ പ്രസിഡൻറ് ഏതാണ്ട് ഇതേ കാലയളവിൽ തന്നെ ചെത്തു തൊഴിലാളി യൂണിയനും പ്രവർത്തനമാരംഭിച്ചിരുന്നു. 1954-ൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ആദ്യത്തെ തൊഴിലാളി സമരവും കോത്തല മണ്ണാത്തിപ്പാറയിൽ നടന്നു. മെറ്റലടിക്കുന്നതിന് കൂലി കൂടുതൽ ആവശ്യപ്പെട്ടു കൊണ്ടും മെറ്റൽ അളവിലെ ക്രമക്കേടു പരിഹരിക്കുന്നതിനും വേണ്ടിയായിരുന്നു പ്രസ്തുത സമരം. തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെതിരെ സംഘടിപ്പിക്കപ്പെട്ട ഈ സമരത്തിൽ ഉമ്പുകാട്ട് ജോസഫും മറ്റു തൊഴിലാളി സ്ത്രീകളും പങ്കെടുത്തു. പിന്നോക്ക വിഭാഗങ്ങൾക്കു നേരെ സവർണ്ണ മേലാളന്മാർ നടത്തിയിരുന്ന അക്രമങ്ങൾക്കെതിരേയും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ഇക്കാലത്ത് പ്രതിഷേധയോഗങ്ങൾ സംഘടി

പ്പിക്കുകയുണ്ടായി. കോത്തല 12-ാം മൈൽ, പറയർ കുന്ന് എന്നിവിടങ്ങളിൽ നടന്ന പ്രതിഷേധയോഗം സാമൂഹിക മാറ്റത്തിനു കാരണമായി. ഭൂപരിഷ്ക്കരണ നിയമം വരുന്നതിനു മുമ്പേ കുടിയിറക്കിനെതിരായുള്ള സമരവും കോത്തലയിൽ നടന്നു. വല്ല്യപാറയ്ക്കൽ അമ്മൻകുഴി കുഞ്ഞുഞ്ഞ് എന്ന ഹരിജനെ പുര പൊളിച്ച് ഇറക്കി വിട്ടത് പാർട്ടി ഇടപെട്ട് തടയുകയും പുനരധിവസിപ്പിക്കുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചിരുന്ന കാലത്ത് പി. റ്റി. പുന്നൂസ് ഇവിടെ ഒളിവു ജീവിതം നയിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമ്പാദനത്തെ തുടർന്ന് പഞ്ചായത്തിൽ കോൺഗ്രസ് പാർട്ടി കൂടുതൽ ശക്തിപ്പെട്ടു. സഞ്ജീവ റെഡ്ഡി, ഗുൽസാരി ലാൽനന്ദ, വി. കെ. വേലപ്പൻ തുടങ്ങിയ പ്രമുഖർ ഈ കാലഘട്ടത്തിൽ പഞ്ചായത്തിലെ വിവിധ സമ്മേളനങ്ങളിൽ പങ്കെടുത്തു. അറുപതുകളിൽ കോൺഗ്രസ് പഞ്ചായത്തികളിൽ കോൺഗ്രസ് പഞ്ചായത്തിലാകെ ശക്തമായിരുന്നപ്പോൾ മണ്ഡലം പ്രസിഡൻറായി പ്രവർത്തിച്ചത് ശ്രീ. തറക്കുന്നേൽ ഫിലിപ്പോസ് (പാപ്പച്ചൻ) ആയിരുന്നു. കോൺഗ്രസ്സിൽ സംസ്ഥാന ജില്ലാതല നേതാക്കളേയും അക്കാലത്ത് നമ്മുടെ പഞ്ചായത്ത് സംഭവാന ചെയ്തു. ശ്രീ. ജോസഫ് കുളങ്ങര (കുളങ്ങര കൊച്ച്) കെ. പി. സി. സി. അംഗമായും ശ്രീ. കെ. കെ. ഗോവിന്ദൻ നായർ കുളഞ്ഞിയിൽ ഡി. സി. സി. അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കൂരോപ്പടയുടെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ ഗണ്യമായ സംഭാവനകൾ നൽകിയ ബഹുമാന്യ വ്യക്തിയാണ് റവ. ഫാ. സി.സി. സ്കറിയ.

അമ്പതുകളുടെ അവസാനത്തോടു കൂടി മഹിളാ പ്രസ്ഥാനങ്ങളും പഞ്ചായത്തിൽ രൂപം കൊണ്ടു. 1958-ൽ ശ്രീമതി. വി. ജി. കാർത്ത്യായനിയമ്മ പ്രസിഡൻറും എള്ളുകാലായിൽ തങ്കമ്മ സെക്രട്ടറിയുമായി ഇരുനൂറ് അംഗങ്ങളുള്ള ഒരു മഹിളാ സമിതി മാടപ്പാട്ട് രൂപീകൃതമായി. എന്നാൽ ഈ സമിതി പിന്നീട് പ്രവർത്തിക്കാതായി.

ഭൂസ്വത്തുക്കളിൽ അധികവും വൻകിട ജന്മിമാരുടെ കൈവശമായിരുന്നു. കൂറ്റമ്പാറ, കോലത്തേട്ട്, കൊറ്റമംഗലം, മലയത്ത്, വെള്ളക്കല്ലുങ്കൽ, കൊച്ചുപറമ്പിൽ, തറക്കുന്നേൽ പുള്ളോലിക്കൽ എന്നിവരായിരുന്നു അവരിൽ പ്രധാനികൾ. പാമ്പാടി കരിമ്പിത്തോടിന് തടിപ്പാലം നിർമ്മിച്ചു നൽകിയതിൽ സന്തുഷ്ടനായി തീർന്ന രാജാവ് കോലട്ടേ അന്നത്തെ കാരണവർക്ക് പിള്ളസ്ഥാനം കല്പിച്ചു നൽകുകയുണ്ടായി. ഭൂപരിഷ്ക്കരണനിയമവും കർഷകസംഘത്തിൻേറയും കമ്മ്യൂണിസ്റ്റു പാർട്ടിയുടെയും നേതൃത്വത്തിൽ നടന്ന സമരങ്ങളും ജന്മി സമ്പ്രദായത്തിന് അന്ത്യം കുറിച്ചു. സാമൂഹിക ജീവിതത്തിൽ ഗണനീയമായ മാറ്റങ്ങൾ ഇതുമൂലം സംജാതമായി.

കാർഷിക പ്രധാനമായ ഈ പഞ്ചായത്തിൽ കർഷകതൊഴിലാളികളും ഭൂഉടമകളും തമ്മിലുള്ള വർഗ്ഗപരമായ ചേരിതിരിവ് പ്രകടമായത് 1968-70 കാലയളവിലാണ്. മാക്കൽ പ്രശ്നം എന്ന പേരിൽ പരക്കെ അറിയപ്പെട്ട സംഭവത്തെ തുടർന്ന് പുരോഗമന ജനാധിപത്യ ആശയങ്ങൾക്ക് കൂരോപ്പടയിലെ അധ്വാനവർഗ്ഗത്തിനിടയിൽ വേരോട്ടം ലഭിച്ചു. ഏതാണ്ട് ഇക്കാലം വരെ ജാതീയമായ ഉച്ചനീചത്വവും നിലനിന്നിരുന്നു. താഴ്ന്ന ജാതിക്കാരെ ജാതിപ്പേരു ചൊല്ലി വിളിക്കുക പതിവായിരുന്നു.

വിവിധ വികസന മേഖലകളിൽ ആദ്യകാലം മുതൽക്കേ അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. മിഷനറി പ്രവർത്തനങ്ങളുടെ ഭാഗമായി ഇംഗ്ലണ്ടിൽ നിന്നും കൂരോപ്പടയെത്തിയ സായ്പ് ഒരു പള്ളിക്കൂടം തുടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ചു. വിവരമറിഞ്ഞ കൊച്ചുപറമ്പിൽ ഉമ്മൻ കുര്യൻ ഒരേക്കർ സ്ഥലം സംഭാവന നൽകി. ലണ്ടനിലെ വെസ്റ്റ് മിനിസ്റ്റർ അബി ദേവാലയത്തിലെ ഒരു ഞായറാഴ്ചത്തെ സ്തോത്രകാഴ്ചയുമായി സായിപ്പ് മടങ്ങിയെത്തി സ്കൂൾ പണിതു. അങ്ങനെ പഞ്ചായത്തിന് ആദ്യത്തെ സ്കൂൾ ലഭിച്ചു. അതാണ് പുളിമൂട്ടിലുള്ള സി. എം. എസ്. എൽ. പി. സ്കൂൾ. പഞ്ചായത്തിലെ ആദ്യത്തെ സി. എം. എസ്. പള്ളിയും ഇതോടനുബന്ധിച്ചായിരുന്നു. പറയനും പുലയനുമുൾപ്പെടെ അധഃസ്ഥിതരും നിർദ്ധനരുമായവർക്ക് ഒരു നൂറ്റാണ്ടു മുമ്പു തന്നെ വിദ്യാഭ്യാസ സൗകര്യം ലഭിച്ചുവെന്ന ചരിത്രപരമായ സൗഭാഗ്യവും നമുക്ക് അവകാശപ്പെട്ടതാണ്. പക്ഷേ, അധഃസംഥിതരുടെ പിന്നോക്കാവസ്ഥ പോലെ തന്നെ വർഷം പിന്നിട്ടിട്ടും ആദ്യത്തെ എൽ. പി. സ്കൂൾ ഇപ്പോഴും എൽ. പി. സ്കൂളായി തന്നെ നില നിൽക്കുന്നു.

ജില്ലയിലെ പ്രധാന റോഡുകളിലൊന്നായ കെ. കെ. റോഡ് പഞ്ചായത്തിലെ 9-10 വാർഡുകളിലൂടെ അതിര് തീർത്ത് കടന്നു പോകുന്നു. എങ്കിലും പഞ്ചായത്തിൽ ആദ്യമായി ഉണ്ടായ റോഡ് പഞ്ചായത്തിനെ നടുവെ മുറിക്കുന്ന ഒറവയ്ക്കൽ-കൂരാലി റോഡാണ്.

കെ. കെ. റോഡ് ടാർ ചെയ്യുന്നതിനു മുമ്പ് തന്നെ പഞ്ചായത്തിലൂടെ വാഹന ഗതാഗതം ആരംഭിച്ചിരുന്നു. 1939-ലാണ് ആദ്യമായി ഒരു മോട്ടോർ വാഹനം ഇവിടെ കടന്നുവന്നത്. കെ. കെ. റോഡിലൂടെ സ്വരാജ് ബസ്, 14-ാം മൈൽ മുതൽ കോട്ടയം വരെ ജോസ് ബ്രദേഴ്സ്, നളിനി, ക്യാപ്റ്റൻ തുടങ്ങിയ വാഹനങ്ങൾ സർവ്വീസ്

നടത്തി. 8 സീറ്റ് വണ്ടികൾ എന്നാണ് ഇവ അറിയപ്പെട്ടിരുന്നത്. 7 ചക്രമായിരുന്നു ഇവയ്ക്ക്. കൂലി, വില്ലുവണ്ടി, കാളവണ്ടി, കൈവണ്ടി, സൈക്കിൾ എന്നിവയും പ്രചരിച്ചു തുടങ്ങി. 1959-മുതൽ കോട്ടയം-മണർകാട് വഴി എരുത്തുപ്പുഴയ്ക്ക് ബസ് സർവ്വീസ് ആരംഭിച്ചു. ലില്ലി, മോളി എന്നീ സ്വകാര്യ ബസുകളാണ് സർവ്വീസ് നടത്തിയിരുന്നത്. ബസുകളിൽ സാധാരണക്കാർ അപൂർവ്വമായിട്ടേ യാത്ര ചെയ്തിരുന്നുള്ളൂ. 1961-ൽ എരുത്തുപുഴ പാലം പണി ആരംഭിക്കുകയും 1964-ൽ പൂർത്തിതയാക്കുകയും ചെയ്തതോടെ ഗതാഗതം കൂടുതൽ വ്യാപിച്ചു.

കൊല്ലവർഷം 116-ൽ പഞ്ചായത്തിലെ ആദ്യത്തെ വായനശാല ആരംഭിച്ചു. എരുത്തുപ്പുഴയിൽ സംസ്ഥാപിക്കപ്പെട്ട വായനശാലയുടെ പേര് 'സചിവോത്തമ ഷഷ്ട്യബ്ദ പൂർത്തി സ്മാരക വായനശാല' എന്നായിരുന്നു. 1956-ൽ കോത്തലയിൽ ജനതാ ആർട്ട്സ് ക്ലബ്ബ് പ്രവർത്തനമാരംഭിച്ചു.

1964-65 കാലഘട്ടത്തിൽ കിസ്സാൻ കവലയിൽ രൂപീകരിക്കപ്പെട്ട കർഷക ക്ലബ്ബ് ആണ് ഈ പട്ടികയിൽ പഞ്ചായത്തിൽ ആദ്യമായി രൂപം കൊണ്ടത് എന്നു കരുതപ്പെടുന്നു നെഹ്രുയുഗത്തിന് അന്ത്യം കുറിച്ച് ലാൽ ബഹദൂർ ശാസ്ത്രി രാജ്യഭാരം ഏറ്റെടുത്ത കാലമായിരുന്നു അത്. ശാസ്ത്രിജിയുടെ പ്രസിദ്ധമായ 'ജയ്ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യത്തിൽ നിന്നും ആവേശം ഉൾക്കൊണ്ടാണത്രേ നാട്ടിൽ പുറത്തെ യുവകർഷകരുടെ ഒത്തുചേരലിന് കിസാൻ ക്ലബ് എന്നു പേരിട്ടത്.

നാട്ടാശാന്മാരിലൂടെ അക്ഷരാഭ്യാസം നേടിയിരുന്ന ഗ്രാമീണർക്ക് സ്കൂൾ വിദ്യാഭ്യാസം ലഭിച്ചത് മിഷനറിമാർ സ്ഥാപിച്ച സി. എം. എസ്. എൽ. പി. സ്കൂളിലും ഇടയ്ക്കാട്ടു കുന്നിലെ 4-ാം ക്ലാസ് ഗ്രാൻറ് സ്കൂളിൽ നിന്നുമായിരുന്നു. പിന്നീട് പഠനത്തിനായിആശ്രയിച്ചിരുന്നത് പാമ്പാടിയിലെ എം. ജി. എം, പുതുപ്പള്ളിയിലെ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവകളെയായിരുന്നു. വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ചുള്ള അജ്ഞത കൊണ്ടായിരിക്കാം അധികാമാരും ഉന്നതപഠനത്തിനായി പോയില്ല. അതുകൊണ്ടു തന്നെ ഔദ്യോഗിക തലത്തിലും സാങ്കേതിക തൊഴിൽ മേഖലയിലും ശ്രദ്ധേരായിത്തീർന്നവരാരും ഈ പഞ്ചായത്തിലുണ്ടായില്ല. മിഷനറി പ്രവർത്തനത്തിനായി വിദ്യാഭ്യാസസ്ഥാപനം നടത്തി യവർ മത പരിവർത്തനവും നടത്തി. കേണൽ മൺറോയുടെ കാലത്ത് വ്യാപകമായ തോതിൽ മതപരിവർത്തനം നടക്കുകയുണ്ടായി. കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന ജനങ്ങൾ തനതായ കൃഷിരീതികളാണ് സ്വീകരിച്ചിരുന്നത്. അക്കാലത്തെ കൃഷി സമ്പ്രദായത്തിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. ''ഉഴവു വെട്ടും വിതയും.'' ചാമ, വരക്, മുതിര എന്നിവയും കൃഷി ചെയിരുന്നു. ഓണം, വിഷു, തിരുവാതിര തുടങ്ങിയവ ആർഭാടപൂർവ്വം ആഘോഷിച്ചിരുന്ന ഹിന്ദു സ്ത്രീകൾ തിരുവാതിര കളിയിൽ പ്രത്യേക വൈദഗ്ദ്ധ്യം തന്നെ നേടിയിരുന്നു. വിവാഹാലോചനകൾ വരുമ്പോൾ ''പെണ്ണ് തിരുവാതിര കളി പഠിച്ചിട്ടുണ്ടോ?'' എന്ന് അന്വേഷിക്കത്തക്ക വിധം തിരുവാതിര കളിക്ക് പ്രാധാന്യം ലഭിച്ചിരുന്നു.

ആധുനിക കാലത്തെപ്പോലെ ആശുപത്രി സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലാതിരുന്നതിനാൽ പരമ്പരാഗതമായ നാട്ടു ചികിത്സാരീതികളാണം പ്രചാർത്തിലിരുന്നത്. വൈദ്യന്മാർ നാട്ടിൽ വന്നു താമസിച്ച് കഷായവും മറ്റും വെച്ചു കൊടുക്കുകയായിരുന്നു പതിവ്. മൂരിപ്പാറ വൈദ്യൻ, അമ്പഴത്തിനാൽ വൈദ്യൻ എന്നിവർ ഇത്തരം ചികിത്സ നടത്തിയിരുന്നവരാണ്. അപൂർവ്വമായി കങ്ങഴ രക്ഷാസൈന്യം വക ആശുപത്രിയിലും ചികിത്സാർത്ഥം ആളുകൾ പോയിരുന്നു. ഈ പഞ്ചായത്തിലെ ളാക്കാട്ടൂർ വലിയ കുന്നേൽ ശ്രീ. പി. എസ്. പത്മനാഭപിള്ള ആലപ്പുഴയിൽ പി. എസ്. വൈദ്യശാല സ്ഥാപിച്ചു. അനേക വർഷം ആലപ്പുഴ മുൻസിപ്പൽ കണ്ൺസിലറായിരുന്ന ഈ പ്രസിദ്ധ വൈദ്യൻ.

രോഗം വന്നാൽ ചികിത്സിക്കുന്നതിനു പകരം അന്ധവിശ്വാസംമൂലം മന്ത്രവാദം പോലുള്ള അനാചാരങ്ങവും നടത്തിയിരുന്നു. വറതിരുമ്മുക, വേലന്മാരെ കൊണ്ട് 'ഓത്ത്' നടത്തുക എന്നിവ സാധാരണമായിരുന്നു. വേലന്മാർ നടത്തിയിരുന്ന കുഴിബലി, ഗണകരുടെ കോലംതുള്ളൽ, നമ്പരതുള്ളൽ എന്നിവ ഇന്ന് അപ്രത്യക്ഷമായി. വസൂരി പോലുള്ള രോഗങ്ങൾ ദേവി കോപമായി കരുതി ഇതിനുള്ള പ്രതിവിധികൾ വെളിച്ചപ്പാടന്മാരെ കൊണ്ട് നടത്തുകയും ചെയ്തിരുന്നു.

കൊപ്ര, മലഞ്ചരക്ക്, എന്നിവ ഇടത്തട്ടുകാരനന്മാരായ കച്ചവടക്കാർ മുഖേന തോണി മാർഗ്ഗം ആലപ്പുഴയ്ക്ക് കൊണ്ടു പോവുകയായിരുന്നു പതിവ്. കൂരോപ്പട, കോത്തല എന്നിവിടങ്ങളിൽ നടന്നു വന്നിരുന്ന ആഴ്ച ചന്തകളും എരുത്തുപുഴയിലെ ചന്തയും നിലച്ചുപോയി. എടുത്തു പറയാവുന്ന വ്യവസായ സംരംഭങ്ങളൊന്നും ഉണ്ടായിരുന്നില്ല. എണ്ണയാട്ട്, കുട്ട, വട്ടി, മുറം തുടങ്ങിയ പരമ്പരാഗതമായ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ ധാരാളമാണ്.

കൂരോപ്പട വില്ലേജ് മുഴുവനായും പാമ്പാടി, ആനിക്കാട് വില്ലേജുകളിലെ ഏതാനും ഭാഗങ്ങളും ചേർത്ത് 1953-ൽ കൂരോപ്പട പഞ്ചായത്ത് രൂപീകരിച്ചു. പുള്ളോലിക്കൽ അഡ്വ. പി. എം. തോമസായിരുന്നു പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ്, മുളന്താനത്ത് രാമൻ നായർ വക കെട്ടിടത്തിലാണ് പഞ്ചായത്താഫീസ്

ആദ്യം പ്രവർത്തിച്ചിരുന്നത്. പിന്നീട് ആശാരി പറമ്പിൽ ശ്രീ. ഗോപാലപിള്ള നൽകിയ സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിച്ച് പഞ്ചായത്താഫീസ് അങ്ങോട്ടേയ്ക്ക് മാറ്റി. പഞ്ചായത്ത് നിലവിൽ നന്ന കാലം മുതൽ ഒരു തവണയൊഴികെ കോൺഗ്രസ് നേതൃത്വത്തിലുള്ള ഭരണസമിതിയാണ് ഭരണകാര്യങ്ങൾ നിർവഹിച്ചിരുന്നത്. കൊറ്റമംഗലം കെ. ആർ. പ്രസിഡൻറു സ്ഥാനത്തെ ചൊല്ലിയുള്ള തർക്കത്തെ തുടർന്ന് പഞ്ചായത്തിന്റെ പ്ര ാണസമിതിയിൽ നിന്ന് ശ്രീ. നാരായണൻ നായർ ജി വെയ്ക്കുകയും ആ ഒഴിവിലേയ്ക്ക് പിന്നീട് ശ്രീ. എം. ജി. ഗോവിന്ദൻ നായർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പഞ്ചായത്ത് അതിർത്തിയും പിൽക്കാലത്ത് ചിലമ മാറ്റങ്ങൾ വരുകയുണ്ടായി. പഞ്ചായത്തിന് ഇതു വരെ 5 ഭരണസമിതികൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ ചരിത്രത്തിൽ ഏറ്റവും അധികം കാലം പ്രസിഡൻറായി സേവനമനുഷ്ഠിച്ചതുമായ വെള്ളക്കല്ലുങ്കൽ ശ്രീ. എ. ശ്രീധരൻ നായർ ആയിരുന്നു. ഏറ്റവും കൂടുതൽ കാലം മെമ്പർ ആയി സേവനം അനുഷ്ഠിച്ചത് ശ്രീ എം. ജി. ഗോവിന്ദൻ നായർ ആണ്.

പഞ്ചായത്തു മെമ്പറായുള്ള പൊതുസേവനത്തിനിടയിൽ ഒരിക്കൽ പോലും സീറ്റിംഗ് ഫീസോ, ടി. എയോ വാങ്ങാത്ത കുളഞ്ഞിൽ ശ്രീ. കെ. കെ. ഗോവിന്ദൻ നായരെ പോലുള്ള നിസ്വാർത്ഥ പൊതുജനസേവകർക്കും നമ്മുടെ പഞ്ചായത്ത് ജന്മം നൽകിയിട്ടുണ്ട്. കേരളത്തിലെ ഇതര പഞ്ചായത്തുകളിലൊന്നും ഒരു പക്ഷേ കാണാൻ കഴിയാത്ത ഒരു പ്രത്യേകത നമ്മുടെ പഞ്ചായത്തിനുണ്ട് ഒരൊറ്റ മുസ്ലീം കുടുംബം പോലും ഈ പഞ്ചായത്തിൽ സ്ഥിരതാമസമില്ലെന്നതും.

പഞ്ചായത്തിലെ സാമൂഹിക സാമ്പത്തിക മേഖലയിലെ മാറ്റം വരുത്തിനിടയാക്കിയ കൂരോപ്പട പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക് 1956-ൽ സംഥാപിക്കപ്പെട്ടു. ഇതിന്റെ ആദ്യത്തെ പ്രസിഡൻറ് കൊറ്റമംഗലത്ത് പുത്തൻ പുരയിൽ പി. കെ. വാസുദേവൻ നായർ അവർകളാണ്. പഞ്ചായത്തിലെ ആദ്യത്തെ പോസ്റ്റാഫീസ് കൂരോപ്പടയിലാണാരംഭിച്ചത്. ക്ഷേത്രങ്ങൾ, പള്ളികൾ തുടങ്ങിയ ആരാധനാലയങ്ങളും അവയുമായി ബന്ധപ്പെട്ടിട്ടുള്ള യുവജനസാംസ്കാരികസംഘടനകളും, എൻ.എസ്.എസ്., എസ്. എൻ. ഡി. പി. വിശ്വകർമ്മ സഭ തുടങ്ങിയ സംഘടനകളും ഈ ഗ്രാമത്തിന്റെ തനിമയും സംസ്കാരവും കാത്തുസൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തിയിട്ടുണ്ട്.

# 1.1

# കൃഷിയും ജലസേചനവും

കൃഷിയും കാലിവളർത്തലും ജീവനോപാധിയായി സ്വീകരിച്ച സാധാരണ കർഷകരുടെ നാടാണ് കൂരോപ്പട. കുന്നുകളും, ചരിവുകളും കുന്നുകൾക്കിയിലുള്ള ഇടുങ്ങിയ താഴ്വരകളും ഉൾപ്പെടുന്ന ഈ ഭൂഭാഗം കേരളത്തിന്റെ ഭൂപ്രകൃതി വിശേഷത്തിൽ ഇടനാട്ടിലുൾപ്പെടുന്നു. ഈ പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം 2742 ഹെക്ടർ ആകുന്നു. ഉഷ്ണമേഖലയിൽ സമുദ്രനിരപ്പിൽ നിന്നും സുമാർ 300 മുതൽ 350 വരെ മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം വൈവിധ്യമാർന്ന സസ്യജാലങ്ങൾ നിറഞ്ഞതാണ്. ഇവിടുത്തെ മണൽകലർന്ന ചെമ്മണ്ണ് പുരയിടകൃഷിക്ക് ഏറ്റവും യോജിച്ചതാണ്. നെല്ല്, തെങ്ങ്, റബ്ബർ, കുരുമുളക്, കൊക്കോ, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, കൈത ഇതര പഴവർഗ്ഗങ്ങൾ ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു, കാപ്പി തുടങ്ങിയവയാണ് മുഖ്യകൃഷികൾ. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി ഉയർന്ന സമതലം, ചരിവുപ്രദേശങ്ങൾ കുന്നുകൾക്കിടയിലുള്ള ഇടുങ്ങിയ താഴ്വരകൾ, സമതലങ്ങൾ എന്നിങ്ങനെ നാലായിതിരിക്കാം. കുന്നിന്റെ മുകൾപ്പരപ്പിലുള്ള ഉയർന്ന സമതലങ്ങളിൽ പാറക്കെട്ടുകൾ കാണപ്പെടുന്നു. മരത്തണ്ണൂർ, വട്ടപ്പാറക്കുന്ന്, പുള്ളോലിക്കൽക്കുന്ന്, കോത്തലക്കര, മാതൃമല, ഇടയ്ക്കാട്ടുകുന്ന്, ഐരുമല, അരിമ്പുമല, വലിയപാറ, ചാണകപ്പാറ, കണ്ണാടിപ്പാറ, മയിലാടുംപാറ എന്നീപ്രദേശങ്ങൾ ഇപ്രകാരം ഉള്ളതാണ്. പാറക്കെട്ടുകളോടുകൂടിയ ഈ ഭാഗങ്ങളിൽ വേനൽക്കാലാരംഭത്തോടുകൂടി വരൾച്ചയും തുടങ്ങുന്നു. ഉയർന്ന സമതലങ്ങളിൽ മുഖ്യമായും റബ്ബർ കൃഷിചെയ്യുന്നു.

ചരിവുതലങ്ങൾ സാമാന്യേന കൂടുതലായുള്ള പ്രദേശമാണിത്. കുത്തനെയുള്ള ചരിവുകൾ മണ്ണൊലിപ്പ് രൂക്ഷമാക്കുന്നു. കയ്യാലകൾ നിർമ്മിച്ചും കുറുകെ ചാലുകൾ കീറി വെള്ളമൊഴുക്കിന്റെ ശക്തി തടഞ്ഞുകൊണ്ടും പുല്ല്, പയർ എന്നിവ വെച്ചുപിടിപ്പിച്ചും മണ്ണൊലിപ്പ് നിയന്ത്രിക്കേണ്ടതാണ്. വെട്ടുകല്ല് കലർന്ന ഈ പ്രദേശത്ത് റബ്ബർ കൃഷിചെയ്തുവരുന്നു.

ഉയർന്ന കുന്നുകൾക്കിടയിലായി കാണപ്പെടുന്ന താഴ്വരകൾ താരതമ്യേന ഇടുങ്ങിയതാണ്. താഴ്വരകളുടെ കുറവ് പാടശേഖരങ്ങൾ കുറയുന്നതിനും അതുവഴി നെല്ലുല്പാദനക്കുറവിനും കാരണമാകുന്നു. കുന്നുകൾക്കിടയിലായി കാണുന്ന സമതലങ്ങൾ സാമാന്യേന വിസ്തൃതങ്ങളാണ്. കന്നുകഴി, നടേപ്പീടിക, മാതൃമലയുടെ വടക്കേ ഭാഗങ്ങൾ, നെടുമറ്റം എന്നീ പ്രദേശങ്ങളിൽ കുരുമുളക്, കിഴങ്ങ്വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷിചെയ്തുവരുന്നു. പ്രധാനപ്പെട്ട നദികളൊന്നുംതന്നെ ഈ പഞ്ചായത്തിലൂടെ ഒഴുകുന്നില്ലെങ്കിലും ചെറുതും വലതുമായ തോടുകൾ മീനച്ചിലാറുമായി ചേർന്ന് വേമ്പനാട്ടുകായലിൽ ലയിക്കുന്നു.

കൂരോപ്പട, ആനിക്കാട് പാമ്പാടി എന്നീ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 2651.20 ഹെക്ടർ ആകുന്നു. ഇതിൽ 2620.40 പുരയിടവും 30.80 നിലവും ആണ്. റോഡ്, തോട് എന്നിവയുടെ പുറമ്പോക്കായി 197.55 ഹെക്ടർ ഭൂമിയുണ്ട്. പാറക്കെട്ടുകൾ നിറഞ്ഞ കുന്നിൻമണ്ടകളൊഴികെ തരിശ് പ്രദേശങ്ങൾ ഇല്ല. അതുപോലെതന്നെ രൂക്ഷമായ നീർക്കെട്ട് അനുഭവപെടുന്ന സ്ഥലങ്ങളും ഇല്ലെന്നുതന്നെപറയാം. ഭൂവുടമസ്ഥരിൽ ഏറിയപങ്കും ഒരു ഹെക്ടറോ അതിൽ താഴെ മാത്രമോ ഭൂമി കൈവശമുള്ളവരാണ്, ഇവരുടെ സംഖ്യ80% [3584 കുടുംബം]വരും ഇവരിൽതന്നെ പത്തുസെന്റിൽ താഴെ കൃഷഭൂമിയുള്ളവരുടെ എണ്ണം 3968 ആണ്.] രണ്ട് ഹെക്ടറിനുമേൽ കൃഷിഭൂമിയുള്ളവരുടെ എണ്ണം 2%ൽ താഴെയാണ്. [86 കുടുംബം] 91-ലെ സെൻസസ് പ്രകാരം ഇവിടുത്തെ ജനസംഖ്യ 22432 ആണ്. 11229 പുരുഷന്മാരും 11203 സ്ത്രീകളും. വിടുകളുടെ എണ്ണമാകട്ടെ 5736 അതായത് ശരാശരി വീടൊന്നിന് 3.77. ഇത് സംസ്ഥാനശരാശരിയായ 5.6 നെക്കാൾ കുറഞ്ഞുനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1334 ആണ്. ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിലേത് 0.12 ആണ്. കൃഷിഭൂമിസംബന്ധിച്ച വിവരങ്ങൾ പട്ടിക കാണുക.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

| പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
|---|---|---|---|---|
| 2618 | 15 | 109 | – | 2742 |

നെല്ല്, തെങ്ങ്, കുരുമുളക്, മരച്ചീനി, വാഴ മറ്റ് ഇടവിളകൾ എന്നിവയ്ക്കായിരുന്നു ആദ്യകാലത്ത് മുൻഗണനൽകിയിരുന്നത്. അക്കാലത്ത് താരതമ്യേന പാഴ്ഭൂമിയിലാണ് റബ്ബർകൃഷി ചെയ്തിരുന്നത്. എന്നാലിന്ന് ആകെ ഭൂവിസ്തൃതിയിൽ 1491 ഹെക്ടർ വരുന്ന സിംഹഭാഗവും റബ്ബർ ആണ്. റബ്ബറിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 1000 കിലോഗ്രാം നെൽകൃഷി ആദായകരമല്ലാതായിത്തീരുകയും തെങ്ങ്, കുരുമുളക് മുതലായ കൃഷികൾ രോഗഗ്രസ്തമായിത്തീരുകയും ചെയ്തതോടെ കർഷകരുടെ ശ്രദ്ധ റബ്ബർകൃഷിയിലേക്ക് തിരിഞ്ഞു. ക്രമേണ ഗ്രാമീണരുടെ ഭക്ഷണാവശ്യം മുഖ്യമായും നിറവേറ്റിയിരുന്നു. മരച്ചീനിയും, നെല്ലും, ഇതര കിഴങ്ങു വർഗ്ഗങ്ങളു

മെല്ലാം ഈ മണ്ണിൽ നിന്ന് അപ്രത്യക്ഷമായി. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ വൻകിട ജന്മിമാരായിരുന്നു. കൂറ്റൻപാറ, കോലത്തേട്ട്, കൊറ്റമംഗലം, മലയത്ത്, വെള്ളക്കല്ലുങ്കൽ, പുള്ളോലിക്കൽ, തറക്കുന്നേൽ, കൊച്ചുപറമ്പിൽ തുടങ്ങിയവരായിരുന്നു ഇവരിൽ പ്രധാനികൾ. പാടശേഖരങ്ങൾ പൊതുവെ കുറവായിരുന്നെങ്കിലും ആദ്യകാലത്ത് പുരയിടങ്ങളിൽ വ്യാപകമായതോതിൽ നെൽകൃഷിനടത്തിയുന്നു. ഉഴവുവെട്ടും വീതിയും അക്കാലത്തെ പ്രധാനകൃഷിരീതിയും ആയിരുന്നു. ധനുമാസത്തിൽ ഉഴവുവെട്ടി മകരം അവസാനത്തോടുകൂടി തീയിട്ടശേഷം വേലികെട്ടി വിതയ്ക്കുന്ന സമ്പ്രദായമായിരുന്നു അത്. കുടിയാന്മാരാണ് കൃഷിപ്പണി ചെയ്തിരുന്നത്. 30 കളുടെ അവസാനത്തോടുകൂടി ഈ കൃഷി സമ്പ്രദായം അപ്രത്യക്ഷമായി. രാസവളങ്ങളോ, കീടനാശിനികളോ ഒന്നുംതന്നെ അക്കാലത്ത് ഉപയോഗിച്ചിരുന്നില്ല. പൂർണ്ണമായും മഴയെമാത്രം ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. കൂടാതെ തോടുകൾ, കുളങ്ങൾ എന്നിവയും ജലസേചനാവശ്യത്തിനായി ഉപയോഗിച്ചിരുന്നു. ഡിസംബർ മുതൽ ഏപ്രിൽവരെയുള്ള മാസങ്ങളിൽ മഴയുടെ ലഭ്യത കുറവാകയാൽ വരൾച്ച രൂക്ഷമാകുകയും കൃഷി അനാദായകരമായിത്തീരുകയും ചെയ്യുന്നു.

തെങ്ങ് മുഖ്യവിളയായി കൃഷി നടത്തിയിരുന്ന ആദ്യകാലങ്ങളിൽ ഇടവിളയായി ചേന, കാച്ചിൽ, ചേമ്പ് തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങളും മുതിര, തുവര തുടങ്ങിയ പയറുവർഗ്ഗങ്ങളും പുരയിടങ്ങളിൽ വിവിധയിനം മാവുകൾ, പ്ലാവ്, പേര, നെല്ലി, പുളി തുടങ്ങിയ ഫലവർഗ്ഗങ്ങളും ധാരാളമായി ഉണ്ടായിരുന്നു വെണ്ട, വഴുതന, വെള്ളരി, മത്ത എന്നിങ്ങനെയുള്ള പച്ചക്കറിയിനങ്ങളും വ്യാപകമായി കൃഷി ചെയ്തിരുന്നു. ഗ്രാമീണ ജനതയുടെ ആഹാരത്തിലെ മുഖ്യമായൊരിനം മരച്ചീനിയായിരുന്നു. മിക്ക പുരയിടങ്ങളിലും ഇത് വളരെ ആദായകരമായി കൃഷി നടത്തുകയും ചെയ്തു. വരും കാലത്തേയ്ക്കുവേണ്ടി പ്രത്യേകിച്ച് പഞ്ഞമാസങ്ങളായി അറിയപ്പെട്ടിരുന്ന മിഥുനം, കർക്കിടകം മാസങ്ങളിലേക്കായി കപ്പ ഉണക്കി ശേഖരിച്ചുവയ്ക്കുകപതിവായിരുന്നു.

കർഷകൻ തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിച്ചിരുന്നത് സമീപഗ്രാമമായ പാമ്പാടിയിലും അയർക്കുന്നത്തുമുള്ള ചന്തയിലാണ്. ഇതുകൂടാതെ പ്രാദേശികമായി കോത്തലയിലും, കൂരോലിയിലും ചന്തപ്രവർത്തിച്ചിരുന്നു. തലച്ചുമടായും കൈവണ്ടി, കാളവണ്ടി എന്നിവയിലേറ്റിയുമാണ് സാധനങ്ങൾ ചന്തയിലേക്ക് കൊണ്ടുവന്നിരുന്നതും കൊണ്ടുപോയിരുന്നതും. കൊപ്ര, കുരുമുളക് എന്നിവ തോണിമാർഗ്ഗം ആലപ്പുഴയ്ക്ക് കൊണ്ടുപോവുകയായിരുന്നു പതിവ്. കർഷകർ നേരിട്ടും ഇടത്തട്ടുകാർ മുഖേനയും ഉല്പന്നങ്ങൾ വിറ്റഴിച്ചിരുന്നു. വിദ്യാഭ്യാസം സാർവ്വത്രികമായിത്തീർന്നതോടുകൂടി പുതിയ തലമുറകാർഷികവൃത്തിയിൽനിന്നകന്നു. കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യതയിൽ കുറവുവരുകയും ക്രമേണ പരമ്പരാഗതമായി കാർഷിക വൃത്തി സ്വീകരിച്ചിരുന്നവർപോലും ഇതര തൊഴിൽ മേഖലകളിലേക്ക് നീങ്ങിപ്പോവുകയും ചെയ്തു. കൂടാതെ കൈവശഭൂമിയുടെ വിസ്തീർണ്ണം വളരെ കുറവായതിനാൽ കൃഷിയെമാത്രം ആശ്രയിച്ചിരുന്നതുകൊണ്ട് ജീവിക്കാനാവാത്ത സ്ഥിതിവിശേഷവും ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കുണ്ടായി. ഇതൊടൊപ്പം കൂടുതൽ ആദായകരവും താരതമ്യേന പരിചരണം കുറവുമാത്രം ആവശ്യപ്പെടുന്നതുമായ റബ്ബറിന്റെ ആവിർഭാവം മറ്റുവിളകളുടെ തിരോധാനത്തിന് ആക്കംകൂട്ടി. വൻകിട ഭൂവുടമകൾ തോട്ടവിളകളായ റബറിൽ ശ്രദ്ധകേന്ദ്രീകരിച്ചതോടുകൂടി തൊഴിൽ ലഭ്യത കുറഞ്ഞു. ഇതുമൂലം കർഷകത്തൊഴിലാളികളുടെ കൂലി വർദ്ധനവും ഉണ്ടായി. ഉത്തരമൊരുസാഹചര്യത്തിൽ നാമമാത്ര കർഷകർക്ക് കൂറുംകൂപ്പുകൃഷികൾ ആദായകരമായി നടത്താൻ കഴിയാതായതോടുകൂടി അവരും ക്രമേണ റബ്ബർ കൃഷിയിലെയ്ക്ക് തിരിഞ്ഞു. അങ്ങനെ റബ്ബർ മുഖ്യ കൃഷിയായി പരിണമിച്ചു. ഇന്ന് പഞ്ചായത്തിൽ 60%ത്തിൽ അധികം ഭൂമിയിലെയും കൃഷി റബ്ബർ ആണ്.

മുഖ്യ വിളകളായിരുന്ന തെങ്ങ് കുരുമുളക് എന്നിവയ്ക്ക് അടിക്കടിയുണ്ടാകുന്ന രോഗങ്ങൾ അത്തരം കൃഷി കർഷകന് ദുർവഹമായ ഭാരം മാത്രം സമ്മാനിച്ചു. നാളികേരം ഉപയോഗിച്ച് കൊപ്രാ നിർമ്മാണവും എണ്ണയാട്ടുമല്ലാതെ മറ്റു വ്യവസായങ്ങൾ ഒന്നും രൂപപ്പെടാതിരുന്നതും കുരുമുളക് ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ ഉണ്ടാകാതിരുന്നതും ഈ രംഗത്തെ തളർച്ചയ്ക്ക് കാരണമായി. ഇവയ്ക്കെല്ലാം ശാശ്വത പരിഹാരം ഉണ്ടായെങ്കിൽ മാത്രമേ കർഷകരെ മേൽപറഞ്ഞ തരത്തിലുള്ള കൃഷികളിലേക്ക് തിരിച്ച് ഒകാണ്ടുവരാൻ സാധിക്കുകുയുള്ളൂ.

ജൈവവളങ്ങൾ ഉപയോഗിച്ച് ചെലവു കുറഞ്ഞ രീതിയിൽ കൃഷി നടത്തിയിരുന്ന അവസ്ഥയിൽ നിന്നും ഭിന്നമായി രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടി മണ്ണിൻെറ ഫലപുഷ്ടി കുറയുകയും ചെയ്തു. അടിക്കടിയുണ്ടായ രാസവളങ്ങളുടെ വിലവർദ്ധനവും ആദായകരമായി കൃഷി നടത്തിക്കൊണ്ടുപോകുവാൻ കർഷകന് വിഘാതമായി. പഞ്ചായത്തിലെ വിവിധ കൃഷിയിനങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

ആകെ വിസ്തീർണ്ണം:2742 Hecter

| റബ്ബർ | തെങ്ങ് | കമുക് | കാപ്പി | കൊക്കോ | കുരുമുളക് |
|---|---|---|---|---|---|
| 1500 | 1200 | 25 | 2 | 160 | 80 |
| കപ്പ | വാഴ | കൈത | പച്ചക്കറി | | വെറ്റക്കൊടി |
| 60 | 14 | 440 | 15 | | 10 |

### വിത്ത് വളം

സഹകരണമേഖലയിൽ 5 ഉം സ്വകാര്യമേഖലയിൽ 2 ഉം ഉൾപ്പടെ 7 വളം വിപണന കേന്ദ്രങ്ങളാണ് ഈ

പഞ്ചായത്തിലുള്ളത്. കൃഷിയ്ക്ക് 75 ശതമാനം രാസവളങ്ങളാണുഉപയോഗിക്കുന്നത്. ശാസ്ത്രീയമായ രീതിയിലുള്ള മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടക്കുന്നത് അതിനാലിത് കൃഷിചെലവ് വർദ്ധിക്കാൻ ഇടയാക്കുന്നു. സ്വകാര്യമേഖലയിൽ ഒരു ജൈവവള നിർമ്മാണ യൂണിറ്റ് അടുത്തകാലത്ത് പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. വളം വിപണന കേന്ദ്രങ്ങളിലൂടെ വിറ്റഴിഞ്ഞ വളത്തിൻെറ വിവരം താഴെ കൊടുക്കുന്നു.

രാസ/ജൈവ വളങ്ങളുടെ ഉപഭോഗം

| | 94-95 | 95-96 |
|---|---|---|
| രാസവളം | 4500 ടൺ | 5200 ടൺ |
| ജൈവവളം | 4000 ടൺ | 5000 ടൺ |

ഇതുകൂടാതെ റബ്ബർ ഉല്പാദന സംഘങ്ങൾ മുഖേനയും കേരവികസന സമിതിയുടേയും നേതൃത്വത്തിൽ കർഷകർക്ക് കീടനാശിനികളും വളവും നല്കിവരുന്നു.

ജൈവ കീടനാശിനികളെക്കാൾ അധികം രാസകീടനാശിനികളാണ് ഉപയോഗിക്കുന്നത്. നെല്ല്, പച്ചക്കറി മുതലായവയ്ക്കെല്ലാം വ്യാപകമായതോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നു. കീടനാശിനികളുടെ ഉപയോഗക്രമത്തിലും ഏതെങ്കിലും ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതായി കാണുന്നില്ല. കൃഷിസംബന്ധമായ ശാസ്ത്രീയ പരിജ്ഞാനത്തിൻെറ അഭാവം ഇതിനുള്ള മുഖ്യകാരണമായിചൂണ്ടിക്കാണിക്കുന്നു. കാർഷികോപകരണങ്ങൾ പഞ്ചായത്തിലാകെ 78 റോക്സ്പ്രെയർ, 57 നാപ്സ്റ്റാക്ക് സ്പ്രെയർ 4 തെങ്ങുകയറ്റയന്ത്രം, 7 പോർട്ടബിൾ പമ്പ സെറ്റ് എന്നിവയുണ്ട്. സമീപപ്രദേശത്തുനിന്നുള്ള യന്ത്രോപകരണങ്ങളും കൃഷിക്ക് ഉപയോഗിച്ചുവരുന്നു.

### കൂലിനിരക്ക്

കാർഷികവൃത്തി ആദായകരമല്ലാതായതും കൃഷിയിനങ്ങളിലും സമ്പ്രദായങ്ങഴിലും വന്ന മാറ്റങ്ങളും മൂലം ഈ മേഖലയിൽ തൊഴിൽ സാധ്യതകുറവായി കൂടാതെ വിദ്യാഭ്യാസ രംഗത്തുണ്ടായപുരോഗതിയും കർഷകത്തൊഴിലാളികളോടും കൃഷിക്കാരോടും സമൂഹം പുലർത്തുന്ന അവഗണനാമനോഭാവവും കൃഷിയോടുള്ള ആഭിമുഖ്യക്കുറവിന് കാരണമായി. ഇതിൻെറയെല്ലാം ഫലമായി കാർഷികമേഖല കൂടുതൽ അവഗണിക്കപ്പെടുകയും കർഷകത്തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്തു.

1607 ചെറുകിട കർഷകരും 1234 കർഷകത്തൊഴിലാളികളും ഉൾപ്പെടെ 1991 ലെ കണക്കനുസരിച്ച് തൊഴിൽ എടുക്കുന്നവരുടെ എണ്ണം 6384 ആയിരുന്നു.

കർഷകതൊഴിലാളികൾക്ക് പഞ്ചായത്തിൽ ഏകീകൃതമായൊരു കൂലിനിരക്കില്ല. എങ്കിലും ശരാശരി പുരുഷന് 75 രൂപയും സ്ത്രീക്ക് 60 രൂപയുമാണ്.

### കാർഷിക വായ്പ.

സ്റ്റേറ്റു ബാങ്കിൻെറ ഒരു ശാഖയും ഒരു സഹകരണ ബാങ്കുമാണ് പഞ്ചായത്തിൻെറ പരിധിയൽ വരുന്ന ധനകാര്യസ്ഥാപനങ്ങൾ. ഈ ധനകാര്യസ്ഥാപനങ്ങൾ വഴി കർഷകർക്ക് കൃഷിയാവശ്യത്തിന് അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റാവശ്യത്തിനായി വിനിയോഗിക്കപ്പെടന്നുവെന്നുള്ളതാണ് പൊതുവായ ആഭിപ്രായം. ഒരു ഹെക്ടറിന് ഒരു വർഷം 6000 രൂപ ശരാശരിവായ്പയായി ലഭിക്കുന്നു.

### ജലസേചനം

പഞ്ചായത്തിലെ കൃഷി ഏതാണ്ട് പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ജൂൺ മുതൽ ആഗസ്റ്റ്വരെ ലഭിക്കുന്ന കാലവർഷം (തെക്കുകിഴക്കൻ മൺസൂൺ) സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷം (വടക്ക് പടിഞ്ഞാറൻ മൺസൂൺ) എന്നിങ്ങനെ രണ്ട്" ഘട്ടങ്ങളി ലാണ് മഴലഭിക്കുന്നത്. കാലവർഷത്തിൽ 70 ശതമാനം തുലാവർഷത്തിൽ 20 ശതമാനം ജലം ലഭിക്കുന്നു. വർഷത്തിൽ ശരാശരി 3 മി.മി. മഴലഭിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം ലഭിക്കുന്ന ജലത്തിൻെറ 80 ശതമാനവും ഉപയോഗിക്കപ്പെടാനാവാതെ നഷ്ടപ്പെടുന്നു. ജലസംരക്ഷണത്തിൻെറ അടിയന്തിരപ്രധാന്യം ഈ വസ്തുത വ്യക്തമാക്കുന്നു. പഞ്ചായത്തിൽ 7-ാം വാർഡിൽ ഐരുമല യിൽ ഏഴരഹെക്ടർ സ്ഥലത്ത് പ്രയോജനപ്പെടുന്ന ചെറുകിട ജലസേചന സൗകര്യം ആരംഭിച്ചുവെങ്കിലും പണികൾ പൂർത്തിയായിട്ടില്ല.

കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെപട്ടികയിൽ കൊടുക്കുന്നു.

കാലവർഷ തുലാവർഷ കാലങ്ങഴിലൊഴികെ പഞ്ചായത്തിൻെറ എല്ലാഭാഗത്തും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു.

### തോടുകൾ

പ്രധാനപ്പെട്ട നദികളൊന്നും തന്നെ ഈ പഞ്ചായത്തിലൂടെ ഒഴുകുന്നില്ല. എന്നാൽ ചെറുതും വലുതുമായ ഒട്ടനവധി തോടുകളുണ്ട്.

1. പന്നഗം തോട്
2. മണ്ണനാൽ തോട്
3. ആലിപ്പുഴത്തോട്
4. മാക്കൽപ്പടി തോട്
5. മാക്കൽപ്പടി തോട്
6. ചേരക്കൽ തോട്
7. മീൻതത്തിക്കൽ തോട്
8. പാറാമറ്റം തോട്
9. പൊയ്ക്കത്തോട്
10. മാമ്പുഴക്കൽ തോട്
11. കുറുമ്പുകണ്ടംതോട്
12. പോരാളൂർ തോട്
13. കണ്ണൻകുന്ന് തോട്

പഞ്ചായത്തിലെ തോടുകളുടെ ആകെയുള്ള നീളം - 65 കി.മി. ആണ്. തോടുകഴിൽ പലയിടത്തും ചീർപ്പുകളും ക്രോസ്ബാറുകളും ഉണ്ടായിരുന്നെങ്കിലും വേണ്ട വിധം സംരക്ഷിക്കാതിരുന്നതിനാൽ അവയെല്ലാം തന്നെ നഷ്ടമായിരിക്കുകയാണ്. തോടുകളിൽ തടയണകളും മറ്റും

നിർമ്മിച്ച് കൃഷിക്കാവശ്യമായ ജലസേചനം ഒരുക്കാമെന്നാണ് പൊതുവെയുള്ള അഭിപ്രായം.

### കിണറുകളും കുളങ്ങളും

20 പൊതുകിണറുകളും വലുതും ചെറുതും ആയി 22 കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. കുളങ്ങളിൽ പൊതു കുളങ്ങളും സ്വകാര്യ കുളങ്ങളും ഉൾപ്പെടുന്നു. ഈ കുളങ്ങളിൽ പലതും വേണ്ടവിധം സംരക്ഷിക്കുകയോ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല: മിക്കതിൻെറയും വശങ്ങൾ ഇടിഞ്ഞ് നശിച്ചുകൊണ്ടിരിക്കുന്നു. ഇവയെ അടിയന്തിര പ്രാധാന്യ ത്തോടുകൂടി നന്നാക്കിയെടുക്കേണ്ടതാണ്. അതുപോലെ തന്നെ നിലവിലുള്ള കുളങ്ങളിൽ ചിലതിൻെറയാഴം വർദ്ധിപ്പിച്ച്കൊണ്ടും ജലലഭ്യത ഉറപ്പുവരുത്താൻ കഴിയും. ആഴക്കുറവുമൂലം മിക്ക കുളങ്ങളിലും വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകുന്നു.

1. കുളത്തിങ്കൽ കുളം
2. വടക്കേക്കുളം
3. മൂരിപ്പാറ കുളം
4. ചക്കിയാംകുഴി ക്ഷേത്രക്കുളം
5. എണ്ണച്ചിറ
6. പാലക്കൽതടം കുളം
7. മുറിയാങ്കൽ കുളം
8. തുളുമ്പൻമാക്കൽ കുളം
9. പുതുകുളം കുളം
10. ഓങ്കരക്കുളം
11. തകിടിക്കുളം
12. കണ്ണാക്കൽകുളം
13. അന്ത്യാളം കുളം
14. വടക്കേക്കുളം
15. ചാമക്കാലായിൽ കുളം
16. എസ്. എൻ. പുരം അമ്പലക്കുളം
17. കോട്ടവേലിക്കുളം
18. വാരിക്കാട്ടുകുളം
19. പന്ത്രണ്ടാംമൈൽകുളം
20. കോത്തലച്ചിറ
21. മണ്ണാത്തിപ്പാറക്കുളം

### മണ്ണ് ജലസംരക്ഷണം

പഞ്ചായത്തിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ വളരെക്കുറച്ച് മാത്രമെ നടന്നിട്ടുള്ളു. ഭൂമിയെ കയ്യാലകൾ കെട്ടി ചെറുതട്ടുകളായി തിരിക്കുകയും തോട്ടിടികളിലും മറ്റും ഈറ കൈത തുടങ്ങിയ സസ്യങ്ങൾ വെച്ചു പിടിപ്പിച്ചും പുരയിടങ്ങളിൽ കൊത്തിയിളക്കി ജലത്തെ എളുപ്പം ആഗിരണം ചെയ്യത്തക്ക വിധത്തിൽ സജ്ജമാക്കുകയും ആണ് പരമ്പരാഗതരീതികൾ. എന്നാൽ കാലക്രമത്തിൽ ഭൂവിനിയോഗത്തിലും വിളക്രമത്തിലും മാറ്റം വന്നതോടുകൂടി പരമ്പരാഗതമായ ഈ സമ്പ്രദായങ്ങൾക്ക് വേണ്ടത്രശ്രദ്ധ നൽകാതെയായി. കോത്തല പ്രദേശത്ത് 1990-ൽ 44.5 ഹെക്ടർ സ്ഥലത്ത് മണ്ണ് സംരക്ഷണ പരിപാടി പൂർത്തീകരിച്ചിട്ടുണ്ട്. 134 കുടുംബങ്ങൾക്കിതിൻെറ പ്രയോജനം ലഭിക്കും. 93-ൽ പൂർത്തിയാക്കിയ എരുത്തുപുഴ മൈക്രോവാട്ടർഷെഡ് പദ്ധതി പ്രകാരം 151 ഹെക്ടർ സ്ഥലം സംരക്ഷിക്കപ്പെട്ടു. നദീതീര സംരക്ഷണ പദ്ധതി പ്രകാരം മറ്റൊരു 2 ഹെക്ടർ ഭൂമിയും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ദേശീയ നീർ പ്രദേശവികസനത്തിൻെറ വെള്ളൂർ വാട്ടർഷെഡ് പദ്ധതിപ്രകാരം പഞ്ചായത്തിലെ 5, 6, 7 വാർഡുകളിൽ ഉൾപ്പെടുന്ന 650 ഹെക്ടർ ഭൂമി സംരക്ഷിക്കുവാനും മീനടം വാട്ടർ ഷെഡ് പദ്ധതിപ്രകാരം പഞ്ചായത്തിലെ 5, 7, 8, 9 വാർഡുകളിൽപ്പെടുന്ന 800 ഹെക്ടർ ഭൂമി സംരക്ഷിക്കുവാനും ഉള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവ എത്രയും പെട്ടന്ന് പൂർത്തീകരിക്കേണ്ടതാണെന്ന് ഗ്രാമസഭയിൽ ആവശ്യപ്പെടുകയുണ്ടായി.

### കൃഷിഭവൻ

1987 ലാണ് പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. ഒരു കൃഷി ആപ്പീസറും, മൂന്ന് ജീവനക്കാരുമുള്ള ഈസ്ഥാപനത്തിൻെറ പ്രവർത്തനം പൂർണ്ണമായ അളവിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും ലഭിക്കുന്നില്ലെന്നുള്ളതും ഒരു പോരായ്മയാണ്. മേൽത്തരം നടീൽ വസ്തുക്കളും മറ്റും കൃഷിഭവൻ മുഖേന പരിമിതമായ തോതിലാണെങ്കിലും കർഷകർക്ക് എത്തിച്ചു കൊടുക്കുന്നു. കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കേരകർഷകരെ യോജിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ ഒരു കേരകർഷക സമിതി പ്രർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രവർത്തനവും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു കുരുമുളക് സംരക്ഷണ സമിതിയും ഉണ്ട് റബ്ബർ ഉല്പാദകസംഘം, സഹകരണബാങ്കിൻെറ ഫാർമേഴ്സ് ക്ലബ്ബ് എന്നിവപ്രവർത്തിച്ചുവരുന്നു.

### പ്രശ്നങ്ങൾ

ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന മുഖ്യപ്രശ്നങ്ങൾ ഇനി പറയുന്നു. കാർഷികോൽപ്പാദനം വേണ്ടത്ര ഉണ്ടാകുന്നില്ലെന്നും അതുമൂലം കൃഷി അനാദായകരമായിത്തീരുന്നുവെന്നും വിലയിരുത്തപ്പെട്ടു. ജലസേചനസൗകര്യത്തിൻെറ അഭാവം മൂലം പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരും മഴയെമാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. അതിനാൽ വേനൽക്കാലങ്ങളിൽ കൃഷികളാസാദ്ധ്യമാവുന്നു.

ഈ പഞ്ചായത്തിലെ ഭൂമിയിൽ ഏറിയ പങ്കും കുന്നിൻ ചരിവുകളാണ്. തന്മൂലം മണ്ണൊലിപ്പ് രൂക്ഷമാവുന്നു. ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ അഭാവം കൃഷിക്കാരൻ നേരിടുന്ന മുഖ്യപ്രശ്നമാണ്. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കാത്തത് (ഉദാഹരണമായി മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുക, മേൽത്തരം നടീൽ വസ്തുക്കൾ ഉപയോഗിക്കുക. തുടങ്ങിയവ) കൃഷിച്ചെലവ് വർദ്ധിക്കുന്നതിനും കൃഷി ആദായകരമല്ലാതായി ത്തീരുന്നതിനും ഉള്ള മുഖ്യകാരണങ്ങളായി റിപ്പോർട്ട് ചെയ്യപ്പെട്ടു.

കാർഷികവിളകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ പ്രധാനപ്രശ്നമായി ഗ്രാമസഭകൾ ചൂണ്ടികാണിച്ചു. മുഖ്യവിളയായ തെങ്ങിനെ ബാധിക്കുന്ന കൂമ്പുചീയൽ കാറ്റുവീഴ്ച, കുരുമുളകിൻെറ ദ്രുതവാട്ടം, റബ്ബറിൻെറ പട്ടമരവിപ്പ്, പച്ചക്കറിക്കുണ്ടാകുന്ന കീടബാധകൾ എന്നിവ വേണ്ടവിധം യഥാസമയം തടയാൻ കഴിയുന്നില്ല. ഇത് കൃഷിയിൽ നിന്ന് പിന്തിരിയാൻ ചെറുകിട നാമമാത്ര കർഷകരെ പ്രേരിപ്പിക്കുന്നു.

കൃഷി ഭവൻെറ സേവനം പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ലഭ്യമാകുന്നില്ലെന്ന് പരാതി ഗ്രാമസഭകളിൽ പൊന്തിവന്നു. ആധുനിക കൃഷിരീതികളെക്കുറിച്ചുള്ള അജ്ഞതയും കാർഷിക വായ്പകളുടെയും സബ്സിഡി കളുടെയും അപര്യാപ്തതയും പഞ്ചയാത്തിലെ കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളാണ്.

കർഷകർക്കും കർകതൊഴിലാളികൾക്കും സമൂഹത്തിൽ വേണ്ടത്ര മാന്യത നൽകാത്തത് കാർഷിക വൃത്തിയോട് വൈമുഖ്യം ഉണ്ടാകാൻ കാരണമായി. ഭൂമി ചെറുതുണ്ടു കളായി വിഭജിക്കപ്പെട്ടതും ഇടക്കാലത്ത് റബ്ബർ പോലുള്ള ചില പ്രത്യേക വിളകളെ മാത്രം ആസ്പദമാക്കി കാർഷിക വികസനപ്രവർത്തനങ്ങൾ നടത്തിയതും സമഗ്രവികസ നത്തിനു തടസ്സമായിത്തീർന്നു.

കാർഷിക ഉൽപന്നങ്ങൾ ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതെ വിറ്റഴിക്കുന്നതിന് സാധിക്കുന്നില്ല. ഭക്ഷ്യവിള കളായ മരച്ചീനി, നെല്ല്, കിഴങ്ങ്വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉത്പാദനച്ചെലവ് വർദ്ധിച്ചതും, കർഷക ത്തൊഴിലാളികളുടെ എണ്ണക്കുറവും, കൂലിവർദ്ധനവും തദനുസൃതമായി ഉത്പന്നങ്ങൾക്ക് വില ലഭ്യമാകാത്തതും ഇത്തരം കൃഷികൾ കുറയുന്നതിന് കാരണമായി.

### നിർദ്ദേശങ്ങൾ

ഗ്രാമസഭകളുടെ ചർച്ചകളുടെയും വിവരശേഖരണത്തി ൻേറയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ സമഗ്രകൃഷി വികസനത്തിനായി ഇനിപ്പറയുന്ന നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി.

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൃഷി ആദായകരമായിത്തീർക്കുന്നതിനും മെച്ചപ്പെട്ട ജലസേചന സൗകര്യവും മണ്ണ് ജല സംരക്ഷണ പദ്ധതികളും സ്വീകരിക്കണം. ഇതിനായി നിലവിലുള്ള വെള്ളൂർ വാട്ടർ പദ്ധതി തുടങ്ങി നിലവിലുള്ള പദ്ധതികൾ യുദ്ധകാലടി സ്ഥാനത്തിൽ പൂർത്തികരിക്കണം. കൂടാതെ മണ്ണനാൽ തോടുമായി ബന്ധപ്പെട്ട് ഒരു വാട്ടർ ഷെഡ് പദ്ധതി ആരംഭിക്കുകയും മണ്ണനാൽതോട്ടിൽ രണ്ട്, ആലിപ്പുഴ തോട്ടിൽ മൂന്ന് പന്നഗം തോട്ടിൽ നാല്, എന്നിങ്ങനെ പ്രധാന തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജല സേചനസംരക്ഷണം നടത്തണം. ഇപ്രകാരം തടയണകൾ നിർമ്മിക്കുകവഴി സമീപസ്ഥമായ പ്രദേശങ്ങളിലെ കുളങ്ങളിലെയും കിണറുകളിലെയും ജലനിരപ്പ് താഴ്ന്നു പോകാതെ നിലനിർത്താൻ കഴിയും.

മൂന്നാംവാർഡിൽ മലയരികിൽ ശ്രീ. എം. ആർ. കൃഷ്ണൻ നായരുടെ സ്ഥലത്തും. കൂട്ടത്തിനാൽ ശ്രീ. ശ്രീധരൻ നായരുടെ സ്ഥലത്തുമുള്ള കുളങ്ങളിലെ വെള്ളം മാമ്പറക്കുന്നിൽ ഒരു റിസർവ്വോയർ സ്ഥാപിച്ച് കുടിവെ ള്ളമായും, കൃഷിയാവശ്യത്തിനായും ഉപയോഗിക്കാം.

പഞ്ചയാത്തിലെ മുഴുവൻ പൊതു കിണറുകളും കുളങ്ങളും ജലലഭ്യത ഉറപ്പുവരുത്തും വിധം ആഴംകൂട്ടി സംരക്ഷിക്കണം. കൂടാതെ മൂങ്ങാക്കുഴി, ചെളിക്കുഴി ഭാഗങ്ങളിൽ പുതിയ കുളങ്ങളും പഞ്ചായത്തിലെ കുഴൽക്കിണറുകളും നിർമ്മിച്ച് ജലസേചന സൗകര്യം ഉറപ്പുവരുത്തണം.

മണ്ണൊലിപ്പ് നിവാരണത്തിനായി കയ്യാലകൾ നിർമ്മി ക്കുന്നതിനും തോടിൻെറ അരികുകൾ സംരക്ഷിക്കുന്ന തിനും മുൻഗണന നൽകുക ഈറ്റ, കൈത, പയർവർഗ്ഗ ങ്ങൾ, പുല്ലുകൾ എന്നിവ മണ്ണ് സംരക്ഷിക്കുന്നതിനായി ആവശ്യമായ നടീൽ വസ്തുക്കളും സാങ്കേതികസാമ്പത്തിക സഹായവും നൽകുകയും വേണം.

മീനടം വാട്ടർ ഷെഡ് സ്കീമിൽ പത്താം വാർഡുകൂടി ഉൾപ്പെടുത്തണം.

ശാസ്ത്രീയമായ കൃഷിരീതികൾ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ലഭ്യമാകണം. മേൽത്തരം വിത്ത്, ഇതരനടീൽ വസ്തുക്കൾ, സാങ്കേതിക സഹായം, കാർഷികോപകരണങ്ങൾ എന്നിവ കൃഷിഭവനിലൂടെയും ഇതര ഏജൻസികളിലൂടെയും നൽകുക. കർഷകക്കും കൃഷിയൽ താത്പര്യം ഉള്ളവർക്കും ഇതിനായി ആവശ്യമുള്ള പരിശീലനങ്ങൾ നൽകേണ്ടതാണ്. വളപ്രയോഗം കീടനാശിനികളുടെ ഉപയോഗം എന്നിവ അശാസ്ത്രീയമാണ്. ശരാശരി വിധത്തിൽ മണ്ണ് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങൾ നടത്തുന്നതിന് കർഷകരെ സഹായിക്കുന്നു.

രാസവഴങ്ങളുടെ അമിതമായ വിലയും കൂലച്ചെലവും കൃഷിലാഭകരമല്ലാതാക്കിത്തീർക്കുമ്പോൾ രാസവളങ്ങളുടെ ഉപയോഗം കുറച്ച് പകരം ജൈവവളം ഉപയോഗിക്കുവാൻ കൃഷിക്കരെ ബോധവൽക്കരിക്കേണ്ടതുണ്ട്. ജൈവ വളങ്ങളുടെയും, ജൈവകീടനാശിനികളുടെയും ഉപയോഗം മണ്ണിൻെറ ഫലപുഷ്ഠി വർദ്ധിക്കുന്നതിനും പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും സഹായകമാണ്. കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ പ്രചരിപ്പിക്കുക.

കൃഷി ഭവൻെറ സേവനം പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ഇപ്പോൾ ലഭ്യമല്ല. അത് ലഭ്യമാകുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കണം. കേരകർഷക സമിതിയുടെ പ്രവർത്തനങ്ങളും വിപുലപ്പെടുത്തണം.

മുഖ്യ വിളകളായ തെങ്ങ്, റബ്ബർ, കുരുമുളക്, വാഴ, പച്ചക്കറി എന്നിവയ്ക്കുണ്ടാകുന്ന രോഗങ്ങളിൽ നിന്ന് യഥാകാലം സംരക്ഷണം ലഭിക്കണം.

ധനകാര്യ സ്ഥാപനങ്ങൾ വഴി നൽകുന്ന കാർഷിക വായ്പകൾ കൂടുതൽ ഉദാരമാക്കുക. ഏതെങ്കിലും ഒരു വിളക്കുമാത്രം പ്രാധാന്യം നൽകുന്ന രീതി അവസാനിപ്പിച്ച് ഇടവിളകൾക്ക്കൂടി ഉൾപ്പെടുന്ന സമഗ്ര കൃഷിവികസന

രീതി സ്വീകരിക്കുക തെങ്ങിൻെറ ഇടവിളയായി മരച്ചീനി, വാഴ, കൈത എന്നിങ്ങനെയും റബ്ബർ പുതുകൃഷി, ആവർത്തനകൃഷി എന്നിവ നടത്തുമ്പോൾ പച്ചക്കറികൾ, കൈത, വാഴ എന്നിവയും കൃഷിചെയ്യാവുന്നതാണ്. ഇത്തരം കൃഷി രീതിക്ക് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

ഭക്ഷ്യകാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കൃഷി അത്യാന്താപേക്ഷിതമാണ്. ഇതിനാവശ്യമായ വിത്തിനങ്ങളും സാങ്കേതിക സാമ്പത്തിക സഹായങ്ങളും നൽകണം. വീടുകളുടെ ടെറസുകളും അടുക്കളത്തോട്ടങ്ങളായും ചെറുയൂണിറ്റുകളായും കൂട്ടായും പച്ചക്കറികൃഷി നടത്താവുന്നതാണ്.

കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കാവുന്ന മേഖലകളിൽ അത് പ്രാവർത്തികമാക്കുക.

സ്കൂൾഫാമേഴ്സുകൾ രൂപികരിക്കുക കാർഷികോല്പന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തുതലത്തിൽ അല്ലെങ്കിൽ സഹകരണ മേഖലയിൽ വിപണനകേന്ദ്രങ്ങൾ ഉണ്ടാകണം. കാർഷിക വിഭവങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനും ഇടത്തട്ടുകാരിൽ നിന്നുള്ള ചൂഷണം ഒഴിവാക്കുവാനും ഇത് സഹായിക്കും. പച്ചക്കറികൾക്ക് പൊതുവിപണിയാകാം. സഹകരണ മേഖലയിൽ ഒരു വിപണന സംസ്കരണ കേന്ദ്രം ആരംഭിക്കേണ്ടതാണ്.

കാർഷിക വൃത്തിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനായി കർഷകരെ ആദരിക്കൽ വിളമത്സരങ്ങൾ, മാതൃകാകൃഷിത്തോട്ടങ്ങൾ കർഷക തൊഴിലാളി പെൻഷൻ ഉദാരമാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുക. കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകരിൽ ആത്മ വിശ്വാസം വളർത്തുന്നതിനും വേണ്ടി വിളകൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തണം. കൃഷിയാവശ്യത്തിനുള്ള വൈദ്യുതി വേഗത്തിലും കുറഞ്ഞനിക്കിലും ലഭ്യമാക്കുക.

നമ്മുടെ പഞ്ചായത്തിൽ മുഖ്യവിളയായ റബ്ബറിനെ ആശ്രയിച്ചുള്ള നേഴ്സറികൾ മാത്രമേയുള്ളൂ. മറ്റ് നടീൽ വസ്തുക്കൾ നാമമാത്രമായി കൃഷിഭവൻ മുഖേനയും ലഭിക്കുന്നുണ്ട്. ഇത് തികച്ചും അപര്യാപ്തമാകയാൽ ഫലവൃക്ഷതൈകൾ ധാരാളം വിപണന സാദ്ധ്യതയുള്ള ഫ്ലോറിക് കൾച്ചർ, ഓർക്കിഡ് എന്നിവ ഉൾപ്പടെയുള്ള ഒരു നേഴ്സറിയ്ക്കും പഞ്ചയാത്തിൽ സാദ്ധ്യതയുണ്ട്.

ചെലവുകുറഞ്ഞതും ലാഭകരമായതും കുറഞ്ഞ സമയപരിധിക്കുള്ളിൽ വിളവെടുക്കാനാവുന്നതും ആയ കൂൺകൃഷി , പുഷ്പകൃഷി, വെറ്റിലകൃഷി, എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തണം.

ഏറിയ പങ്കും റബ്ബർ തോട്ടങ്ങൾ ഉള്ള നമ്മുടെ പഞ്ചായത്തിൽ വളരെ ആദായകരമായി നടത്താവുന്ന ഒന്നാണ് തേനീച്ച വളർത്തൽ.

പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ശ്രമിക്കണം. ദുർലഭമായിക്കൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങളുടെ സംരക്ഷണം നമ്മുടെ പരമ്പരാഗതമായ ചികിൽസാരീതിക്ക് മുതൽക്കൂട്ടാകും. താത്പര്യമുള്ള കർഷകരെ ഔഷധതോട്ടങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുക.

ഇഞ്ചി, മഞ്ഞൾ, കച്ചോലം, കറുവ, ജാതി, തുടങ്ങിയ സുഗന്ധ വിളകൃഷി വ്യാപിപ്പിക്കണം.

കാപ്പി, കശുമാവ് തുടങ്ങിയ തോട്ടവിളകൾക്കും ആവശ്യമായ പരിഗണന നൽകി പ്രോത്സാഹിപ്പിക്കണം.

കാർഷികമേഖലയിൽ അതാത് രംഗത്ത് കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ആവശ്യമായ ബോധവൽക്കരണവും സാങ്കേതിക പരിശീലനവും കഴിയുമെങ്കിൽ പഞ്ചായത്തടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

വാർഡ് തലത്തിലും, പഞ്ചായത്ത് തലത്തിലും കർഷക സമിതികൾ രൂപീകരിക്കുകയും, കാർഷിക രംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായവും സഹകരണവും ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം.

ബ്ലോക്ക് തലത്തിൽ ഒരു കൃഷിഫാം ജനപ്രതിനിധികളുടെ ഭരണച്ചുമതലയിൽ ആരംഭിക്കണം. എലി നശീകരണ പദ്ധതി നടപ്പാക്കണം. കാർഷികവൃത്തിയോട് ആഭിമുഖ്യം വളർത്തുന്നതിനായി സ്കൂളുകളിൽ കുട്ടികളുടെ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കണം.



### 1989 മുതൽ 1994 വരെയുള്ള താപനില ഏറ്റവും കൂടിയതും കുറഞ്ഞതും - $0^0C$ ശരാശരി

| Year | Jan. | Feb. | Mar. | April | May | June | July | Aug | Sept. | Oct. | Nov. | Dec. | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1989 | 32.30<br>21.80 | 32.80<br>21.70 | 33.70<br>23.40 | 33.30<br>24.40 | 31.60<br>24.20 | 28.70<br>22.60 | 28.70<br>22.90 | 29.30<br>22.80 | 29.40<br>22.90 | 30.30<br>22.90 | 31.80<br>22.60 | 32.00<br>22.90 | Maximum<br>Minimum |
| 1990 | 31.90<br>20.50 | 33.90<br>22.30 | 34.70<br>23.80 | 34.30<br>25.10 | 31.40<br>23.80 | 29.80<br>23.10 | 28.90<br>22.30 | 29.20<br>23.00 | 30.60<br>23.10 | 31.00<br>22.90 | 30.90<br>22.60 | 32.90<br>22.60 | Maximum<br>Minimum |
| 1991 | 32.70<br>23.60 | 34.00<br>23.80 | 34.40<br>25.00 | 34.10<br>23.80 | 33.60<br>24.90 | 29.30<br>23.30 | 30.20<br>22.50 | 29.90<br>22.80 | 31.00<br>23.40 | 30.70<br>22.80 | 31.70<br>22.60 | 32.20<br>21.20 | Maximum<br>Minimum |
| 1992 | 32.80<br>19.50 | 33.50<br>22.10 | 35.80<br>23.10 | 35.70<br>24.70 | 33.80<br>24.20 | 30.40<br>23.60 | 28.70<br>22.60 | 29.40<br>23.10 | 30.60<br>22.80 | 30.50<br>23.10 | 31.50<br>23.10 | 32.90<br>21.30 | Maximum<br>Minimum |
| 1993 | 32.70<br>20.20 | 33.50<br>21.90 | 34.90<br>24.10 | 34.60<br>24.40 | 33.20<br>24.30 | 30.16<br>23.40 | 28.80<br>22.70 | 30.00<br>23.40 | 30.70<br>23.00 | 30.40<br>23.00 | 30.00<br>23.00 | 31.80<br>22.80 | Maximum<br>Minimum |
| 1994 | 32.80<br>21.60 | 32.80<br>23.60 | 33.00<br>23.50 | 32.70<br>23.80 | 32.10<br>24.60 | 29.20<br>23.20 | | | | | | | Maximum<br>Minimum |

[Rubber Research Institute Puthuppally, Govt. of India]

### 1989 ജനുവരി മുതൽ 1994 ജൂൺ വരെ പെയ്ത മഴയുടെ വിവരങ്ങൾ മില്ലീമീറ്ററിൽ ശരാശരി

| Year | Jan. | Feb. | March | April | May | June | July | Aug. | Sept. | Oct. | Nov. | Dec. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1989 | 9.60 | — | 12.80 | 16.00 | 251.90 | 701.40 | 706.90 | 343.60 | 316.60 | 417.00 | 143.40 | 10.80 |
| 1990 | 30.70 | 55.00 | 49.40 | 32.00 | 489.40 | 578.20 | 594.30 | 220.00 | 122.10 | 410.00 | 238.50 | 18.50 |
| 1991 | 2.00 | 7.10 | 58.50 | 215.10 | 171.90 | 1373.40 | 648.60 | 438.40 | 38.30 | 416.40 | 171.90 | 22.90 |
| 1992 | — | 3.10 | — | 120.3 | 289.00 | 940.30 | 1018.40 | 605.60 | 356.40 | 419.70 | 317.70 | 1.20 |
| 1993 | — | 27.01 | 12.30 | 159.60 | 266.40 | 1034.70 | 996.00 | 217.10 | 95.10 | 432.90 | 258.80 | 77.20 |
| 1994 | 35.60 | 97.20 | 60.10 | 262.00 | 252.30 | 622.80 | | | | | | |

[Rubber Research Institute Puthuppally, Govt. of India]

# 1.2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

**കോ**ട്ടയം ജില്ലയിൽ പാമ്പാടി ബ്ലോക്കിൽ ഉൾപ്പെടുന്ന കൂരോപ്പട പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തി പോരുന്നവരാണ്. സ്വാതന്ത്ര്യ സമ്പാദനത്തിന്റെ അൻപതാം വാർഷികം ആഘോഷിക്കപ്പെടുന്ന വേളയിലും, ഉപജീവന സ്രോതസുകളിൽ സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലുണ്ടായിട്ടുള്ള വൈവിദ്ധ്യം ഈ പഞ്ചായത്തിൽ ഇനിയും ആരംഭത്തിൽ വന്നിട്ടില്ല.

പരമ്പരാഗത കൃഷിരീതികളെ പൂർണ്ണമായും അവലംബിച്ചുപോന്ന അറുപതുകളിൽ, മൃഗസംരക്ഷണ മേഖലയിലുണ്ടായിരുന്ന വളർച്ചാനിരക്ക്, ക്രമേണ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. നെല്ല്, മരച്ചീനി. കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ, വാഴ എന്നിവ സമൃദ്ധമായി കൃഷിചെയ്യപ്പെട്ടിരുന്ന മേഖലകളിലെ, നാണ്യവിളകളായ റബ്ബർ, കൊക്കോ, എന്നിവ കൃഷിചെയ്യപ്പെട്ടു തുടങ്ങിയതോടെ, മേച്ചിൽ പുറങ്ങളും തീറ്റപുൽ കൃഷിയും, ഇല്ലാതായിക്കഴിഞ്ഞു. ജൈവവളത്തിനുപകരം രാസവളങ്ങളും വ്യാപകമായി ഉപയോഗിക്കപ്പെട്ടുതുടങ്ങി. കാർഷികോല്പന്നങ്ങൾ കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്ന കാളവണ്ടികളും ഇപ്പോൾ മിക്കവാറും അപ്രത്യക്ഷമായിക്കഴിഞ്ഞിട്ടുണ്ട്.

കാർഷികാവശ്യത്തിനായി, ഗതാഗതാവശ്യത്തിനും ഒഴികെ ഭക്ഷ്യാവശ്യങ്ങൾക്കും, നാമമാത്രമായ ജൈവവള നിർമ്മാണത്തിനും മാത്രമായി മൃഗസംരക്ഷണം നടത്തുന്ന ഒരു രീതിയാണ് പൊതുവേ അവലംബിക്കപ്പെട്ടുകാണുന്നത്. പശു, കാള, എരുമ, ആട്, എന്നീ മൃഗങ്ങളൊഴികെ, മുയൽ കൃഷിയേക്കുറിച്ചോ, പന്നിവളർത്തലോ വൻതോതിലുള്ള മൃഗപരിപാലനത്തേക്കുറിച്ചോ ഒരു ധാരണ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നതായാണ് കാണുന്നത്.

മൃഗസംരക്ഷണ രംഗത്ത് ഇന്നു കാണുന്ന മാന്ദ്യത്തിന് നിരവധി കാരണങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിലും, ദ്വിതീയാലെ വിവരശേഖരണത്തിൽനിന്നും, ചർച്ചകളിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞു.

1. മൃഗസംരകൃഷത്തിനായുള്ള ശാസ്ത്രീയ സങ്കേതങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
2. ഭക്ഷ്യവിളകളുടെ കൃഷിയിൽ നിന്നും കർഷകരുടെ പിൻ വാങ്ങൽ.
3. അത്യുൽപാദന ശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ ദൗർലഭ്യം.
4. കാലിതീറ്റയുടെയും, പോഷണങ്ങളുടെയും ദുർവ്വഹമായ വിലവർദ്ധനവ്
5. ആധുനിക ചികിത്സാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ.
6. ഗോബർഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണം, ഉപയോഗം, മുതൽമുടക്കിനുള്ള ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവില്ലായ്മ.

വളർത്തുമൃഗങ്ങളുടെ സംരകൃഷണത്തിനായി പരമ്പരാഗത തൊഴുത്തുകൾ ഇപ്പോഴും ധാരാളമായി ഉപയോഗപ്പെടുത്തിവരുന്നുണ്ട്. പരാദരോഗങ്ങൾ എന്നിവ കൂടുതലായും, റിപ്പോർട്ടു ചെയ്യപ്പെടുന്നതിനാൽ (അകിടുവീക്കം, ദഹനക്കുറവ്, വയറിളക്കം) വൃത്തിയും, സൗകര്യങ്ങളുമുള്ള തൊഴുത്തുകൾ വ്യാപകമാക്കേണ്ടതായി കാണുന്നു.

റബ്ബർ കൃഷി വ്യാപകമായതോടെ, റബ്ബബർ ബോർഡിന്റെ നിബന്ധനകൾ മൂലം വിറകാവശ്യത്തിനായി ഉപയോഗപ്പെടുത്തികൊണ്ടിരുന്ന പല വൃക്ഷങ്ങളും വെട്ടി മാറ്റേണ്ടിവരുന്നു. ഈ പ്രക്രിയ പാചകാവശ്യത്തിനുള്ള വിറകിന്റെ ദൗർലഭ്യത്തിനും വിലക്കയറ്റത്തിനും കാരണമായിതീർന്നു. എൽ. പി. ജി ഗ്യാസ് കണക്ഷൻ, മണ്ണെണ്ണ പെർമീറ്റ്, പാചകാവശ്യത്തിനുള്ള വൈദ്യുതി എന്നിവയെക്കാളൊക്കെ ചെലവു കുറഞ്ഞതും, അപകടരഹിതവുമായ ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിൽ മിക്കവരും ശ്രദ്ധ പുലർത്തുന്നതായി കാണുന്നില്ല.ഗോബർഗ്യാസ്/ ബയോഗ്യാസ് പ്ലാൻറുകളെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മയാണ് ഒരു പ്രധാന ക്കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. മാത്രമല്ല ഒരു പ്ലാൻറു സ്ഥാപിക്കുന്നതിനാവശ്യമായ പ്രാരംഭ മുതൽ മുടക്കിനേകുറിച്ചുള്ള ഉത്ക്കണ്ഠ, സാങ്കേതിക ഉപദേശം ലഭിക്കായ്ക, നിലവിലുള്ള ആനുകൂല്യങ്ങകുറിച്ചുള്ള അറിവില്ലായ്മ എന്നിവയും ഇതിന്റെ പ്രധാന ഘടകങ്ങളായി കാണുന്നു. പഞ്ചായത്തിൽ ആകെയുള്ള മൃഗസമ്പത്തിന്റെ 1% പോലും ഊർജ നിർമ്മിതിക്കില്ല.

അത്യുൽപാദന ശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ അഭാവത്തെക്കുറിച്ച് ഗ്രാമസഭാ റിപ്പോട്ടുകളിൽ വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ കൂരോപ്പട, തോട്ടപ്പള്ളി, എന്നീ സ്ഥലങ്ങളിൽ സർക്കാർ വെറ്റിനറി ഡിസ്പെസസറികളും, ളാക്കാട്ടൂരിൽ ഐ. സി. ഡി. പി. സെൻററും പ്രവർത്തിക്കുന്നുണ്ടെങ്കിലും കൃത്രിമ ബീജ സങ്കലനത്തിന്റെ പഞ്ചായത്തിലെ വാർഷിക നിരക്ക് 2486 മാത്രമാണ്.

ഡിസ്പെൻസറിയിൽ നിന്നും 8 കി.മി. വരെയുള്ള സ്ഥലങ്ങളും പ്രസ്തുത സ്ഥാപനത്തിന്റെ മേഖലയിൽ ഉൾപ്പെടുന്നതും ഗതാഗത സൗകര്യത്തിന്റെ ആപര്യാപ്തതയും ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. അത്യൽപാദന ശേഷിയുള്ള കന്നുകാലികളുടെ ദൈനംദിന പരിചരണത്തേക്കിറിച്ചോ, ഗർഭകാല

ശുശ്രൂഷകളെകുറിച്ചോ മിക്കവർക്കും അറിവില്ലായെന്നതും ഒരു വസ്തുതയാണ്.

തീറ്റപുൽ കൃഷിയോ, പ്രകൃതി ജന്യപുല്ലുകളൊ ഇല്ലാതെ വന്നിരിക്കുന്നതിനാൽ വിലകൊടുത്തു വാങ്ങേണ്ടിവരുന്ന വൈക്കോലിനെയോ, കാലിതീറ്റയേയോ ആശ്രയിക്കുവാൻ കർഷകരെ നിർബന്ധിതരാക്കുന്നു.

വിപണി കയ്യടക്കാനുള്ള കിടമത്സരത്തിൽ മാധ്യമങ്ങളിലൂടെയുള്ള പരസ്യവും 7 അസംസ്കൃതപദാർത്ഥങ്ങളുടെ വിലക്കയറ്റവുമെന്ന ന്യായേന കമ്പനികൾ ചുമത്തുന്ന അധികവില കർഷകർക്ക് താങ്ങാനാവുന്നില്ലയെന്ന അഭിപ്രായവും ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി.

വർദ്ധിച്ച വിലകൊടുത്തു വാങ്ങുന്ന കാലിത്തീറ്റയും, അത്യല്പാദനത്തിനനുസൃതമായി ഉൽപ്പാദിക്കപ്പെടുന്ന പാലിന് വിപണന സൗകര്യമൊ, പര്യാപ്തമായ വിലയോലഭിക്കുന്നില്ലെയെന്നും ചൂണ്ടികാണിക്കപ്പെടുന്നു. പഞ്ചായത്തിൻെറ 1, 2, 3 വാർഡുകൾക്കായി ളാക്കാട്ടൂരിലും, 4,5 വാർഡുകൾക്കായി കൂരോപ്പടയിലും, 4, 7 വാർഡുകൾക്കായി പങ്ങടയിലും, 8, 9, 10 വാർഡുകൾക്കായി കോത്തലയിലും പ്രവർത്തിക്കുന്ന ക്ഷീരോത്പാദന സഹകരണ സംഘങ്ങളാണ് ക്ഷീരവിപണന രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ.

വ്യാവസായികടിസ്ഥാനത്തിൽ മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന പന്നി വളർത്തൽ കേന്ദ്രങ്ങളോ, മുയൽ വളർത്തൽ കേന്ദ്രങ്ങളോ പഞ്ചായത്തിൽ ഇല്ല. അപൂർവ്വമായി വീടിനോട് ചേർന്ന് കുറഞ്ഞതോതിൽ നടത്തപ്പെടുന്ന സംരംഭങ്ങളെ ഈ രംഗത്തുള്ളു.

കോഴിവളർത്തലിൻെറയും, താറാവു കൃഷിയുടെയും രംഗത്ത് വൻകിട പദ്ധതികൾ ഒന്നും തന്നെയില്ല ഗാർഹികവാശ്യങ്ങൾക്കായി വളർത്തപ്പെടുന്നവയല്ലാതെ ഈ രംഗത്തു ശ്രദ്ധേയമായ പദ്ധതികളൊന്നും ചൂണ്ടികാണിക്കുന്നില്ല.

നായ്ക്കളെ വളർത്തുന്നതിലും, അവയ്ക്ക് ശാസ്ത്രീയ പരിചരണം നൽകുന്നതിലും മിക്കവരും ശ്രദ്ധ പുലർത്താറില്ല. സർക്കാർ സ്ഥാപനങ്ങളിലെ രേഖകൾ പ്രകാരം പ്രതിവർഷം പേവിഷബാധയ്ക്കെതിരായി 417 കുത്തിവയ്പുകളെ നടത്തപ്പെട്ടിട്ടുള്ളതായി കാണുന്നുള്ളു. ജനങ്ങൾക്കും, വളർത്തുമൃഗങ്ങൾക്കും ഭീഷണിയായി അലഞ്ഞുതിരിയുന്ന നായ്ക്കളുടെ എണ്ണം കൂടിവരികയുമാണ്.

ആടുകളെ വാങ്ങുന്നതിനും, കോഴി, താറാവ് എന്നിവയെ വാങ്ങുന്നതിനുമായി പഞ്ചായത്തിലെ പ്രധാന ബാങ്കിംഗ് സ്ഥാപനങ്ങളായ കൂരോപ്പട സർവ്വീസ് സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് എന്നിവയിൽ നിന്നും കർഷകർക്ക് വായ്പകൾ നൽകുന്നുണ്ടെങ്കിലും അവയൊന്നുംതന്നെ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ലായെന്നും ചർച്ചചെയ്യപ്പെട്ടു. അർഹതപ്പെട്ടവർക്ക് അനുവദിച്ചുകിട്ടുന്ന ആനുകൂല്യങ്ങൾ പോലും ഈ രംഗത്ത് സമർത്ഥമായി വിനിയോഗിക്കപ്പെടുന്നില്ലയെന്ന് കാണുന്നു.

**സാദ്ധ്യതകൾ:-**

1. ക്ഷീരോല്പാദന സംഘങ്ങൾക്ക് കൂടുതൽ കളക്ഷൻ സെൻററുകൾ സ്ഥാപിക്കുക.
2. സഹകരണ മേഖലയിൽ ഒരു കാലിതീറ്റ സംഭരണ ഫാക്ടറി സ്ഥാപിക്കുക.
3. ഗവ: ഡിസ്പെൻസറികളോടനുബന്ധിച്ച ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മിച്ച് ഏതു സമയവും ഡോക്ടറുടെ സേവനം ഉറപ്പാക്കുക.
4. ഡിസ്പെൻസറികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഉദാ :- ലാബറട്ടറി, ടെലിഫോൺ കണക്ഷൻ etc.
5. ക്ഷീരവികസന വകുപ്പിൻെറയും, പഞ്ചായത്തിൻെറയും സംയുക്താഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ, ഫിലിം പ്രദർശനം, മൃഗപരിപാലനത്തിലെ ശാസ്ത്രീയവശങ്ങൾ എന്നിവയെക്കുറിച്ച് ചർച്ചകളും, ക്ലാസുകളും സംഘടിപ്പിക്കുക.
6. പേവിഷ ബാധയ്ക്കെതിരെയുള്ള പ്രചരണവും, കുരുതൽനടപടികളും പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.
7. ഗോബർ ഗ്യാസ് പ്ലാൻറുകളുടെ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു വാർഡിൽ പ്രതിവർഷം 500 എന്ന കണക്കിൽ അഞ്ചുവർഷംകൊണ്ട് 2500 പ്ലാൻറുകളെങ്കിലും സ്ഥാപിക്കുക.
8. മുയൽ, പന്നി വളർത്തൽ എന്നിവ ശാസ്ത്രീയമായി നടത്തുന്നതിനുള്ള സങ്കേതങ്ങളെക്കുറിച്ച് ബോധവൽക്കരണവും, മൂലധന സമാഹരണത്തിന് മാർഗ്ഗങ്ങളും ആവിഷ്കരിക്കുക.
9. ഒരു വാർഡിൽ കുറഞ്ഞത് 10 വീടികളിലെങ്കിലും ഇറച്ചികോഴി, പന്നി, മുയൽ എന്നീ സംരഭങ്ങൾക്കായി ആവശ്യമായ പരിചരണ പരശീലനവും, മുതൽ മുടക്കിനുള്ള സാമ്പത്തിക സഹായവും നൽകുക.
10. തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കുകയും, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
11. പ്രതിലവർഷം ഒരു വാർഡിൽ 50 വീട് ക്രമത്തിൽ അഞ്ചുവർഷംകൊണ്ട് 2500 കുടുംബങ്ങൾക്ക് മുട്ടക്കോഴി കൃഷിയ്ക്കാവശ്യമായ പരിശീലനവും, ധനസഹായവും ലഭ്യമാക്കുക.
12. മേൽത്തരം ആടുകളെ വളർത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് വികസന സമിതിയുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുക.
13. കരിങ്കൽ ക്വാറികൾ മൂലം നിർമ്മിക്കപ്പെട്ട ജല വിഭവം മത്സ്യ കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുവാൻ മാർഗ്ഗനിർദ്ദേശങ്ങളും, മത്സ്യ വിത്തും വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുക.

ക്ഷീരവികസന വകുപ്പിൻെറ സഹകരണത്തോടെ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കണം.

1. കർഷക സമ്പർക്കപരിപാടി.
2. കന്നുകാലി പ്രദർശനം
3. മോഡൽ ഡയറിഫാം യൂണിറ്റ് സ്ഥാപിക്കൽ
4. ധാതുലവണ മിശ്രിത വിതരണം.
5. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം
6. ജീവക പൂരിതങ്ങളുടെ വിതരണം.
7. ശുദ്ധമായ പാൽ ഉല്പാദിപ്പിക്കാനുള്ള കിറ്റ് വിതരണം.
8. മാതൃകാ പുൽകൃഷി ·
9. പുൽ, പയർ, സമ്മിശ്രകൃഷി.
10. പുൽക്കട കൃഷി.
11. ചോളകൃഷി
12. വൻപയർ കൃഷി.
13. സൈലേജ് നിർമ്മാണം.
14. യൂറിയചേർത്ത് വൈക്കോൽ സമ്പൂഷ്ടീകരണം.
15. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം.
16. ക്ഷീരോല്പാദന നിർമ്മാണ ഗ്രാൻറുകൾ
17. ചെറുകിട കാലിത്തീറ്റ ഫാക്ടറി
18. പ്രത്യേക ഘടകപദ്ധതി
19. പരിശീലന പരിപാടികൾ
20. കൃഷീരസംഘങ്ങൾ സ്ഥാപിക്കൽ.

**Table I**

**വളർത്തുമൃഗങ്ങളുടെ സംഖ്യ**

| പശു | കാള | എരുമ | പോത്ത് | ആട് | പന്നി | പട്ടി | ആന |
|---|---|---|---|---|---|---|---|
| 3806 | 492 | 92 | 1 | 2242 | 1622 | 1241 | ഇല്ല |

**Table II**

**വളർത്തുപക്ഷികളുടെ സംഖ്യ**

| പൂവൻ കോഴി | പിട കോഴി | പൂവൻ താറാവ് | പിട താറാവ് | മറ്റുള്ളവ |
|---|---|---|---|---|
| 1285 | 19293 | 13 | 34 | 88 |

**Table III**

**സ്ഥാപന വിവരങ്ങൾ**

| സ്ഥാപനത്തിന്റെ പേര് | സ്ഥിതി ചെയ്യുന്ന വാർഡ് | ജീവനക്കാരുടെ വിവരങ്ങൾ | കെട്ടിടം |
|---|---|---|---|
| ഗവ. വെറ്റിനറി ഡിസ്പൻസറി കൂരോപ്പട | IV | വെറ്റിനറി സർജൻ 1<br>ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് 1<br>അറ്റൻഡർ 1<br>പാർടൈം സ്വീപ്പർ 1 | സ്വന്തം |
| ഗവ. വൈറ്റിനറി ഡിസ്പൻസറി തോട്ടപ്പള്ളി | VI | വെറ്റിനറി സർജൻ 1<br>ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് 1 | വാടക |
| J.C.D.P. സബ് സെന്റർ ളാക്കാട്ടൂർ | II | ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് 1<br>പാർടൈം സ്വീപ്പർ 1 | വാടക |

**Table V**

**രോഗ വിവരങ്ങൾ**

| ദഹന സംബന്ധം | ശ്വാസകോശ സംബന്ധം | ഉപാപചയ സംബന്ധം | ത്വക്രോഗം | ധാതു ലവണങ്ങളുടെ അഭാവം | പരാദ രോഗങ്ങൾ | പ്രത്യുത്പാദനവുമായി ബന്ധപ്പെട്ടത് | അകിടു വീക്കം | മുടന്തൻ പനി | പകർച്ച വ്യാധികൾ |
|---|---|---|---|---|---|---|---|---|---|
| 713 | 187 | 73 | 106 | 26 | 699 | 219 | 129 | 59 | ഇല്ല |

**Table IV**

**ക്ഷീരവ്യവസായ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ**

| സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | പ്രവർത്തന പരിധി | ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ മൂലധനം | ആകെ ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നപാൽ | പുറത്തേക്ക് അയക്കുന്നത് |
|---|---|---|---|---|---|---|---|---|
| ളാക്കാട്ടൂർ ക്ഷീരോല്പാദക സംഘം നമ്പർ കെ.35 (ബി) (APCOS) | 1976 | 405 | 1, 2, 3 വാർഡുകൾ | 3770 | 3770 | 59306 | 16853 | 42453 |
| പങ്ങട ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ കെ.104 (1) (APCOS) | 1986 | 207 | 6, 7 വാർഡുകൾ | 10000 | 2230 | 74953 | 11245 | 63713 |
| കൂരോപ്പട ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ കെ.3 (ബി) (APCOS) | 1986 | 259 | 4, 5 വാർഡുകൾ | | 3890 | 76448 | 22067 | 54381 |
| കോത്തല ക്ഷീരോല്പാദക സഹകരണ സംഘം നമ്പർ കെ.100 (ബി) (APCOS) | 1986 | 340 | 8, 9, 10 വാർഡുകൾ | 10000 | 3430 | 74950 | 18738 | 56212 |

| | |
|---|---|
| **പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്** | **- 417** |
| **ക്രിത്രിമ ബീജസങ്കലനം വാർഷിക നിരക്ക്** | **- 2486** |



# 1.3

# വ്യവസായം

തികച്ചും കാർഷിക പശ്ചാത്തലം നിലനിൽക്കുന്ന. കൂരോപ്പട പഞ്ചായത്തിൽ വ്യാവസയിക നേട്ടങ്ങൾ ഇനിയും കടന്നുവന്നിട്ടില്ല. കാർഷികോല്പന്നങ്ങൾ സംസ്ക്കരിച്ച് ഉപഭോക്തൃ സാധനങ്ങളായിമാറ്റുന്നതിനോ ഇതര അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചു വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനോ യാതൊരു വ്യവസായവും പൊതുമേഖലയിലു സഹകരണ മേഖലയിലും ഈ പഞ്ചായത്തിലെ ഒരു വാർഡിലും പ്രവർത്തിക്കുന്നില്ല. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ആയിരുന്ന കുട്ട, മുറം കൂട ചൂൽ, പായ് എന്നിവയുടെ നിർമ്മാണരംഗത്ത് പ്രകടമായ മാന്ദ്യമാണ് ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്യുന്നത് പഞ്ചായത്തിലെ 10 വാർഡുകളിൽ സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കുറഞ്ഞ മുതൽ മുടക്കിൽ പ്രവർത്തിച്ചു വരുന്ന വ്യവസായങ്ങളിൽ ഏറെയും റബ്ബർ അധിഷഠിതമാണ്. പരമ്പരാഗത കൃഷി രീതികളിൽ നിന്നും വ്യതിചലിച്ച് കൂടുതൽ ലാഭം കൊയ്യാൻ ഉതകുന്ന റബ്ബർ കൃഷി രംഗത്തേയ്ക്ക് കർഷകരുടെ ശ്രദ്ധതിരിഞ്ഞ് തുടങ്ങിയതോടെ വ്യവസായ യൂണിറ്റു കളിലും അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുതകുന്ന റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭകരുടെ ശ്രദ്ധ പതിഞ്ഞതിനാലാവാം ഈ വർദ്ധനവു കാണിക്കുന്നത് ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന മറപ്പള്ളി റബ്ബർ വർക്സ് 2-ാം വാർഡിലെ മുറിയാങ്കൽ റബ്ബേഴ്സ് 3-ാം വാർഡിലെ 2 റബ്ബർ ബാൻഡ് കമ്പനികൾ 5-ാം വാർഡിലെ കൊല്ലം പറമ്പിൽ റബ്ബറേഴ്സ്, സെൻറ് ജൂഡ് റബ്ബേഴ്സ് 6-ാം വാർഡിലെ കൊച്ചുപറമ്പിൽ റബ്ബറേഴ്സ് 9-ാം വാർഡിലെ കാർത്തിക റബ്ബർ ഇൻഡ സ്ട്രീസ് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന റബ്ബർ അധിഷ്ഠിത വ്യാവസായങ്ങൾ.

റബ്ബർ കഴിഞ്ഞാൽ തടി വ്യവസായമാണ് പഞ്ചായ ത്തിൽ കൂടുതലുള്ളതെന്ന് കാണാം. തടി അറപ്പ്, ഫർണി ച്ചർ നിർമ്മാണം, തീപ്പെട്ടികൊള്ളി നിർമ്മാണം. എന്നതിൽ കവിഞ്ഞ് ഈ രംഗത്തും കാര്യമായി മുന്നേറ്റം ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. 5-ാം വാർഡിൽ പ്രവർത്തിക്കുന്ന ലക്ഷിമി മാച്ച് ഇൻഡസ്ട്രീസ് കൊച്ചുപറമ്പിൽ ഫർണിച്ചർ മാർട്ട്. 6-ാം വാർഡിൽ ഒരു ഫർണിച്ചർ യൂണിറ്റ് 9-ാം വാർഡിൽ പാർവതി സോമിൽ 10-ാം വാർഡിലെ ശ്രീപാർവതി ടിംബേർസ് തീപ്പെട്ടി നിർമ്മാണ യൂണിറ്റ് എന്നിവയാണ് ഈ രംഗത്തെ പ്രധാന വ്യസായങ്ങൾ.

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിൻെറ സഹായത്തോടുകൂടി നിരവധി കുടിൽ വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടങ്കിലും വ്യാവസായിക നേട്ടങ്ങളുടെ പട്ടികയിൽ പെടുത്താൻ മാത്രം വളർച്ച പ്രാപിച്ചതായി കാണുന്നില്ല. 9-ാം വാർഡിൽ പ്രവർത്തി ക്കുന്ന അർച്ചന ഫ്രൂട്ട് പ്രൊഡക്ടസ് ബാലാരിഷ്ടതകൾ പിന്നിട്ട് ത്വരിതവർച്ചാനിരക്ക് കാണിക്കുന്ന ഒരു വ്യവസായമായി ചൂണ്ടികാണിക്കപ്പെടുന്ന ഇവിടെ നിർമ്മിക്കുന്ന പപ്പാരി ജാം, സ്കാഷുകൾ എന്നിവയ്ക്ക് വിപണിയിൽ പ്രിയമേറി വരികയാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

കരിങ്കൽ ക്വാറികൾ, സിമിൻറ് ഇഷ്ടിക, പ്ലാസ്റ്റിക് വ്യവസായം, കറിപൗഡർ, കാപ്പിപ്പൊടി, ഫ്ലവർ മിൽസ്, സോപ്പ്, വ്യവസായം ഡിറ്റേർ ജൻറ്, കവർ നിർമ്മാണം സിറാമിക്സ്, പെയിൻറ്, റെഡിമേഡ് വസ്ത്രങ്ങൾ എന്നീ രംഗങ്ങളിലെല്ലാം വ്യാവസായിക യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെങ്കിലും 9-ാം വാർഡിൽ പ്രവർത്തിക്കുന്ന ഗ്രാൻറ് കേബിൾസ്, എക്സൽ കേബിൾസ് എന്നിവയെ പ്പോലെ വളർച്ചാ നിരക്ക് കാണിക്കുവാൻ ഇവയ്ക്കൊന്നും കഴിഞ്ഞിട്ടില്ല.

വനിതാസംരംഭകരുടേതായി കൂരോപ്പട കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന ത്രിവേണി ഹോട്ടൽ പ്രതീക്ഷിച്ചത്ര നേട്ടങ്ങൾ ഇനിയും കൈവരുത്തിയിട്ടില്ല. വനിതകളെ വ്യവസായരംഗത്തേക്ക് ആകർഷിക്കാനും പരിശീലിപ്പി ക്കാനും വേണ്ടി വർഷങ്ങൾക്കു മുമ്പ് 10-ാം വാർഡിൽ ആരംഭിച്ച വനിതാ കുടിൽ വ്യവസായ കേന്ദ്രവും 9-ാം വാർഡിൽ പ്രവർത്തിച്ചുവന്ന റെബാക്കാ ടെയിലറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ലക്ഷ്യങ്ങൾ പൂർത്തികരിക്കാൻ കഴിയാതെ സ്തംഭനാവസ്ഥയിൽ എത്തിവയാണ്.

പണ്ടത്തേക്കാൾ ആത്മവിശ്വാസവും നിശ്ചയ ദാർഢ്യവും കൈമുതലാകേണ്ട വ്യാവസായിക രംഗത്തെ വികസനത്തിനുള്ള സാധ്യതകൾ ഏറെയാണ്. പരമ്പരാ ഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കോത്തല കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന സഹകരണ സംഘം ലിക്വിഡേറ്റ് ചെയ്യപ്പെട്ടതോടെ ഈ രംഗത്ത് സഹകരണ അടിസ്ഥാനത്തിലോ പൊതു മേഖലാടി സ്ഥാനത്തിലോ പ്രവർത്തിക്കുന്ന ഒരു സംരഭവും ഇല്ല എന്ന നിലയും കൈവന്നു. പരമ്പരാഗത തൊഴിലുകൾ ചെയ്തു ഉപജീവനം കഴിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ ത്തിൽപ്പെട്ട പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും തൊഴിലാളികൾ ഇന്ന് ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരായികൊണ്ടിരിക്കുകയാണെന്ന് റിപ്പോർട്ട് ചെയ്യപ്പട്ടിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ നൈപുണികൾ വളർത്തിയെടുക്കുവാനും അവരുടെ അദ്ധ്വാനത്തിനും ജീവിതവൃത്തിക്കും ഉതകുന്ന പ്രതിഫലം ഉറപ്പുവരുത്താൻ കൂട്ടായ ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരി ക്കുന്നു.

വ്യാവസായിക അഭിവൃദ്ധിക്ക് അവശ്യം ഉണ്ടായിരിക്കേണ്ട അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം പരമ്പരാഗത വ്യവസായങ്ങളുടെ തളർച്ചയ്ക്ക് ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇടത്തട്ടുകാരുടെ ചൂഷണംമൂലം മതിയായ പ്രതിഫലം ലഭിക്കാത്ത ഈ രംഗത്തേയ്ക്ക് കടന്നുവരുവാൻ പുതിയ തലമുറ കാട്ടുന്ന വിമുഖതയാണ് മറ്റൊരു പ്രധാനം കാരണം. ഉല്പാദനവും വിതരണവും ഒരേവ്യക്തി/കുടുംബം ഏറ്റെടുക്കേണ്ടി വരുന്നത് ഈ രണ്ട് രംഗങ്ങളേയും ഒരേപോലെ പ്രതികൂലമായി ബാധിക്കുന്നു. പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് ഈ തൊഴിലുകൾ ചെയ്തുപോരുന്ന കുടുംബങ്ങൾക്ക് കുറഞ്ഞനിരക്കിൽ ആവശ്യാനുസരണം ലഭ്യമാക്കുകയും ഉല്പന്നങ്ങൾ ശേഖരിച്ച് വിൽക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യാൻ ഈ രംഗത്തേക്കു കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിയുമെന്ന് പൊതുചർച്ചകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടു. പഞ്ചായത്തിലെ പൊതു ചർച്ചകളിൽ വാർഡുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നിർദ്ദേശിക്കപ്പെട്ടു. ഈ സമിതിയുടെ നേതൃത്വത്തിൽ Bamboo Corporation, ധനകാര്യ സ്ഥാപനങ്ങൾ, വ്യവസായ വകുപ്പ്, ഖാദി ഗ്രാമവ്യവസായ വകുപ്പ് പട്ടികജാതി/പട്ടികവർഗ്ഗം വികസനത്തിനുവേണ്ടിയുള്ള കേന്ദ്ര സംസ്ഥാന സർക്കാർ സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം സമന്വയിപ്പിച്ച് ഇതിലേയ്ക്കാവശ്യമായ പരിശീലനങ്ങളും വ്യവസായ സംരംഭങ്ങളും ഏർപ്പെടുത്താവുന്നതാണ്.

ഇതര വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച് മൂലധനം സ്വരൂപിക്കുക, ഊർജ്ജസ്രോതസ്സു തെരെഞ്ഞെടുക്കുക, അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കുക, തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നടപ്പിലാക്കുക. ലൈസൻസ് സമ്പാദിക്കുന്നതിന് വിവിധ കേന്ദ്രങ്ങളിൽനിന്നുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുക എന്നീ ഘടകങ്ങൾ വേണ്ടതരത്തിൽ പൂർത്തിയാക്കുവാൻ ഈ രംഗത്തേക്ക് കടന്നുവരാൻ പുതിയ സംരംഭകർ തയ്യാറാകും.

സാദ്ധ്യതകൾ.

പരമ്പരാഗത വ്യവസായങ്ങൾക്കും കുടിൽ വ്യവസായങ്ങൾക്കും പ്രോത്സാഹനം നൽകുന്നതൊടൊപ്പം അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായമയ്ക്ക് അറുതി വരുത്തുവാനും കാർഷികോല്പന്നങ്ങളെ വ്യാവസായിക ഉല്പന്നങ്ങളാക്കി മാറ്റുന്നതുവഴി കർഷകർക്ക് അധിക വരുമാനം നേടികൊടുക്കുന്നതിനും സാദ്ധ്യതയുള്ള ഒട്ടനവധി വ്യാവസായിക നിർദ്ദേങ്ങൾ ഗ്രാമസഭാ റിപ്പോർട്ടിൽ കാണുന്നുണ്ട്.

1. **റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ**
   a. റബ്ബർതടി സംസ്കരണം: കെട്ടിട നിർമ്മാണ ആവശ്യങ്ങൾക്കും ഫർണിച്ചർ നിർമ്മാണത്തിനും പരമ്പരാഗതമായി ഉപയോഗിച്ചുപോരുന്ന തേക്ക്, ഈട്ടി, പ്ലാവ്, ആഞ്ഞിലി എന്നീ ഇനം മരങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം മൂലം വീർപ്പുമുട്ടുന്ന സാധാരണക്കാരന് ഈ ആവശ്യങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ ശാസ്ത്രീയമായി സംസ്കരിച്ചെടുക്കുന്ന റബ്ബർതടികൾ പ്രയോജനപ്പെടുത്താൻ ഉതകുന്ന രീതിയിൽ ഒരു റബ്ബർതടി സംസ്കരണയൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
   b. ബലൂൺ നിർമ്മാണ യൂണിറ്റ് ഒന്നോ രണ്ടോ വാർഡുകളിൽ സ്ഥാപിക്കാവുന്നതാണ്.
   c. ട്രെഡ് റബ്ബർ യൂണിറ്റ്. വാഹനങ്ങളുടെ ടയർ റീട്രേഡിംഗിന് ഉപയോഗിക്കുന്ന ട്രെഡ് റബ്ബർ നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.
   d. ത്രെഡ് റബ്ബർ യൂണിറ്റ്. വസ്ത്ര നിർമ്മാണത്തിനുപയോഗിക്കുന്ന ഇലാസ്റ്റിക്കിനുപയോഗിക്കുന്ന ത്രെഡ് റബ്ബർ നിർമ്മാണ യൂണിറ്റ്.
2. പ്ലാസ്റ്റിക് വ്യവസായം. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, കൂട്, റെയിൻഗാർഡിംഗ് ഷീറ്റുകൾ) നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് തുടങ്ങുക.
3. കാലിത്തീറ്റ ഫാക്ടറി ക്ഷീര കർഷക സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കുക.
4. കറിപൗഡർ. ലേഡീസ് ബാഗ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, പപ്പടനിർമ്മാണം എന്നിവയ്ക്കായി സ്വകാര്യമേഖലയിലോ സഹകരണ മേഖലയിലോ യൂണിറ്റുകൾ തുടങ്ങുവാൻ വനിതകൾക്ക് പരിശീനകളരികൾ സംഘടിപ്പിക്കുക.
5. കരിങ്കൽ ക്വാറി. റോഡ്/കെട്ടിട നിർമ്മാണ രംഗത്ത് അനുദിനം വർദ്ധിച്ചുവരുന്ന ആവശ്യൾക്കുപയുക്തമായ രീതിയിൽ കരിങ്കല്ലും മെറ്റിലും ഉല്പാദിപ്പിക്കുന്നതിനും ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെ സഹായത്തോടെ സാദ്ധ്യത ഉള്ള സ്ഥലങ്ങളിൽ ക്വാറികൾ ആരംഭിക്കുക.
6. സോപ്പ്, മെഴുകുതിരി, സാമ്പ്രാണി, അച്ചാറുകൾ, തീപ്പെട്ടി എന്നിവയ്ക്ക് ഖാദി&വില്ലേജ് ഇൻഡസ്ട്രീസിന്റെ സഹായത്തോടെ പട്ടികജാതി പട്ടികവർഗ്ഗ ആവാസമേഖലകളിൽ പരമാവധി യൂണിറ്റുകൾ സ്ഥാപിച്ച് ആ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സാമ്പത്തിക അഭിവൃദ്ധിയും തൊഴിൽ അവസരങ്ങളും ഉറപ്പാക്കുക.
7. ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്/അസംബ്ലിംഗ് യൂണിറ്റുകൾ അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾക്ക് ആവശ്യമായ പരിശീലനം നൽകി പ്രമുഖ കമ്പനികളുടെ അസംബ്ലിംഗ് യൂണിറ്റുകൾ വാർഡുകൾ തോറും ആരംഭിക്കാവുന്നതാണ്.
8. പ്രിന്റിംഗ് യൂണിറ്റുകൾ.
9. നോട്ടുബുക്കു നിർമ്മാണം.
10. റീഫിൽ നിർമ്മാണം.

11. ചോക്ക് & ഡസ്റ്റർ
12. കുടനിർമ്മാണ യൂണിറ്റുകൾ
13. ഹാന്റ് പേപ്പർ മാനുഫാക്ചറിംഗ് യൂണിറ്റുകൾ.
14. കാർട്ടൺ ബോക്സ് നിർമ്മാണം
15. പ്രീഫാബ്രിക്കേറ്റഡ് ബിൽഡിംഗ് ഇൻഡസ്ട്രീസ്.
16. നാര് വ്യവസായം - പനമടൽ, കൈത, വാഴനാര്.
17. കാറ്ററിംഗ് യൂണിറ്റ് (ബിസ്കറ്റ്, പലഹാരം, അച്ചാറുകൾ, സ്ക്വാഷുകൾ, ജാമുകൾ)
18 ജൈവ വള നിർമ്മാണ യൂണിറ്റുകൾ
19. ട്രാൻസ്പോർട്ട് വ്യവസായം
20. ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ
21. പേപ്പർ പ്ലേറ്റ്, പേപ്പർ കപ്പ്, ഡിസ്പോസിബിൾ ഗ്ലാസ്
22. കൊക്കോ സംഭരണ യൂണിറ്റുകൾ.
23. ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ
24. മിൽക്ക് പ്രൊഡക്ട്സ് (പനീർ, ചീസ്, ഗീ, പേഡ etc)
25. ഇരുമ്പാണി നിർമ്മാണം
26. വിജാഗിരി നിർമ്മാണം

### തെങ്ങും തേങ്ങയും അധിഷ്ഠിതമാക്കിയുള്ള വ്യവസായങ്ങൾ

തെങ്ങിൻതടികൊണ്ട് കെട്ടിടനിർമ്മാണം

ഓയിൽ മിൽ

ചിരട്ടകൊണ്ട് - activated carbon

കരിക്കിൻവെള്ളം കൊണ്ട് Soft Drinks

തേങ്ങാപാൽ

തേങ്ങാ ക്രീം

ചെത്ത് വ്യവസായം - പാനി & ശർക്കര

### ടൂറിസം വ്യവസായം

ടൂറിസ്റ്റ് റിസോർട്ടുകൾ

പേയിംഗ് ഗസ്റ്റ് സമ്പ്രദായം

ആയുർവ്വേദ ഔഷധ നിർമ്മാണം

കേരളീയ വിഭവങ്ങളെ പരിചയപ്പെടുത്തൽ

ആയുർവ്വേദ ചികിത്സാ ക്ലബ്ബുകൾ

ജലമേളകൾ

പിൽഗ്രിം ഷെൽട്ടറുകൾ

പ്ലാസ്റ്റിക് ചിരട്ട, ഇലക്ട്രിക് ഉപകരണങ്ങളുടെ കവർ, PVC പൈപ്പ്, ഹോബ്, പ്ലാസ്റ്റിക് ബട്ടൻ, ഓട്ടോമൊബൈൽ ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് - ഇൻഡിക്കേറ്റർ, ബുഷ്, കവർ etc.

വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതുവരെ വ്യാവസായിക സംരംഭകർക്ക് സബ്സിഡൈസ്ഡ് റേറ്റിൽ ജനറേറ്റർ ഇന്ധനം.



# 1.4

# ഗതാഗതം, ഊർജം, മാർക്കറ്റ്

## ഗതാഗതം

ആധുനിക കാലഘട്ടത്തിൽ മനുഷ്യന്റെ ജീവിതസൗകര്യങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചതൊടൊപ്പം ഗതാഗതമേഖലയിലും അസൂയാവഹമായ തോതിൽ പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുകയാണല്ലൊ. നമ്മുടെ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ഗതാഗത സൗകര്യങ്ങളെപ്പററി ചിന്തിക്കുമ്പോൾ പ്രഥമമായി വിഷയീഭവിക്കുന്നത് പഞ്ചായത്തിന്റെ ദക്ഷിണഭാഗത്തുകൂടി കടന്നു പോകുന്ന കോട്ടയം-കുമളി റോഡാണ്. കോട്ടയം, ഇടുക്കി ജില്ലകളുടെ സമഗ്ര വികസനത്തിന് വഴിതെളിക്കുന്ന ഈ റോഡ് ''സ്റ്റേററ് ഹൈവേ'' പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കിഴക്കൻ തോട്ടങ്ങളിൽ നിന്ന് റബ്ബർ, കാപ്പി, തേയില, ഏലം, ഗ്രാമ്പു, കറുവ തുടങ്ങിയ നാണ്യവിളകൾ കോട്ടയം, ആലപ്പുഴ, കൊച്ചി തുടങ്ങിയ വാണിജ്യകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുമായി ഏകദേശം ഒന്നര നൂറ്റാണ്ട് മുമ്പ് കേണൽ മൺട്രോ എന്ന വിദേശിയുടെ നേതൃത്വത്തിലാണ് ഈ വഴി വെട്ടിതുറന്നതെന്ന് ചരിത്രപഠനം തെളിയിക്കുന്നു. ആദ്യം മുണ്ടക്കയം വരെ വെട്ടിയ ഈ റോഡ് പിന്നീട് സംസ്ഥാനത്തിന്റെ കിഴക്കെ അതിർത്തിയായ കുമളി വരെ ദീർഘിപ്പിക്കുകയായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു മുമ്പ്, നാടുവാണിരുന്ന തിരുവിതാംകൂർ മഹാരാജക്കന്മാർ തങ്ങളുടെ വേനൽക്കാല കൊട്ടാരമായ കുട്ടിക്കാനത്തിലേയ്ക്ക് എഴുന്നെള്ളുന്നതിനു മുമ്പായി രാജസേവകന്മാർ ഈ വഴി നന്നാക്കി വൃത്തിയാക്കുകയും പൊടിപടലങ്ങൾ പറക്കാതിരിക്കാൻ വെള്ളം തളിക്കുകയും ചെയ്തിരുന്നതായി കാണപ്പെടുന്നു. കാൽ നടയാത്രക്കാരുടെയും ചുമട്ടുകാരുടെയും സൗകര്യാർത്ഥം കെ.കെ. റോഡിന്റെ പാർശ്വങ്ങളിൽ ചുമടുതാങ്ങികളും ദാഹശമനത്തിനായി സംഭാരം തുടങ്ങിയവ വിതരണം ചെയ്തിരുന്ന വഴിയമ്പലങ്ങളും ധാരാളമുണ്ടായിരുന്നു. ഇത്തരത്തിൽ ഒരു വഴിയമ്പലം നമ്മുടെ ഗ്രാമപഞ്ചായത്തിലെ 12-ാം മൈൽ കവലയിലും ഉണ്ടായിരുന്നു. ഈ റോഡ് ആദ്യമായി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കിയത് 1955 ലാണ്.

കൂരോപ്പട പഞ്ചായത്ത് പ്രദേശങ്ങളിൽ, ആദ്യമായി മോട്ടോർ വാഹനമെത്തിയതും കെ.കെ. റോഡിൽ തന്നെയാണ്. ഇവിടെ വാഹനമെത്തിയിട്ട് ഏകദേശം ഒരു നൂറ്റാണ്ടിലേറെയായി. വാഹനങ്ങളുടെ ആഗമനത്തിനു മുമ്പ് ജനങ്ങൾ കൂടുതലായും കാൽ നടയായിട്ടാണ് യാത്ര ചെയ്തിരുന്നത്. സാമ്പത്തികമായി ഉയർന്ന ചുരുക്കം ചില കുടുംബങ്ങളിൽ കാളവണ്ടിയും കുതിരവലിച്ചിരുന്ന വില്ലുവണ്ടിയും ഉണ്ടായിരുന്നു. ഹൈറേഞ്ചിലെ എസ്റ്റേറ്റുകളിലേയ്ക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതിന് ആറു ചക്രങ്ങളോടു കൂടിയ, പ്രത്യേക രീതിയിൽ സംവിധാനം ചെയ്തിട്ടുള്ള നീളം കൂടിയ 'സിണ്ടിക്കറ്റ് ലോറി' യാണ് ആദ്യം നിരത്തിലെത്തിയ വാഹനം. കരിഗ്യാസുകൊണ്ട് ഓടിക്കുന്ന ബസ്സുകൾ റോഡിലെത്താൻ പിന്നെയും കുറെ വർഷങ്ങൾ വേണ്ടിവന്നു.

ഇന്ന് നൂറുകണക്കിന് ബസ്സുകളും ഇതര വാഹനങ്ങളും സഞ്ചരിക്കുന്ന കെ.കെ. റോഡ് സംസ്ഥാനത്തിലെ പ്രധാന ഹൈവേകളിലൊന്നാണ്. അതുകൊണ്ട് ഈ റോഡിന്റെ മെയിൻറനൻസും മ... ഏറെക്കുറെ ഭംഗിയായി നടക്കുന്നു. 9, 10 വാർഡുകളിൽ ചേന്നമ്പള്ളി മുതൽ ഇടക്കരപ്പടി വരെ (ഉദ്ദേശം 3 കിലോമീറ്റർ) കെ.കെ. റോഡ് നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. അതോടൊപ്പം, പാമ്പാടി വട്ടമലപ്പടി ഭാഗത്ത് 'ക്രോസ് റോഡ്സ്' ഇംഗ്ലീഷ് സ്കൂളിന്റെ തെക്ക് 7-ാം വാർഡിനെയും ഈ റോഡ് സ്പർശിക്കുന്നു. വളരെയധികം ഗതാഗത പ്രാധാന്യമുള്ള കെ.കെ.റോഡ് കുമളിയിൽ നിന്നും കമ്പം, തേനി, ഉത്തമപാളയം, വഴി മധുരവരെ നീട്ടി ഒരു നാഷണൽ ഹൈവേ (ദേശീയ പാത) രൂപീകരിക്കേണ്ടതാണ്. സംസ്ഥാന കേന്ദ്രസർക്കാരുകളുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പതിയണം.

നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മേജർ ഡിസ്ട്രിക്ട് റോഡുകൾ (MDR) ഒറവയ്ക്കൽ-കൂരോലി റോഡും അയർക്കുന്നം പാമ്പാടി റോഡിലെ കൂരോപ്പട മുതൽ പാമ്പാടി വരെയുള്ള ഭാഗങ്ങളുമാണ്. കെ.കെ. റോഡ് കഴിഞ്ഞാൽ ഏറ്റവുമധികം ഗതാഗത ത്തിരക്കുള്ള റോഡുകളും ഇവയാണ്. ഈ അടുത്തകാലത്തായി വീതി കൂട്ടി ടാർ ചെയ്തിട്ടുള്ള ഇവ ഏറെക്കുറെ നല്ല നിലയിൽ തന്നെയാണ് ഇപ്പോൾ കാണപ്പെടുന്നത്.

ഇതുകൂടാതെ നിരവധി ഗ്രാമീണ റോഡുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നന്നാക്കിയിട്ടുള്ള ഈ റോഡുകശ താഴെപ്പറയുന്നവയാണ്.

1. പാമ്പാടി-അരീപ്പറമ്പ് 6, 7 വാർഡുകളിൽ കൂടി കടന്നു പോകുന്നു.
2. പാമ്പാടി ആനിക്കാട് റോഡ്. 8, 9, 10 വാർഡുകളിൽ കൂടി കടന്നുപോകുന്നു.
3. എരുത്തുപുഴ-കോത്തലറോഡ്-4, 8, 9, 10 എന്നീ വാർഡുകളിൽ കൂടി കടന്നുപോകുന്നു.
4. ഒറവയ്ക്കൽ-കണ്ണൻകുന്ന് റോഡ് 1, 2 വാർഡുകളിൽ കൂടി കടക്കുന്നു.
5. അയർക്കുന്നം-ളാക്കാട്ടൂർ-കൂരോപ്പട റോഡ്. 1, 2, 3 എന്നീ വാർഡുകളിൽ കടന്നുപോകുന്നു.
6. വെള്ളൂർ-മഞ്ഞാമാറ്റം റോഡ് 1, 2, 5, 6, 7 വാർഡുകളിൽ കൂടി കടന്നുപോകുന്നു.
7. 15-ാം മൈൽ (നെടുമാവ്) അരുവിക്കുഴി റോഡ്, 14-ാം വാർഡിനെ സ്പർശിക്കുന്നു.
8. മണ്ണുപ്പള്ളി-പൂവത്തിളപ്പു റോഡിൻെറ മറ്റപ്പള്ളി മുതൽ കടിയനാട് വരെയുള്ള ഒരു കിലോമീറ്റർ ഭാഗം. ഒന്നാം വാർഡിനെ സ്പർശിക്കുന്നു.

ഈ റോഡുകളുടെ നില പൊതുവേ ശോചനീയമാണ്. ഓടകളുടെ അഭാവവും കാലാവസ്ഥയിൽ പ്രകടമായി കാണപ്പെടുന്ന പ്രത്യേകതയുമാണ് റോഡുകളുടെ മോശമായ അവസ്ഥയ്ക്ക് കാരണം. റോഡുകളുടെ ഇരുവശത്തും റബ്ബർ മരങ്ങളും മറ്റും തഴച്ചു വളരുന്നതുകൊണ്ട് മഴക്കാലത്ത് മരങ്ങളിൽ നിന്ന് തുള്ളിതെറിച്ചും ഓടകളുടെ അഭാവത്താൽ വെള്ളം റോഡിലൂടെ കൂലംകുത്തി ഒഴുകിയും റോഡ് കുഴികളാക്കി മാറുന്നു. ഈ ദുസ്ഥിതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്.

ഇതു കൂടാതെ, പഞ്ചായത്തധീനതയിലുള്ള 120.115 കിലോമീറ്റർ റോഡുകളും നമുക്കുണ്ട്. ഇതിൽ 8.700 കിലോമീറ്റർ ടാർ റോഡുകളും ബാക്കി 111.415 കിലോമീറ്റർ മൺറോഡുകളുമാണ്. ലിസ്റ്റ് അന്യത്ര കൊടുക്കുന്നു. ഈ റോഡുകളിൽ മിക്കതിൻെറയും നില അതിശോചനീയമാണ്. പഞ്ചായത്തിൻെറ രൂപീകരണത്തിനുശേഷം, 6 മീറ്റർ, 8 മീറ്റർ എന്നീ വീതിയിൽ പഞ്ചായത്തിലേയ്ക്ക് സറണ്ടർ ചെയ്തുകിട്ടിയ റോഡുസ്ഥലം, പൂർണ്ണമായും റോഡാവശ്യത്തിനുവേണ്ടി ഉപയോഗിക്കാതിരുന്നതു മൂലം റോഡിന് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന സ്ഥലം കഴിച്ച് ബാക്കി ഇരുവശവുമുള്ള റോഡു പുറമ്പോക്കുകൾ അടുത്ത വസ്തു ഉടമകൾ വർഷങ്ങളായി കൈയ്യേറി വൃക്ഷങ്ങളും മറ്റും നട്ടുവളർത്തിയിട്ടുള്ളതിനാൽ റോഡിൻെറ വീതി ഇപ്പോൾ പലയിടത്തും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. റോഡു സംരക്ഷണത്തിനാവശ്യമായ ഓടകളോ കലുങ്കുകളോ നിർമ്മിക്കുന്നതിനുപോലും ഇതിനാൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു. അധികാരികളെ അവിഹിതമായി സ്വാധീനിച്ച് സ്വാർത്ഥമതികളായ പലരും ഇപ്രകാരം റോഡുസ്ഥലം കൈവശം വച്ചിരിക്കുന്നത് റോഡിൻെറ സ്ഥിതി വളരെ മോശമാക്കുന്നതിന് ഇടയാക്കുന്നു. റിക്കാർഡനുസരിച്ചുള്ള റോഡിൻെറ സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിരുകല്ലുകൾ സ്ഥാപിച്ച് ഡീമാർക്കേറ്റ് ചെയ്യണം. റോഡു പുറമ്പോക്കിൽ നില്ക്കുന്ന മരങ്ങൾ നമ്പരിട്ട് പഞ്ചായത്ത് നിയന്ത്രണത്തിൽ സംരക്ഷിക്കണം. അനധികൃത കൈയേറ്റങ്ങൾ ഒഴിവാക്കി, ഓടകൾ നിർമ്മിച്ചും മറ്റും റോഡുകൾ സംരക്ഷിക്കണം. വാഹനങ്ങളുടെ ബാഹുല്യം വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ ഒരു പ്രധാന കാരണമാണ്. നമ്മുടെ സംസ്ഥാനത്തുള്ള പരിമിതമായ റോഡുകൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിൻെറ എത്രയോ ഇരട്ടി മോട്ടോർ വാഹനങ്ങളാണ്. ഇവിടെ വിഹരിച്ചുകൊണ്ടിരിക്കുന്നത്. മോട്ടോർ വാഹനങ്ങളുടെ നിർമ്മാണവും വിപണനവും അനുദിനം വർദ്ധിക്കുകയാണ്. ബഹുരാഷ്ട്ര കമ്പനികൾ വാഹന നിർമ്മാണ-വിപണനരംഗത്ത് മത്സരിച്ചുകൊണ്ടിരിക്കുന്നു. തന്മൂലം ലക്ഷക്കണക്കിനുള്ള വാഹനങ്ങളെ ഉൾക്കൊള്ളാൻ ഇന്നുള്ള പരിമിതമായ റോഡുകൾക്ക് സാധിക്കാതെ വരുന്നു. ഇത് ആയിരങ്ങളുടെ ജീവൻ ഹോമിക്കപ്പെടുന്നു. റോഡപകടങ്ങളെ ഒരു പ്രധാന കാരണവുമാണ്. പുതിയ റോഡുകൾ എല്ലാ പ്രദേശത്തും ഉണ്ടാകാത്ത പക്ഷം റോഡപകടങ്ങൾ ഇനിയും പതിന്മടങ്ങ് വർദ്ധിക്കുമെന്നതിൽ സംശയമില്ല. നമ്മുടെ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ സർവ്വതോമുഖമായ പുരോഗതയ്ക്കുവേണ്ടി താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ ഗതാഗതമേഖലയിൽ അവശ്യം ചെയ്യേണ്ടതാണ്.

## മേജർ ഡിസ്ട്രിക്ട് റോഡുകൾ (MDR)

എരുത്തുപുഴ-കോത്തല റോഡ്, എരുത്തുപുഴ-ളാക്കാട്ടൂർ റോഡ്, ളാക്കാട്ടൂർ-താളിക്കല്ല്-അയർക്കുന്നം റോഡ്, അയർക്കുന്നം ആറുമാനൂർ-ഏറ്റുമാനൂർ റോഡ് ഇവ കൂട്ടിച്ചേർത്ത് ഒരു പ്രധാന ജില്ലാതല റോഡ് രൂപീകരിക്കുക. ഹൈറേഞ്ചിൽ നിന്നും കെകെ. റോഡിലൂടെ വരുന്ന, ഏറ്റുമാനൂർ മുതൽ വടക്കോട്ടു പോകേണ്ട വാഹനങ്ങൾ പ്രത്യേകിച്ചും ഭാരം കയറ്റിയ വണ്ടികൾ ഇതുവഴി തിരിച്ചുവിടാം. അതിലുപരി കോട്ടയം ടൗണിലെ ഗതാഗതതിരക്കിന് ഇതു പരിഹാരമാകും. പഞ്ചായത്തിലെ 1, 2, 3, 4, 8, 9, 10 എന്നീ വാർഡുകളിൽ കൂടി കടന്നുപോകുന്ന ഈ റോഡ്, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, എരുമേലി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള ദൂരം ഗണ്യമായി കുറയ്ക്കുന്നു. രണ്ടാം ഘട്ടമായി ഈ റോഡ് കെ.കെ. റോഡ് മണ്ണാത്തിപ്പാറയിൽ നിന്നും എരുമത്തല, കങ്ങഴ മൂലേപ്പീടികയ വഴി കറുകച്ചാൽ-മണിമല റോഡിലെ പത്തനാട് വരെ നീട്ടാവുന്നതാണ്. ഇതുമൂലം, വടക്കൻ പ്രദേശങ്ങളിൽ നിന്നും വരുന്ന ലക്ഷക്കണക്കിനുള്ള ശബരിമല തീർത്ഥാടകർക്ക് കോട്ടയത്തോ കറുകച്ചാലിലോ എത്താതെ വളരെ എളുപ്പത്തിൽ പത്തനാട്ടെത്തി മണി

മല, റാന്നി വഴി പമ്പയ്ക്ക് പോകാം. ഏഴരപ്പൊന്നാനക ളെ കൊണ്ടു പ്രസിദ്ധമായ ഏറ്റുമാനൂർ മഹാദേവക്ഷേ ത്രദർശനത്തിനു ശേഷം വരുന്ന അയ്യപ്പഭക്തന്മാർക്ക് ഈ വഴി മദ്ധ്യേയുള്ള മാടപ്പാട് ശ്രീ ഭഗവതി ക്ഷേത്രത്തി ലും കോത്തല സൂര്യനാരായണപുരം ക്ഷേത്രത്തിലും ദർശനം നടത്തുന്നതിനും വിരി വയ്ക്കുന്നതിനും സാധി ക്കുന്നു. പ്രത്യേകിച്ചും പന്നഗംതോടിൻെറ കരയിലുള്ള മാടപ്പാട് ക്ഷേത്രത്തോടനുബന്ധിച്ച് അയ്യപ്പന്മാർക്ക് വി ശ്രമ സങ്കേതങ്ങൾ ഉണ്ടാകുകയും ചെയ്യും. അത് ഈ പ്രദേശത്തിൻെറ എല്ലാത്തരത്തിലുള്ള വികസനത്തിനും വഴി തെളിക്കുമെന്നതിൽ സംശയമില്ല. ഏറ്റമാനൂർ, വിജയപുരം, അയർക്കുന്നം, കൂരോപ്പട, വാഴൂർ, നെടും കുന്നം, കങ്ങഴ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഈ റോഡ് നമ്മുടെ പഞ്ചായത്തിൻെറ വടക്കേ അതിർത്തിയായ ചേന്നാമറ്റം മുതൽ തെക്കേ അതിർത്തി യായ വാലാങ്കരപ്പടി വരെ വ്യാപിച്ചു കിടക്കുന്നു. ദൂരം 30 കിലോമീറ്റർ

2. വെള്ളൂർ-മഞ്ഞാമറ്റം റോഡും മഞ്ഞാമറ്റം കൊഴു വനാൽ റോഡും, കൊഴുവനാൽ-തോടനാൽ-വി ളക്കും മരുത് റോഡും, വിളക്കുംമരുത്-ഭരണങ്ങാനം റോഡും ചേർത്ത് ഒരു മേജർ ജില്ലാ റോഡ് നിർമ്മി ക്കുക. ദൂരം 29 കി.മീറ്റർ. പാമ്പാടി, കൂരോപ്പട, അകല ക്കുന്നം, എലിക്കുളം, കൊഴുവനാൽ, മീനച്ചിൽ, ഭരണങ്ങാനം ഗ്രാമപഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്നു.
3. പാമ്പാടി-ആനിക്കാട് റോഡും, പള്ളിക്കത്തോട്- ചെങ്ങളം റോഡും, ചെങ്ങളം പൈക റോഡും, പൈക-വിളക്കുമാടം, ഭരണങ്ങാനം റോഡും കൂടി ചേർത്ത് ഒരു ജില്ലാറോഡു നിർമ്മിക്കുക. പാമ്പാടി, കൂരോപ്പട, അകലക്കുന്നം, എലിക്കുളം, മീനച്ചിൽ, ഭരണങ്ങാനം ഗ്രാമപഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്ന ഈ റോഡിൻെറ നീളം ഉദ്ദേശം 28 കിലോ മീറ്ററാണ്. മുകളിൽ പറഞ്ഞ രണ്ടു റോഡുകളും പാമ്പാടി, കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ല തുട ങ്ങിയ സ്ഥലങ്ങളിൽ നിന്ന് പാലാ, തൊടുപുഴ, ഈരാറ്റുപേട്ട, പൈക തുടങ്ങിയ സ്ഥലങ്ങളി ലേയ്ക്കുള്ള ദൂരം ഗണ്യമായി കുറയ്ക്കുന്നു. അതി ലുപരി, ഒരു പ്രധാന ക്രൈസ്തവ തീർത്ഥാടന കേന്ദ്ര മായ ഭരണങ്ങാനം അൽഫോൻസാമ്മയുടെ കബറി ടത്തിലേയ്ക്കുള്ള വളരെ എളുപ്പമുള്ള വഴിയുമാണ്.
4. ഏറ്റുമാനൂർ -അയർക്കുന്നം മണ്ണുപ്പള്ളി-തറക്കുന്ന് -പള്ളിക്കത്തോട് കൂരാലി, പൊൻകുന്നം, കെ.വി. എം.എസ്. വിഴുക്കിത്തോട് വഴി എരുമേലിയ്ക്കുള്ള റോഡ്. ഈ വഴിയും അയ്യപ്പന്മാർക്ക് എരുമേലിയ്ക്ക് വളരെ എളുപ്പമാണ്. ഏറ്റുമാനൂർ-എരുമേലി ദൂരം ഉദ്ദേശം 51 കിലോമീറ്റർ.

പൊതുമരാമത്തു വകുപ്പിന്/ജില്ലാ പഞ്ചായത്തിന് കൈമാറി ഗതാഗതയോഗ്യമാക്കേണ്ട ഗ്രാമീണ റോ ഡുകൾ (Other District Roads ODR)

1. ഇളങ്കാവ്-ഭജനമഠം റോഡും, ഭജനമഠം-വട്ടക്കുന്നേൽ പടി റോഡും, 13-ാം മൈൽ - ആനിക്കാടു റോഡി ലെ മാക്കൽപടി മുതൽ മുണ്ടൻ കവല വരെയുള്ള ഭാഗങ്ങളും ചേർത്ത് ഇളങ്കാവ്-മുണ്ടൻകവല റോഡ് നിർമ്മിക്കുക. കൂരോപ്പട പഞ്ചായത്തിലെ പട്ടി കജാതി സംവരണ വാർഡിനെ പള്ളിക്കത്തോടുമായി ബന്ധിപ്പിക്കുന്ന ഈ റോഡ് മുഴുവനായും 8 മീറ്റർ വീതിയിൽ വെട്ടിതീർന്നിട്ടുള്ളതാണ്. കൂരോപ്പട കൃഷിഭവൻ, കോത്തല ഗവർമെൻറ് ആയുർവേദ ഡിസ്പെൻസറി, ഇളങ്കാവ് ഭഗവതിക്ഷേത്രം എന്നിവ ഈ റോഡിൻെറ സൈഡിലാണ്. കൂടാതെ കോത്തല എൻ.എസ്സ്.എസ്സ്. ഹൈസ്കൂൾ, മൈലാടിക്കര സി.എം.എസ്. പള്ളി, ആനിക്കാട് എൻ.എസ്.എസ്. ഹൈസ്കൂൾ എന്നിവിടങ്ങളിലേയ്ക്കുള്ള എളു പ്പമാർഗവുമാണ്. കൂരോപ്പട, പള്ളിക്കത്തോട് ഗ്രാ മപഞ്ചായത്തുകളെ യോജിപ്പിക്കുന്നു. ദൂരം ഉദ്ദേശം 4.5 കി.മീ.

രണ്ടാം ഘട്ടമായി ഈ റോഡ് മുണ്ടൻ കവലയിൽ നിന്നും മൈലാടിക്കരപ്പള്ളി എലിമുള്ളൻ കുഴി പോൾ മെമ്മോറിയൽ റോഡ്, വഴി വാഴൂർ പഞ്ചായത്തിലെ പുവിക്കൽ കവല കല്ലടപ്പടിയ്ക്കലേയ്ക്ക് (കെ.കെ. റോ ഡിലേയ്ക്ക്) നീട്ടാവുന്നതാണ്. ദൂരം ഉദ്ദേശം 3 കിലോ മീറ്റർ വരും. കെ.കെ. റോഡിൽ ഗതാഗത തടസ്സമുണ്ടാ കുമ്പോൾ വാഹനങ്ങൾ ഇതുവഴി തിരിച്ചു വിടാൻ സാധി ക്കും. 8 മീറ്റർ വീതിയില്ലാത്ത ഭാഗത്ത് സ്ഥലം നൽകാൻ വസ്തു ഉടമകൾ സന്നദ്ധരാണ്.

2. കെ.കെ. റോഡിലെ 14-ാം മൈൽ ഊളമാക്കൽ -ചപ്പാത്ത്-58 കോളനി-തോട്ടുങ്കൽ-ഇടയ്ക്കാട്ടു കുന്ന്-കൂരോപ്പട റോഡ്. വാഴൂർ, പള്ളിക്കത്തോട്, കൂരോപ്പട പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഈ റോഡ് ഉദ്ദേശം 8 കിലോമീറ്റർ വരും. നമ്മുടെ പഞ്ചാ യത്തിലെ 4, 5, 8 9 വാർഡുകളിൽ കൂടി കടന്നുപോ കുന്നു.
3. അരീപ്പറമ്പ് (തുണ്ടിപ്പടി)-പാത്രപാങ്കൽപടി-മുറി യാങ്കൽ-കൊറ്റമംഗലപടി, ശിവപാർവ്വതി ക്ഷേത്രം, ളാക്കാട്ടൂർ കവല കൂരോപ്പട-ആനിവേലി റോഡ്. വിജയപുരം, കൂരോപ്പട പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്ന ഈ റോഡ് മിക്കവാറും ഭാഗങ്ങളിൽ വിവിധ പദ്ധതികളിൽ പെടുത്തി ടാറിട്ടിട്ടുള്ളതാണ്. ഭൂരിഭാഗം റോഡും 8 കി. മീറ്ററിൽ വീതിയുള്ളതുമാ ണ്. ഒറവയ്ക്കൽ-കൂരാലി റോഡിന് ഏറെക്കുറെ സമാന്തര റോഡായ ഇതിന് ഉദ്ദേശം 12 കി.ലോമീറ്റർ ദൂരം ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ 2, 5, 6, 7 വാർ ഡുകളിൽ കൂടി കടന്നുപോകുന്നു.

4. തറപ്പിൽപടി-ശിവാജി-മുങ്ങാകുഴി-കണിപറമ്പ് റോഡ്. ഈ റോഡിൽ ശിവാജി മുതൽ തറപ്പിൽ പടി വരെ ഒരു കിലോമീറ്റർ ദൂരം എൻ.ആർ.ഇ.പി. സ്കീമിൽ 8 മീറ്റർ വീതിയിൽ വെട്ടി ടാർ ചെയ്തിട്ടുള്ളതാണ്. മാമ്പുഴക്കൽ ലക്ഷം വീട് കോളനി. കൂരോപ്പട പഞ്ചായത്തിലെ തറപ്പിൽ പടിക്കൽ കലുങ്ക് തീർക്കണം. മൂങ്ങാക്കുഴി ഹെൽത്ത് സെൻറർ ഈ റോഡരികിലാണ്. ഈ റോഡ് കൂരോപ്പട, അകലക്കുന്നം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നു. നമ്മുടെ പഞ്ചായത്തിലെ 2, 3 വാർഡുകളെ ബന്ധിപ്പിക്കുന്നു.
5. കുറ്റിക്കാട്ട്-മണ്ണനാൽതോട്-കാവുംപുറം-മണൽ റോഡ്, കൂരോപ്പട, അകലക്കുന്നം, പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. ഒന്നാം വാർഡിൽ കൂടി കടന്നുപോകുന്നു. ദൂരം 4 കി. മീ.
6. കെ.കെ. റോഡിലെ ചേന്നംപള്ളി ഷാപ്പും പടി-നെന്മല-കോത്തല റോഡ്, കൂരോപ്പട, പാമ്പാടി പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നു. കെ. കെ. റോഡിൽ തടസ്സമുണ്ടായാൽ ഗതാഗതം തിരിച്ചുവിടാം. 10-ാം വാർഡിൽ കൂടി കടന്നുപോകുന്നു. ദൂരം 3 കി.മീ.

### III. പൊതുമരാമത്ത് വകുപ്പ്/ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു കഴിഞ്ഞ താഴെപറയുന്ന റോഡുകൾ എത്രയും വേഗം പണികൾ പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കണം.

1. നെടുംകുഴി - ആനിവേലി-ചെന്നാമറ്റം-എസ്.എൻ. പുരം കോത്തല റോഡ്, ഈ റോഡ് പാനാപ്പള്ളിയിൽ നിന്നും ചാത്തനാൽപ്പതാൽ -മാക്കപ്പടി വഴി കെ.കെ. റോഡ് 13-ാം മൈൽ വരെ നീട്ടേണ്ടതാണ്. കെ.കെ. റോഡിൽ നെടുംകുഴിയ്ക്കും 13-ാം മൈലിനും മദ്ധ്യേ തടസ്സമുണ്ടായാൽ വാഹനങ്ങൾ ഇതുവഴി തിരിച്ചുവിടാം.
2. പറയർകുന്ന് -വട്ടുകളം റോഡ്
3. കൂവപ്പൊയ്ക-ചാത്തമ്പാറ-മൂഴൂർ റോഡ്
4. ചാക്കാറ-കന്നുകുഴി-കൊച്ചുപറമ്പ്-കൂരോപ്പട റോഡ് (നെടുംകുഴി-കോത്തല റോഡ്)
5. എരുത്തുപുഴ-താന്നിയ്ക്കപ്പടി റോഡ്

### IV. പട്ടികജാതി വിഭാഗത്തിനുള്ള പ്രത്യേക ഘടക പദ്ധതികളെ പ്രകാരം ടാർ ചെയ്തു ഗതാഗതയോഗ്യമാക്കേണ്ട റോഡ്

മണ്ണാത്തിപ്പാറ (കെ.കെ. റോഡ്)-വല്യപാറ സെറ്റിൽമെൻറ് കോളനി-ഭജനമഠം റോഡും മണ്ണാത്തിപ്പാറ കുളം മുതലുള്ള ഇതിൻെറ ലിങ്ക് റോഡും.

ഗ്രാമപഞ്ചായത്തിൻെറ ചുമതലയിൽ താഴെ പറയുന്ന റോഡുകൾ വിവിധസ്കീമുകളിൽ ഉൾപ്പെടുത്തി ഉദ്ധാരണ ജോലികൾ നടത്തി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കണം.

1. ഇളങ്കാവ്-ഭജനമഠം റോഡ്. ഈ റോഡിൽ കല്ലട പള്ളിമുതൽ ഭജനമഠം വരെയുള്ള ഭാഗങ്ങൾ ടാർ ചെയ്യുക. കിഴക്കേപടിയ്ക്കൽ, പുത്തൂർ, കല്ലടപ്പള്ളി, പൊടിപ്പാറ, തോട്ടം എന്നിവിടങ്ങളിൽ കലുങ്കുകൾ പണിയുകയും കിഴക്കേൽ പടിയ്ക്കൽ, പന്തക്കല്ലുങ്കൽ എന്നിവിടങ്ങളിൽ സംരക്ഷണഭിത്തി കെട്ടുകയും ചെയ്യുക. പന്തക്കല്ലുങ്കൽ, നടുക്കേപ്പറമ്പ് എന്നീ കയറ്റങ്ങൾ വെട്ടി താഴ്ത്തുകയും മണ്ണ് താഴേയ്ക്ക് വലിച്ചു നിരത്തുകയും ചെയ്യുക. ദൂരം ഒരു കിലോമീറ്റർ.
2. പുതുക്കുളം-പറപ്പാടു പടി റോഡ്. ഈ റോഡിലെ മീമ്മനാൽ കയറ്റം വെട്ടിതാഴ്ത്തി മൊത്തം ടാർ ചെയ്യുക. ബസ് ഗതാഗതം പുനഃസ്ഥാപിക്കുക.
3. മൂങ്ങാക്കുഴിയിൽ നന്ന് മലയരിൽ ഭാഗത്തുകൂടി പനഗം തോട് കടന്ന് ചാത്തൻ പാറയ്ക്കുള്ള റോഡ്. പന്നഗം തോടിന് ഒരു പാലം അത്യാവശ്യമാണ്. ദൂരം 650 മീറ്റർ.
4. താവളത്തിൽ പടി-കരിങ്ങണാം പൊയ്കറോഡ് പൂർത്തികരിയ്ക്കണം. 1. കി.മീ.
5. ളാക്കാട്ടൂർ-കണിപറമ്പ് റോഡ് 1.509
6. അമ്പലപ്പടി - മഠത്തിൻ പുറക് റോഡ് 1 കി.മീ.
7. അന്ത്യാളൻകാവ് -മാക്കപ്പടി റോഡ് ടാർ ചെയ്യുക. ഒരു കി.മീ. ദൂരം
8. മറ്റപ്പള്ളി -ചേന്നാമറ്റം റോഡ് ടാർ ചെയ്യുക. ദൂരം 1.500
9. 12-ാം മൈൽ ലക്ഷം വീട് കോത്തലച്ചിറ റോഡ്. ഈ റോഡ് കോത്തലച്ചിറ ഭാഗത്തുനിന്നും ആയുർവേദാശുപത്രി ഭാഗത്തേയ്ക്ക് വെട്ടിത്തുറക്കേണ്ടതാണം. 8, 9, 10 വാർഡുകളിലെ ജനങ്ങൾക്ക് വേനൽക്കാലത്തു പ്രധാനമായും ഉപകരിക്കുന്ന ഒരു പൊതുക്കുളം (ചിറ) ഇവിടെയാണ്യ. ദൂരം മൊത്തം 1 കി.മീ.
10. കണ്ടങ്കാവ്-വയലിൽപ്പടി-വല്യകുന്ന് ളാക്കാട്ടൂർ അമ്പലം റോഡ്. കണ്ടങ്കാവു മുതൽ വയലിൽപ്പടി വരെയുള്ള ഭാഗത്ത് വീതി കൂടി വെട്ടുകയും ബാക്കി ഭാഗത്ത് പുതിയ റോഡ് വെട്ടിതുറക്കുകയും ചെയ്ത് ഗതാഗതയോഗ്യമാക്കുക.
11. കോത്തല ദളപതി റോഡ് വീതി കൂട്ടി വെട്ടി ടാർ ചെയ്യുക. ദൂരം 1100 മീറ്റർ.
12. ചെട്ടികുന്ന്-പുത്തമ്പുരപ്പടി റോഡ് ബാക്കി ഭാഗം ടാർ ചെയ്യുക. ദൂരം 1150 മീറ്റർ.
13. പുതുക്കുളം-പറമ്പനാൽ താഴെ ചെന്നിലത്തു പടി-കരിയമ്മാവ് റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
14. കോയിത്താനം-ചാത്തനാപ്പതാൽ റോഡ് വീതി കൂട്ടി ടാർ ചെയ്യുക. ദൂരം 750 മീ.
15. ളാക്കാട്ടൂർ എൽ.പി.എസ്.-വട്ടമലപ്പടി-റോഡ്, ഈ

റോഡിൽ വെള്ളമറ്റംപടി, സ്കൂൾ പടി, കണിയാൻ പറമ്പുപടി എന്നിവിടങ്ങളിൽ കലുങ്കുകൾ പണിയുക. എൽ.പി. സ്കൂൾ ഭാഗത്തെ കയറ്റം വെട്ടി താക്കുക. ടാർ ചെയ്യുക.

16. പോൾ മെമ്മോറിയൽ റോഡിലെ നമ്മുടെ പഞ്ചായത്തധീനതയിലുള്ള ഭാഗങ്ങൾ വീതി കൂട്ടി ടാർ ചെയ്യുക, ദൂരം 500 മീറ്റർ.
17. പാലയ്ക്കാട്ടുപടി-കൊല്ലമ്പറമ്പു റോഡ്. കല്ലൂർതാഴെ ഭാഗത്ത് ഒരു കലുങ്ക് പണിത് റോഡ് പൂർണ്ണമായി വെട്ടിത്തുറന്ന് അറ്റകുറ്റപണികൾ ചെയ്യുക.
18. ചെന്നിലത്തു പടി-പൂഞ്ഞാനി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
19. വാലേൽ-കാലായിൽ പറമ്പ് റോഡ് പൂർത്തിയാക്കണം.
20. വെള്ളൂർ-മഞ്ഞാമറ്റം റോഡിൽ നിന്ന് കണ്ണാടിപ്പാറ കോളനി വഴി ളാക്കാട്ടൂർ - കണിപറമ്പ് റോഡിലേയ്ക്കുള്ള റോഡ്. കണ്ണാടിപ്പാറയിൽ കലുങ്ക് പണിയുകയും ടാർ ചെയ്യുകയും ചെയ്യുക.
21. പുതുക്കുളം-കരയോഗമന്ദിരം റോഡ്. ഈ റോഡിൽ ഇടയ്ക്കാട്ടു കയറ്റം വെട്ടി താഴ്ത്തി പൂർണ്ണമായും ടാർ ചെയ്യുക. ചക്യാംകുഴി പീടികപടിക്കൽ കലുങ്കു തീർക്കുക.
22. പുളിയായിൽപടി-പുതുക്കുളം റോഡ് ടാർ ചെയ്യുക.. ദൂരം 1.5 കി.മീ.
23. ഭജനമഠം-വട്ടുകുന്നേൽ പടി റോഡ് ടാർ ചെയ്യുക. ദൂരം 900 മീറ്റർ.
24. ഇടയ്ക്കാട്ടുകുന്ന്-തോട്ടുങ്കൽ റോഡ് ടാർ ചെയ്യുക. ദൂരം 1500 മീ
25. കളരിക്കൽ-തോട്ടുങ്കൽ റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുക. 1 കി.മീ.
26. വെള്ളക്കോട്ടുപടി-മുടക്കുഴപടിറോഡ് ടാർ ചെയ്യുക. ദൂരം ഒരു കി.മീ.
27. മഠത്തിൽ പുറക്-കൂവ പൊയ്ക റോഡ് ടാർ ചെയ്യുക. ദൂരം ഒരു കി.മീറ്റർ
28. പാലത്തുങ്കൽ-അരുവിക്കുഴി റോഡ് ടാർ ചെയ്യുക. ദൂരം 2. കി.മീ.
29. തോട്ടുങ്കൽ-ഇളത്തിമറ്റം റോഡ് ടാർ ചെയ്യുക. ദൂരം ഒരു കി.മീ.
30. മണ്ണനാൽ തോട്-നെടുമറ്റം റോഡ് ടാർ ചെയ്യുക. ദൂരം 720 മീ.
31. കുളത്തുങ്കൽ-വാഴക്കാലാ റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുക. 600 മീ.
32. കണ്ണൻകുന്ന്-മെത്രാഞ്ചേരി റോഡ് ടാർ ചെയ്യുക. 850 മീറ്റർ.
33. കണ്ണാക്കൽപടി-പള്ളിക്കാട്ടുപടി റോഡ് ടാർ ചെയ്യുക 900 മീ.
34. തീപ്പെട്ടി കമ്പനി - ചേന്നനാം പൊയ്ക റോഡ് ടാർ ചെയ്യുക. 850 മീ.
35. തോണിപ്പാറ-മൃഗാശുപത്രി റോഡ് ടാർ ചെയ്യുക. 800 മീ.
36. പുതുക്കുളം-മറ്റത്തിൽ പടി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
37. മീന്തത്തിക്കൽ-മഠത്തിൻ പുറക് റോഡ് ടാർ ചെയ്യുക. 1 കി.മീ.
38. ആനിവേലി-കൊച്ചുപറമ്പ്-കൂരോപ്പട റോഡിൽ അന്ത്യാളൻകാവു ഭാഗത്ത് കലുങ്ക് പോയതു പുതുക്കി പണിയുക. മറ്റത്തിൽ പടിയിൽ റോഡു സംരക്ഷണഭിത്തി പണിയുക.
39. ചേന്നാമറ്റം-തടമുറി റോഡ് ടാർ ചെയ്യുക. 900 മീറ്റർ.
40. കറുവെട്ടിപ്പടി-കണ്ണൻകുന്ന് റോഡ് ടാർ ചെയ്യുക 850 മീ.
41. മൈലാടിപ്പടി-അമയന്നൂർ റോഡ് ടാർ ചെയ്യുക 850 മീറ്റർ.
42. അന്ത്യാളൻകാവ് കവലയിൽ മാക്കൽപടി റോഡ് ആരംഭിക്കുന്ന ഭാഗത്ത് ഒരു കലുങ്ക് പണിയുക. ഈ കലുങ്ക് മുതൽ ക്ഷേത്രം വരെ സംരക്ഷണഭിത്തി നിർമ്മിക്കുക.
43. കണ്ണൻകുന്ന്-താന്നിയ്ക്കൽ പടി റോഡ് ടാർ ചെയ്യുക. 800 മീ.
44. കിസാൻ കവല-ഇടയ്ക്കാട്ടുകുന്ന് റോഡ് ബാക്കി ഭാഗം ടാർ ചെയ്യുക. 1.200 കി.മീ.
45. വട്ടപ്പാറ-മരത്തണ്ണൂർ റോഡ് വീതി കൂട്ടി ടാർ ചെയ്യുക 700 മീ.
46. അച്ചൻപടി-മഠത്തിൻ പുറക് റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കുക 1. കി.മീ.
47. തണ്ടാശേരി-തോണിപ്പാറ റോഡ് ടാർ ചെയ്യുക ദൂരം 1 കി.മീ.
48. കൂരോപ്പട എൻ.എസ്.എസ്.കെ.എൽ.പി. സ്കൂളിനടുത്തുള്ള കലുങ്ക് പുതുക്കിപ്പണിയുക.
49. മറ്റപ്പള്ളി-പതീപ്പടി റോഡ് ടാർ ചെയ്യുക 600 മീ.
50. മറ്റപ്പള്ളി-ചേപ്പും പാറ റോഡ് ടാർ ചെയ്യുക 520 മീ.
51. ഇടയ്ക്കാട്ടുകുന്ന്-കാവനാട്ട്- മഠത്തിൻ പുറക് റോഡ് ടാർ ചെയ്യുക. ദൂരം 1കി.മീ.
52. മൂത്തേടത്ത് അമ്പലം-ചെട്ടകശ്ശേരി-പാറയ്ക്കൽ പടി റോഡ് വീതി കൂട്ടി ടാർ ചെയ്യുക ഒരു കി.മീ.
53. കൂവപ്പൊയ്ക-ആശ്രമംപടി റോഡ് ടാർ ചെയ്യുക-ദൂരം 1 കി.മീ.
54. ആനിവേലി-കൊച്ചുപറമ്പ്-ചെന്നാമറ്റം റോഡ് റീടാർ ചെയ്യുക 3 കി.മീ.
55. 12-ാം മൈൽ-പുതുവയൽ റോഡിൽ കുളത്തിനു സമീപം കലുങ്ക് തീർത്ത് മണ്ണിട്ടുപൊക്കി ടാർ ചെയ്യുക 450 മീ.
56. വട്ടമലപ്പടി-മന്ദിരംപടി റോഡ് ടാർ ചെയ്യുക 1.400
57. കൊച്ചുവയലിൽ-മന്ദിരംപടി റോഡ് ടാർ ചെയ്യുക 935 മീ.
58. ചേന്നംപള്ളി -പോരാളൂർ റോഡിൻെറ ആരംഭഭാഗത്ത് (കെ.കെ. റോഡിൽ ചേരുന്ന ഭാഗത്ത്) ഒരു കലുങ്ക് പണിയുക.
59. തൊട്ടീപ്പറമ്പ് -തോട്ടുങ്കൽ റോഡ് ടാർ ചെയ്യുക 600 മീ.

60. മരത്തണ്ണൂർ-ഇടക്കരപ്പടി റോഡ് വീതി കൂട്ടി രണ്ടു കലുങ്കുകൾ തീർത്ത് ടാർ ചെയ്യുക. 750 മീ.
61. പാനാപ്പള്ളി-തോട്ടുങ്കൽ റോഡ് ടാർ ചെയ്യുക. 750 മീ.
62. പോരാളൂർ-കുന്നുപുരയിടം റോഡ് ടാർ ചെയ്യുക 900 മീ.
63. പുളിമൂട്-നടേപ്പീടിക റോഡ് ടാർ ചെയ്യുക 900 മീ.
64. നടേപ്പീടിക-ചെന്നാമറ്റം റോഡ് പൂർണ്ണമായും ടാർ ചെയ്യുക 500 മീ.
65. നടേപ്പീടിക-പറയർകുന്ന് റോഡ് ടാർ ചെയ്യുക 600 മീ.
66. കൂരോപ്പട കവല-പറപ്പാട്ടു പടിറോഡ് 1.500 ടാർ ചെയ്ത് രണ്ടു കലുങ്കുതീർക്കണം.
67. കരിമ്പീച്ചി-തോട്ടുങ്കൽ 2 കി.മീ.
68. മൂങ്ങാക്കുഴി-മൈലാടിപ്പടി-കണിപറമ്പു തോട്
69. കണ്ണാടിപ്പാറ-ചായംവേങ്ങ റോഡ്
70. കുറ്റിക്കാട്ട്-മണ്ണനാൽ തോട് 1.6 കി.മീ.
71. മണ്ണനാൽ-കാവുംപുറം റോഡ് 1 കി.മീ.
72. കാരിമലപ്പടി-പടിഞ്ഞാറ്റക്കര റോഡ്
73. കൂരോപ്പട-തോട്ടപ്പള്ളി റോഡ്
74. ളാക്കാട്ടൂർ-പങ്ങട റോഡ് (ഉറുമ്പിൽപടി-പങ്ങടറോഡ്)
75. കൊച്ചാലുങ്കൽ-കന്നുകുഴി റോഡ്
76. കുന്നേൽപടി-മൂത്തേടത്ത് കാവ് റോഡ്
77. പവ്വത്ത്-വടകര റോഡ്
78. പോരാളൂർ-ഇലപ്പനാൽ റോഡ്
79. ആനകുത്തി-വേലിയ്ക്കകം റോഡ്
80. ചോകോംപറമ്പ്-കൊച്ചാലുങ്കൽ റോഡ് (കണ്ണാക്കൽപടി)

## കലുങ്കുകൾ

1. ചോകോംപറമ്പ് കണ്ണാക്കൽ പടി റോഡിൽ ചോകോം പറമ്പ് കവലയിൽ കലുങ്ക് പണിയണം.
2. തുറമ്പുംപടി പോരാളൂർ റോഡിൽ തുറമ്പുംപടിയ്ക്കൽ ഒരു കലുങ്ക് പണിയുക.
3. പായിയ്ക്കാട്ടുപടി-കൊച്ചാലുങ്കൽ റോഡിൽ, പായിയ്ക്കാട്ടുപടിയിൽ ഒരു പാലം പണിയുക.

## VI. പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

1. ആലപ്പാട്ടുപടി-കോയിത്താനം റോഡ് - 800 മീ.
2. മുണ്ടോക്കുളം-കുപ്പമല റോഡ് 500 മീ.
3. ഓലിയ്ക്കൽ-പറപ്പള്ളി-തേവർപറമ്പ് റോഡ് -ദൂരം ഉദ്ദേശം 700 മീ.
4. കണ്ടങ്കാവ്-തോട്ടപ്പള്ളി റോഡ്
5. ആനക്കല്ല്-ചോകോൻ പറമ്പ് റോഡ്
6. തോട്ടപ്പള്ളി-മുതിയ്ക്കപടി റോഡ്
7. കൂരോപ്പട -മാതൃമല റോഡ്
8. കന്നുകുഴി-ഉപ്പൂട്ടിപടി റോഡ്
9. കൂരോപ്പടി-മനയിൽപടി റോഡ്
10. വിലങ്ങുപാറ-ചോകോൻ പറമ്പ് റോഡ്
11. തോട്ടപ്പള്ളി-ചോകേറോഡ്
12. ഇടക്കരപ്പടി-അറയ്ക്കപറമ്പ്-മരത്തണ്ണൂർ റോഡ് 1500 മീ.
13. വട്ടപ്പാറ-പുതുവയൽ-ശവക്കോട്ട റോഡ് 1 കിമീ.
14. കന്നുകുഴി -പറയർകുന്ന് റോഡ് 500 മീ.
15. പടിയറ-കന്നുകുഴി റോഡ്
16. മറ്റപ്പള്ളി -വാവക്കുഴി റോഡ്
17. തോപ്പിൽപടി-കയ്യാലയ്ക്കകം റോഡ്
18. കുളത്തുങ്കൽ-മുളങ്ങോട്ടു റോഡ്
19. കൊച്ചുപറമ്പ്-കണ്ണക്കാട്ട് പടി റോഡ്

## VII. പുതിയതായി വെട്ടിത്തുറക്കേണ്ട റോഡുകൾ

1. മഠത്തിൽ പറമ്പ്-ളാക്കാട്ടൂർ കവല റോഡ്
2. പാലക്കാട്ടുപടി - മാങ്കുന്ന്-മൂക്കനോലി റോഡ്
3. ഭജനമഠം-വെൺകോട്ട-കഴിച്ചിറ റോഡ്. ഈ റോഡിൽ പാലമറ്റം തോടിന് കുറുകെ കലുങ്ക് പണിയുക.
4. മൂരിപ്പാറപടി-ശിവാജി റോഡ്
5. ഈട്ടിയ്ക്കൽ-ചോറ്റുകുന്ന്-ളാക്കാട്ടൂർ കവല റോഡ്
6. കരിപ്പാൽപടി-പുഞ്ഞാനി റോഡ്
7. വട്ടപ്പാറ-കുന്നുംപുറം റോഡ്-ഷാപ്പുംപടി-നെന്മല റോഡുമായി ബന്ധിപ്പിക്കുക.
8. കരിപ്പാൽപടി-മയിലാടി റോഡ്
9. ചെന്നിലത്തുപടി-കരിമ്പന്നൂർ റോഡ്
10. 13-ാം മൈൽ-ആനിക്കാട് റോഡിൽ നിന്ന് പച്ചനാക്കുഴി ഭാഗത്തേയ്ക്ക് വഴി വെട്ടിത്തുറക്കുക.
11. മഠത്തിൽ പറമ്പ്-ആലിപ്പുഴ റോഡ്
12. കാഞ്ഞിരത്തുങ്കൽ പടി-മംഗളം റോഡ്
13. കോത്തലച്ചിറ മുതൽ-ഇളങ്കാവു ക്ഷേത്രം വരെ റോഡു വെട്ടുക.
14. വട്ടമലപ്പടി-മന്ദിരംപടി റോഡ് ആനിവയലിൽ പടി വരെ വെട്ടിത്തുറക്കുക.
15. കൂരോപ്പട ലൈബ്രറി ഭാഗത്തുനിന്നും കരോട്ടു പടിയിലേയ്ക്ക് ബൈപാസ് അടിയന്തിരമായി നിർമ്മിക്കുക.പൊതുവേ ഇടുങ്ങിയ കൂരോപ്പട കവലയിലെ ഗതാഗതക്കുരുക്കിന് ഇത് ഒരു ശാശ്വതപരിഹാരമാകും.
16. മൂത്തേടത്ത് അമ്പലം-വട്ടുകുഴി-പുളിമുട് റോഡ്
17. വെട്ടിപ്പറമ്പ്-ആണ്ടുത്താഴെ-കൊച്ചാലുങ്കൽ സ്കൂൾ റോഡ്°
18. തീപ്പെട്ടി കമ്പനി-പൗവ്വത്ത് പറമ്പ് റോഡ്
19. ചേന്നനാം പൊയ്ക-ചുഴുകുന്നേൽ പടി റോഡ്
20. പാറത്തോട് - എൻ.എസ്.എസ്. എൽ.പി. സ്കൂൾ റോഡ്
21. മുണ്ടയ്ക്കൽപടി-കൊച്ചാലുങ്കൽ റോഡ്

22. ചുഴുകോടി-കുഴിപ്പള്ളി റോഡ്
23. അന്ത്യാളൻകാവ്-മൂത്തേടത്ത് റോഡ്
24. പാലത്തുങ്കൽ-കാവനാട്ട്-തണ്ടാശ്ശേരി റോഡ്
25. കരിമ്പീച്ചിയിൽ-തോട്ടുങ്കൽ റോഡ്
26. മുണ്ടൻകവല-തോട്ടുങ്കൽ റോഡ് കാര്യാടു പ്രദേശത്തുകൂടി വെട്ടണം.
27. നെടുമറ്റം-കണ്ണൻകുന്ന് റോഡ്
28. താന്നിക്കുന്ന്-കൊല്ലമ്പറമ്പ് റോഡ്
29. ചെന്നാമറ്റം-പുളിച്ചുമാക്കൽ തകിടി പൂവൻ പറമ്പ് റോഡ്
30. എസ്.എൻ. പുരം-തട്ടാപറമ്പ്-നീലിയാനിയ്ക്കൽ പടി റോഡിലേയ്ക്കുള്ള വഴി
31. പനയ്ക്കപ്പറമ്പ്-വല്യപറമ്പിൽ-ആലപ്പാട്ടുപടി റോഡ്
32. 8-ാം വാർഡിൽ വട്ടുകളം കവലയ്ക്കു കിഴക്കായി പുത്തേട്ടു പറമ്പിൻെറ വടക്കേ അതിരുവഴി പനയ്ക്കൽ പുരയിടം, വടക്കോത്തിൽ-പുളിക്കക്കുന്ന്-ചക്കുപുരയക്കൽ കുന്നേപ്പറമ്പ്-കുളത്തുങ്കൽ പറമ്പ് വഴി കണിയാരത്തിങ്കൽ റോഡിലേയ്ക്ക് വഴി പുതിയതായി വെട്ടിത്തുറക്കേണ്ടതാണ്. (ഇതിൽ പുത്തേട്ടുമുതൽ പനയ്ക്കൽ പുരയിടം വരെ 100 മീറ്റർ നീളത്തിൽ റോഡ് നിലവിലുണ്ട്. ബാക്കി ഭാഗം വെട്ടുക.
33. മൈലാടി-എം.ജി.എം. ഹൈസ്കൂൾ ജംഗ്ഷൻ റോഡ് 1. കി.മീ
34. പാറത്തോട്ടുങ്കൽ-മേച്ചിറയ്ക്കാട് റോഡ്

നിലവിലുള്ള വീതി കുറഞ്ഞ റോഡുകൾ വീതി കൂട്ടി ഗതാഗതയോഗ്യമാക്കുന്നതിനും പുതിയ റോഡുകൾ വെട്ടിത്തുറക്കുന്നതിനും മറ്റും പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ലഭ്യമാണ്. മനുഷ്യവിഭവശേഷിയും ഉദാരമായ സാമ്പത്തിക സഹായവും ഇക്കാര്യത്തിൽ സംശയലേശമെന്യേ പ്രതീക്ഷിക്കാവുന്നതാണ്.

## VII. പുതിയതായി പാലം നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. പന്നകംതോട്ടിൽ കള്ളിയാട്ടുപടി ഭാഗത്ത് (കൂർങ്ങണയെ ബന്ധിപ്പിച്ചുകൊണ്ട്)
2. മാടപ്പാട് ഭഗവതിക്ഷേത്രത്തിനു സമീപം പന്നകം തോട്ടിൽ
3. പന്നകം തോട്ടിൽ കദളിമറ്റം ഭാഗത്ത് (തോട്ടുങ്കൽ ഭാഗം ബന്ധിപ്പിച്ചുകൊണ്ട്)
4. പന്നകം തോട്ടിൽ ചാത്തൻ പറ ഭാഗത്ത്
5. പന്നകം തോട്ടിൽ 9-ാം വാർഡിനെ നെടുമാവുമായി ബന്ധിപ്പിച്ചുകൊണ്ട് (പാട്ടശ്ശേരിഭാഗത്ത്)
6. എൻ.എസ്.എസ്.കെ.എൽ.പി.എസ്.-പാറത്തോട്ടുങ്കൽ റോഡിൽ കലുങ്ക് പണിയുക.

## IX. പുതിയതായി ആരംഭിക്കേണ്ട കെ.എസ്.ആർ.റ്റി.സി./സ്വകാര്യബസ്സ് റൂട്ടുകൾ

1. ചങ്ങനാശ്ശേരി-കറുകച്ചാൽ-ചേന്നമ്പള്ളി-12-ാം മൈൽ-കോയിത്താനം കൂരോപ്പട-അയർക്കുന്നം വഴി മെഡിക്കൽ കോളജ്.
2. മുണ്ടക്കയം-12-ാം മൈൽ-ഇളങ്കാവ്-വട്ടുകളം-പാമ്പാടി വഴി കോട്ടയം
3. ചങ്ങനാശ്ശേരി-14-ാം മൈൽ-കോയിത്താനം-കൂരോപ്പട-അയർക്കുന്നം വഴി ഏറ്റുമാനൂർ
4. പൊൻകുന്നം-12-ാം മൈൽ-എരുത്തുപുഴ-ളാക്കാട്ടൂർ ഹൈസ്കൂൾ-താളിക്കല്ല്-അയർക്കുന്നം വഴി മെഡിക്കൽ കോളജ്.
5. പള്ളിക്കത്തോട്-എരുത്തുപുഴ-ളാക്കാട്ടൂർ-മൂങ്ങാക്കുഴി വഴി കോട്ടയം മെഡിക്കൽ കോളജ്.
6. ചങ്ങനാശ്ശേരി-പാമ്പാടി-കൂരോപ്പട കള്ളിയാട്ടുവയൽ-മൂങ്ങാക്കുഴി-കണിപറമ്പ്-മഞ്ഞാമറ്റം-കൊഴുവനാൽ വഴി പാലാ.
7. കോട്ടയം-അയർക്കുന്നം-മണ്ണൂർപ്പള്ളി-മണ്ണനാൽതോട്-കുറ്റിക്കാട്ട്-ളാക്കാട്ടൂർ ശിവ പാർവ്വതി ക്ഷേത്രം-കൂരോപ്പട വഴി പാമ്പാടി
8. ചങ്ങനാശ്ശേരി-പാമ്പാടി-കൂരോപ്പട-കുറ്റിക്കാട്-മണ്ണനാൽ തോട്-മണൽ-കൊഴുവനാൽ വഴി പാലാ
9. കോട്ടയം-മണർക്കാടുപള്ളി-ഒറവയ്ക്കൽ-അരീപ്പറമ്പ്-ആനിവേലി-ചെന്നാമറ്റം-വട്ടുകളംവഴി-പള്ളിക്കത്തോട്
10. പാമ്പാടി-ആനിവേലി-കൂരോപ്പട-ളാക്കാട്ടൂർ ഹൈസ്കൂൾ-അയർക്കുന്നം-ഏറ്റുമാനൂർ വഴി മെഡിക്കൽ കോളജ്.
11. പാലാ-പള്ളിക്കത്തോട്-എരുത്തുപുഴ-കോത്തല-പാമ്പാടി-കറുകച്ചാൽ-ചങ്ങനാശ്ശേരി-കൊട്ടാരക്കര വഴി തിരുവനന്തപുരം.
12. കോട്ടയം-നെടുംകുഴി-ആനിവേലി-കൂരോപ്പട-പള്ളിക്കത്തോട് വഴി പാലാ
13. കോട്ടയം, മണർകാട് വെള്ളൂർ, ളാക്കാട്ടൂർ കവല, മഞ്ഞാമറ്റം റൂട്ടിൽ, പാലായ്ക്ക് ബസ് സർവീസ് ആരംഭിക്കുക.

## X. റയിൽവേ ഗതാഗതം

നിർദ്ദിഷ്ട ശബരിറയിൽ പാത കൂരോപ്പടയിൽ കൂടി കടന്നുപോകണം. കൂരോപ്പടയിൽ സ്റ്റേഷൻ അനുവദിക്കുക.

## XI. പുതിയതായി വെയിറ്റിംഗ് ഷെഡ് നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. കൂരോപ്പട കവല
2. കെ.കെ. റോഡിൽ 12-ാം മൈൽ കവലയിൽ കിഴക്കോട്ടുള്ള യാത്രക്കാർക്കുവേണ്ടി റോഡിൻെറ വടക്കുഭാഗത്ത്.

3. എരുത്തുപുഴ കവല
4. 12-ാം മൈൽ കുരിശുകവല
5. മണ്ണനാൽ തോട് ഭാഗത്ത്
6. വട്ടുകളം ജംഗ്ഷൻ
7. എം.ജി.എം. ഹൈസ്കൂൾ ജംഗ്ഷൻ
8. ആനിവേലി കവല
9. കുറ്റിക്കാട്ടു കവല
10. കൂവപ്പൊയ്ക
11. ളാക്കാട്ടൂർ കവല, ചേന്നാമറ്റം പുതുക്കുളം

**ഗതാഗതം സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ**

1. എല്ലാ റോഡുകളുടെയും ഓടകൾ സംരക്ഷിക്കുകയും ഓടകൾ ഇല്ലാത്ത റോഡുകൾക്ക് അവ വെട്ടുകയും ചെയ്യുക.
2. ഓടകൾ നികത്തി വീടുകളിലേയ്ക്കും മറ്റും പോക്കറ്റ് റോഡ് നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുക.
3. ടാർ ചെയ്തതും എന്നാൽ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാത്തതുമായ റോഡുകൾക്ക് കേടുപാടുകൾ വന്നാൽ താമസം വിനാ പാച്ചുവർക്കുചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കുക.
4. ഒരു വാർഡിൽ പല റോഡുകൾ ഭാഗികമായി ടാർ ചെയ്യു ന്ന ഇന്നത്തെ രീതി അവസാനിപ്പിച്ച് മുൻഗണനാക്രമത്തിൽ പ്രാധാന്യമുള്ള റോഡുകൾ പൂർണ്ണമായി ടാർ ചെയ്യുക.
5. ഗ്രാമപഞ്ചായത്ത് റോഡുകൾ ടെണ്ടർ ചെയ്യുന്ന രീതി മാറ്റി ഗുണഭോക്താക്കളുടെ ചുമതലയിൽ 'ബനിഫിഷറി' കമ്മിറ്റിയുണ്ടാക്കി പണികൾ നടത്തുക. പഞ്ചായത്തു തലത്തിലുള്ള മേലന്വേഷണം മതിയാകും.
6. ഗതാഗതതടസ്സവും അപകടവും ഉണ്ടാക്കുന്ന തരത്തി ൽ റോഡു സൈഡിൽ തടി, കല്ല്, മണൽ, ഇഷ്ടിക, ചാണകം, വയ്ക്കോൽ മുതലായവ ശേഖരിക്കുന്നത് തടയുക.
7. ടെലികോം ഡിപ്പാർട്ടുമെൻറ്, വാട്ടർ അതോറിട്ടി എന്നീ വകുപ്പുകളുടെ ട്രെഞ്ചുകൾ ഉണ്ടാക്കുന്നത്. പഞ്ചായത്തിൻെറ മുൻകൂട്ടി അനുവാദത്തോടെ മാത്രമായിരിക്കണം. ട്രെഞ്ചുകൾ പൂർണ്ണമായി മൂടുന്നതിനും ടാറിംഗ് പൊളിച്ചത് വീണ്ടും ചെയ്യുന്നതിനും ആവശ്യമായ തുക ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിൽ നിന്ന് ഈടാക്കുക.
8. റോഡുകൾക്ക് കുറുകെ ആർച്ച് നിർമ്മിക്കുന്നത് തടയുക.
9. പഞ്ചായത്തു റോഡുകളുടെ പുറമ്പോക്കുകളിലുള്ള കടകളും മറ്റും നീക്കം ചെയ്യുക.
10. ഡ്രൈവർമാരുടെ ദൃഷ്ടി മറയ്ക്കുന്ന വിധത്തിൽ റോഡരികിൽ പോസ്റ്റുകളിലും മറ്റും ബോർഡ്, ബാനർ എന്നിവ വയ്ക്കുന്നത് നിരോധിക്കുക.

**കൂരോപ്പട ഗ്രാമപഞ്ചായത്ത് അധീനതയിൽ നിലവിലുള്ള റോഡുകളുടെ ലിസ്റ്റ്**

1 കൂരോപ്പട - മീന്തത്തിക്കൽ 1.300 കി.മീ.
2. എണ്ണച്ചിറ-മറ്റപ്പള്ളി-ചേന്നാമറ്റം 3.000 കി.മീ.
3. 12-ാം മൈൽ-നടേപ്പീടിക-ചെന്നാമറ്റം 2.600 കി.മീ.
4. കൂരോപ്പട-ആനിവയൽ 3.200 കി.മീ
5. കാരിമല-മേച്ചിറക്കാട് 0.500 കി.മീ.
6. ചെട്ടിക്കുന്ന്-പേരേപ്പറമ്പ് 1.750 കി.മീ
7. ആനിവേലി-മീന്തത്തിക്കൽ 1.300 കി.മീ.
8. കൂരോപ്പട-കണ്ണൻകുന്ന് 2.100 കി.മീ
9. കൂരോപ്പട-ളാക്കാട്ടൂർ എൽ.പി.എസ് 1.000 കി.മീ.
10. ളാക്കാട്ടൂർ-പുതുക്കുളം 1.000 കി.മീ.
11. കുറ്റിക്കാട്ട്-മറ്റക്കര 1.250 കി.മീ.
12. മറ്റത്തിൽപടി -ഇടയ്ക്കാട്ടുകുന്ന് 1.000 കി.മീ.
13. മൂങ്ങാക്കുഴി-തറപ്പിൽ 1.400 കി.മീ.
14. പാമ്പാടി -ആനിക്കാട് 4.000 കി.മീ.
15. കോത്തല-ആനിക്കാട് 1.200 കി.മീ.
16. 12-ാം മൈൽ -പാനാപ്പള്ളി 1.700 കി.മീ.
17. 12-ാം മൈൽ - കോയിത്താനം 1.000 കി.മീ.
18. പോരാളൂർ-നടേപ്പീടിക 1.500 കി.മീ.
19. കൂരോപ്പട-ആനക്കല്ല് 1.300 കി.മീ.
20. നടേപ്പീടിക-ഇലപ്പനാൽ 0,900 കി.മീ.
21. ഭജനമഠം - ഇളംകാവ് 1.000 കി.മീ.
22. കൂവപ്പൊയ്ക-മഠത്തിൽപടി 0.800 കി.മീ.
23. എരുത്തുപുഴ-എണ്ണച്ചിറ 2.400 കി.മീ.
24. വട്ടമല-കാവുങ്കൽ 1.200 കി.മീ.
25. കാരിമല-തണ്ടാശ്ശേരി 0.900 കി.മീ.
26. കൂരോപ്പട-മാടപ്പാട് 1.200 കി.മീ.
27. കണ്ടൻകാവ്-കന്നുകുഴി 1.300 കി.മീ.
28. അന്ത്യാളൻകാവ് - മാക്കൽ 1.000 കി.മീ.
29. പാനാപ്പള്ളി-ചാത്തനാപ്പതാൽ 1.900 കി.മീ.
30. വിളിക്കല്ല്-കുഴിക്കാട്ടേൽ 0.860 കി.മീ.
31. ദളപതി റോഡ് 1.100 കി.മീ.
32. കുന്നുപുരയിടം-പോരാളൂർ 0.900 കി.മീ.
33. പോരാളൂർ-ഇലപ്പനാൽ 1.000 കി.മീ.
34. ചേന്നംപള്ളി - പോരാളൂർ 1.000 കി.മീ.
35. കോത്തല-നെന്മല 0.800 കി.മീ.
36. മണ്ണനാൽതോട്-കാവുംഭാഗം 0.750 കി.മീ.
37. ഇടയ്ക്കാട്ടുകുന്ന്-തോട്ടുങ്കൽ 1.000 കി.മീ.
38. തടമുറി-ചേന്നാമറ്റം 0.900 കി.മീ.
39. കുളത്തുങ്കൽ-വാഴക്കാലാ 0.600 കി.മീ.
40. എരുത്തുപുഴ-മേച്ചിറക്കാട് 0.470 കി.മീ.
41. മൂങ്ങാക്കുഴി-കൂവപ്പൊയ്ക 0.750 കി.മീ.
42. കൂവപ്പൊയ്ക -ചാത്തൻ പാറ 0.650 കി.മീ.
43. ചാക്കാറ-കന്നുകുഴി 0.800 കി.മീ.
44. ചോകോൻ പറമ്പ്-താന്നിവയൽ 0.750 കി.മീ.
45. പാറയ്ക്കപ്പടി-കുന്നേപ്പറി 2.300 കി.മീ.

46. കണ്ണാങ്കപ്പടി-ചോകോൻ പറമ്പ് 1.200 കി.മീ.
47. വിളിക്കല്ല് -കണ്ടത്തുങ്കൽ 0.580 കി.മീ.
48. വട്ടുകളം -കുന്നുപുരയിടം 0.500 കി.മീ.
49. 14-ാം മൈൽ - ഇടത്തറ 1.200 കി.മീ.
50. കണ്ണൻകുന്ന്-അമയന്നൂർ 0.850 കി.മീ.
51. കിസ്സാൻ കവല-ഇടയ്ക്കാട്ടുകുന്ന് 1.200 കി.മീ.
52. ചെന്നാമറ്റം-പാറാമറ്റം 3.000 കി.മീ.
53. മറ്റപ്പള്ളി -പതീപ്പടി 0.600 കി.മീ.
54. 12-ാം മൈൽ-കോത്തലച്ചിറ 0.600 കി.മീ.
55. ഭജനമഠം -മുറിയാങ്കൽ 0.800 കി.മീ.
56. കണ്ണൻകുന്ന് -മുറിയാങ്കൽ 0.800 കി.മീ.
57. പ്ലാപ്പറമ്പ് -മറ്റത്തിൽപടി 1.000 കി.മീ.
58. മൂഴൂർ മാർക്കറ്റ് -ഇടക്കാട്ടേൽ 1.000 കി.മീ.
59. പാനാപ്പള്ളി-കരിമ്പീച്ചി 0.750 കി.മീ.
60. പങ്ങടകരയോഗമന്ദിരം -വട്ടമല 1.400 കി.മീ.
61. പാറത്തോട്ടുങ്കൽ-തോണിപ്പാറ 0.700 കി.മീ.
62. കരോട്ട്-തണ്ടാശ്ശേരി 0.750 കി.മീ.
63. തോണിപ്പാറ-ഇടയ്ക്കാട്ടുകുന്ന് 0.800 കി.മീ.
64. പള്ളിക്കാട്ട്-പങ്ങട എൽ.പി.എസ്. 0.900 കി.മീ.
65. പൈങ്ങോട്ടുകവല - പന്നഗത്തുങ്കൽ 0.700 കി.മീ.
66. കണിപറമ്പ് - ചാത്തൻപാറ 0.850 കി.മീ.
67. പുത്തൻപുരപടി -തോട്ടുങ്കൽ 0,600 കി.മീ.
68. രണ്ടാംതോട് - കരുനാട്ട് 1.000 കി.മീ.
69. ഇഞ്ചിമറ്റം -എം.ജി.എം. ഹൈസ്കൂൾ 0.800 കി.മീ.
70. കുളത്തുങ്കൽ-മഞ്ഞാമറ്റം 0.650 കി.മീ.
71. തുപ്പലഞ്ഞിയിൽ - തണ്ടാശ്ശേരി 0.630 കി.മീ.
72. മണ്ണനാൽതോട്-കുറ്റിക്കാട് 1.100 കി.മീ.
73. 14-ാം മൈൽ - കൈപ്പത്താനം 1.200 കി.മീ.
74. ചെന്നിലത്തുപറമ്പ് - എം.ജി.എം. ഹൈസ്കൂൾ 0.800 കി.മീ.
75. തോട്ടത്തിൽപടി-ഇടയ്ക്കാട്ടുകുന്ന് 1.200 കി.മീ.
76. വെള്ളക്കോട്ടുപടി-വാണിയപ്പുര 0.700 കി.മീ.
77. 12-ാം മൈൽ - പുതുവൽകോളനി 0.450 കി.മീ.
78. വട്ടപ്പാറ-മരത്തണ്ണൂർ 0.700 കി.മീ.
79. കൊച്ചുവേലിപ്പടി-മന്ദിരം 0.935 കി.മീ.
80. മറ്റത്തിൽ പടി - പുതുക്കുളം 0.860 കി.മീ.
81. മൂങ്ങാക്കുഴി-കണിപറമ്പ്1.480 കി.മീ.
82. ഇടക്കര-മരത്തണ്ണൂർ 0.750 കി.മീ.
83. തീപ്പെട്ടികമ്പനി-ചേന്നനാംപൊയ്ക 0.850 കി.മീ.
84. ആശ്രമംപടി - കൊച്ചുപറമ്പിൽപടി 0.300 കി.മീ.
85. മണ്ണനാൽ തോട്-നെടുമറ്റം 0.720 കി.മീ.
86. മറ്റപ്പള്ളി -ചേപ്പുംപാറപള്ളി 0.520 കി.മീ.
87. തുപ്പലഞ്ഞി-പുളിക്കത്തടം
88. കള്ളിയാട്ടുപടി-തുരുത്തിപ്പടി 0.850 കി.മീ.
89. ളാക്കാട്ടൂർ-പങ്ങട 0.780 കി.മീ.

## ഊർജ്ജം

നമ്മുടെ സംസ്ഥാനത്തിലെ ഊർജരംഗം ഇന്ന് വളരെ ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഊർജമേഖലയിലെ ഏറ്റവും പ്രധാന ഇനമായ വൈദ്യുതി, വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്ന ഒരു കേന്ദ്രാസൂത്രണ നയമാണ് ഇന്നു നിലവിലുള്ളത്. ഇത്തരത്തിലുള്ള ആസൂത്രണ പദ്ധതിയ്ക്ക് നിരവധി പോരായ്മകൾ പ്രകടമായി കാണപ്പെടുന്നു. ഇന്ന് വൈദ്യുതമേഖലയിൽ കണ്ടുവരുന്ന പാളിച്ചകൾക്ക് ഇതൊരു പ്രധാന കാരണവുമാണ്. എല്ലാ ജനവിഭാഗങ്ങളുടെയും ജീവിത നിലവാരമുയർത്തുന്ന ഒരു സമഗ്ര ഊർജ്ജാസൂത്രണ നയം അവശ്യം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ 96% വീടുകളിലും പാചകാവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. അടുക്കളയിൽ എൽ.പി.ജി. (പാചക വാതകം) മണ്ണെണ്ണ സ്റ്റൗ, ബയോഗ്യാസ്, കുറ്റിയടുപ്പ്, കച്ചിപ്പെട്ടി, ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ തുടങ്ങിയവ ഉപയോഗിക്കുന്ന വീടുകൾ താരതമ്യേന കുറവാണ്. റബ്ബർ കൃഷി പഞ്ചായത്തു പ്രദേശത്തുടനീളം ഉള്ളതുകൊണ്ട് വിറകിന് അധികം ക്ഷാമമില്ല. എന്നാൽ 73% വീടുകൾക്കും 50 സെൻറിൽ താഴെ മാത്രം ഭൂമി ഉള്ളതുകൊണ്ട് അവർ ന്യായമായും വിറക് വിലകൊടുത്ത് വാങ്ങേണ്ടിയിരിക്കുന്നു.

വൈദ്യുതി വിതരണരംഗത്ത് ഇന്ന് നിരവധി പ്രശ്നങ്ങൾ അനുഭവപ്പെടുന്നു. വൈദ്യുതി ഏറ്റവും കൂടുതൽ ആവശ്യമുള്ള സമയങ്ങളിൽ (peak load time) 20% മുതൽ 35% വരെ ദൗർലഭ്യം നേരിടുകയാണ്. സംസ്ഥാനത്തിൻെറ മിക്ക ഭാഗങ്ങളിലും അനുഭവപ്പെടുന്ന അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം നമ്മുടെ പ്രദേശത്തും കാണപ്പെടുന്നു. ഊർജ്ജ രംഗത്തെപാഴ്ച്ചെലവും ചോർച്ചയും ഒഴിവാക്കാൻ നാം പരമാവധി ശ്രദ്ധിക്കണം. ഊർജ സംരക്ഷണത്തെ പറ്റി പൊതുജനങ്ങളെ ബോധവാന്മാരാക്കുകയാണ് ആദ്യം ചെയ്യേണ്ടത്.

ഈ പഞ്ചായത്തിൽ ആകെയുള്ള 5736 വീടുകളിൽ 3849 എണ്ണം വൈദ്യുതീകരിച്ചതാണ്. ഇനിയും 1887 വീടുകളിൽ കൂടി വൈദ്യുതി എത്താനുണ്ട്. ഇവയിൽ നിരവധി വീടുകളും വയറിംഗ് നടത്തി ആവശ്യമായ മീറ്റർ ഡപ്പോസിറ്റ് അടച്ച് വൈദ്യുതിയ്ക്കു വേണ്ടി കാത്തിരിക്കുന്നവരാണ്. താരിഫ് പ്രകാരം ഓരോ ട്രാൻസ്ഫോർമറിൽ നിന്നുള്ള സർവ്വീസുകളുടെ വിവരവും ഇനിയും കണക്ഷൻ കിട്ടാനുള്ളവരുടെ വിവരവും അന്യത്ര കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിലെ താഴെ പറയുന്ന പ്രദേശങ്ങളിൽ ആണ് ഇനിയും വൈദ്യുതി എത്താനുള്ളത്. താന്നിക്കുന്നം, കടിനാട്, ചായം വേങ്ങ, മാങ്കുന്ന്, മലങ്കാവ്, പ്ലാ

ക്കത്തകിടി കോളനി, പച്ചനാക്കുഴി, മൂങ്ങാക്കുഴി, കണ്ണാടിപ്പാറ കോളനികൾ, പള്ളിത്താഴെ, വാണിയപ്പുര, കൂർങ്ങണ, കള്ളിയാട്ടുഭാഗം, അഴകൻ തകിടി കോളനി, പുതുവയൽ കോളനി പുള്ളിയിൽ ഭാഗം, കാര്യാട്, പുളിച്ചുമാക്കൽ, കുഴിയ്ക്കാട്ടേൽ, ഇടയ്ക്കാട്ടുകുന്ന് പടിഞ്ഞാറ്, ഐരുമല, മീന്തത്തിയ്ക്കൽ, വട്ടോലിയ്ക്കൽ, പാറയ്ക്കൽ.

മുകളിൽ പറഞ്ഞ ചില പ്രദേശങ്ങളിൽ ഭാഗികമായി വൈദ്യ [illegible] ഭിച്ചിട്ടുണ്ട്. പ്രധാനമായും ദാരിദ്ര്യ രേഖയ്ക [illegible] ഴെയുള്ള നിർദ്ധന ജനവിഭാഗങ്ങൾ അധിവസിക്കുന്ന ഈപ്രദേശങ്ങളിൽ പഞ്ചായത്തിൻെറ ചുമതലയിൽ അടിയന്തിരമായും വൈദ്യുതി എത്തിയ്ക്കേണ്ടതാണ്.

## വിവിധ ഊർജ്ജ സ്രോതസ്സുകൾ

### 1. ജൈവദ്രവ്യങ്ങൾ

ഭൂരിഭാഗം വീടുകളിലും പാചകാവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നതെന്ന് നേരത്തെ പ്രസ്താവിച്ചിരുന്നുവല്ലോ. ഇന്നാട്ടിലെ റബ്ബർ മരങ്ങളുടെ ബാഹുല്യം വിറകുലഭ്യതയ്ക്ക് ഒരനുഗ്രഹമാണ്. പഞ്ചായത്തു റോഡുകളുടെയും പി.ഡബ്ല്യൂ.ഡി. റോഡുകളുടെയും പുറമ്പോക്കുകളിൽ മരങ്ങൾ വച്ചുപിടിപ്പിച്ചാൽ വിറക് കൂടുതലായി ലഭിക്കുവാൻ സാധിക്കും. എന്നാൽ വൃക്ഷശിഖരങ്ങൾ വൈദ്യുതി ലൈനുകളിൽ മുട്ടി പ്രസരണ നഷ്ടം സംഭവിക്കാൻ ഇത് ഇടയാക്കരുത്. പൊതുതോടുകളുടെ പുറമ്പോക്കുകളിലും മരങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്.

ചാണക വാതകം ഉയോഗിച്ചുള്ള ബയോഗ്യാസ് പ്ലാൻറുകൾക്ക് ഇവിടെ വളരെയധികം സാദ്ധ്യതയുണ്ട്. 83% വീടുകളിലും കന്നുകാലി വളർത്തൽ ഉള്ളതുകൊണ്ട് കൂടുതൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ വിവിധ ഇനത്തിൽ പെട്ട 4391 കന്നുകാലികൾ ഉള്ളതായിട്ടാണ് സർവ്വേയിൽ കാണപ്പെടുന്നത്. കൂടുതൽ പശുക്കളെ വളർത്താനുള്ള വളരെയധികം സാദ്ധ്യതയുണ്ട്. പുതിയ പ്ലാൻറുകൾ തുടങ്ങുന്നതിന് സർക്കാരിൽ നിന്ന് സബ്സിഡിയുൾപ്പെടെയുള്ള ധനസഹായം ലഭിക്കുന്നതുകൊണ്ട് പൊതുജനങ്ങളുടെയിടയിൽ ഇത് സ്വാഗതം ചെയ്യപ്പെടുമെന്നുള്ളത് നിസ്തർക്കമായ സംഗതിയാണ്. ഉമി, അറയ്ക്കപ്പൊടി എന്നിവയിൽ ഏതെങ്കിലുമൊന്നുമായി ചാണകം ചേർത്ത് 'വരളി' കളുണ്ടാക്കിയാൽ ഇന്ധനമായി ഉപയോഗിക്കാം. അതുപോലെ തന്നെ, റബ്ബർക്കറ ഉറച്ച് ഷീറ്റടിക്കുന്നതിനുള്ള റബ്ബർ റോളറുകൾ നമ്മുടെ പഞ്ചായത്തിൽ നിരവധിയുണ്ട്. റബ്ബർ മെഷിനുകൾക്കു സമീപമുള്ള ടാങ്കിൽ നിന്നും ഗ്യാസ് ഉല്പാദിപ്പിച്ച് അടുക്കളയിൽ ഉപയോഗിക്കാം. ജനങ്ങളെ ഇക്കാര്യങ്ങളിൽ കൂടുതൽ ബോധവാന്മാരാക്കാനുള്ള സെമിനാറുകൾ, സിംപോസിയങ്ങൾ, പ്രദർശനങ്ങൾ ഇവ സംഘടിപ്പിക്കണം.

### 2. ഖനിജം

പാചകാവശ്യത്തിന് മണ്ണെണ്ണ സ്റ്റൗ ഉപയോഗിുന്ന വീടുകൾ ഈ പഞ്ചായത്തിലുണ്ട്. -റേഷൻ കടകൾ വഴി. മണ്ണെണ്ണ വെളിച്ചം കാണാനും പാചകാവശ്യത്തിനുമായി പ്രതിമാസം വിതരണം ചെയ്തുവരുന്നു. റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണത്തിൽ വ്യാപകമായ പരാതികളുണ്ട്. പെർമിറ്റ് പ്രകാരമുള്ള മുഴുവൻ മണ്ണെണ്ണയും ലഭിക്കാറില്ലെന്നാണ് ജനങ്ങളുടെ പരാതി. ഇതിന് ഒരു പരിഹാരമുണ്ടാകണം.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 316 വീടുകളിൽ എൽ.പി.ജി. കണക്ഷനുണ്ട്. പുതിയ കണക്ഷന് അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവർ നൂറോളം വരും. പാചകവാതക സിലിണ്ടർ ക്ഷാമം രൂക്ഷമായതുകൊണ്ട് പുതിയ കണക്ഷൻ കിട്ടാനും തീർന്ന സിലിണ്ടറുകൾ മാറ്റിയെടുക്കാനുമുള്ള ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് വർണ്ണനാതീതമാണ്. ഇക്കാര്യത്തിൽ ഒരു ശാസ്ത്രീയമായ വിതരണക്രമം ഉണ്ടാക്കണം.

### 3. വൈദ്യുതി

നമ്മുടെ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിലാണ് വൈദ്യുതി വിതരണത്തിനുവേണ്ടി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുള്ളത്.

a. ഇ.എം.എസ്. പാമ്പാടി

12-ാംമൈൽ, 13-ാം മൈൽ, നടേപ്പീടിക, പാനാപ്പള്ളി, പങ്ങട, ചെന്നാമറ്റം, കൂരോപ്പട, മാച്ച് ഫാക്ടറി, അച്ചൻ പടി, മൂങ്ങാക്കുഴി, ളാക്കാട്ടൂർ, ചോകോൻ പറമ്പ്, തോട്ടപ്പള്ളി.

ഇതോടൊപ്പം, കൊറ്റമംഗലം കവലയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

b. വാഴൂർ സെക്ഷൻ ഇടക്കര

c. അയർക്കുന്നം സെക്ഷൻ

100 കെ.വി.എ. മറ്റപ്പള്ളി (മൊത്തം 15 ട്രാൻസ്ഫോർമർകൾ)

ഇതു കൂടാതെ പാമ്പാടി പഞ്ചായത്തിലെ നെന്മല, ചേന്നമ്പള്ളി, പാമ്പാടി ടൗൺ, പാമ്പാടി നമ്പർ 2, വലിയ പള്ളി, വാഴൂർ പഞ്ചായത്തിലെ 14-ാം മൈൽ പള്ളിക്കത്തോട് പഞ്ചായത്തിലെ മുക്കാലി, അരുവിക്കുഴി, അയർക്കുന്നം, പഞ്ചായത്തിലെ ചേന്നാമറ്റം എന്നീ ട്രാൻസ്ഫോർമർകളിൽ നിന്നും നമുക്ക് വൈദ്യുതി ലഭിക്കുന്നുണ്ട്. പാമ്പാടി 66 കെ.വി. സബ്സ്റ്റേഷനിൽ

നിന്നാണ് ഭൂരിഭാഗം പ്രദേശത്തും വൈദ്യുതി എത്തുന്നത്. എന്നാൽ മറ്റപ്പള്ളി, ചേന്നാമറ്റം ട്രാൻസ്ഫോർമർകളിൽ വൈദ്യുതി എത്തുന്നത് കഞ്ഞിക്കുഴി 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ്. ഗാർഹികാവശ്യത്തിനാണ് കൂടുതലായും വൈദ്യുതി ഉപയോഗിക്കുന്നത്., വ്യാപാര വ്യവസായ മേഖലകളിൽ വൈദ്യുതി ഗണ്യമായി ഉപയോഗിക്കപ്പെടുന്നില്ല. കാർഷികാവശ്യത്തിന് പരിമിതമായി മാത്രമേ വൈദ്യുതി ഉപയോഗിക്കുന്നുള്ളു.

മീറ്റർ ഡെപ്പോസിറ്റ് അടച്ച് വൈദ്യുതിയ്ക്കുവേണ്ടി കാത്തിരിക്കുന്നവർ താരിഫ് പ്രകാരം

പാമ്പാടി ഇല. മേജർ സെക്ഷൻ

| കാറ്റഗറി | ഗാർഹികം | ഗാർഹികേതരം | കാർഷികം | ആകെ |
|---|---|---|---|---|
| ലൈൻ വലിക്കേണ്ടത് | 152 | 5 | 3 | 160 |
| വയർ മാത്രം വേണ്ടത് | 171 | 35 | - | 206 |
| | 323 | 40 | 3 | 366 |

അയർക്കുന്നം, വാഴൂർ, തുടങ്ങിയ സെക്ഷൻ ഓഫീസുകൾ

| കാറ്റഗറി | ഗാർഹികം | ഗാർഹികേതരം | കാർഷികം | ആകെ |
|---|---|---|---|---|
| എല്ലാ കാറ്റഗറികളും | 83 | 5 | 3 | 91 |

മുകളിൽ പറഞ്ഞിരിക്കുന്ന 457 അപേക്ഷകരെ താഴെ പറയുന്ന വിധത്തിൽ വീണ്ടും തരംതിരിക്കാം.

| | |
|---|---|
| ഓർഡിനറി | 325 |
| ഒ.ടി.പി. | 13 |
| ഒ.വൈ.ഇ.സി. | 119 |
| ആകെ | 457 |

അവസാനം നൽകിയ സർവ്വീസ് കണക്ഷൻെറ അപേക്ഷാ തീയതി

| | |
|---|---|
| ഒ.എച്ച്. - | 31-3-1993 |
| ഡബ്ല്യു. പി. | 30-9-1994 |

## സ്ട്രീറ്റ് ലൈറ്റ്

പഞ്ചായത്തിലെ 10 വാർഡുകളിലെ വിവിധ റോഡുകളിലായി 393 സാധാരണ ബൾബുകളും 16 ട്യൂബ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. മെർക്കുറി വേപ്പർലാമ്പ്, സോഡിയം വേപ്പർലാമ്പുകളില്ല.തെരുവു വിളക്കുൾക്ക് കറണ്ടു ചാർജ്ജിനത്തിൽ 4755 രൂപ അടയ്ക്കുന്നുണ്ട്.

## പട്ടികജാതി/വർഗ്ഗ കോളനികൾ

പഞ്ചായത്തിൽ 9-ാം വാരിഡിലെ വല്യപാറ 9, 10 വാർഡുകളിലെ പറയർകുന്ന് എന്നീ അംഗീകൃത സെറ്റിൽമെൻറു കോളനികളാണുള്ളത്. രണ്ടിടത്ത് വൈദ്യുതി എത്തിയിട്ടുണ്ട്. എന്നാൽ ഈ കോളനികളിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങളും വൈദ്യുതീകരിച്ചിട്ടില്ല. സ്പെഷ്യൽ കമ്പോണൻറ് പ്ലാനിൽ പെടുത്തി ഇതു ചെയ്യണം.

തൻവർഷത്തെ കണക്ഷൻ

| | |
|---|---|
| ഓർഡിനറി | 81 |
| ഒ.ടി.പി. (ജവാൻ, പട്ടിക, ജാതി/ വർഗം, വികലാംഗർ, ആരാധനാലയം തുടങ്ങിയവ | 28 |
| ഒ.വൈ.ഇ.സി. (കണക്ഷൻ ആവശ്യമായ തുക അടച്ചവർ) | 112 |
| ആകെ | 221 |

ഊർജമേഖലയിലെ പ്രധാന പ്രതിസന്ധികൾ വോൾട്ടേജ് ക്ഷാമം, ലോഡ് ഷെഡിംഗ്, പവ്വർകട്ട്, ഗ്യാസ് ക്ഷാമം തുടങ്ങിയവയാണ്. ഇന്നു നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയും പുതിയവ തുടങ്ങാൻ സർക്കാരിനെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. വൈദ്യുതി വിതരണ രംഗത്ത് പ്രധാനമായും കണ്ടുവരുന്ന പരാതി സ്ട്രീറ്റു ലൈറ്റുകളുടെ പ്രശ്നമാണ്. കേടായ ബൾബുകൾ മാറ്റിയിടുന്നതിനും പുതിയ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുമുള്ള ചുമതലകൾ പഞ്ചായത്തിനെ ഏല്പിക്കാവുന്നതാണ്. അതുപോലെ, വൈദ്യുതി വിതരണം പവർ ലൈൻ മാപ്പ് പ്രകാരം ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യണം. ഏറെക്കുറെ തുല്യ വോൾട്ടേജിൽ വൈദ്യുതി വിതരണം ചെയ്യുന്നതിന് ഇത് സഹായകമാകും.

അതുപോലെ കച്ചിപ്പെട്ടി, കുറ്റി അടുപ്പുകൾ, ദക്ഷതകൂടിയതും, പുകയില്ലാത്തതുമായ പരിഷത്ത് അടുപ്പുകൾ ഇവ കൂടുതൽ വ്യാപകമായി ഉപയോഗിക്കുവാൻ ജനങ്ങളെ ബോധവാന്മാരാക്കണം.

**വൈദ്യുതി വിതരണരംഗത്തെ പ്രധാന ആവശ്യങ്ങൾ**

1. പാമ്പാടി ഇലക്ട്രിക്കൽ മേജർ സെക്ഷൻ അധികാരപരിധിയിൽ പെട്ട കോയിത്താനം, കുപ്പമല, ഇളങ്കാവ്, ടെമ്പിൾ റോഡ്, കോത്തലച്ചിറ, ദളപതി റോഡ് തുടങ്ങിയ പ്രദേശങ്ങളിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമത്തിനു പരിഹാമായി ഭജനമഠം കവലയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ഭജനമഠം മുതൽ ഇളങ്കാവു റോഡിൽ, നടുക്കേപറമ്പിൽ പടി വരെ പുതിയ ത്രീ ഫേസ് ലൈൻ വലിക്കുകയും നടുക്കേപറമ്പുമുതൽ ഇളങ്കാവു ക്ഷേത്രക്കവല വരെയുള്ള സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും ചെയ്യുക.
2. വാഴൂർ ഇലക്ട്രിക്കൽ സെക്ഷനിൽപെട്ട കോത്തലകരയിലെ മുണ്ടൻകവല, വള്ളാംതോട്ടം, കൊച്ചുപറമ്പുഭാഗം, മാക്കൽ, പ്ലാക്കത്തകിടി, പുത്തൻകണ്ടം, കുപ്പമല പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്. പട്ടികജാതി വിഭാഗത്തിനുള്ള പ്രത്യേക ഘടകപദ്ധതിപ്രകാരം രാജീവ് ഗാന്ധി ഡ്രിങ്ക്കിംഗ് സ്കീമിൽ പെടുത്തി 13-ാം മൈലിൽ ഒരു ട്രാൻ

സ്ഫോർമർ സ്ഥാപിക്കുക. ഇതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചെങ്കിലും ഇതുവരെയായും ആവശ്യമായ ഭരണാനുമതിപോലും വൈദ്യുതി ബോർഡിൽ നിന്നും ലഭിച്ചിട്ടില്ല. ഇതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക. അതോടൊപ്പം മുണ്ടൻകവലയിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. മാടപ്പാട്, മഠത്തിൻ പുറക്, കാവനാട്ട്, തണ്ടാശ്ശേരി, കള്ളിയാട്ട്, പുത്തമ്പുരപടി, മാടപ്പള്ളിക്കുന്നേൽ, തോട്ടുങ്കൽ, കൂർങ്ങണ തുടങ്ങിയ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി മാടപ്പാട്ട് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
4. ആർ.ഇ.സി. സ്കീമിൽ പെടുത്തി കണ്ണൻകുന്ന്/പുതുക്കുളം ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
5. പാറാമറ്റം ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് ആ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.6. 6. പട്ടികജാതി വിഭാഗത്തിനുള്ള പ്രത്യേക ഘടകപദ്ധതി പ്രകാരം പറയർകുന്ന് കോളനിയ്ക്കു സമീപം ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
7. കൂരോപ്പട ഓവർസിയർ ഓഫീസ് അപ്ഗ്രേഡ് ചെയ്ത് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുക.
8. അയർക്കുന്നം ഇലക്ട്രിക്കൽ മേജർ സെക്ഷനിൽ പെട്ട മണലേൽ റോഡിൽ കന്നുകുഴി മുതൽ മങ്ങോട്ടുകാവുങ്കൽ പടി വരെ ത്രീഫേസ് ലൈൻ നിർമ്മിക്കുക. ഉദ്ദേശം 400 മീറ്റർ (മറ്റപ്പള്ളി ട്രാൻസ്ഫോർമർ)
9. അയർക്കുന്നം സെക്ഷനിൽ പെട്ട ചേന്നാമറ്റം മൈലാടിപ്പാടി മുതൽ ളാക്കാട്ടൂർ നോർത്ത് എൽ.പി. സ്കൂൾ വരെ ത്രീ ഫേസ് ലൈൻ നിർമ്മിക്കുക.
10. ANERT (Agency for non conventional energy and rural technology) ഗ്രാമങ്ങൾ സ്ഥാപിക്കുക.

**പുതിയതായി സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കേണ്ട റോഡുകളും ബൾബുകളുടെ എണ്ണവും**

| | ബൾബ് |
|---|---|
| 1. ഇളംകാവ് -ഭജനമഠം റോഡ് (പുളിങ്ങാശ്ശേരി ഭാഗത്തെ സ്വകാര്യ പുരയിടത്തിലെ ലൈൻ റോഡിലോട്ടു മാറ്റണം) | 10 |
| 2. മൈലാടിപ്പടി മുതൽ കണ്ണൻകുന്ന് വരെ | 10 |
| 3. കൂരോപ്പട-തോട്ടപ്പള്ളി റോഡ് | 10 |
| 4. ചാക്കാറ-കന്നുകുഴി | 10 |
| 5. കണ്ണാക്കൽപടി-അന്ത്യാളൻകാവ് | 8 |
| 6. പാനാപ്പള്ളി-ചെന്നാമറ്റം | 10 |
| 7. ചേന്നമ്പള്ളി -പോരാളൂർ | 5 |
| 8. പുതുക്കുളം-പറപ്പാട്ടുപടി (സ്വകാര്യ പുരയിടത്തിലെ ലൈൻ റോഡിലൂടെയാക്കണം) | 10 |
| 9. കുറ്റിക്കാട്ടു കവല-പുതുക്കുളം (എൽ.ടി. ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം) | 10 |
| 10. 12-ാം മൈൽ-കോത്തലച്ചിറ | 10 |
| 11. മണ്ണനാൽതോട് -കുറ്റിക്കാട്ട് | 8 |
| 12. കണ്ടങ്കാവ് -വിലങ്ങുപാറ റോഡ് | 8 |
| 13. പാറാമറ്റം - ളാക്കാട്ടൂർ | 10 |
| 14. കൊച്ചുപറമ്പുപടി -ലക്ഷം വീട് | 5 |
| 15. തണ്ടാശ്ശേരി-മൃഗാശുപത്രി | 6 |
| 23. മന്ദിരംപടി-പവ്വത്ത് | 7 |
| 24. പാനാപ്പള്ളി -ചാത്തനാപ്പതാൽ | 8 |
| 25. മരത്തണ്ണൂർ-വട്ടപ്പാറ | 6 |
| 26. പറപ്പാട്ടുപടി-കൂരോപ്പട (സ്വകാര്യപുരയിടത്തിലെ ലൈൻ റോഡിലോട്ടു മാറ്റണം) | 10 |
| 27. ചാത്തനാപ്പതാൽ-കോയിത്താനം (സ്വകാര്യപുരയിടത്തിലെ ലൈൻ റോഡിലോട്ടു മാറ്റണം) | 5 |
| 28. മണ്ണനാൽതോട്-നെടുമറ്റം | 10 |
| 29. കന്നുകുഴി-കൂരോപ്പട | 10 |
| 30. മൂത്തേടത്ത് അമ്പലം-അരിമ്പുമല | 6 |
| 31. കുന്നേപ്പടി-മൂത്തേടം | 6 |
| 32. പാനാപ്പള്ളി-തോട്ടുങ്കൽ | 5 |
| 33. 12-ാം മൈൽ - പുതുവയൽ (സ്വകാര്യ പുരയിടത്തിലെ ലൈൻ റോഡിലൂടെയാക്കി വട്ടപ്പാറ-മരത്തണ്ണൂർ ലൈനുമായി ഇന്റർലിങ്ക് ചെയ്യണം) | 5 |
| 34. 13-ാം മൈൽ-ആനിക്കാട് | 10 |
| 35. ചുഴുകോടി-ചെമ്പരത്തിമൂട് | 5 |
| 36. കാവുങ്കൽപടി-കൊച്ചാലുങ്കൽ | 6 |
| 37. ചെന്നാമറ്റം-വട്ടുകളം (സ്വകാര്യ പുരയിടങ്ങളിൽ കൂടിയുള്ള ലൈൻ റോഡിലൂടെയാക്കണം) | 5 |
| 38. കുന്നുപുരയിടം-പോരാളൂർ | 5 |
| 39. ഭജനമഠം-വട്ടുകുന്നേൽപ്പടി (സ്വകാര്യ പുരയിടത്തിലെ ലൈൻ റോഡിലോട്ടു മാറ്റണം) | 5 |
| 40. മാടപ്പാട്-ഇടയ്ക്കാട്ടുകുന്ന് | 10 |
| 41. ചെമ്പരത്തിമൂട്-ഇടയ്ക്കാട്ടുകുന്ന് | 10 |
| 42. പവ്വത്ത് -വടകരപടി | 8 |
| 43. പറയർകുന്ന്-നടേപ്പീടിക | 5 |
| 44. അമ്പലക്കവല-പാറത്തോട് | 6 |
| 45. മന്ദിരം-വട്ടമലപ്പടി | 7 |
| 46. കോത്തല-കങ്ങഴ റോഡ് (വാലേൽപ്പടി വരെയുള്ള എൽ.ടി. ലൈൻ-വാലാങ്കപ്പടി വരെ നീട്ടുക) | 5 |
| 47. മലങ്കാവ് ഭാഗത്തേയ്ക്ക് ലൈൻ വലിച്ച് സ്ട്രീറ്റു | |

ലൈറ്റ് സ്ഥാപിക്കുക 5

48. വെട്ടീപ്പറമ്പ് - ആണ്ടുത്താഴെ കൊച്ചാലുങ്കൽ റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റു ലൈറ്റിടുക. 5
49. മഠത്തിൻ പുറകിൽ തീപ്പെട്ടി കമ്പനി ട്രാൻസ്ഫോർമറിൽ നിന്നുള്ള ലൈനും മൂങ്ങാക്കുഴി ട്രാൻസ്ഫോർമറിൽ നിന്നുള്ള ലൈനും ഇൻറർലിങ്കു ചെയ്തു സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക 5
50. മുണ്ടയ്ക്കൽപ്പടി-കൊച്ചാലുങ്കൽ റോഡിൽ ലൈൻ വലിച്ച് ലൈറ്റ് സ്ഥാപിക്കുക 5
51. മൂത്തേടത്ത് അമ്പലം-ചെട്ടക്ശ്ശേരി-പാറയ്ക്കൽ പടി റോഡിൽ ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുക 5
52. എരുത്തുപുഴ-മൂങ്ങാക്കുഴി 7
53. ശിവാജി - തറപ്പിൽപടി 10
54. മഠത്തിൽ പുറക്-കാവനാട്ട്
55. പുതുക്കുളം-ചക്കിയാംകുഴി

### സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. കൂരോപ്പട കവല
2. 12-ാം മൈൽ കവല
3. എം.ജി.എം. ഹൈസ്കൂൾ ജംഗ്ഷൻ
4. മറ്റപ്പള്ളി കവല
5. വട്ടുകളം കവല
6. എരുത്തുപുഴ ജംഗ്ഷൻ
7. ളാക്കാട്ടൂർ കവല
8. ആനിവേലി കവല
9. കുറ്റിക്കാട്ടു കവല
10. പറയർകുന്ന് ജംഗ്ഷൻ
11. ചെന്നാമറ്റം ജംഗ്ഷൻ
12. മൂങ്ങാക്കുഴി ആശുപത്രി
13. കുളത്തുങ്കൽ
14. എസ്.എൻ. പുരം ക്ഷേത്രം
15. ചോകോപറമ്പു കവല
16. 12-ാം മൈൽ കുരിശുകവല
17. മണ്ണനാൽ തോട്
18. ഇളങ്കാവ് ക്ഷേത്രക്കവല
19. മഠത്തിൻ പുറക്
20. ഇയ്ക്കാട്ടുകുന്ന് കവല
21. 13-ാം മൈൽ കവല
22. കൂവപ്പൊയ്ക ജംഗ്ഷൻ
23. വല്യപാറ സെറ്റിൽമെൻറുകോളനി
24. കൂരോപ്പട അമ്പലക്കവല
25. ചേപ്പും പാറപള്ളി
26. ചാക്കാറ കവല
27. പാറാമറ്റം കവല
28. മാമ്പുഴക്കൽ ലക്ഷംവീടു കോളനിപടി
29. ശിവപാർവ്വതി ക്ഷേത്രപടി-ളാക്കാട്ടൂർ

## പാരമ്പര്യേതര ഊർജം

ഇനിയും വൈദ്യുതി എത്താത്ത നിരവധി പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്ന് നേരത്തെ പ്രസ്താവിച്ചുവല്ലൊ. വൈദ്യുതി ബോർഡിൻെറ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തണമെങ്കിൽ കടമ്പകളേറെ കടക്കണം. മിനിമം ഗാരണ്ടി, റെൻറ് തുടങ്ങിയ തുകകളടയ്ക്കാൻ ബുദ്ധിമുട്ടുള്ളവരാണ് ഈ പ്രദേശങ്ങളിൽ അധിവസിക്കുന്നവരിൽ കൂടുതലും. വൈദ്യുതി എത്താത്ത ഈ പ്രദേശങ്ങളിൽ സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്. സൗരോർജ്ജമുപയോഗിച്ചുള്ള ഹീറ്ററുകളും സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കേണ്ടതാണ്. അതുപോലെ തന്നെ മാതൃമല, പന്തക്കല്ല് എന്നിവിടങ്ങളിൽ കാറ്റിൽ നിന്നു വൈദ്യുതി ഉല്പാദിപ്പിക്കുന്ന വിൻറുമിൽ സ്ഥാപിച്ചു പരീക്ഷിക്കാവുന്നതാണ്.

### മൈക്രോ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ

പന്നഗം തോട്ടിലും കാക്കത്തോട്ടിലും യോജിച്ച സ്ഥലങ്ങളിൽ മൈക്രോ ഇലകട്രിക് പ്രോജക്ടുകൾ സ്ഥാപിക്കണം.

### മറ്റു നിർദ്ദേശങ്ങൾ :

1. ട്രാൻസ്ഫോർമർകൾക്ക് പ്ലിന്തു കെട്ടുക.
2. സ്ട്രീറ്റു ലൈറ്റുകൾ കൃത്യമായി പ്രകാശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. പങ്ങട ഗവ. എൽ. പി. എസിൽ out of turn priority ൽ വൈദ്യുതി എത്തിക്കുക.
4 സാമ്പത്തികമായ പിന്നോക്കം നില്ക്കുന്ന വീടുകളിൽ ജനകീയാസൂത്രണത്തിൻെറ ഭാഗമായി പഞ്ചായത്തിൽ നിന്നും വയറിംഗ് നടത്തി വൈദ്യുതി എത്തിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക.
5 ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ പഞ്ചായത്തു ചെലവിൽ വൈദ്യുതി എത്തിയ്ക്കുക.
6 റോഡുകളുടെ നടുക്ക് നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ സൈഡിലോട്ടു മാറ്റുക.
7 പ്രസരണനഷ്ടം ഒഴിവാക്കുന്നതിനു വേണ്ടി ലൈനുകളിലെ ടച്ചിംഗ് (വൃക്ഷശിഖരങ്ങളും മറ്റും) യഥാസമയം വെട്ടുക.
8 നമ്മുടെ സംസ്ഥാനത്ത് വിവിധ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളായി 1496.5 MW കറണ്ട് ഉൽപ്പാദിപ്പിക്കുവാനുള്ള ജനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിരവധി കാരണങ്ങളാൽ പൂർണ്ണ അളവിൽ ഉൽപ്പാദനം നടക്കുന്നില്ല. സ്ഥാപിത ശേഷിയുടെ 90% അതായയ 1100 മെഗാവാട്ടു മാത്രമേ ഉൽപ്പാദിക്കപ്പെടുന്നുള്ളൂ. എന്നാൽ നമ്മുടെ ആവശ്യം 1600 MWൽ കൂടതലാണുതാനും ആവശ്യത്തേക്കാൾ 500 മെഗാവാട്ടു കുറവ്. വൈദ്യുതി ക്ഷാമത്തിൻെറ അടിസ്ഥാനകാരണവും ഇതു

തന്നെയാണ്. പരിഹാരമായി ഇപ്പോൾ പണി നട ക്കുന്ന പദ്ധതികൾ ത്വരിതപ്പെടുത്തുകയും പുതിയ പദ്ധതികൾക്ക് അനുമതി തേടുകയും വേണം. ലഘു വായ പാരിസ്ഥിതിക പ്രശ്നങ്ങൾതള്ളിക്കളയാൻ താല്പര്യം പ്രകടിപ്പിക്കണം.

**വൈദ്യുതി സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ :**

1. പ്രകൃതി ദത്തമായ വെളിച്ചം പരമാവധി ഉപയോഗി ക്കുക.
2. ആവശ്യമില്ലാത്ത സമയങ്ങളിൽ വൈദ്യുതി ഉപകരണങ്ങൾ ഓഫാക്കുക.
3. ബൾബുകൾക്കു പകരം പ്രകാശം കൂടിയ ഇലക്ട്രോ ണിക്സ് ചോക്ക് ഘടിപ്പിച്ച ട്യൂബ് ലൈറ്റുകൾ കോം പാക്റ്റ് ഫ്ളൂറസെൻറ് ലാമ്പുകൾ ഇവ ഉപയോഗി ക്കുക.
4. വേണ്ടത്ര ശേഷിയുള്ള വയറുകൾ മാത്രം ഉപയോ ഗിച്ച് വയറിംഗ് നടത്തുക.
5. വയറിംഗിൻെറ കാലപ്പഴക്കവും വൈദ്യുതി ചോർ ച്ചയ്ക്ക് ഇടവരുത്തുന്നതിനാൽ പഴക്കം ചെന്ന വയർ മാറി റീവയർ ചെയ്യുക.
6. പാചകാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കാതി രിക്കുക.
7. അധികം വൈദ്യുതി ആവശ്യമുള്ള പീക്കു ലോഡു സമയത്ത് (6 പി.എം. - 9 പി. എം.) ശക്തി കൂടിയ വൈദ്യുതി ഉപകരണങ്ങൾ (പമ്പ്, ഗ്രൈൻഡർ, മിക്സി തുടങ്ങിയവ) ഉപയോഗിക്കാതിരിക്കുക.
8. വൈദ്യുതി അലങ്കാരങ്ങൾ ഒഴിവാക്കുക.
9. മോട്ടോറുകളോടു ചേർത്ത് കപ്പാസിറ്ററുകൾ സ്ഥാ പിക്കുക.
10. വൈദ്യുതി ഉപകരണങ്ങൾ സ്ഥാപിക്കുമ്പോഴും അറ്റകുറ്റപ്പണികൾ ചെയ്യുമ്പോഴും സാങ്കേതിക വൈദഗ്ധ്യവും ലൈസൻസും ഉള്ള വരെ കൊണ്ടു മാത്രം ചെയ്യിക്കുക.

**വൈദ്യുതി പാഴ്ചെലവ് കുറയ്ക്കാനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ :**

1. എല്ലാ താരിഫിലുമുള്ള വൈദ്യുതി ഉപഭോക്താ ക്കക്ക് ദ്വൈമാസിക വിഹിതം (Bimonthly quota) നിശ്ചയിക്കുക. നിശ്ചിത ക്വോട്ടായിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടു ത്തുക.
2. ഇന്നു നിലവിലുള്ള സ്ലാബു സമ്പ്രദായം പൂർണ്ണമാ യും നിർത്തലാക്കി, ഉപയോഗിക്കുന്ന കറണ്ടിന് മാത്രം ചാർജ് വസൂലാക്കുന്ന ''സ്പോട്ട് ബില്ലിംഗ് സമ്പ്രദായം എല്ലായിടത്തും ഏർപ്പെടുത്തുക.
3. കാർഷിക മേഖലയിൽ ഇന്ന് നിലവിലുള്ള സൗജന്യ നിരക്ക് ദുരുപയോഗം ചെയ്യപ്പെടുന്നത് നിർത്തണം. യഥാർത്ഥത്തിൽ കാർഷികാവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം സൗജന്യ ങ്ങൾ അനുവദിക്കുക.

## മാർക്കറ്റ്

റബ്ബർ കൃഷി എല്ലായിടത്തും വ്യാപകമായതോടെ, മറ്റു കാർഷികവിളകൾ ഇവിടെ നാമമാത്രമായിരിക്കു കയാണ്. സംസ്ഥാനത്തിലെ ഇതര പ്രദേശങ്ങളിലെ ജനങ്ങളെ പോലെ നാമും ഒരു ഉപഭോക്തൃ സംസ്കാ രത്തിൻെറ ഭാഗമായി മാറി കൊണ്ടിരിക്കുകയാണ്. പച്ചക്കറികൾ, നടുതലകൾ തുടങ്ങി എല്ലാവിധ കാർ ഷികോല്പന്നങ്ങളും വില കൊടുത്തു കടകളിൽ നിന്ന് വാങ്ങുന്നവരാണ് ഭൂരിഭാഗമാളുകളും. ചന്തകളിൽ ക്രയവിക്രയം ചെയ്യുന്നതിനുള്ള കാർഷിക വിളകൾ ഇവിടെ വൻ തോതിൽ ഉല്പാദിപ്പിക്കപ്പെടുന്നില്ല. ആയതിനാൽ പൊതു മാർക്കറ്റുകൾ നമ്മുടെ പഞ്ചാ യത്തിൽ വിജയപ്രദമാന്നെു തോന്നുന്നില്ല. സാമാന്യം നല്ല രീതിയിൽ നടക്കുന്ന പാമ്പാടി, അയർക്കുന്നം ചന്തകളുടെ സാമീപ്യവും ഇവിടെ മാർക്കറ്റിനുള്ള അവസരം ഇല്ലാതാക്കുന്ന സംഗതിയാണ്. വർഷങ്ങൾ ക്കു മുമ്പ് 12-ാം മൈലിൽ ഒരു ആഴ്ച ചന്ത നിലവി ലുണ്ടായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ അതു പരാജയപ്പെട്ടു.

ജനകീയാസൂത്രണത്തിൻെറ ഫലമായി കാർഷിക മേഖലയിൽ വിപ്ലവകരമായ നേട്ടങ്ങൾ കൊയ്തു കാർ ഷികോല്പന്നങ്ങൾ പതിന്മടങ്ങ് ഉല്പാദിപ്പിക്കപ്പെടും. അവയുടെ ക്രയവിക്രയങ്ങൾക്കായി കൂരോപ്പട, കോത്തല, ളാക്കാട്ടൂർ എന്നീ പ്രധാന കേന്ദ്രങ്ങളിൽ അന്തിച്ചന്ത''കൾ ആരംഭിക്കണം ഇതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തിൽ നിന്നും ചെയ്യേണ്ടതാണ്.

# 1.5

# വിദ്യാഭ്യാസം

സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരള സംസ്ഥാനത്തിൽ സാക്ഷരതാ പ്രസ്ഥാനം ആരംഭിക്കുന്നതിനും വർഷങ്ങൾക്ക് മുമ്പ് വിദ്യാഭ്യാസ രംഗത്ത് കോട്ടയം ജില്ല ഇതര ഭാഗങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുമ്പിലായിരുന്നു. ബ്രിട്ടീഷ്കാരുടെ ഭരണകാലത്ത് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് മിഷനറിമാർ നൽകിയ സംഭാവന കോട്ടയം ജില്ലയിലെ വിദ്യാഭ്യാസ വളർച്ചയെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ജില്ലാ ആസ്ഥാനമായ കോട്ടയം പട്ടണത്തിൽ നിന്നും 20 കി.മീ. ദൂരെ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിലും പരമ്പരാഗതമായ രീതികളിൽ നിന്നു വ്യത്യസ്തമായി ചിട്ടപ്പെടുത്തിയ വിദ്യാഭ്യാസത്തിനുതകുന്ന വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ മിഷനറി പ്രവർത്തകർക്ക് കഴിഞ്ഞു.

ഇന്നേയ്ക്കു 111 വർഷം മുമ്പ് 1885 ൽ സി.എം.എസ്. മിഷനറിയായിരുന്ന പെയിൻറർ സായിപ്പ് സ്ഥാപിച്ചതാണ്. പഞ്ചായത്തിലെ 5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സി.എം.എസ്. എൽ.പി. സ്ക്കൂൾ, മിഷ്യനറിപ്രവർത്തിന് എത്തിയ സായിപ്പിന് ഒരു പള്ളിക്കൂടം തുടങ്ങാനുള്ള മോഹം സാക്ഷാത്കരിക്കുവാൻ ഒരേക്കർ സ്ഥലം സംഭാവന ചെയ്തത് കൊച്ചുപറമ്പിൽ ഉമ്മൻ കുര്യൻ അവർകളായിരുന്നു. ജീവിതത്തിൻെറ ഉന്നത മേഖലകൾ കൈയ്യടക്കിയ പലർക്കും ആദ്യക്ഷരങ്ങൾ പകർന്നുകൊടുത്തത് പുളിമൂട്ടിൽ കവലയ്ക്കു സമീപം ജീർണ്ണാവസ്ഥയിൽ ഉള്ള സ്കൂളാണ്. ന്യൂർ ബിഷപ്പിൻെറയും പോർട്ട് ഗ്രിൽ സായിപ്പിൻെറയും കാലത്ത് ഈ സ്ക്കൂളിന് ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തുകയും 10-ാം വാർഡിൽ മറ്റൊരു എൽ.പി. സ്കൂൾ കൂടി ആരംഭിക്കുകയും ചെയ്തു. 80 വർഷത്തിലധികം പഴക്കമുള്ള വിദ്യാലയങ്ങളാണ് പങ്ങട ഗവ: എൽ.പി.സ്ക്കൂളും. ളാക്കാട്ടൂർ സൗത്ത് ഗവ. എൽ.പി. സ്കൂളും. പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ഈ വിദ്യാലയങ്ങളും മറ്റ് അനൗപചാരിക വിദ്യാലയങ്ങളും ഉണ്ടായിരുന്നുവെങ്കിലും ഉപരി വിദ്യാഭ്യാസത്തിന് പാമ്പാടി, പുതുപ്പള്ളി, കോട്ടയം എന്നീ സ്ഥലങ്ങളിലെ വിദ്യാലയങ്ങളെയാണ് വിദ്യാർത്ഥികൾക്ക് ആശ്രയിക്കേണ്ടതായിവന്നിട്ടുള്ളത്. ഗതാഗതസൗകര്യങ്ങളുടെ അഭാവവും ഉപരി വിദ്യാഭ്യാസത്തിൻെറ നേട്ടങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്ക് ഉണ്ടായിരുന്ന അജ്ഞതയും പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ജീവിത വൃത്തിക്ക് ഉതകുന്ന വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് വ്യാപരിക്കുവാൻ വിദ്യാർത്ഥികളെ നിർബന്ധിതരാക്കി, സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ദേശീയ പ്രസ്ഥാനത്തിൻെറ അലയൊലികൾ സംസ്ഥാത്തിൻെറ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്ത് മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്താതിരുന്നത് ഈ കാരണങ്ങൾ കൊണ്ടാവാം. ഉപരിപഠനത്തിനായി അന്യസ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളിൽ പഠിച്ചു വന്നവരിലൂടെയാണ് ദേശീയ പ്രസ്ഥാനത്തെ കുറിച്ചും ലോകത്തിൻെറ ഇതര ഭാഗങ്ങളിൽ നടന്നു വന്നിരുന്നസാമൂഹ്യ മാറ്റ പ്രക്രിയയെക്കുറിച്ചും പഞ്ചായത്തിലെ ആളുകൾക്ക് താല്പര്യം ജനിച്ചത്. സ്വാതന്ത്ര്യസമ്പാദനത്തിന് മുമ്പു തന്നെ പഞ്ചായത്തിൻെറ എല്ലാ പ്രദേശത്തുമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമായി തുടങ്ങി. വിദ്യാഭ്യാസത്തോടൊപ്പം വായനയിലുണ്ടായ താല്പര്യം ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിലേക്കും വർത്തമാനപത്രങ്ങളിലേക്കും വഴിതെളിച്ചു. വിദ്യാഭ്യാസ രംഗത്ത് സമൂലമായ പരിവർത്തനങ്ങൾക്ക് കാലോചിതമായി നമ്മുടെ പഞ്ചായത്ത് സാക്ഷ്യം വഹിച്ചു. പഞ്ചായത്തിൽ ഇപ്പോൾ 10 സ്ക്കൂളുകൾ ഉണ്ട്. സാക്ഷരതാ പ്രവർത്തന കാലത്ത് ജില്ലയിൽ ഒന്നാംസ്ഥാനത്തു നിന്ന ഈ പഞ്ചായത്തിന് കൈവരിക്കാൻ കഴിഞ്ഞ ഈ നേട്ടം നിലവിൽ ഇല്ല. ആകെയുള്ള 10 സ്ക്കൂളുിൽ 4 എണ്ണം സർക്കാർ തലത്തിലും 6 എണ്ണം സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നവയാണ്.

അൺ എയിഡഡ് സ്ക്കൂളുകളിൽ മക്കൾക്ക് വിദ്യാഭ്യാസം തേടുന്ന രക്ഷിതാക്കളുടെ എണ്ണം കൂടി വരികയാണ്. സർക്കാർ സ്വകാര്യ സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും ബോധനത്തിലെ നിലവാരത്തെക്കുറിച്ചുള്ള ആശങ്കയും ദുർവ്വഹമായ ഫീസ് കൊടുത്തും ഈ സ്ക്കൂളികളിലേയ്ക്ക് കുട്ടികളെ അയയ്ക്കാൻ സാധാരണക്കാർ നിർബന്ധിതരാകുന്നു.

സെക്കണ്ടറിതലത്തിനു മുകളിൽ ഒരു വൊ

ക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ഒഴികെ സാങ്കേതിക വിദ്യാഭ്യാസത്തിനുതകുന്ന വിദ്യാലയങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ നിലവിൽ ഇല്ല. പ്രീഡിഗ്രിക്ക് തുല്യമായ പ്ലസ്സ് ടു കോഴ്സ് നിലവിലുള്ളത് ഇവിടെ മൂന്നാം വാർഡിൽ എം.ജി., എം. എച്ച്. എസ് സ്ക്കൂളിൽ മാത്രമാണ്. ഇവിടെയാകട്ടെ സയൻസ് വിഷയങ്ങൾ ഒഴികെ ആർട്ട്സ് കോമേഴ്സ് വിഷയങ്ങളിൽ പഠനസൗകര്യങ്ങളില്ല. വർഷം തോറും എസ്.എസ്.എൽ.സി. കഴിഞ്ഞുവരുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വാഴൂർ, പാമ്പാടി മണർകാട്, കോട്ടയം തുടങ്ങിയ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിനായി പള്ളിക്കത്തോട്, പാമ്പാടി, മണർകാട്, പാലാ, കോട്ടയം, നാട്ടകം എന്നീ പ്രദേശങ്ങളിലുള്ള സർക്കാർ /സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു.

പഞ്ചായത്തിലെ സർക്കാർ /എയ്ഡഡ് സ്ക്കൂളുകളിലെ എസ്.എസ്.എൽ.സി. വിജയശതമാനംജില്ലയിലെ ഇതര വിദ്യാലയങ്ങളെ അപേക്ഷിച്ചു താരതമ്യേന മെച്ചമാണ്. പഠനകാര്യങ്ങളിൽ ജാഗ്രത പുലർത്തുന്ന രക്ഷിതാക്കളുടെ കുട്ടികൾ അൺ എയിഡഡ് സ്ക്കൂളുകൾ തിരഞ്ഞെടുക്കുമ്പോൾ ഇതരർക്ക് ഈ വിധ സൗകര്യങ്ങളും താല്പര്യവും ഇല്ലാത്ത സാഹചര്യത്തിൽ കുറഞ്ഞ ശതമാനം മാർക്കുകൾ വാങ്ങുവാനേ കഴിയുന്നുള്ളു. പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി നിലവാരം പുലർത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തപ്പെടുന്നു.

അങ്കണ വാടികളുടെ പ്രവർത്തനം വ്യാപകമാവുന്നതിനുമുമ്പ് പ്രീപ്രൈമറി രംഗത്ത് പ്രവർത്തിച്ചിരുന്ന കുടിപള്ളിക്കൂടങ്ങളും നിലത്തെഴുത്ത് ആശാൻമാരും ഇന്ന് അപ്രത്യക്ഷമായി തുടങ്ങി. കുട്ടികളുടെ ബുദ്ധി വികാസത്തിനു ഉപകരിക്കുന്ന കളികളിലൂടെ പഠനം രസകരമാക്കാൻ ഉതകുന്ന കളിക്കോപ്പുകളോ ഇതര സൗകര്യങ്ങളോ അങ്കണ വാടികളിൽ ഇല്ല എന്ന് ചൂണ്ടി കാണിക്കപ്പെടുന്നു. പ്രൈമറി തലംമുതൽ സെക്കണ്ടറി തലം വരെ ഭാഷകളുടേയും ശാസ്ത്രപാഠങ്ങളുടേയും അടിസ്ഥാനതത്വങ്ങൾ ഉറയ്ക്കാത്തതുമൂലം ഉയർന്ന തലങ്ങളിലേയ്ക്ക് വരും തോറും പാഠ്യവിഷയങ്ങളോടു വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന വിരക്തി ഇല്ലാതാക്കാനുള്ള നടപടികൾ അനുവർത്തിക്കപ്പെടുന്നില്ല. അതാത് വിഷയങ്ങൾക്ക് അവശ്യം വാങ്ങിയിരിക്കേണ്ട മാർക്ക് പോലും വാങ്ങാത്ത കുട്ടികളിൽ ബഹുഭൂരിപക്ഷത്തിനേയും സെക്കണ്ടറിതലം വരെ പ്രൊമോഷനിലൂടെ കടത്തിക്കൊണ്ടു പോകുമ്പോൾ അതത് വിഷയങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട നൈപുണികൾ അവഗണിക്കപ്പെടുകയാണ്. സ്ക്കൂളുകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അദ്ധ്യാപക-രക്ഷാകർതൃ സംഘടനകളിലൂടെ ജനകീയ ഇടപെടൽ സാദ്ധ്യമാക്കുകയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതുമാണ്. വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ വിവിധ സ്കൂളുകളെക്കുറിച്ച് ഗ്രാമസഭകളിൽ നടന്ന ചർച്ചകൾ മേൽ വിവരിച്ച ശോചനീയാവസ്ഥയിലേക്ക് വഴിതെളിച്ച പ്രശ്നങ്ങളെ സമഗ്രമായി വിലയിരുത്തുന്നവയായിരുന്നു. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളും അനുയോജ്യമായ പഠനപശ്ചാത്ത ലത്തിന്റെ അഭാവവും പ്രസ്തുത ചർച്ചകളിൽ വിലയിരുത്തപ്പെട്ടു.

## 1. സ്കൂൾ കെട്ടിടം

111 വർഷം മുതൽ പഴക്കമുള്ള പഞ്ചായത്തിലെ സ്കൂളുകളിൽ പലതും ജീർണ്ണിച്ച നിലയിലാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ആദ്യ സ്കൂളുകളായ കൂരോപ്പട കോത്തല എന്നിവിടങ്ങളിലെ സി.എം.എസ്. എൽ.പി.എസ്., പങ്ങട ഗവ. എൽ.പി. എസ്. എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ ഉണ്ടായേ തീരു. എരുത്തുപുഴ, ഇടയ്ക്കാട്ടുകുന്ന്, വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നതും സ്വന്തം കെട്ടിടം ഇല്ലാത്തതുമായ അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

നാളിതുവരെ ഒരു വിദ്യാലയം പോലും സ്ഥാപിക്കപ്പെടാത്ത 9-ാം വാർഡിൽ ഒരു എൽ.പി. സ്കൂളും, മൂന്നാം വാർഡിൽ ഒരു എൽ.പി.സ്കൂളും സ്ഥാപിക്കേണ്ടതാണ്. 7-ാം വാർഡിലെ ഗേൾസ് ഹൈസ്കൂൾ ഒരു മിക്സഡ് സ്കൂൾ ആക്കാനുള്ള നിർദ്ദേശങ്ങൾ ഉണ്ട്.

## 2. ഫർണിച്ചർ

പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും ആവശ്യത്തിന് ഫർണിച്ചർ ഇല്ലാ എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇവയ്ക്ക് ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

## 3. കുടിവെള്ളം

പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കുടിവെള്ളം എല്ലാ കാലത്തും ലഭ്യമല്ല. 1-ാം വാർഡിലെ ളാക്കാട്ടൂർ നോർത്ത് എൽ.പി.എസ്, 2-ാം വാർഡിലെ ളാക്കാട്ടൂർ ഗവ. എൽ.പി.എസ്. 4-ാം വാർഡിലെ കോത്തല ഗവ. എച്ച്.എസ്. 5-ാം വാർഡിലെ സി.എം.എസ്. എൽ.പി.എസ്. 6-ാം വാർഡിലെ പങ്ങട ഗവ. എൽ.പി.എസ്. 7-ാം വാർഡിലെ പങ്ങട സേക്രട്ട്

ഹാർട്ട് ഹേൾക് എച്ച്.എസ്. 16-ാം വാർഡിലെ സി.എം.എസ്. എൽ.എസ്. എന്നിവയിലെല്ലാം രൂക്ഷമായി കുടിവെള്ള പ്രശ്നം നേരിടുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകൾ പരാമർശിക്കപ്പെട്ടിരിക്കുന്നു. ഈ വിദ്യാലയങ്ങൾക്കെല്ലാം കുടിവെള്ളം ലഭ്യമാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കാവുന്നതാണ്.

### 4. കായിക വിനോദങ്ങൾ

1. കളിസ്ഥലം: ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ പോലും മത്സരത്തിന് യോഗ്യരായ ഒരു കായികതാരത്തിനെ പോലും നാളിതുവരെ സംഭാവന ചെയ്യാൻ കഴിയാത്ത ഈ പഞ്ചായത്തിന് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭാ ചർച്ചകളിലും പൊതുചർച്ചകളിലും ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. പഞ്ചായത്തിലെ ഒരു സ്കൂളുകളിലും പ്രത്യേകിച്ച് 2-ാം വാർഡിലെ ളാക്കാട്ടൂർ ഗവ. എൽ.പി.എസ്. 3-ാം വാർഡിലെ എം.ജി.എം. എച്ച്.എസ്.എസ്., 5-ാം വാർഡിലെ എൻ.എസ്.എസ്. കെ.എൽ.പി.എസ്., സി.എം.എസ്. എൽ.പി.എസ്. 7-ാം വാർഡിലെ സേക്രട്ട് ഹാർട്ട് ഗേൾസ് എച്ച്.എസ്. 10-ാം വാർഡിലെ സി.എം.എസ്., എൽ.പി.എസ്. എന്നിവിടങ്ങളിൽ കായിക പരിശീലനത്തിനുള്ള കളിസ്ഥലങ്ങൾ വേണ്ടത്ര ഇല്ല. മിക്ക സ്കൂളുകളിലും കളിസ്ഥലങ്ങളുടെ അപര്യാപ്തതയുണ്ട്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും കളിസ്ഥലങ്ങൾ വേണ്ട രീതിയിൽ നിർമ്മിക്കപ്പെടുവാനും സംരക്ഷിക്കപ്പെടുവാനും ഫലപ്രദമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കായികവിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൂട്ടുന്നതോടൊപ്പം, അത്‌ലറ്റിക്സ്, ഗെയിംസ്, അക്വാറ്റിക്സ് എന്നിവയിൽ വിദഗ്ധ പരിശീലനം നൽകുന്നതിനാവശ്യമായ ക്രമീകരണ ങ്ങളും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. സ്പോർട്സ് ഡെവലപ്പ്മെൻറിനുവേണ്ടി കായികാദ്ധ്യാപകരും ജനപ്രതിനിധികളും രക്ഷാ-കർതൃ പ്രതിനിധികളും അടങ്ങുന്ന ഒരു പഞ്ചായത്ത് തല സ്പോർട്സ് ഡെവല പ്മെൻറ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്.

## ലൈബ്രറി

വായനാശീലം കുറഞ്ഞു വരികയും ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളോട് പ്രതിപത്തി കൂടി വരികയും ചെയ്യുന്ന പ്രവണത നമ്മുടെ പഞ്ചായത്തിലും ഏറി വരുന്നതായും കുട്ടികളുടെ ബൗദ്ധിക വളർച്ചയ്ക്ക് അനുപേക്ഷണീയമായ വായനാശീലം വളർത്തിയെടുക്കുന്നതിലേയ്ക്ക് നിലവിലുള്ള സ്കൂൾ ലൈബ്രറി സംവിധാനം വിപുലപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കാൻ ഉതകുന്ന കർമ്മ പരിപാടികൾക്ക് പഞ്ചായത്ത് തലത്തിൽ പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്.

ദൃശ്യശ്രവണ മാദ്ധ്യമങ്ങൾ: പാഠ്യവിഷയങ്ങളെ സംബന്ധിച്ചുള്ള ചിത്രങ്ങളും സ്ലൈഡും പ്രദർശിപ്പിക്കുന്നതിനായി ദൃശ്യ ശ്രവണ മാദ്ധ്യമങ്ങൾ ഏർപ്പെടുത്തുവാനുള്ള ശ്രമങ്ങൾ പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കാവുന്നതാണ്.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസത്തിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലും സംസ്ഥാനത്തെ ഇതര മേഖലകളെ അപേക്ഷിച്ച് നാം ഇന്നും ബഹുദൂരം പിന്നിലാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 4-ാം വാർഡിലുള്ള വൊക്കേഷണൽ എച്ച്.എസ്.എസ്. മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിലും-സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന ഏക സ്ഥാപനം. ഈ സ്കൂളിലാവട്ടെ ആവശ്യമായ അദ്ധ്യാപകരോ പഠന സാമഗ്രികളോ ഇല്ല എന്നും ചൂണ്ടിക്കാണിക്കുന്നു. പഞ്ചായത്തിലെ ഇതര വാർഡുകളിലും കൂടി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുതകുന്ന വൊക്കേഷണൽ എച്ച്.എസ്.എസ്. ആരംഭിക്കുകയും പൊതുജനങ്ങൾക്കും കൂടി ഉപയോഗപ്രദമാകുന്ന പരിശീലനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിക്കപ്പെടുന്നു.

കായികവിദ്യാഭ്യാസ രംഗത്തെന്നതുപോലെ തന്നെ കലാ-സാഹിത്യ സാംസ്കാരിക രംഗങ്ങളിലും വിദ്യാർത്ഥികൾക്ക് അറിവ് പകർന്നുകൊടുക്കാൻ ഉതകുന്ന ചിട്ടപ്പെടുത്തിയ സംവിധാനങ്ങളൊന്നും നമ്മുടെ സ്കൂളുകളിൽ നിലവിൽ ഇല്ല. സ്കൂൾ തലത്തിലും സബ് ജില്ലാ റവന്യൂ ജില്ലാ തലത്തിലും നടത്തപ്പെടുന്ന മത്സരങ്ങളിൽ പങ്കെടുത്തു കഴിയുന്നതോടെ ഇത് സംബന്ധിച്ച പ്രവർത്തനങ്ങളും അവസാനിക്കുകയാണ് പതിവ്. സംഗീതം, ചിത്രമെഴുത്ത് എന്നിവയ്ക്ക് നിലവിലുള്ള സംവിധാനത്തിൽ മിക്ക സ്കൂളുകളിലും അദ്ധ്യാപകർ നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആസൂത്രിതമായ ഒരു പാഠ്യക്രമം പുലർത്തിപ്പോരുന്നതായി വിലയിരുത്തപ്പെട്ടിട്ടില്ല. ഈ വിഷയങ്ങളിലെ അദ്ധ്യാപകരുടെ സേവനം പൂർണ്ണമായി വിനിയോഗിക്കപ്പെടുവാനുള്ള പ്രവർത്തനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

അതോടൊപ്പം തന്നെ എൻ.സി.സി., സ്കൗട്ട് ജൂനിയർ റെഡ്ക്രോസ് എന്നിവയിലൂടെ അച്ചടക്കബോധവും സാമൂഹ്യ സേവനത്തിനുള്ള മാനസികാവസ്ഥയും വളർത്തിയെടുക്കാനുള്ള സംരംഭങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ കടന്നുകയറ്റം മൂലം അന്യമായിക്കൊണ്ടിരിക്കുന്ന നമ്മുടെ തനത് സംസ്കാരത്തെക്കുറിച്ച് അറിവും ആദരവും വളർത്താനുപകരിക്കുന്ന ബോധവൽക്കരണ സദാചാര ക്ലാസ്സുകൾ ഭാവി ജീവിതത്തിനുപകരിക്കുന്നതും തങ്ങളുടെ അഭിരുചിക്കിണങ്ങുന്നതുമായ തൊഴിലുകൾ സ്വീകരിക്കുന്നതിനും സ്കൂളുകളോടനുബന്ധിച്ച് പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകരുടെ നേതൃത്വത്തിൽ കരിയർ ക്ലബ്ബുകൾക്ക് ര[illegible]ാടുക്കാവുന്നതാണ്. ഈ കരിയർ ക്ലബ്ബുകളോടൊപ്പം തന്നെ കമ്പ്യൂട്ടർ അവയർനസ് ക്ലാസ്സുകളും സ്റ്റഡി ടൂറും സംഘടിപ്പിക്കാവുന്നതാണ്. ഭാഷാ നൈപുണി വർദ്ധിപ്പിക്കുന്നതിലേക്ക് ഭാഷകളിൽ ബിരുദമോ ബിരുദാനന്തര ബിരുദമോനേടിയ അദ്ധ്യാപകരെ മാത്രം നിയോഗിക്കപ്പെടേണ്ടതാണെന്ന് ചർച്ച ചെയ്യപ്പെട്ടു. കൂടാതെ അവധി മൂലം ഉണ്ടാകുന്ന ഒഴിവുകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ താല്കാലികാടിസ്ഥാനത്തിൽ നിയമിച്ച്പാഠ്യ ഭാഗങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകേണ്ടതാണെന്ന് പൊതു നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

സാക്ഷരതാ പ്രവർത്തന കാലത്ത് അക്ഷരങ്ങളുടെ ലോകത്തേയ്ക്ക് കൊണ്ടുവരപ്പെട്ടവരും തുടർ സാക്ഷരതാ പ്രവർത്തനങ്ങളിലെ മാന്ദ്യം മൂലം നിരക്ഷരതയിലേക്ക് പോയ ആളുകൾക്ക് ഉതകുന്ന ഒരു തുടർ വിദ്യാഭ്യാസ പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കപ്പെടേണ്ടതാണെന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ട്.

ശാസ്ത്രവിഷയങ്ങളിൽ നൈപുണി വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കോളജുകളിൽ പഠിപ്പിക്കുന്ന സന്നദ്ധതയുള്ള അദ്ധ്യാപകരുടെ സഹകരണത്തിൽ സ്കൂളുകളിൽ പ്രത്യേക പരിശീലനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതുമാണ്.

## വിദ്യാഭ്യാസം

### ജനറൽ

1. സ്കൂൾ കെട്ടിടങ്ങളുടേയം കളിസ്ഥലങ്ങളുടേയും പോരായ്മയോടൊപ്പം പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ട മുത്രപ്പുര കക്കൂസ് എന്നിവയുടെ പോരായ്മയെ കുറിച്ച് ഗ്രാമസഭ റിപ്പോർട്ടുകളിലും പൊതുനിർദ്ദേശങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരകൾ ഉണ്ടെങ്കിലും മിക്കവയിലും വാട്ടർ കണക്ഷൻ നൽകപ്പെട്ടിട്ടുള്ളവയല്ല. യു. പി., ഹൈസ്കൂൾ എച്ച്. എസ്. എസ്. എന്നീ തലങ്ങൾ ഉള്ള സ്കൂളുകളിൽ വാട്ടർ ക്ലോസൈറ്റുകൾ ഉള്ളിടത്ത് മുറികളുടെ അഭാവം വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും പെൺകുട്ടികൾക്ക് ആരോഗ്യപരമായ പല പ്രശ്നങ്ങൾ ഉളവാക്കുവാൻ സാദ്ധ്യതയുള്ളതാണ്. ആരോഗ്യപരമായ ജീവിത്തതിനുതകുന്ന ശാരീരിക ശുചിത്വത്തെക്കുറിച്ചും പരിസരശുചിത്വത്തെക്കുറിച്ചും അറിവ് നൽകുന്ന ഗ്രന്ഥങ്ങളും വീഡിയോ കാസറ്റുകളും ബോധവൽക്കരണവും മുഖേന ശുചിത്വബോധം വളർത്തുകയും തദനുസൃതമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

2. എൻ.സി.ഇ.ആർ.ടി. സിലബസ് പ്രകാരമുള്ള ശാസ്ത്രവിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് നേടിക്കൊടുക്കുന്ന പ്രായത്തിൽ തന്നെ പാഠ്യഭാഗങ്ങളിൽ വിവരിക്കുന്ന ലാബോറട്ടറി ഉപകരണങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി യു. പി. ഹൈസ്കൂൾ തലങ്ങളിൽ ഒരു ലാബോറട്ടറിയും ഭൂമിശാസ്ത്രവും ചരിത്രപരവുമായ വിഷയങ്ങൾക്കായി ഒ.എച്ച്.പി., വീഡിയോ കാസറ്റുകൾ തുടങ്ങിയവും ഉപയോഗിക്കാവുന്നതാണ്.

3. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപക-രക്ഷാകർത്തൃസംഘടനകൾക്ക് നിയമ പ്രകാരം രൂപം കൊടുക്കാറുണ്ടെങ്കിലും മാതൃസംഘങ്ങൾ നടത്താറുണ്ടെങ്കിലും ഇവ കൊണ്ടുള്ള പ്രയോജനം പൂർണ്ണമായും ഫലവത്തായി തീർന്നിട്ടില്ല. പഠനങ്ങളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളുടെ മാതാപിതാക്കളും അദ്ധ്യാപകരും ഒത്തുചേർന്നു പരിഹാരബോധനത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട അഭ്യസ്ഥവിദ്യരായ മാതാപിതാക്കളുടെ കുട്ടികൾക്ക് വിദ്യാഭ്യാസകാര്യത്തിൽ നൽകുന്ന ശ്രദ്ധ ബഹുഭൂരിപക്ഷത്തിനും ഇനിയും ലഭിച്ചു തുടങ്ങിയിട്ടില്ല. 5 വയസ്സു പൂർത്തിയായ എല്ലാ കുട്ടികളേയും ക്ലാസ്സുകളിൽ എത്തിക്കുവാനും സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയുവാനും രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് പഞ്ചായത്തുതല വിദ്യാഭ്യാസസമിതി ശ്രദ്ധിക്കേണ്ടതാണ്. പട്ടികജാതി/ പട്ടികവർഗ്ഗത്തിൽ പെട്ട കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേകബോധവൽക്കരണ ക്ലാസ്സുകൾ നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

4. ഉച്ചക്കഞ്ഞി: പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണത്തിന് നേരിടുന്ന പ്രശ്നങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിലുടനീളം നിഴലിക്കുന്നു. പഞ്ചായത്തിലെ ഏറ്റവും ആദ്യത്തെ സ്കൂളുകളിൽ ഒന്നായ കൂരോപ്പട സി. എം. എസ്. എൽ. പി. എസിൽ ഉച്ചക്കഞ്ഞി വിതരണത്തിന് പാത്രങ്ങൾ ഇല്ല. എന്ന് തുടങ്ങി ഇത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഒട്ടനവധിയാണ്. ഉച്ചക്കഞ്ഞി വിതരണം സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്കും പരാതികൾക്കും പഞ്ചായത്ത് തല വിദ്യാഭ്യാസസമിതി

ബന്ധപ്പെട്ട പി.ടി.എ. കൾ മുഖേന പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ചർച്ച ചെയ്യപ്പെട്ടു.

പാഠ്യേതര പ്രവർത്തങ്ങൾ :

1. Earn while you learn എന്ന പ്രയോഗം സാർത്ഥകമാകണമെങ്കിൽ അതിനുള്ള സാഹചര്യങ്ങൾ സ്കൂൾ തലത്തിൽ ലഭ്യമായേ തീരൂ. കുടുംബ വരുമാനത്തിനു വേണ്ടി വിദ്യാഭ്യാസം നിർത്തി വച്ച് ജോലികൾ തേടുന്ന കുട്ടികളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായിട്ടാണെങ്കിൽ പോലും നിലനിൽക്കുന്നു എന്നു പൊതു നിർദ്ദേശങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടു. പഠനോപകരണങ്ങളുടെ സമ്പാദനത്തിനും യൂണിഫോം കുട എന്നിവയുമായി ചെറിയ സംഖ്യകൾ സ്വരൂപിക്കാൻ കഴിയുന്ന തൊഴിൽ പരിശീലനം പഞ്ചായത്തിലെ സ്കൂളുകളിൽ ഇപ്പോൾ നൽകപ്പെടുന്നില്ല. നോട്ടുബുക്ക് നിർമ്മാണം, പ്ലെയിൻ കവർ നിർമ്മാണം, റിഫീൽ, കുട നിർമ്മാണം, ഫയൽ നിർമ്മാണം എന്നിവയ്ക്കായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടാൽ കൊഴിഞ്ഞു പോക്ക് തടയുവാൻ തൊഴിലിന്റെ മാന്യത ബോധ്യപ്പെടുത്തി കൊടുക്കുവാനും കഴിയുമെന്ന് ഗ്രാമസഭ ചർച്ചകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തു തല വിദ്യാഭ്യാസസമിതികൾ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുവാനും നേതൃത്വം നൽകുവാനും കഴിയണം.

2. സംസ്ഥാന കൃഷിവകുപ്പിന്റെ സഹകരണത്തിലും മേൽനോട്ടത്തിലും ആരംഭിച്ച സ്കൂൾ ഫാർമേഴ്സ് ക്ലബ്ബ് മിക്കയിടങ്ങളിലും ഫലപ്രദമായിരുന്നുവെങ്കിലും പലയിടത്തു ഇപ്പോൾ നിഷ്ക്രിയമാണ്. കാർഷിക പശ്ചാത്തലത്തിൽ നിന്നുമെത്തുന്ന ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും കാർഷികവൃത്തിയോടുള്ള ആദരവു നിലനിർത്താനും മാതാപിതാക്കൾ ചെയ്തു പോരുന്ന ജോലിയുടെ അടിസ്ഥാനതത്വങ്ങൾ ഗ്രഹിക്കുവാനും സ്കൂൾ വളപ്പിലെ പച്ചക്കറികൃഷി ഉദ്യാനകൃഷി, വീട്ടിൽ ഒരു പച്ചക്കറി തോട്ടം എന്നിവ കൃഷി വകുപ്പിന്റേയും പഞ്ചായത്ത് തല വിദ്യാഭ്യാസസമിതിയുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കാവുന്നതാണ്.

## പാഠ്യാനുബന്ധം

കലാസാഹിത്യരംഗത്തേയും പൊതു ജീവിതരംഗത്തേയും പ്രതിഭകളുമായി പരിചയപ്പെടാനും ആശയവിനിമയം ചെയ്യുവാനും ഉതകുന്ന കവിയരങ്ങ്, കഥയരങ്ങ് മുഖാമുഖം എന്നിവ സംഘടിപ്പിക്കുക വഴി രക്ഷകർത്താക്കൾക്ക് പ്രചോദനം ഉളവാക്കുവാനും ആത്മവിശ്വാസം നൽകുവാനും കഴിയും. ഉച്ചാരണശുദ്ധിക്കും പദശുദ്ധിക്കും ഉതകുന്ന അക്ഷരശ്ലോക കാവ്യകേളി സദസ്സും സംഘടിപ്പിക്കാവുന്നതാണ്.

കുട്ടികളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പണമിടപാടുകളിലെ അടിസ്ഥാനതത്വങ്ങൾ പരിചയപ്പെടുത്തുന്നതിനും വേണ്ടി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സഞ്ചയിക തുടങ്ങിയ സമ്പാദ്യ പദ്ധതികൾ മിക്കതും പ്രവർത്തനരഹിതമായി കഴിഞ്ഞു. ഇതിലേയ്ക്കാവശ്യമായ പുനരുദ്ധാരണ നടപടികൾ കൈക്കൊള്ളാവുന്നതാണ്. ✳

# 1.6

# കുടിവെള്ളം - ആരോഗ്യം

കൂരോപ്പട എന്ന പ്രകൃതിസുന്ദരമായ കൊച്ചുഗ്രാമം. 10 വാർഡുകളായി തിരിച്ച് 22750 ഓളം ജനങ്ങൾ ആയി വസിക്കുന്നു. ഇവരുടെ ആരോഗ്യത്തിന്റെ മുഖ്യ ഘടകമാണ് ശുദ്ധമായ വെള്ളം. ഇതിലെക്കായി മിക്കവരും കിണറുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. അടുത്ത 5 വർഷത്തിനുള്ളിൽ ഇതിന് ശാശ്വതപരിഹാരം കാണേണ്ടിയിരിക്കുന്നു. ഇതിനായി ശുദ്ധജലം ലഭ്യമല്ലാത്ത ഉയർന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. ആയതിലേക്ക് നിലവിലുള്ള പൊതുകുടിനീർ സ്രോതസ്സുകളുടെയും, പദ്ധതികളുടെയും വിശദമായ വിലയിരുത്തൽ വേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ നിന്നും വന്ന അഭിപ്രായങ്ങൾ പരിശോധിച്ചാൽ അതാതു വാർഡുകളിലെ കുടിവെള്ള പ്രശ്നങ്ങളെക്കുറിച്ചും, പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും മനസ്സിലാക്കുവാൻ സാധിക്കും.

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും 200 മീറ്റർ ദൂരപരിധിക്കുള്ളിൽ ശുദ്ധജലം എത്തിക്കുക എന്നുള്ളതായിരിക്കണം നമ്മുടെ ചരമമായ ലക്ഷ്യം. ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിൽ വരുത്തുക. ഗവൺമെൻറിന്റെ കീഴിലുള്ള പദ്ധതികൾ എത്രയും വേഗം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

പുതിയതായുള്ള ചെറുകിട പദ്ധതികളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും, അതിൽ നിന്നുമുള്ള ജലവിതരണം നീതിപൂർവ്വമാക്കുകയും വേണം. ആവശ്യമെന്നു കണ്ടാൽ പാറമടകൾ വേലികെട്ടി സംരക്ഷിച്ച് മഴവെള്ളം ശേഖരിക്കുവാനുള്ള സംവിധാനമാക്കി മാറ്റണം.

കേടുവന്ന വാട്ടർ ടാപ്പുകളും, കുഴൽകിണറുകളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമമാക്കുക.

എല്ലാ പൊതുകിണറുകളും വലയിട്ടുമൂടി സംരക്ഷിക്കണം.

കുടിവെള്ളക്ഷാമമുള്ള വാർഡുകളിൽ ചുരുങ്ങിയത് ഒരു പൊതുകിണറെങ്കിലും നിർമ്മിക്കുക.

ചെറിയ പദ്ധതികൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ഇതിന്റെ ഗുണഭോക്താക്കൾ ആണ്.

**പൊതുകിണറുകൾ**

| | |
|---|---|
| വെള്ളം ഉള്ളത് | 16 |
| വെള്ളം ഇല്ലാത്തത് | 2 |

**കുഴൽക്കിണറുകൾ**

| | |
|---|---|
| വെള്ളം ഉള്ളത് | 18 |
| ഇല്ലാത്തത് | 1 |

സർക്കാർ വകുപ്പിൽ നിന്നും 12 കോടി രൂപ മുടക്കി പണി നടത്തിക്കൊണ്ടിരിക്കുന്ന താപ്പുഴ പദ്ധതി കൂരോപ്പട, മീനടം, പാമ്പാടി, അയർക്കുന്നം എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലവിതരണത്തിന് ശാശ്വതപരിഹാരം കാണുന്നതിനുള്ളതാണ്. അതിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു.

നല്ല ജലശേഷിയുള്ള കുളങ്ങളിൽ നിന്നും, സമീപത്തുള്ള ഉയർന്ന സ്ഥലത്തുണ്ടാക്കുന്ന ഗ്രൗണ്ട് ലവൽ ടാങ്കിലേയ്ക്ക് ജലം പമ്പുചെയ്ത് വിതരണം നടത്താവുന്ന ചെറുപദ്ധതികൾ നടപ്പാക്കുക, പുതിയ കിണറുകളൊ, കുഴൽകിണറുകളൊ കുഴിക്കുക, നിലവിലുള്ള സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കുവാനും വിതരണം വ്യാപിപ്പിക്കുവാനുമുള്ള പദ്ധതികളും, അരുവികളിലെ നീരൊഴുക്കുകാലം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടതാണ്.

**കേരള വാട്ടർ അതോറിട്ടി**

| | |
|---|---|
| പൊതുടാപ്പ് | 20 |
| ഹൗസ് കണക്ഷൻ | 10 |

പുതിയ പദ്ധതിയുടെ നിർമ്മാണവും, സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ആയിരിക്കേണ്ടതും, വകുപ്പുദ്യോഗസ്ഥന്മാരുടെ വിദഗ്ധോപദേശം ആരായേണ്ടതും, ആവശ്യമായ ഫണ്ട് ശേഖരണത്തിന് ധനകാര്യസ്ഥാപനങ്ങളെ സമീപിക്കേണ്ടതുമാണ്.

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങളും |
|---|---|---|
| I | കണ്ണൻകുന്ന്, പുതുക്കുളം, ചായംവേങ്ങ, ക്പ്പലുമാംതോട്ടം സ്കൂൾ, മണ്ണനാൽ തോടിനു വടക്കുഭാഗം, ചേപ്പുംപാറ, താന്നിക്കുന്ന്, കടിനാട് | കുഴികണ്ടം-താന്നിക്കുന്ന് ജല പദ്ധതി നടപ്പാക്കുക, മണ്ണനാൽ തോട്-ചായം-വേങ്ങയിൽ പദ്ധതി, മണ്ണനാൽ തോടിനു സമീപമുള്ള പൊതുകുളം നന്നാക്കി കുടിയനാട് ഭാഗത്ത് ടാങ്ക് കെട്ടി ജലം ശേഖരിച്ച് വിതരണം നടത്തുക. മുട്ടിത്തോട്ടിൽ തടയണകൾ നിർമ്മിക്കുക, ചേപ്പുംപാറ, മണ്ണനാൽ തോട് അങ്കൻവാടിക്കു സമീപം കുഴൽകിണറുകളും നിർമ്മിക്കുക. |
| II | മാങ്കുന്ന്, പുതുക്കുളം, വയലിൽ ഭാഗം, മഠത്തിൽ ഭാഗം, പറപ്പാട്ടുഭാഗം, കൊല്ലൻകുന്ന്, ചെന്നലം, പുലിയുറുമ്പ് എന്നീ ഭാഗങ്ങൾ | വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമമല്ലാത്ത പൈപ്പുകൾ മാറ്റി സ്ഥാപിക്കുക. ചെന്നലകുന്നിലും, പുതുക്കളത്തും, മാങ്കുന്നിലും ടാങ്കുകൾ നിർമ്മിക്കുക, പുലിയുറുമ്പിനു വേണ്ടി പ്രത്യേക പദ്ധതി, എണ്ണച്ചിറ ഭാഗത്ത് കുളം നിർമ്മിക്കുക, മാമ്പുഴയ്ക്കൽ കോളനി, ഗവ. എൽ.പി.എസ്. എന്നിവിടങ്ങളിൽ കുഴൽ കിണർ. |
| III | കണ്ണാടിപ്പാറ കോളനി കൊച്ചു പറമ്പ്, കാരിമല മുങ്ങാക്കുഴി, കണിപറമ്പ് മൈലാടി | കെ.ഡബ്ല്യു.എ. പദ്ധതിയുടെ പൈപ്പ് ലൈനുകൾ നീട്ടുക. മുങ്ങാക്കുഴി കോളനിയിലെ പൊതുകിണർ വൃത്തിയായി സൂക്ഷിക്കുക. പന്നഗംതോടിനു ചെക്ക് ഡാമുകൾ നിർമ്മിക്കുക, കുട്ടത്തിനാൽ ഭാഗത്തെ കുളങ്ങൾ വൃത്തിയാക്കി മാമ്പ്ര കുന്നിൽ ടാങ്ക് കെട്ടുക. കണക്കൻ ചേരി, മുങ്ങാക്കുഴി കോളനി ഇവിടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക. |
| IV | കാവനാട്, തോണിപ്പാറ, കരിമ്പീച്ച ഭാഗം, ഇടയ്ക്കാട്ടുകുന്ന്, അഴകൻ തകിടി ഭാഗങ്ങൾ | മാടപ്പാട് അമ്പലത്തിനു സമീപം പുതുക്കുളം, കാവനാട് ഭാഗത്ത് ടാങ്ക് കെട്ടുക. തോട്ടുങ്കൽ ഭാഗത്ത് കുളം, ഇടയ്ക്കാട്ടുകുന്ന് ഭാഗത്ത് ടാങ്ക് കെട്ടുക, വാണിയപ്പുര അഴകൻ തകിടി, ഇടയ്ക്കാട്ടുകുന്ന് എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക. |
| V | തോണിപ്പാറ, മൂത്തേടത്തുഭാഗം, പനയ്ക്കുകുന്ന്, കൊച്ചാലുങ്കൽ ഭാഗം, ലക്ഷം വീട്, മാക്കൽപ്പടി എന്നീ ഭാഗങ്ങൾ. | തോണിപ്പാറ വാട്ടർസപ്ലൈസ്കീം വിപുലീകരിക്കുക. പുളിമൂട് ഭാഗത്ത് കുളം നിർമ്മിച്ച് കൊച്ചുപറമ്പു ഭാഗത്ത് ടാങ്ക് നിർമ്മിക്കുക. ലക്ഷംവീട്, പുളിമൂട്, കൊച്ചാലുങ്കൽ ഭാഗം എന്നീ പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിക്കണം. |
| VI | കൂരോപ്പട, മാതൃമല, തോട്ടപ്പള്ളി, വിലങ്ങുപാറ, പാറാമറ്റം | മാതൃമല ഭാഗത്തുള്ള ജലസ്രോതസ്സ് സംരക്ഷിക്കുക, കാവുംപുറം ഭാഗത്ത് കുളം നിർമ്മിക്കുക, ളാക്കാട്ടൂർ കവലയ്ക്കു സമീപമുള്ള കുളം സംരക്ഷിക്കുക, മീന്തത്തിക്കൽ ഭാഗത്തുള്ള പാറമട സംരക്ഷിക്കുക, വാർഡിലുള്ള കുഴൽ കിണറുകൾക്ക് ഹാൻഡ് പമ്പ് വയ്ക്കുക. |
| VII | ഐരുമല, പുളിക്കത്തടം, പവ്വത്ത് മൂത്തേടം, വരിക്കപ്ലാക്കൽ, കുപ്പത്താനം | മൈനർ ഇറിഗേഷന്റെ കീഴിൽ കോഴിക്കോട്ടു പാടത്തു പണിതിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതി പഞ്ചായത്ത് എടുത്ത് കാര്യക്ഷമമാക്കണം. മാക്കൽ |

| | | |
|---|---|---|
| | | പടിക്കൽ കുളം നിർമ്മിച്ച്, പവ്വത്ത് ഭാഗത്ത് ടാങ്ക് നിർമ്മിക്കണം. |
| VIII | തകിടിഭാഗം, കാര്യാട്ട് ഭാഗം, കണിയാൻ കുന്ന്, ചാത്തനാപതാൽ എന്നീ ഭാഗങ്ങൾ | തോട്ടുങ്കൽ ജലപദ്ധതി, പനയ്ക്കൽ പറമ്പ് പദ്ധതി ഇവ എത്രയും വേഗം നടപ്പാക്കണം. കാര്യാട്, തകിടി, കണിയാൻകുന്ന് എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കണം. |
| IX | കോയിത്താനം, വലിയപാറപുള്ളോലിക്കൽ ലക്ഷം വീട്, ചാത്തനാപതാൽ, എലിമുള്ളാംകുഴി, പുളിക്കാശ്ശേരി ഭാഗങ്ങൾ | കോത്തലച്ചിറ ജലപദ്ധതി എത്രയും വേഗം നടപ്പാക്കുക, വലിയപാറ ഹരിജൻ കോളനിക്കുവേണ്ടിയുള്ള രാജീവ് ഗാന്ധി ജലപദ്ധതി, എലിമുള്ളൻ കുഴി, പച്ചനാകുഴി, കുപ്പമല എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക, മലയിൽ ഭാഗം. |
| X | പറയരുകുന്ന്, തൈത്തോട്ടം, മരത്തണ്ണൂർ, പുതുവയൽ, പുളവൻമല | പുതുവയൽ ഭാഗത്ത് കുളംകുത്തി, ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തണം. കോത്തലച്ചിറ പദ്ധതി പറയരുകുന്ന് ഭാഗത്തേക്കുകൂടി വ്യാപിപ്പിക്കണം. മണ്ണാത്തിപ്പാറയിൽ ഉള്ള കുളങ്ങൾ സംരക്ഷിച്ച് ശുദ്ധജലവിതരണത്തിന് അനുയോജ്യമാക്കണം. |

വാർഡ് I. രണ്ടു ച.കി.മീറ്റർ വിസ്തീർണ്ണമുള്ള ഈ വാർഡ്, ഏറിയ പ്രദേശത്തും ജലക്ഷാമം അനുഭവിക്കുന്നു. പ്രശ്നപരിഹാരത്തിനായി കുഴികണ്ടം-താന്നിക്കുന്ന്, രാജീവ്ഗാന്ധി ജലപദ്ധതിയുടെ എ.എസും, ടിഎസും ഉടൻ തന്നെ എടുപ്പിക്കണം ഈ സ്ഥലത്ത് സൗജന്യമായി ലഭിച്ച 2 സെൻറ് സ്ഥലത്ത് ജനപങ്കാളിത്തത്തോടുകൂടി ഒരുകുളം നിർമ്മിച്ച്, ഇതിനു സമീപം തന്നെ ഉയർന്ന പ്രദേശമായ താന്നിക്കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലം ശേഖരിച്ച് വിതരണം ചെയ്താൽ വാർഡിൻെറ തെക്കുപടിഞ്ഞാറൻ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. മണ്ണതാൽ തോട്, ചായവേങ്ങയിൽ ജലപദ്ധതി, മണ്ണനാൽതോട് ജംഗ്ഷനു സമീപമുള്ള ഒലി ജനപങ്കാളിത്തത്തോടുകൂടി ഒരു കുളമാക്കി സംരക്ഷിച്ച് ഇതിനു തുണയായി താഴെ ഭാഗത്ത് ചെക്ക് ഡാം നിർമ്മിച്ച് ജലനിരപ്പ് നിലനിർത്തുകയും, ചായംവേങ്ങയിൽ ടാങ്ക് നിർമ്മിച്ച് ജലം ശേഖരിച്ച് വിതരണം നടത്തിയാൽ വാർഡിൻെറ വടക്കുകിഴക്കുഭാഗത്തെ ജലക്ഷാമത്തിന് പരിഹാരമാകും. അതുപോലെ തന്നെ മണ്ണനാൽ തോടിനു സമീപം ഉള്ള പൊതുകുളം വൃത്തിയാക്കി, കുടിയനാട്ടു ഭാഗത്തു ടാങ്ക് കെട്ടി ജലം ശേഖരിച്ചാൽ ഈ പ്രദേശത്തുകാരുടെ കുടിവെള്ളപ്രശ്നമൊഴിച്ച് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. മുട്ടിത്തോട്ടിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലം ശേഖരിച്ചു നിർത്തിയാൽ സമീപപ്രദേശത്തെ കിണറുകളിലെ ജലനിരപ്പ് ഉയർത്തുന്നതിന് സഹായിക്കും. തോട്ടിലെ ജലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാം.

വാർഡ് II. പുതുക്കുളം, പറപ്പാട്, വയലിൽ ഭാഗം, കൊല്ലൻകുന്ന്, മഠത്തിൽ, ചെന്നലം, പുലിയുറുമ്പ്, മാങ്കുന്ന് എന്നീ ഭാഗങ്ങളിൽ അതിരൂക്ഷമായ ജലക്ഷാമം ഉണ്ട്. ഈ ഭാഗങ്ങളിൽ ഉള്ള വാട്ടർ അതോറിട്ടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം. ചെന്നലകുന്നിൽ ടാങ്ക് നിർമ്മിച്ച് ജലം ശേഖരിച്ച് വിതരണം ചെയ്യണം. ളാക്കാട്ടൂർ കവലക്കു സമീപത്ത് കുളം നിർമ്മിച്ച് പുലിയുറുമ്പുകുന്നിൻെറ മുകളിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുന്നതിന് പുലിയുറുമ്പ് ജലപദ്ധതി ഉണ്ടാക്കണം. മാങ്കുന്ന് ശുദ്ധജലവിതരണപദ്ധതി നടപ്പാക്കണം. വാട്ടർഷെഡ് പദ്ധതിയിൽ വാർഡിനെ മുഴുവനായും ഉൾപ്പെടുത്തുകയും, എണ്ണച്ചിറഭാഗത്ത്കുളം നിർമ്മിച്ച് ശുദ്ധജലവിതരണത്തിന് യോഗ്യമാക്കണം. കണ്ണൻകുന്നിലുള്ള പൊതുകിണർ ഉപയോഗയോഗ്യമാക്കണം. പുതിയതായി ഒരു കിണർ കുഴിക്കണം. മാമ്പുഴക്കൽ കോളനി എൽ.പി.എസ്. കുഴിപ്പള്ളി എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കണം, മാത്രമാണ് പദ്ധതി നടപ്പാക്കണം.

വാർഡ് III. പന്നകം തോട്ടിൽ 4 ചെക്ക് ഡാമുകൾ നിർമ്മിക്കണം. ചേറയ്ക്കൽ തോട്ടിൽ കള്ളിയാട്ടുഭാ

ഗത്തും തടയണ വേണം. പഞ്ചായത്തിലെ ഏക കെ.ഡബ്ല്യു.എ. പദ്ധതിയുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. കേടായ പൈപ്പുകൾ ഉടൻ തന്നെ മാറ്റണം. കണ്ണാടിപ്പാറ കോളനി, കാരിമല, കണി പറമ്പ് എന്നിവിടങ്ങളിൽ വേണ്ട പൊതു ടാപ്പുകൾ സ്ഥാപിക്കണം. ജലസംഭരണിയിൽ. വേനൽക്കാലത്തും അനുഭവപ്പെടുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിന് അതിനു സമീപം ചെക്ക് ഡാമുകൾ നിർമ്മിക്കണം. കുട്ടത്തിനാൽ ഭാഗത്തെ കുളം സംരക്ഷിച്ച് മാമ്പ്ര കുന്നിൻ ടാങ്ക് പണിത് ജലവിതരണം നടത്തണം. വാർഡിലുള്ള പൊതു കിണറുകൾ നന്നാക്കണം. പുതിയതായി 3 കിണറുകളെങ്കിലും കുഴിക്കേണ്ടതുണ്ട്. കണ്ണാടിപ്പാറയിൽ അനുവദിച്ചിട്ടുള്ള കുഴൽ കിണർ എത്രയും വേഗം നിർമ്മിക്കണം. കണക്കൽചേരിഭാഗത്ത് പുതിയതായി കുഴൽകിണർ നിർമ്മിക്കണം.

വാർഡ് IV. മാടപ്പാട്ട് അമ്പലത്തിനു സമീപം കുളം കുത്തി, കാവനാട്ടു ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ജലം വിതരണം ചെയ്യുക. തോട്ടുങ്കൽ കുളം കുത്തി ഇടയ്ക്കാട്ടുകുന്നിൽ ടാങ്ക് നിർമ്മിച്ച് ജലം വിതരണം ചെയ്യുക. പൊതുകിണറുകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. വാണിയപ്പുര, തോണിപ്പാറ, അഴകൻ തകിടി, കരിമ്പീച്ചി എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുകയും വേണം.

വാർഡ് V. തോണിപ്പാറ വാട്ടർ സപ്ലൈ സ്കീം വിപലുപ്പെടുത്തുക, പുളിമൂട് ഭാഗത്ത് കുളം നിർമ്മിക്കുകയും കൊച്ചുപറമ്പുഭാഗത്ത് ടാങ്ക് കെട്ടി ജലം ശേഖരിച്ച് വിതരണം നടത്തുകയും വേണം. മൂത്തേടത്തുഭാഗം, മനയ്ക്കൽ കുന്ന്, കൊച്ചാലുംമൂട്, പുളിമൂട്, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കണം.

വാർഡ് VI. മാതൃമലഭാഗത്തെ സാധാരണജലം ടാങ്ക് കെട്ടിശേഖരിച്ച് വിതരണം ചെയ്യണം. താന്നിവയൽ കാവുംപുറം ഭാഗത്തെ കുളം വൃത്തിയാക്കി സൂക്ഷിക്കുകയും സമീപത്ത് ടാങ്ക് കെട്ടി ജലം ശേഖരിച്ച് വിതരണം നടത്തുക. ളാക്കാട്ടൂർ കവലയ്ക്കു സമീപമുള്ളകുളം വൃത്തിയാക്കുകയും കുടിവെള്ളത്തിന് ഉതകുന്ന രീതിയിൽ സംരക്ഷിക്കുകയും വേണം. മീന്തത്തിക്കൽ ഭാഗത്തെ പാറമട സംരക്ഷിക്കുക, പങ്ങട എൽ.പി.എസ്., തോട്ടപ്പള്ളി, മുതിയൽപടി എന്നിവിടങ്ങളിലെ കുഴൽകിണറുകൾക്ക് ഹാൻഡ് പമ്പ് വയ്ക്കുക, വിലങ്ങുപാറ, മീൻതത്തിക്കൽ, ളാക്കാട്ടൂർ, പാറാമറ്റം അങ്കൺ വാടിക്ക് സമീപം എന്നിവിടങ്ങളിൽ കുഴൽകിണറുകൾ നിർമ്മിക്കുക.

വാർഡ് VII. മൈനർ ഇറിഗേഷന്റെ കീഴിലുള്ള ഐരുമല വാട്ടർസപ്ലേ സ്കീം എത്രയും പെട്ടെന്ന് പഞ്ചായത്ത് ഏറ്റെടുത്ത് ജലവിതരണം ആരംഭിക്കണം. മാക്കൽപടിക്കലെ പൊതുകുളത്തിൽ നിന്നും ജലം എടുത്ത് മൂത്തേടത്തു ഭാഗത്ത് ടാങ്ക് കെട്ടി വിതരണം നടത്തണം. പുതിയതായി രണ്ട് കുഴൽ കിണറുകൾ കൂടി അടിയന്തിരമായി സ്ഥാപിക്കണം.

വാർഡ് VIII. തോട്ടുങ്കൽ ഭാഗത്ത് കുളം നിർമ്മിച്ച് തകിടി ഭാഗത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്തുക, പനയ്ക്കൽ പറമ്പിലെ കുളത്തിൽ നിന്നും ജലം ശേഖരിച്ച് കാര്യാട്ടുഭാഗത്ത് ടാങ്ക് കെട്ടി വിതരണം നടത്തുക, വട്ടുകളം, കാര്യാട്, ചാത്തനാപതാൽ, കണിയാംകുന്ന് എന്നിവിടങ്ങളിൽ കുഴൽകിണറുകൾ, നടയിൽ പീടിക ഭാഗത്ത് പൊതുകിണർ എന്നിവ നിർമ്മിക്കുക. ചീരംചേമ്പിൽ ഭാഗത്ത്കൂടി കിണർ നിർമ്മിക്കണം.

വാർഡ് IX. വലിയപാറ പട്ടികജാതി കോളനിയിലെ രാജീവ് ഗാന്ധി ജലവിതരണ പദ്ധതി എത്രയും വേഗം ആരംഭിക്കുക. കോത്തലചിറക് സമീപം കുളങ്ങൾ നിർമ്മിക്കുകയും, കോയിത്താനം, വലിയപാറ, പുള്ളോലിക്കൽ ലക്ഷം വീടുകോളനി, എന്നീവിടങ്ങളിൽ ടാങ്ക് കെട്ടി ജലവിതരണം നടത്തുക, കോയിത്താനം, എലിമുള്ളൻ,കുഴി, കുപ്പത്താനം, ചാത്തനാപതാൽ, ആലപ്പാട്ട് പടി, മലമേൽ എന്നിവിടങ്ങളിൽ കുഴൽ കിണറുകളും, പൊതുകിണർ വൃത്തിയായി സൂക്ഷിക്കുകയും, പുതിയതായി 2 എണ്ണം നിർമ്മിക്കുകയും വേണം.

വാർഡ് X. വാർഡിലെ പുതുവയൽ ഭാഗത്ത് കുളം നിർമ്മിക്കുകയും കോളനിയൽ ടാങ്ക് കെട്ടി ജലവിതരണം നടത്തുകയും, കോത്തലച്ചിറ പദ്ധതിയുടെ പ്രയോജനം പറയരുകുന്നകാർക്കുകൂടി നൽകുകയും, മണ്ണാത്തിപ്പാറയിലുള്ള കുളങ്ങൾ ശുദ്ധജലത്തിന് ഉതകുന്ന വിധത്തിൽ സംരക്ഷിക്കുകയും, മരത്തണ്ണൂർ, തൈത്തോട്ടം, ചുള്ളിയിൽ, ചാണകപ്പാറ എന്നിവിടങ്ങളിൽ കുഴൽ കിണറുകളും പുതിയതായി 2 പൊതുകിണറുകളും നിർമ്മിക്കുകയും വേണം. സി.എം.എസ്. എൽ.പി.എസ്. ഭാഗത്ത് കുഴൽകിണർ ഉണ്ടാകണം. 12-ാം മൈൽ കുളം കെട്ടി നന്നാക്കണം. വട്ടപ്പാറഭാഗത്തും കുഴൽ കിണർ വേണം.

## പഞ്ചായത്തുതല ശുദ്ധജലപദ്ധതികൾ

ചെറുകിട പദ്ധതികളെക്കുറിച്ച് എല്ലാ വാർഡുകളിലും നിന്ന് പരാമർശം ഉണ്ടായിട്ടുണ്ട്. എങ്കിലും 1, 2, 5, 7, 9 എന്നീ വാർഡുകളിലെ പദ്ധതികൾ വളരെ എളുപ്പത്തിൽ പ്രാവർത്തികമാക്കാവുന്നതാണ്. 2-ാം വാർ

ഡിൽ വളരെ ജലം ലഭിക്കുന്ന ളാക്കാട്ടൂർ കവലയിലെ കുളം നന്നാക്കി പുലിയുറുമ്പു പദ്ധതി, 5-ാം വാർഡിലെ തോണിപ്പാറ ജല പദ്ധതി, 7-ാം വാർഡിലെ ഐരുമല വാട്ടർ സപ്ലൈ സ്കീം, 9-ാം വാർഡിലെ കോത്തലച്ചിറ പദ്ധതി എന്നിവ, ആ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് വളരെ സഹായകരമാണ്. 3-ാം വാർഡിലെ കുട്ടത്തിനാൽ ഭാഗത്ത് കുളങ്ങൾ ജലവിതരണത്തിന് ഉപയോഗയോഗ്യമാക്കണം.

### നിർദ്ദേശങ്ങൾ:

പൊതുവായ ജലവിതരണ സംവിധാനം പഞ്ചായത്ത് ഏറ്റെടുക്കുക.

ചെക്ക്ഡാമുകൾ നിർമ്മിക്കുക.

പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുക, നീർക്കുണ്ടു കുഴിച്ചും, വരമ്പുകളിട്ടും മണ്ണിൻെറ ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും, ഇതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുക. ജലത്തിൻെറ അമിത ഉപഭോഗം ഒഴിവാക്കുകയും വേണം. കെ.ഡബ്ല്യു. എ. പദ്ധതിയുടെ ടാപ്പുകൾ ആവശ്യക്കാർക്ക് നൽകുകയും ചെയ്യണം. പഞ്ചായത്തിലുള്ള റോഡുകളിലും പൈപ്പ് ലൈനുകൾ സ്ഥാപിക്കണം.

### ആരോഗ്യം

രണ്ടായിരമാണ്ടിൽ രാഷ്ട്രം കൈവരിക്കുവാൻ ഉദ്ദേശിക്കുന്ന ആരോഗ്യലക്ഷ്യങ്ങൾ കേരളം മുൻപേ കൈവരിച്ചു എങ്കിലും പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നു. ശുദ്ധവായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം ഒരു ജനതയുടെ ആരോഗ്യത്തിൻെറ അടിസ്ഥാന ഘടകങ്ങളാണ്. ആരോഗ്യമുള്ള സമൂഹമാണ് പഞ്ചായത്തിൻെറ ലക്ഷ്യം. രോഗങ്ങളെക്കുറിച്ചുള്ള അറിവും ചികിത്സയെപ്പറ്റിയുള്ള വിശദാംശങ്ങളും ജനങ്ങളുടെ ബോധനിലവാരം ഉയർത്തുകയും അതുവഴി രോഗനിയന്ത്രണ-പ്രതിരോധ പരിപാടികൾ വിജയിപ്പിക്കുകയും ചെയ്യണം. 1969-ൽ പ്രവർത്തനം ആരംഭിച്ച ഹോമിയോ ഡിസ്പൻസറി ആണ് പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ വക ചികിത്സാ കേന്ദ്രം. അതിനു മുമ്പു ചുരുങ്ങിയ ചില സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ പ്രവ്വിരുന്നു. 1980ത പി.എച്ച്.സെൻററും, 1986 ആയുർവേദ ആശുപത്രിയും പ്രവർത്തനം ആരംഭിച്ചു. പൊതുമേഖലയിലും, സ്വകാര്യമേഖലയിലുമായി 14 ആരോഗ്യ കേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. അതിൽ 4 എണ്ണം സ്വകാര്യ മേഖലയിൽ ഉള്ളതാണ്. ഓരോ ഹോമിയോ, ആയുർവേദം, അലോപ്പതി ഇവ സർക്കാർ മേഖലയിൽ ആണ്. പ്രസിദ്ധമായ മേച്ചരിക്കാട്ട് ആയുർവേദ ഫാർമസി ഉൾപ്പെടെ 2 ആയുർവേദ ഫാർമസികളും ഉണ്ട്. വിഷ ചികിത്സയിൽ ഒരു വൈദ്യൻെറ സേവനം ലഭിക്കുന്നുണ്ട്. ഇതൊക്കെയാണെങ്കിലും വിദഗ്ധ ചികിത്സയ്ക്കായി ആളുകൾ കോട്ടയത്തെ സ്വകാര്യ ആശുപത്രികളെയും മെഡിക്കൽ കോളജിനെയും ആണ് ആശ്രയിക്കുന്നത്. മഞ്ഞപ്പിത്തം, പനി, വയറിളക്കം, ന്യുമോണിയ, ടി.ബി., ചെങ്കണ്ണ്, ചിക്കൻ പോക്സ് തുടങ്ങിയ പകർച്ചവ്യാധികളും കാൻസർ, പ്രമേഹം, ഹൃദയസംബന്ധമായ രോഗങ്ങളും കണ്ടുവരുന്നു.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 24 ഓളം അങ്കൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമായി നടക്കുന്നതുകൊണ്ട് കുട്ടികളുടെ പ്രതിരോധ കുത്തിവയ്പുകൾ കൃത്യമായി നടക്കുന്നു. എന്നാൽ ചില കോളനി പ്രദേശങ്ങളിൽ പോഷകാഹാരക്കുറവ് വളരെ കൂടുതൽ ആയി കാണുന്നുണ്ട്.

| വർഷം | ഔട്ട്പേഷ്യൻറ് | ത്വക്ക് | വാത രോഗം | പകർച്ച വ്യാധികൾ | വിഷം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 92-93 | 840 | 150 | 100 | 70 | 50 | 470 | 840 |
| 93-94 | 960 | 200 | 75 | 80 | 40 | 565 | 960 |
| 94-95 | 870 | 140 | 160 | 60 | 80 | 430 | 870 |
| 95-96 | 7850 | 100 | 80 | 6580 | 50 | 1040 | 7850 |
| ആകെ | 10520 | 590 | 415 | 6790 | 220 | 2505 | 10520 |

ളുടെ ആരോഗ്യ സംരക്ഷണത്തിന് വളരെ ആവശ്യമാണ്. എന്നാൽ ജനങ്ങളുടെ ഉയർന്ന സാക്ഷരതയും, സ്ത്രീകളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസവും ദുർബല ജനങ്ങളുടെ ഉയർന്ന അവകാശബോധവും സൗജന്യമായ പൊതുജനാരോഗ്യ സംവിധാനവും ആരോഗ്യനിലവാരം മെച്ചപ്പെടുത്താനുള്ള ഘടകമായിട്ടുണ്ട്.

ജനങ്ങളുടെ ആരോഗ്യ, രോഗം എന്നിവയെക്കുറി

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനത്തിൻെറ പേര് | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഫാമിലി വെൽഫയർ സബ് സെൻറർ | 1 | | 1 |
| 2 | ഗവ. ഹോമിയോ ഡിസ്പെൻസറി സ്വന്തം കെട്ടിടത്തിൽ | 2 | 27-1-69<br>27-3-84 | 3 |

| | | | | |
|---|---|---|---|---|
| 3 | പി.എച്ച്.സെൻറർ സ്വന്തം കെട്ടിടം | 3 | 1980, 1985 | 16 |
| 4 | ഫാമിലി വെൽഫയർ സബ് സെൻറർ | 4 | | 1 |
| 5 | Nil | 5 | - | - |
| 6 | തോട്ടപ്പള്ളി സബ് സെൻറർ | 6 | | 1 |
| 7 | ഫാമിലി വെൽഫയർ സബ്സെൻറർ | 7 | - | 1 |
| 8 | Nil | 8 | - | - |
| 9 | ഗവ. ആയുർവേദ ഗവ. ആശുപത്രി ഫാമിലി വെൽഫയർ സബ് സെൻറർ | 9 | - | - |
| 10 | Nil | 10 | - | - |

അംഗൻവാടികളുടെ സർവേ പ്രകാരം 1 വയസ്സിനുതാഴെയുള്ള കുട്ടികളുടെ എണ്ണം 293 ആണ്. ശരാശരി ഗർഭിണികളുടെ 250 ആണ്.

താഴെ പറയുന്ന പ്രകാരമാണ് അമ്മമാരുടെ എണ്ണം.

| അമ്മമാരുടെ എണ്ണം | 1994 - 95 |
|---|---|
| ഒരു കുട്ടിയുള്ള അമ്മമാർ - | 515 |
| 2 കുട്ടികൾ ഉള്ളവർ - | 1344 |
| 2 ൽ കൂടുതൽ - | 390 |

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യമുള്ള ജനതയെ വാർത്ത് എടുക്കുന്നതിനുവേണ്ടി ഗ്രാമസഭകളിലെ ചർച്ചകളിൽ പലപ്രശ്നങ്ങളും ഉന്നയിക്കുകയുണ്ടായി.

1-ാം വാർഡിൽ ആകെയുള്ളത് തോപ്പിൽ പടിയിൽ പ്രവർത്തിക്കുന്ന ഫാമിലിവെൽഫയർ സബ്സെൻറർ ആണ്. അതിൻെറ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ഇവിടെ പ്രധാനമായും കാണുന്ന രോഗങ്ങൾ പനി, വയറിളക്കം, ന്യൂമോണിയ, മഞ്ഞപ്പിത്തം എന്നിവയാണ്. നല്ല ചികിത്സയ്ക്കുവേണ്ടി വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നിലവിലുള്ള സബ്സെൻററിൽ ഒരു ഡോക്ടറുടെ സേവനം നിർബന്ധമാക്കണം. അംഗൻവാടി പ്രവർത്തനം കുറ്റമറ്റതാക്കണം. ഭവന സന്ദർശനം നിർബന്ധമാക്കുകയും ബോധവൽക്കരണം നടത്തുകയും വേണം.

2-ാം വാർഡിൽ, ഈ പഞ്ചായത്തിലെ ഏക സർക്കാർ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. എല്ലാ സൗകര്യങ്ങളോടും കൂടിയ സ്വന്തമായ കെട്ടിടം ഉണ്ട്. അത് ഒരു മുഴുവൻ സമയ ആരോഗ്യ കേന്ദ്രമായി ഉയർത്തണം. ഡോക്ടറുടെ സേവനം കൃത്യമായി നടക്കുന്നുണ്ടോ എന്നം പരിശോധിക്കണം. മരുന്നുകൾ കൃത്യമായി എത്തിക്കണം. ഒരു കുടുംബക്ഷേമകേന്ദ്രം അനുവദിക്കണം. ഭവന സന്ദർശനം നടത്തി ബോധവൽക്കരണം നടത്തണം. ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടുകയും, പൈപ്പ് കണക്ഷൻ ഉണ്ടാക്കുകയും ചെയ്യണം. രോഗികളെ കിടത്തി ചികിത്സിക്കുന്ന തിനുള്ള സൗകര്യം ഉണ്ടാകണം.

3-ാം വാർഡ്. പഞ്ചായത്തിലെ ഏക പി.എച്ച്. സെൻറർ ആണ്. ളാക്കാട്ടൂർ, മുങ്ങാക്കുഴിയിൽ ഉള്ളത്. 1980-ൽ പ്രവർത്തനം ആരംഭിച്ചു. 1985 ൽ സ്വന്തം കെട്ടിടം പണിതു. ഒരു ഡോക്ടറും ആവശ്യത്തിന് മറ്റു സ്റ്റാഫും ഉണ്ട്. ഇപ്പോൾ എം.പി. ഫണ്ട് ഉപയോഗിച്ച് 10 ബെഡ് ഉള്ള ആശുപത്രിയാക്കുന്നതിനുള്ള പണി നടന്നരുവരുന്നു. അതിൻെറ എ.എസ്. ഉടൻ തന്നെ ശരിയാക്കണം. മഞ്ഞപ്പിത്തം, വയറുകടി, പനി, ടൈഫോയിഡ്, മറ്റു പലവിധ രോഗങ്ങൾക്കും ചികിത്സ നടത്തുന്നുണ്ട്. എത്രയും വേഗം ഇത് കിടത്തി ചികിത്സിക്കുന്നതിനുള്ള ആശുപത്രിയാക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാക്കണം. 200 ബെഡുകൾ ഉള്ള ആശുപത്രിയാക്കണം. എക്സ്-റേ-ലാബറട്ടറി, ഇ.സി.ജി., ഇവ എടുക്കുന്നതിൽ പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കണം. എങ്കിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെ ആശ്വാസകരമാവും. ആവശ്യമായ ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം.

4-ാം വാർഡ് - രോഗപ്രതിരോധത്തിനം ഒരു പൊതുജനാരോഗ്യകേന്ദ്രമല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ല. പനി, വയറിളക്കം, ഛർദ്ദി, ചെങ്കണ്ണ്, ടൈഫോയിഡ് എന്നീ രോഗങ്ങൾ സാധാരണ ഉണ്ട്. പൊതുജനാരോഗ്യകേന്ദ്രത്തിൽ ജീവനക്കാരുണ്ട് എങ്കിലും അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കണം.

5-ാം വാർഡ്: രോഗപ്രതിരോധത്തിൽ ഈവാർഡിൽ യാതൊരു സൗകര്യവും ഇല്ല. ഒരു പ്രാഥമികാരോഗ്യ കേന്ദ്രം എത്രയും പെട്ടെന്ന് അനുവദിക്കണം. ഒരു സ്വകാര്യ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. അഞ്ചാംപനി, മഞ്ഞപ്പിത്തം, ടൈഫോയിഡ്, കോളറ എന്നീ രോഗങ്ങൾ കണ്ടുവരുന്നു. വിവിധ ചികിത്സാ രീതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും വേണം.

6-ാം വാർഡ്: പനി, മഞ്ഞപ്പിത്തം, വയറുകടി, ചെങ്കണ്ണ് മുതലായ രോഗങ്ങൾ കണ്ടുവരുന്നു. ഒരു സബ് സെൻറർ പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനം വിപുലപ്പെടുത്തി ഒരു ഡോക്ടറുടെ സേവനം ഉച്ചവരെ എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. അതുപോലെ തന്നെ അത്യാവശ്യ മരുന്നുകളും ലഭ്യമാക്കേണ്ടതാണ്. കൊച്ചുപറമ്പിൽ പടിക്കു സമീപമുള്ള റബർ ബാൻഡ് കമ്പനിയിൽ നിന്നും തോട്ടിലേയ്ക്ക് ഒഴുകുന്ന മലിനജലം ഈ വാർഡിലെ ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാണ്. അത് തടയുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കണം.

വാർഡ് 7 : ഒരു ഫാമിലി വെൽഫയർ സബ്സെൻറർ

ഉണ്ട്. പ്രവർത്തനം തൃപ്തികരമല്ല. ഒരു മിഡ് വൈഫ് ചാർജ് ഉണ്ട്. അവർ അവിടെ സ്ഥിരമായി താമസിക്കാറില്ല. സ്വന്തമായി കെട്ടിടം ഉണ്ട്. മിഡ് വൈഫ് സ്ഥിരമായി വരുന്നതിനും, ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനും നടപടി ഉണ്ടാവണം. ഒരു സ്വകാര്യ ഹോമിയോ ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. പ്രധാന രോഗങ്ങൾ-പനി, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, എന്നീ രോഗങ്ങൾ കണ്ടുവരുന്നു. ഈ വാർഡിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കേണ്ടത് വളരെ ആവശ്യമാണ്.

വാർഡ് 8: രോഗപ്രതിരോധത്തിന് പ്രാഥമികമായി യാതൊരു മാർഗ്ഗവും ഇല്ല. പനി, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, ടൈഫോയിഡ്, വാതസംബന്ധമായ അസുഖങ്ങൾ സാധാരണ കണ്ടുവരുന്നു. ആവശ്യത്തിന് മരുന്നു ലഭിക്കത്തക്ക വണ്ണം ഒരു പ്രാഥമികാരോഗ്യകേന്ദ്രം എത്രയും വേഗം ആരംഭിക്കണം.

വാർഡ് 9: ഒരു കുടുംബക്ഷേമകേന്ദ്രത്തിന്റെ പ്രവർത്തനം ഈ വാർഡിൽ ലഭ്യമാണ്. പക്ഷെ അവിടുത്തെ പ്രവർത്തനം ജനങ്ങളെ ഒരുവിധത്തിലും സഹായിക്കുന്നില്ല. ഒരു ഡോക്ടറേയും, ആവശ്യമുള്ള ജീവനക്കാരെയും മരുന്നുകളും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാവണം. പനി, മഞ്ഞപ്പിത്തം, ടൈഫോയിഡ്, വാതം, ഹൃദയസംബന്ധമായ അസുഖങ്ങൾ സാധാരണ കണ്ടുവരുന്നു. കൂരോപ്പട ഗ്രാമപഞ്ചായത്തിലെ ഏക ആയുർവേദ ആശുപത്രി ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. 1986 മാർച്ചിൽ ആണ് ആരംഭിച്ചത്. സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ലഭിക്കുന്നു. സ്വന്തമായി കെട്ടിടം ഉണ്ട്. ഒരു വർഷം ശരാശരി 15000 ത്തിനു മേൽ രോഗികൾ മരുന്നു വാങ്ങുന്നു. ഈ ആശുപത്രി എത്രയും വേഗം രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയാക്കി ഉയർത്തണം. മറ്റു പഞ്ചായത്തിലെ ജനങ്ങൾക്കുപോലും പ്രയോജനകരമായിരിക്കും ഈ ആശുപത്രിയുടെ വികസനം. കോളറ നിവാരണം, പേവിഷബാധ തടയൽ എന്നീ കാര്യങ്ങൾക്കും കാര്യമായ പ്രാധാന്യം നൽകണം. ആശുപത്രിയിലേക്ക് അത്യാവശ്യമായി കുടിവെള്ളം ലഭ്യമാക്കണം. ചുറ്റുമതിൽ കെട്ടണം. സീലിംഗ് ഫാൻ, സ്റ്റേഷനറി, കണ്ടിജൻസി ഫണ്ട് മുതലായവ ലഭ്യമാക്കണം.

വാർഡ് 10: രോഗപ്രതിരോധത്തിന് യാതൊരു മാർഗ്ഗവും ഇല്ല. 4 കി.മീറ്റർ സഞ്ചരിച്ചു വേണം മരുന്നു വാങ്ങാൻ. പനി, മഞ്ഞപ്പിത്തം, ടൈഫോയിഡ്, ചിക്കൻ പോക്സ് മുതലായ രോഗങ്ങൾ കണ്ടുവരുന്നു. അത്യാവശ്യമായി ഫാമിലി വെൽഫയർ സബ് സെൻറർ അനുവദിക്കുകയും, ഒരു ഡോക്ടറുടെ സേവനവും മരുന്നുകളും ലഭ്യമാക്കുകയും വേണം. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ഉതകുന്ന വിധം, സഹകരണമേഖലയിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ഒരു ആശുപത്രി പണിയേണ്ടതാണ്. പൊതുവായി പറഞ്ഞാൽ ആരോഗ്യസംരക്ഷണ കാര്യത്തിൽ ഫാമിലി വെൽഫയർ സബ്സെൻററുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ആരോഗ്യസംരക്ഷണത്തിന് മരുന്നുകളെപ്പോലെ തന്നെ പ്രധാനമാണ് ബോധവൽക്കരണവും. എന്നാൽ ഫീൽഡു വർക്കർമാരിൽ കാണപ്പെടുന്ന വിമുഖത ഈ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. അതിന് ഒരു മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. അതുപോലെ തന്നെ മരുന്നുകളുടെ വർദ്ധിച്ചുവരുന്ന വില സാധാരണക്കാരന് താങ്ങാൻ വയ്യാത്തതാകുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ പ്രർത്തനം തൃപ്തികരമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും, കുടുംബക്ഷേമകേന്ദ്രത്തിന്റെ കീഴിലുള്ള ഗൃഹ സന്ദർശന പരിപാടി കൃത്യമായും നടപ്പിലാക്കിയും, അംഗൻവാടികളുടെ പ്രവർ ത്തനം കൂടുതൽ മെച്ചപ്പെടുത്തിയും, പോഷകാഹാരക്കുറവു പരിഹരിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും ആശുപത്രി സൗഹൃദ സംരക്ഷണ സമിതി രൂപീകരിച്ചും, പാരമ്പര്യ വൈദ്യന്മാരുടെയും, വിഷവൈദ്യന്മാരുടെയും സേവനംവിപലുപ്പെടുത്തിയും, വ്യക്തികളുടെ ആരോഗ്യനിലവാരം, രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ ഹെൽത്തു കാർഡുകൾ നൽകിയും, രക്തദാനം, നേത്രദാനം, ഇവ മേൽത്തരമാണെന്ന ബോധം വളർത്തി എടുത്തും, പുകവലി, മദ്യപാനം ഇവ നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തിയും ഈ കാര്യം നിർവഹിക്കേണ്ടതുണ്ട്. ഒരു ദന്തവൈദ്യന്റെ സേവനം ലഭ്യമാക്കണം.

## കക്കൂസ്

കുടിവെള്ളം കഴിഞ്ഞാൽ ആരോഗ്യസംരക്ഷണത്തിന് ഏറ്റവും പ്രധാനമാണ് കക്കൂസ്. പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം 6500 മേൽ ആണ്. അതിൽ ഏതാണ്ട് 2500 ത്തോളം വിടുകൾ സുസ്തിരമായ കക്കൂസ് ഇല്ലാത്തവയാണ്. ഇതിനാൽ വിരശല്യം വയറിളക്കം മുതലായ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു. 95-96 വർഷത്തെ കണക്കുപ്രകാരം പഞ്ചായത്തിൽ 700 ഓളം പേർക്ക് ജലജന്യ രോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ടു ചെയ്യുന്നു.

കക്കൂസ് നിർമ്മിക്കുന്നതിനെക്കുറിച്ച് ഗ്രാമസഭകളിൽ ചർച്ചകൾ നടത്തിയപ്പോൾ വിവിധങ്ങളായ

അഭിപ്രായങ്ങൾ ഉണ്ടാവുകയും ചെയ്തു. അതിൽ പ്രധാനമായ തടസ്സങ്ങൾ

1. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ
2. സ്ഥലപരിമിതി
3. കോളനികളിലെ കക്കൂസ് നിർമ്മാണം.
4. ബോധവൽക്കരണം
5. പൊതുസ്ഥലങ്ങളിലെ കക്കൂസ് നിർമ്മാണം.

ഇതിന് പരിഹാരമായി

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ് കുഴിക്കുന്നതിന് സബ്സിഡി അനുവദിക്കണം. സന്നദ്ധ സംഘടനകളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുക.

സ്ഥലപരിമിതി പരിഹരിക്കുന്നതിനുവേണ്ടി കോളനിപോലെയുള്ള സ്ഥലങ്ങളിൽ പൊതുവായ സെപ്ടിക്ക് ടാങ്കുകൾ പണിയുക, പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പൊതുകക്കൂസുകൾ നിർമ്മിച്ചും പരിസരശുചിത്വം, മലിനീകരണ വസ്തുക്കളുടെ നിർമാർജ്ജനം എന്നിവയിലൂടെ ആരോഗ്യസംരക്ഷണത്തിന് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യണം.

## പരിസരശുചിത്വം

നല്ല പരിസരശുചിത്വം, ശുദ്ധവായു, കുടിവെള്ളം ഇവയിലൂടെ മാത്രമേ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുവാൻ സാധിക്കൂ. വ്യവസായവൽക്കരണം കുറഞ്ഞ പ്രദേശമാണ് നമ്മുടെ പഞ്ചായത്ത് എങ്കിലും ചില പ്രദേശങ്ങളിൽ നിന്നും പരിസരശുചിത്വത്തെക്കുറിച്ച് പരാതികൾ വന്നിട്ടുണ്ട്. റബർ അടിക്കുന്ന മിഷ്യൻ വേണ്ടവിധത്തിൽ സംരക്ഷിക്കാത്തതുകൊണ്ട് പലവിധ ബുദ്ധിമുട്ടുകളും ഉണ്ടാവാറുണ്ട്. ആയതിലേക്ക് പഞ്ചായത്തിന്റെ ശ്രദ്ധ തിരിയേണ്ടത് ആവശ്യമാണ്. നാം നിത്യവും ഉപയോഗിക്കുന്ന പലഭക്ഷണസാധനങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്.

അവയുടെ ഗുണനിലവാരം പരിശോധിക്കേണ്ടിയിരിക്കുന്നു. മഴക്കാലത്ത് വയറിളക്കരോഗങ്ങളും, വേനൽക്കാലത്ത് നല്ല കുടിവെള്ളത്തിന്റെ അഭാവത്തിൽ മഞ്ഞപ്പിത്തം പോലെ ജലജന്യരോഗങ്ങളും കണ്ടുവരുന്നു. അതുപോലെ തന്നെ പല പകർച്ച വ്യാധികളും കണ്ടുവരുന്നു. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുകു നശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിലെയും, ശീതള പാനീയശാലകളിലെയും ഭക്ഷണപദാർത്ഥങ്ങളുടെ വില്പന സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്തേക്ക് പ്രത്യേകമായി അറവുശാല സ്ഥാപിക്കുകയും പരിശോധനയ്ക്ക് വിധേയമാക്കിയ മൃഗങ്ങളെ അറക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കേണ്ടതുമാണ്.

ഗ്രാമസഭകളിലെ ചർച്ചകളിൽ ശ്രദ്ധേയമായ മറ്റ് പല അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്.

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം അത്യാവശ്യമാണ്. കോളനികളുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ ഇത് വളരെ പ്രധാനമാണ്. പഞ്ചായത്തു വക കമ്പോസ്റ്റ് നിർമ്മാണ കേന്ദ്രം ആരംഭിക്കണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും അടുക്കളയിൽ നിന്നുള്ള അവശിഷ്ടങ്ങൾ ഉപയോഗിച്ച് വീട്ടിൽ തന്നെ കമ്പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള സാമൂഹ്യബോധം വളർത്തി എടുത്തും പൊതുജല സ്രോതസ്സുകൾ മലിനീകരിക്കപ്പെടാതെസംരക്ഷിച്ചു ജനങ്ങളുടെ കായികവും, മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു യോഗപരിശീലന കേന്ദ്രം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കേണ്ടതുമാണ്.

പഞ്ചായത്ത് നിവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുകവലി, മുറുക്കൽ, മദ്യപാനം എന്നിവ ബോധവൽക്കരണം വഴി നിയന്ത്രിച്ചും രക്തദാനത്തെക്കുറിച്ച് ജനങ്ങൾക്കുള്ള ഭയാശങ്കകൾ ദൂരീകരിച്ചും, നേത്രദാനം മഹത്തരമാണ് എന്ന് ബോധ്യപ്പെടുത്തികൂടുതൽ ആളുകളെക്കൊണ്ട് അതിനുള്ള സമ്മതപത്രം ശേഖരിക്കുകയും ചെയ്യണം.

നിലവിലുള്ള സാഹചര്യങ്ങൾ കൂട്ടിയിണക്കി, ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും, സന്നദ്ധസംഘടനകളെയും പ്രയോജനപ്പെടുത്തി ശുചിത്വഗ്രാമം ആരോഗ്യഗ്രാമം എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ നമുക്ക് ഒന്നായി പരിശ്രമിക്കാം.

ശുചിത്വത്തെക്കുറിച്ച് സ്കൂൾ തലത്തിൽ ബോധവൽക്കരണം നടത്തണം.

*

# 1.7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## A. പാർപ്പിടം

ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം എല്ലാ ആത്മീയ സങ്കല്പങ്ങളുടെയും ഭൗതിക യാഥാർത്ഥ്യങ്ങളുടെയും കുടുംബാംഗങ്ങളുമായുള്ള സമസ്ത ബന്ധങ്ങളുടെയും അഭയസ്ഥാനമാണ് അയാളുടെ ഭവനം.

### അല്പം പാർപ്പിട പുരാണം നിർമ്മാണവും ജാതിവിവേചനവും

ജന്മിത്വവും നാടുവാഴിത്തവും ജാതി വ്യവസ്ഥയും തൊട്ടു കൂടായ്മയും നിലനിന്നിരുന്ന കഴിഞ്ഞ നൂറ്റാണ്ടിൽ ആളു കൊണ്ട് ജാതിഭേദം അവസ്ഥാഭേദം മുതലായവ മനസിലാക്കുവാൻ കഴിഞ്ഞിരുന്നതുപോലെ ഓരോ ജാതിടെയും വാസസ്ഥാനം അതിനു നിശ്ചയിച്ചിരുന്ന സ്ഥലങ്ങളിലും പാർപ്പിടങ്ങളുടെ വലിപ്പ ചെറുപ്പങ്ങളിലും അവയ്ക്കു സാധാരണയായി വ്യവഹരിച്ചു പോന്ന പേരുകളിൽ നിന്നും അനായാസമായി ആർക്കും മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നു. ഭവനങ്ങളുടെ ജാതി തിരിച്ചുള്ള പേരുകൊണ്ടു തന്നെ തുടങ്ങാം. രാജാക്കന്മാരുടെ ഭവനത്തിന് കൊട്ടാരമെന്നോ കോവിലകമെന്നോ പറഞ്ഞു വന്നിരുന്നു. പാലക്കാട് അച്ഛന്മാരുടെ ഭവനത്തിന് എടം എന്നേ പറയൂ. എന്നാൽ കവളപ്പാറ നായരുടെ ഭവനത്തിന് കൊട്ടാരമെന്നാണ് വ്യവഹരിച്ചുപോന്നത്. ആഢ്യൻ നമ്പൂതിരിയുടെ ഭവനത്തിന് മന എന്നും, ആസ്യൻ നമ്പൂതിരിയുടെ വസതിക്ക് ഇല്ലം എന്നുമാണ് പറയുക. എളയതുമാരുടെയും മൂത്തതുമാരുടെയും ഭവനത്തിനും ഇല്ലം എന്നു തന്നെയാണ് പറയുക. തിരുമുല്പാടുമാരുടെയും പരദേശ ബ്രാഹ്മണരുടെയും വസതികൾക്കാണ് സാധാരണ മഠം എന്നു പറയുന്നത്. നമ്പീശൻ മാരുടെ ഭവനത്തിന് പുഷ്പകമെന്നാണ് വരമൊഴി. വാമൊഴിയുള്ളതു പുഷ്പോത്തകം. പിഷാരടിമാരുടെതിനു പിഷാരകമെന്നും, വാരിയർമാരുടെതിന് വാരിയംഎന്നും മാരാന്മാരുടെതിന് മാരാത്ത് എന്നും, പൊതുവാൾമാരുടേതിന് പുതുവാട്ടയെന്നുമാണ് പറഞ്ഞു വന്നിരുന്നത്. ഭവനം എന്നാണ് നായന്മാരുടെതിന് പറയുക. നായന്മാരിൽ സാധാരണക്കാരുടെ വസതിക്ക് വീട് എന്നേ പറഞ്ഞു കൂടു. ഈഴവർതൊട്ടുള്ളവരുടേതിന് പുര എന്നു പറയും. പുലയർ, പറയർ, കുറവന്മാർ, എന്നിവരുടെ വസതികൾക്ക് കുടിൽ എന്നോ കുടിയെന്നോ, ചെറ്റയെന്നോ, പാടിയെന്നോ വിളിച്ചുപോന്നു.

താണജാതികൾക്ക് എന്തായാലും തങ്ങളുടെ വീടിനെ തനത് പേരിൽ സവർണ്ണ മേലധികാരിളുടെമുൻപിൽ ഉറപ്പിച്ചു കൂടാ. സ്വയം നിന്ദിച്ചു കൊണ്ട് അധഃകൃതന്മാരാണെന്ന് സമ്മതിച്ചു കൊണ്ട് മേലാളന്മാരുടെ മുമ്പിൽ സ്വന്തം വസതിയെ ചാണകക്കുണ്ട് എന്ന് പറയണം.

സ്വയം നിന്ദിക്കുവാനും അധമനാണ് താനെന്ന് ഏറ്റു പറയുവാനും ഞാൻ എന്ന സർവ്വനാമത്തിന് പകരം അടിയൻ എന്നേ പറയൂ. അക്കാലത്തെ അടിയാന്മാരുടെ ഭവനങ്ങളെപ്പറ്റി മഹാകവികുമാരനാശാൻ വർണ്ണിക്കുന്നത് ഇപ്രകാരമാണ്. ''കുന്നിൻെറ ചെരിവിലായി പൊന്തകൾക്കിടയിലെ ചില പാഴ്മരങ്ങളും, പാഴ്മരങ്ങളിൽ പടർന്നുകയറിയ കുരുമുളക് വള്ളികളും അതിനടുത്ത് എവിടെയോ മുളങ്കൂട്ടങ്ങളും വാഴയും ഇത്തിരി മുറ്റത്തെ പർപ്പിടകപ്പുല്ലും പുല്ലിൻെറ തേഞ്ഞ തലപ്പുകൾക്ക് മീതെ ഒന്നൊ രണ്ടോ പൊട്ടക്കലങ്ങളും അതിനടുത്തായി കൂണുപോലുള്ള പുല്ലുമാടവും.'' പുല്ലുമാടം കൂണുപോലുള്ളതത്രേ. അത്തരം കുടിലുകൾ ഈറയും, പുല്ലും വയ്ക്കോലും, കൊണ്ടു മെനഞ്ഞെടുത്ത കൂണുകൾ തന്നെയാണ്. കൂണുപോലെ വിനയത്താൽ ഇത്രയും താണ ഇത്രയും മനോഹരമായ മേൽക്കൂരയോടുകൂടിയ മറ്റൊരു സസ്യമുണ്ടോ? അധഃകൃതന് ഇതല്ലാതെ മറ്റെന്തുണ്ട് മാതൃകയാക്കുവാൻ.- പക്ഷേ ഈ നിലയിലേക്ക് കേരളത്തിലെ ഒരു വിഭാഗം മനുഷ്യരെ നയിച്ചതും നിയന്ത്രിച്ചതും ജാതിജന്യങ്ങളായ ചില വിലക്കുകളാണ്. കാലങ്ങളായി മർദ്ദിച്ചു ഒതുക്കപ്പെട്ടിരുന്ന മർദ്ദിത ജനവിഭാഗം ഉണർന്നെഴുന്നേൽക്കുകയും ചാതുർവർണ്ണ്യവസ്ഥയ്ക്ക് ചരമഗീതം പാടി കൊണ്ട് ജനമുന്നേറ്റമുണ്ടാവുകയും ചെയ്തപ്പോൾ ജന്മിത്തത്തിനും നാടുവാഴിത്തത്തിനുമറുതിവരുകയും ചെയ്തു. ഫ്യൂഡൽ നാടുവാഴിത്ത യുഗം അവസാനിച്ചപ്പോൾ ആ കാലഘട്ടത്തിൻെറ സൃഷ്ടിയായ സാമൂഹ്യ ക്രമങ്ങൾക്കെല്ലാം പൊളിച്ചെഴുത്തുണ്ടാകുകയും

വർണ്ണപരമായ വിവേചനങ്ങൾക്കും വിലക്കുകൾക്കും കാലക്രമേണ രൂക്ഷത കുറഞ്ഞു വരുകയും ചെയ്തു. അതുപോലെ കൂട്ടുകുടുംബ സംവിധാനത്തിൽ നിന്നും അണു കുടുംബങ്ങളായി വേർതിരിഞ്ഞു. കേരളത്തിൽ കാലങ്ങളായി നിലനിന്നിരുന്ന മരുമക്കത്തായ വ്യവസ്ഥയിൽ നിന്നു ഏക കുടുംബ ക്രമത്തിലേയ്ക്കുള്ള മാറ്റം പാർപ്പിട രംഗത്തും ഗൃഹനിർമ്മാണ രംഗത്തും സമൂലമായ മാറ്റമുണ്ടാക്കി.

## പഴയവാസ്തു മാതൃകകൾ

മലയാളിക്കു തനതായ ഒരു വാസ്തുശില്പ ശാസ്ത്രമുണ്ട്. അതനുസ്മരിച്ചാണ് അവരുടെ വീടുപണി നടന്നിരുന്നത്. എന്നാൽ ഈ ശാസ്ത്രങ്ങൾ ഉരുത്തിരിയുന്നതിന് മുൻപ് കേരളത്തിൽ ഉണ്ടായിരുന്ന ഭവന മാതൃകകളുടെ ചുവടുപിടിച്ചാണ് ക്ഷേത്രങ്ങളിലെ ശ്രീകോവിലുകൾ വരെ നിർമ്മിച്ചതെന്നൊരഭിപ്രായമുള്ളത് പ്രത്യേകം സ്മരിക്കേണ്ടതാണ് (Kali Worship in Kerala. Dr. C.Achyuta Menon) പുരാതന തറവാടുകളിൽ കാരണവന്മാർക്കു പൂജകൊടുക്കാനായി മണ്ഡക (മണ്ഡപം) മെന്ന പേരിൽ ഒരു കെട്ടിട മുണ്ടാക്കാറുണ്ട്. ചതുരമായ ചുവരിൽ കോണാകൃതിയിൽ കെട്ടിയിട്ടുള്ള മേൽപ്പുരയോടു കൂടിയുള്ളതാണ്. കേരളത്തിലെ പൂർവ്വ നിവാസികളായ ചെറുമൻ, പാണൻ, പറയർ എന്നിവർ നിവസിച്ചിരുന്ന പുരയും, ചാളയും ചിലപ്പോൾ അടി ചതുരമായും, മേൽ ഭാഗം കൂമ്പിയിട്ടുമാണ് കാണാറ്. വൃത്താകൃതിയിലുള്ള അസ്ഥിവാരത്തോടുകൂടി ചാളയും ദുർലഭമല്ല. ഇതിൽ നിന്നും നമ്മുടെ പഴയ തനതായ വാസ്തു മാതൃകയുടെ ലഘുവായ രൂപം ലഭിക്കുന്നു. അധഃകൃതരായ ആളുകളുടെ വീടുകളുടെ പ്രത്യേക സാമ്യവും അവയുടെ നിർമ്മാണവും ഗവേഷണവിഷയമാക്കേണ്ടതാണ്. കേരളത്തിലെവിടെയും അത്തരം വസതികൾക്ക് ഒരേകദേശ സാദൃശ്യമുണ്ട്.

## കേരളീയ വാസ്തു ശില്പം.

കേരളത്തിലെ വാസ്തു ശില്പ സമ്പ്രദായം വിശേഷമാതിരിയുള്ളതാണ്. കേരളത്തിലെ ഗൃഹങ്ങളിലെ മുകളെടുപ്പ് വിശേഷപ്പെട്ടതാണ്. ദക്ഷിണേന്ത്യയിൽ മറ്റെങ്ങും അതുപോലെ കാണുന്നില്ല. മുകളെടുപ്പുള്ള ഗൃഹങ്ങളും ഇംഗ്ലണ്ടിലും, യൂറോപ്പിൽ, മറ്റു പലഭാഗത്തും കാൺമാനുണ്ട്. നാലുപുര അല്ലെങ്കിൽ നാലു കെട്ട് ആണ് മലയാളികളുടെ ഉത്തമവും ഉൽക്ക്യഷ്ടവുമായ ഭവന മാതൃക. ഏതു വേനൽക്കാലത്തും എയർക്കണ്ടീഷൻ ചെയ്ത സുഖാനുഭവം നൽകുന്ന കേരളീയമായ വാസ്തു ശില്പശൈലിയുടെ ഉത്തമമായ മാതൃകയാണ് തെക്കൻ തിരുവിതാംകൂറിലെ പത്മനാഭപുരം കൊട്ടാരം. 186 ഏക്കർ വിസ്താരമുള്ള കോട്ടക്കകത്ത് 7 ഏക്കറോളം സ്ഥലത്തായി പരന്നുകിടക്കുന്ന കൊട്ടാരക്കെട്ടുകളുടെ കെട്ടും മട്ടും നമ്മുടെ തച്ചു ശാസ്ത്രത്തിന്റെ ഭാവനാ വൈഭവത്തിന്റെയും യുക്തി ബോധത്തിന്റെയും തച്ചു ശാസ്ത്ര വിജ്ഞാനത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ്.

## ഭവനനിർമ്മാണത്തിൽ യൂറോപ്യൻ സംസ്ക്കാരത്തിന്റെ സ്വാധീനം.

പടിഞ്ഞാറാൻ സംസ്ക്കാരം നമ്മളെ സ്വാധീനിക്കുവാൻ തുടങ്ങിയപ്പോൾ മുതലാണ്, കോൺക്രീറ്റും, സ്റ്റീലും, കമ്പിയും കൊണ്ടുള്ള മണി സൗധങ്ങൾ പടുത്തുയർത്തുവാൻ തുടങ്ങിയത്. സിമിന്റ് കണ്ടുപിടിച്ചിട്ട് 100 വർഷമേ ആയിട്ടുള്ളു. കോൺക്രീറ്റ് സൗധങ്ങളുടെ കാര്യവും ഇതുതന്നെയാണ്. പത്മനാഭപുരം കൊട്ടാരം പോലുള്ള സൗധങ്ങൾ ഇവ കണ്ടുപിടിക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപ് നിർമ്മിച്ചവയാണ്. അവയൊക്കെ യാതൊരു കേടുപാടുമില്ലാതെ സ്ഥിതി ചെയ്യുന്നു. ഇത് തെളിയിക്കുന്നത് നമ്മുടെ പുരാതന സാങ്കേതിക വിദ്യയുടെ മികവിനെയാണ്.

## ഭവന നിർമ്മാണത്തിൽ ധൂർത്ത് ഒഴിവാക്കൽ

ലഭ്യമായ സാങ്കേതിക സൗകര്യങ്ങളും അത്യാവശ്യ സാധനങ്ങളും ഉപയോഗിച്ച് പഴയതു പോലെ കേരളീയ ഭവനങ്ങൾ നിർമ്മിക്കുവാൻ നാം തന്നെ തയ്യാറാകണം. 4 അംഗങ്ങളുള്ള ഒരു കുടുംബത്തിന് അഞ്ചാറുമുറിയുള്ള 2 നില കോൺക്രീറ്റ് കെട്ടിടമെന്ന സ്വപ്നം സാക്ഷാൽക്കരിക്കുവാൻ വേണ്ടി ആയുസ്സ് മുഴുവൻ കടത്തിൽ മുങ്ങിതാഴുന്നതു ബുദ്ധിയല്ല. നമ്മുടെ ജീവിത പന്ഥാവിൽ നമ്മുടെ പൂർവ്വകാലം ഒരു വഴികാട്ടിയായിരിക്കണം. ഭവന നിർമ്മാണത്തിലും ഇതു ബാധകമാണ്.

## പാർപ്പിട പ്രശ്നങ്ങളും നമ്മുടെ ഗ്രാമപഞ്ചായത്തിലെ പൊതു സ്ഥിതിയും

സാംസ്ക്കാരികമായും വിദ്യഭ്യാസപരമായും ഉയർന്ന നിലവാരം പുലർത്തുന്ന ഒരു പഞ്ചായത്താണ് നമ്മുടെത്. പാർപ്പിട പ്രശ്ന പരിഹാരത്തിന് ഒരു പ്രധാന മാർഗ്ഗമായ ജനസംഖ്യാ നിയന്ത്രണത്തിലും കുടംബാസൂത്രണ പരിപാടിയിലും സംസ്ഥാന തലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു പഞ്ചായത്താണ് നമ്മുടേത്. സമ്പൂർണ്ണ സാക്ഷരത പരിപാടിയിലും ജില്ലയിലെ ഏറ്റവും ശ്രദ്ധേയമായ പഞ്ചായത്ത് നമ്മുടേതായിരുന്നു. സമ്പൂർണ്ണ പാർപ്പിട പദ്ധതി വലിയൊരു സാമൂഹ്യ ബാദ്ധ്യതയാണ്. നമ്മുടെ സാമൂഹ്യ ക്രമത്തിൽ ഉണ്ടായ മാറ്റവും കൂട്ടു കുടുംബ ക്രമത്തിൽ നിന്നും അണുകുടുംബങ്ങളുടെ ആവിർഭാവവും കൂടുതൽ കൂടുതൽ വീടുകൾ അനിവാര്യമാക്കി തീർത്തു നമ്മുടെ പഞ്ചായത്തിൽ ആകെ വീടുകൾ 6373 ആണ്.

വീടുകൾ വാർഡു തിരിച്ച്

| വാർഡ് | | വീടിൻെറ എണ്ണം |
|---|---|---|
| I | — | 598 |
| II | — | 645 |
| III | — | 575 |
| IV | — | 598 |
| V | — | 680 |
| VI | — | 544 |
| VII | — | 709 |
| VIII | — | 665 |
| IX | — | 658 |
| X | — | 701 |

| | |
|---|---|
| കോൺക്രീറ്റ് വീടുകൾ ആകെ. | 451 |
| ഓടിട്ടത് | 3857 |
| കുടിൽ | 1697 |
| മറ്റുള്ളവ. | 368. |

ഗ്രാമ പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ 35 ശതമാനം കുടുംബങ്ങൾക്കും താമസ യോഗ്യമായ വീടുകൾ ഇല്ലാത്തവരാണ്. 40 ശതമാനം കുടുംബങ്ങൾക്കും കക്കൂസ് സൗകര്യങ്ങളില്ല.

നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ജന സംഖ്യയിൽ നല്ലൊരു ശതമാനം കോളനിനിവാസികളാണ്.

വാർഡ് തിരിച്ച്

കോളനികൾ

| വാർഡ് നമ്പർ: | | കോളനികളുടെ എണ്ണം |
|---|---|---|
| I | | |
| II | — | 1 |
| III | — | 3 |
| IV | — | 1 |
| V | — | 1 |
| VI | — | ഇല്ല |
| VII | — | — |
| VIII | — | |
| IX | — | 2 |
| X | — | ഇല്ല |

ഭൂരിപക്ഷം കോളനികളിലെ സ്ഥിതി പരമ ശോചനീയമാണ്. കുടിജലം, വൈദ്യുതി, കക്കൂസ് സൗകര്യങ്ങൾ ഇവ മിക്ക കോളനികളിലും ഇല്ല. കാലാകാലങ്ങളിൽ ചെയ്യേണ്ട അറ്റ കുറ്റ പണികൾ നടക്കാത്തതുകൊണ്ട് പല കോളനികളും ഇടിഞ്ഞു പൊളിഞ്ഞ സ്ഥിതിയിലാണ്. ഭൂദാന കോളനികളായി സ്ഥലം ലഭിച്ച പല കുടുംബങ്ങൾക്കും താമസ യോഗ്യമായ വീടില്ല ലക്ഷം വീടുകളും മുൻപ് വീട് അനുവദിച്ച് കിട്ടിയവരിൽ നിന്നും കൈമാറ്റം ചെയ്തു വാങ്ങിയിട്ടുള്ളതാണ്. അവർക്ക് പേരിൽപട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം. കോളനി നിവാസികൾക്ക് വിവിധ ആവശ്യങ്ങൾക്ക് ഒരുമിച്ചു കൂടുന്നതിനും വിനോദത്തിനും വേണ്ട സൗകര്യങ്ങൾ കണ്ടെത്തണം.

## പാർപ്പിട നിർമ്മാണ രംഗത്തെ വിവിധ പ്രശ്നങ്ങൾ

അടുത്ത കാലങ്ങളായി ഭൂമിക്കുണ്ടായ ക്രമാതീതമായ വിലക്കയററം സ്വന്തമായി സ്ഥലം വാങ്ങി വീടു പണിയുവാൻ സാധാരണക്കാർക്ക് കഴിയാത്തസ്ഥിതിയായി. 1989-90-ൽ സെൻറിന് 1000 രൂപ നിരക്കിൽ ഭൂമി ലഭിക്കുമായിരുന്നുവെങ്കിൽ ഇന്ന് നമ്മുടെപഞ്ചായത്തിൽ ഒരു പ്രദേശത്തും സെൻറിന് 5000രൂപയിൽ താഴെ ഭൂമി ലഭിക്കാത്ത സ്ഥിതിയിലാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായ കുതിച്ചുകയററം ഇടത്തരക്കാരും സാധാരണക്കാരുമായ ആളുകൾക്ക് താങ്ങുവാൻ കഴിയാത്ത പരുവത്തിലാണ്. 1989-90 ൽ ഒരു ലോറി മണലിന് 400 രൂപ മാത്രം വിലയായിരുന്നു വെങ്കിൽ ഇന്ന് 2000 രൂപയിൽ ഏറെയാണ്. ചുടുകട്ട 1000 ന് 1989-90 ന് 800 രൂപയിൽ താഴെയായിരുന്നുവെങ്കിൽ ഇന്ന് 1996ൽ 2000 രൂപയ്ക്കടുത്ത് വിലയെത്തി.

സിമിൻറിന്

| | |
|---|---|
| 1987-88 | രൂപ 70 |
| 88-89 | 100 |
| 92-94 | 150 |
| 95-96 | 200 |

എന്ന ക്രമത്തിലാണ് വിലക്കയറ്റമുണ്ടായത്. 1987-ൽ 1 കിലോ കമ്പി 13 രൂപ നിരക്കിൽ ലഭിച്ചിരുന്നുവെങ്കിൽ 1996-ൽ 16.80 ആയി നിൽക്കുന്നു.

കെട്ടിട നിർമ്മാണ തൊഴിലും കൂലിനിരക്കും

കെട്ടിട നിർമ്മാണ രംഗത്തെ വർദ്ധിച്ച കൂലിനിരക്ക് അസഹ്യമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയററം തൊഴിൽ മേഖലയിൽ കൂലി കൂടുതലിന് ഇടയാക്കി. കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കൂലി നിരക്കിലുണ്ടായ വർദ്ധനവ് താഴെ പറയും പ്രകാരമാണ്.

| വർഷം | വിദഗ്ദ്ധ തൊഴിലാളി | അവിദഗ്ധ തൊഴിലാളി |
|---|---|---|
| 1989-90 | 60 | 40 |
| 92-93 | 80 | 50 |
| 93-94 | 90-100 | 60 |
| 95-96 | 125 | 90 മുതൽ 100 വരെ |

ഈ രംഗത്ത് നാട്ടിൽ വിദഗ്ധ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കാത്ത സ്ഥിതിയുണ്ട്. തമിഴന്മാരായ തൊഴിലാളികളും ഈ രംഗത്ത് പണിയെടുക്കുന്നു.

## ഭവന നിർമ്മാണ രംഗത്തെ വിവിധ പദ്ധതികൾ

നമ്മുടെ പഞ്ചായത്തിൽ പരിമിതമായ തോതിലെങ്കിലും വിവിധ പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് ധനസഹായവും വായ്പയും ലഭിക്കുന്നുണ്ട്. അവ ഹൗസിംഗ് ബോർഡ് വഴി ലഭിക്കുന്നവിവിധ സ്കീം പ്രകാരം ലഭിക്കുന്ന വായ്പകൾ, ബ്ലോക്ക് വഴിയും റവന്യൂവഴിയും ലഭിക്കുന്ന ധനസഹായ പദ്ധതികൾ എന്നിവയാണ്. കൂടാതെ പാമ്പാടി ഭവന നിർമ്മാണ സഹകരണസംഘം വഴിയും ഭവന വിർമ്മാണത്തിന് വായ്പകൾ ലഭിക്കുന്നുണ്ട്.

ബ്േളാക്ക് വഴി ഭവന നിർമ്മാണ സഹായ പദ്ധതികൾ താഴെ പറയുന്നു.

R.L.E. G.P
N.R.E.P
IAY
IRY
MWS
രാജീവ് ദശലക്ഷപാർപ്പിട പദ്ധതി
മില്യൻ വെൽ സ്കീം
D.R.D.A 20%

വിവിധ പദ്ധതിയിലൂടെ വിതരണംചെയ്ത വീടുകളുടെ എണ്ണം

| സ്കീം | IAY | MWS | JRY |
|---|---|---|---|
| വർഷം | | | |
| 1992- 93 | – | 5 | 3 |
| 1993- 94 | – | 4 | 8 |
| 1994- 95 | 1 | 8 | – |
| 1995-96 | 2 | 3 | 6 |

റവന്യു വഴി

പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക്‌വേണ്ടി പുനരധിവാസ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും വളരെ പരിമിതിമായി മാത്രമേ ഇത് ലഭിക്കുന്നുള്ളു.

പാർപ്പിട രംഗത്തെ സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1) പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണസംഘം രൂപീകരിക്കുക എഞ്ചിനിയർ മുതൽ ലേബർവരെയുള്ളവരെ സംഘത്തിലൂടെ സംഘടിപ്പിക്കുക.
2) കെട്ടിട നിർമ്മാണ സാമഗ്രികൾ സബ്സിഡി നിരക്കിൽ സാധാരണക്കാർക്കുവേണ്ടി ഹൗസിംഗ് ബോർഡ് വഴി ലഭിക്കുവാൻ കഴിയുന്ന സംവിധാനമുണ്ടാവണം.
3) ചെലവ് കുറഞ്ഞവീടുകൾക്ക് പ്രചാരം കൊടുക്കുകയും പഞ്ചായത്തിൽ ഒരു നിർമ്മിതി കേന്ദ്രം തുടങ്ങുകയും ചെയ്യുക.
4) തെരഞ്ഞെടുത്ത കുറെ തൊഴിലാളികളെ ചെലവു കുറഞ്ഞ വീടു നിർമ്മാണത്തിനുള്ള വിദഗ്ധ പരിശീലനത്തിന് അയയ്ക്കുക
5) നിർമ്മാണ ചെലവ് 2 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.
6) കൂടുതൽ മുതൽ മുടക്കുള്ള വീടുകൾക്ക് കൂടിയ തോതിൽ Tax നിശ്ചയിക്കുകയും അതിൽ ഒരു വിഹിതം ദുർബല വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ നിക്ഷേപിക്കുകയും ചെയ്യുക.
7) നമ്മുടെ കാലാവസ്ഥയ്ക്കും പരിസ്ഥിതിക്കും ഇണങ്ങുന്ന വീടുകൾക്ക് പ്രചാരം കൊടുക്കുക.
8) Register ഓഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.
9) സർക്കാർ വിവിധ ഏജൻസികളിലൂടെ വിതരണം ചെയ്യുന്ന ഭവന നിർമ്മാണ വായ്പയുടെ സംഖ്യ വർദ്ധിപ്പിക്കുക.
10) കെട്ടിട നികുതി പുനർ നിർണ്ണയം ചെയ്യുകയും Tax നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുകയും ചെയ്യുക.

# B. സാമൂഹ്യക്ഷേമം

സാമൂഹ്യമായും വിദ്യാഭ്യാസപരമായും മുന്നിട്ടുനിൽക്കുന്ന നമുക്ക് കേന്ദ്ര സംസ്ഥാന സർക്കാർ വഴി ലഭിക്കുന്ന പല സാമൂഹ്യക്ഷേമ പദ്ധതികളും വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിലെ പ്രായോഗിക പോരായ്മകളും പദ്ധതി പരിപാടികൾആളുകളെ അറിയിക്കുന്നതിലുള്ള വീഴ്ചകളും ഈ രംഗത്ത് നിലനിൽക്കുന്നു. സാമൂഹ്യക്ഷേമ പദ്ധതികൾ പ്രധാനമായി വരുന്നത് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമപദ്ധതികളും ദാരിദ്രനിർമ്മാർജനത്തിനുള്ള I.R.D.P പദ്ധതിയും വിവിധക്ഷേമ നിധികളും, വാർദ്ധക്യകാല പെൻഷൻ, വികലാംഗപെൻഷൻ, വിധവാ പെൻഷൻ, കർഷകതൊഴിലാളിപെൻഷൻ, തൊഴിലില്ലായ്മ വേതനപദ്ധതി , പട്ടികജാൽ വികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗവികസന കോർപ്പറേഷൻ, വനിതാ ക്ഷേമ കോർപ്പറേഷൻ എന്നിവ വഴിയുള്ള ക്ഷേമ പദ്ധതികളുമാണ്.

## അംഗൻവാടികൾ

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 24 അംഗനവാടികൾ ആണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഭൂരിപക്ഷം അംഗനവാടികൾക്കും അത്യാവശ്യം വേണ്ടസൗകര്യങ്ങൾ ഇല്ല. മറ്റ് പല രംഗങ്ങളിലും ആവശ്യത്തിലേറെ പണം മുടക്കുന്ന സർക്കാർ ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഈരംഗത്തെ കാര്യക്ഷമതയില്ലായ്മയും ശിശുപരിപാലനത്തിനുള്ള പരിമിതികളും കുടുതൽ മാതാപിതാക്കളെ ഇംഗ്ളിഷ് മീഡിയം പ്രീപ്രൈമറി സ്ക്കുളിലേക്ക് അയയ്ക്കുവാൻ പ്രേരിപ്പിക്കുന്നു.

അംഗനവാടികളിൽ പ്രവർത്തിക്കുന്ന ടീച്ചർമാരുടെയുംഹെൽപ്പർമാരുടെയും ജോലിഭാരം കൂടുതലാണ്. പലപ്പോഴും ടീച്ചർമാർ അവധിയെടുത്താൽ പകരം ആളുകളെ വെച്ച് കുട്ടികൾക്ക് ക്ളാസ്സ് എടുക്കുവാൻ സംവിധാനമില്ല. ജോലി ഭാരത്തിനു തക്ക പ്രതിഫലം സർക്കാരിൽ നിന്നും ലഭിക്കുന്നില്ല. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് മതിയായ വേതനം കൊടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാവണം. കൂടാതെ ഈ രംഗത്ത് വളരെയേറെ പോരായ്മകൾ നിലനിൽക്കുന്നു. അംഗനവാടികൾക്ക് കെട്ടിടം പണിയുവാനുള്ള ഉത്തരവാദിത്വം ടീച്ചർമാരെയാണ് എൽപ്പിക്കുന്നത്. സാമൂഹ്യക്ഷേമവകുപ്പിൽനിന്നും പരമാവധി ലഭിക്കുന്ന ധനസഹായം 25,000 രൂപ മാത്രമാണ്. ഈ തുകയ്ക്ക് കെട്ടിടം പണിയുന്നതിനും കുടിജലത്തിനുള്ള സൗകര്യം ഉണ്ടാക്കുന്നതിനും കക്കൂസ്സ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തികയത്തില്ല. അതുകൊണ്ട് അംഗനവാടികളുടെ നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തിനെ എൽപ്പിക്കുകയും പഞ്ചായത്തുവഴി സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ആളുകളുടെ മുഴുവൻ ചുമതലയും എൽപ്പിക്കണം.

അംഗനവാടികൾക്കു സമീപം ഇംഗ്ളീഷ് മീഡിയം പ്രീപ്രൈമറി സ്ക്കുളുകൾ അനുവദിക്കുന്നതുവഴി പല അംഗനവാടികളിലും കുട്ടികളെ ലഭിക്കാത്ത സ്ഥിതിയുണ്ട്. അതുകൊണ്ട് ഇംഗ്ളിഷ് മീഡിയം പ്രീപ്രൈമറി സ്ക്കുളുകൾക്ക് അനുവാദം കൊടുക്കാതിരിക്കാൻ സർക്കാർ തലത്തിൽ തീരുമാനമുണ്ടാവണം.

അംഗനവാടികൾ വാർഡ് നിരക്ക്

| വാർഡ് | അംഗനവാടികളുടെ എണ്ണം | കുട്ടികളുടെ എണ്ണം |
|---|---|---|
| I | 3 | 106 |
| II | 2 | 55 |
| III | 1 | 18 |
| IV | 2 | 40 |
| V | 2 | 60 |
| VI | 2 | 49 |
| VII | 2 | 59 |
| VIII | 3 | 64 |
| IX | 3 | 38 |
| X | 4 | 56 |

സ്വന്തമായി കെട്ടിടമുള്ളവർ 19 സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത് 1 സ്വന്തമായി സ്ഥലമുള്ളവർ 23

സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത മുഴുവൻ അംഗനവാടികൾക്കും സ്ഥലവും കെട്ടിടവും ഉണ്ടാവുന്നതിനുള്ള നടപടികൾ ഉണ്ടാവണം. ഭൂരിപക്ഷം അംഗനവാടികളിലും കുട്ടികൾക്ക് ആവശ്യമായ കളിപ്പാട്ടങ്ങൾ ഇല്ല. ഈ സ്ഥിതിയ്ക്ക് പരിഹാരമുണ്ടാവണം.

## I.R.D.P. പദ്ധതികൾ

ദാരിദ്രരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാരും പരിമിത വരുമാനക്കാരുമായ ആളുകൾക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്തിൻെറ കീഴിൽ വരുന്ന ഈ പദ്ധതി കൂരോപ്പട ഗ്രാമ പഞ്ചായത്തിലുള്ള കോത്തല, കൂരോപ്പട, ളാക്കാട്ടൂർ എന്നീ 3 V.E.O സർക്കിൾ വഴിയാണ്. നടപ്പിലാക്കുന്നത്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തി ഓരോ വാർഡ് തിരിച്ച് ലിസ്ററ് ഉണ്ടാക്കുകയും ആ ലിസ്ററിൽ നിന്നും കുടുംബ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ അർഹതപ്പെട്ടവർക്ക് സബ്സിഡിയോടുകൂടിയ സ്വയം തൊഴിൽ വായ്പകൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

I.R.D.P. ലിസ്ററിൽ ഉൾപ്പെട്ട കുടുംബങ്ങൾ

വർഷം 1992

കുടുംബങ്ങൾ (എണ്ണം)

| S.C.. | S. T. | മററുള്ളവർ | ആകെ |
|---|---|---|---|
| 56 | 2 | 1757 | 1815 |

വർഷം 1995

കുടുംബങ്ങൾ (എണ്ണം)

| S.C.. | S. T. | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 59 | 2 | 2324 | 2385 |

വായ്പ ലഭിച്ച കുടുംബങ്ങൾ

| വർഷം | കുടുംബങ്ങൾ (എണ്ണം) |
|---|---|
| 1992-93 | 53 |
| 93-94 | 51 |
| 94-95 | 44 |
| 95-96 | 45 |

## ട്രൈസ്സം ട്രെയിനിംഗ്

18 നും 35 നും ഇടയ്ക്ക് പ്രായമുള്ള ആളുകൾക്കുള്ള സ്വയം തൊഴിൽ പരിശീലനത്തിനുള്ള പദ്ധതിയാണ് ട്രൈസ്സം ട്രെയിനിംഗ്.I.R.D.P ലിസ്ററിൽപ്പെടുന്ന കുടുംബങ്ങളിൽ നിന്നുമാണ് ട്രൈസ്സംട്രെയിനിംഗിനുള്ള ആളുകളെ കത്തെുന്നത് 6 മാസം മുതൽ 1 വർഷം വരെയാണ് ട്രെയിനിംഗിൻെറ കാലാവധി ബുക്ക്, ബയൻറിംഗ്, റേഡിയോ റിപ്പയറിംഗ്, തയ്യൽ, ഓട്ടോ മൊബൈൽ , കമ്പോസിംഗ്, വയറിംഗ് തുടങ്ങിയ കോഴ്സുകൾക്ക് പരിശീലനം നൽകുന്നതിനും പരിശീലനത്തിന്ശേഷം തൊഴിൽ സംരംഭങ്ങൾക്കുള്ള പണിയായുധങ്ങളുടെ കിററ് സൗജന്യമായി നൽകുകയും, സബ്സിഡിയോടുകുടിയ I.R.D.P. വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു.

ട്രൈസ്സം ട്രെയിനിംഗ് ലഭിച്ചവർ

| വർഷം | പരിശീലനം കിട്ടിയവർ |
|---|---|
| 92-93 | 8 |
| 93-94 | 7 |
| 94-95 | 11 |
| 95-96 | 5 |

D.W.C.R.A

പത്തോ അതിലധികമോ സ്ത്രീകൾ ചേർന്ന് നടത്തുന്ന സ്വയം തൊഴിൽ സംരംഭമാണ്D.W.C.R.A. ഈ രംഗത്ത് 3 യൂണിറ്റുകൾ കൂരോപ്പടപഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അവ താഴെ പറയുന്നവയാണ്.

1) കൂരോപ്പട ത്രിവേണി ഹോട്ടൽ (2) ചെമ്പരത്തി മൂട്ടിലുള്ള പൗർണ്ണമി വനിതാസൊസൈറ്റി (3) കൂരോപ്പട കവലയ്ക്ക് സമീപം പ്രവർത്തിക്കുന്ന പ്രതിഭാ വനിതാ സൊസൈറ്റി എന്നിവയാണ് ഈ യൂണിറ്റുകൾ. ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മകളുടെ പോരായ്മയും മറ്റുംകൊണ്ട് വേണ്ടത്ര വിജയകരമായി നടത്തിക്കൊണ്ടുപോകുവാൻ കഴിയുന്നില്ല.

## ക്ഷേമപദ്ധതികൾ റവന്യൂ വഴിയുള്ളതും

വാർദ്ധ്യകാലപെൻഷൻ, വിധവാ പെൻഷൻ , വികലാംഗ പെൻഷൻ, വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തു അയയ്ക്കുന്നതിനുള്ള ധന സഹായം തുടങ്ങിയവയാണ്റവന്യൂ ഡിപ്പാർട്ടുമെൻറ് വഴി ലഭിക്കുന്ന ക്ഷേമ പദ്ധതി. അർഹതപ്പെട്ട മുഴുവൻ പേർക്കും ഈ ക്ഷേമ പദ്ധതിയുടെ ആനുകൂല്യങ്ങൾ കൊടുക്കുവാൻ കഴിയുന്നില്ല. തൊഴിലില്ലായ്മ വേതനം, കർഷക തൊഴിലാളി പെൻഷൻ ഇവ വാങ്ങിക്കുന്ന അനേകം പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അർഹതപ്പെട്ട പലർക്കും ഈ ആനുകൂല്യം കിട്ടാതെ വരുമ്പോൾ അനർഹരായി പലരും വാങ്ങുന്നുണ്ട്. ഈ അപാകത പരിഹരിക്കപ്പെടണം. കർഷകതൊഴിലാളി പെൻഷനും, തൊഴിലില്ലായ്മ വേതനവും ഗ്രാമ പഞ്ചായത്തുവഴി അർഹരായ ആളുകളെ കണ്ടെത്തി വിതരണം ചെയ്യുവാൻ കഴിഞ്ഞാൽ വളരെ പോരായ്മകൾ പരിഹരിക്കുവാൻ കഴിയും.

പല ക്ഷേമപദ്ധതികൾക്കും അപേക്ഷ കൊടുക്കുന്നതിന് വില്ലേജ് ആഫീസറിൽനിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് ഒരുപ്രധാന ഘടകമാണ്. പലപ്പോഴും ദുർബല വിഭാഗത്തിൽപ്പെടുന്ന ആളുകൾ വില്ലേജ് ഓഫീസറെ ഈ വക ആവശ്യങ്ങൾക്കു സമീപിക്കുമ്പോൾ എടുക്കുന്ന നിലപാട് ഏറെ ആക്ഷേപ മുണ്ടാക്കുന്നുണ്ട്. റേഷൻ കാർഡുകളിൽ രേഖപ്പെടുത്തികാണുന്ന വരുമാനത്തിൽ ഏറെ അപാകതകൾ ഉണ്ട്.

സാമ്പത്തിക ശേഷിയുള്ള പല കുടുംബങ്ങൾക്കും കുറഞ്ഞ പ്രതിമാസ വരുമാനവും ശേഷി കുറഞ്ഞ കുടുംബങ്ങൾക്ക് കൂടിയ വരുമാനവും രേഖപ്പെടുത്തികാണുന്നു. ഈ അപാകത വളരെ വ്യാപകമായി കാണുന്നുണ്ട്. അതുവഴി ദുർബല വിഭാഗത്തിൽ പ്പെടുന്ന പല കുടുംബങ്ങൾ അർഹതപ്പെട്ട അനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിന് കഴിയാതെ വരുകയും അനർഹരായ ആളുകൾ വാങ്ങിക്കുകയും ചെയ്യുന്നു.

## ക്ഷേമനിധികൾ

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി, കർഷകതൊഴിലാളി ക്ഷേമ നിധി, ബീഡി തെറുപ്പ്, തെങ്ങുക്കയറ്റം, കള്ളുചെത്ത്, കരിങ്കൽ തൊഴിലാളി, ബാർബർ തൊഴിലാളി തുടങ്ങിയവർക്കെല്ലാം ക്ഷേമനിധിയുണ്ടങ്കിലും ഇവയെപ്പറ്റി അധികം ആളുകളും ബോധവന്മാരല്ല. ഈ ക്ഷേമപദ്ധതിയിൽ ചേരുന്നതിനും , ചേർപ്പിക്കുന്നതിനും കൂട്ടായ ശ്രമമുണ്ടാകണം.ഈ ക്ഷേമനിധികളിൽ പലതിലും സർക്കാറിൻെറയും ഉടമകളുടെയും വിഹിതം അടച്ചു കാണുന്നില്ല. അതിന് മാററമുണ്ടാകണം.

മററു ക്ഷേമപദ്ധതികൾ

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വനിതാ ക്ഷേമ കോർപ്പറേഷൻ, പട്ടികജാതി വികസ ന കോർപ്പറേഷൻ തുടങ്ങിയ ഏജൻസിവഴി സർക്കാർ പല ക്ഷേമ പദ്ധതികളും മററും നടപ്പിലാക്കുന്നുണ്ടെങ്കിലും അതിൻെറ പ്രയോജനം അധികം അളുകൾക്കും ലഭിക്കുന്നില്ലന്നുമാത്രമല്ല. ഭൂരിപക്ഷം അളുകൾക്കും ഈ പദ്ധതികളെപ്പറ്റി അറിഞ്ഞുകൂടാ.

## ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ

1) കൂരോപ്പട പഞ്ചായത്തിൽ പൊതുശ്മശാനം ഉണ്ടാവണം.
   (ഒന്നു് കൂരോപ്പട കേന്ദ്രീകരിച്ചും, മററൊന്നു് കോത്തല കേന്ദ്രീകരിച്ചും ആയാൽ സൗകര്യപ്രദമായിരിക്കും. )
2) പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം ഉണ്ടാകണം.
3) പൊതുജനങ്ങളുടെ സൗകര്യാർത്ഥം. കൂരോപ്പടയിൽ ഒരു കമ്യൂണിററിഹാളും ബസ് സ്ററാൻഡും പണിയണം.
4) കൂരോപ്പട കവല, ചെന്നാമറ്റം , ളാക്കാട്ടൂർ കവല , എരുത്തുപ്പുഴ തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ യാത്രക്കാരുടെ സൗകര്യാർത്ഥം വെയിററിംഗ് ഷെഡ് പഞ്ചായത്തിൽ നിന്നും പണിയണം.
5) നമ്മുടെ പഞ്ചായത്തിൽ 4 ാം വാർഡിൽ ഒരു അംഗനവാടി കൂടി അനുവദിക്കണം.
6) മൂങ്ങാക്കുഴി-കൂവപൊയ്ക റോഡിൽ ചാത്തമ്പാറ ഭാഗത്ത് പന്നഗം തോട്ടിൽ കുറുകെ ചപ്പാത്ത് കെട്ടി റോഡ് യാത്ര സുഗമമാക്കണം.

*

## 1.8

# പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

**ആമുഖം**

ചാതുർ വർണ്ണ്യ വ്യവസ്ഥിതിയിൽ അധിഷ്ഠിതമായ തൊഴിൽ വിഭജനവും അതിൽ നിന്നുളവായ ജാതിനിയമങ്ങളും തുടർന്നുണ്ടായ ഉച്ചനീച സംസ്ക്കാരവും ലോകത്തിൽ നമ്മുടെ രാജ്യത്തുള്ള ഒരു പ്രത്യേകതയാണ്. നൂറ്റാണ്ടുകളിലൂടെ വൈദീകകാലവും, രാജഭരണവും പിന്നിട്ട് ജനാധിപത്യ ഭരണത്തിൻ കീഴിലായ നാം ഇപ്പോഴും മേൽ പറഞ്ഞ ജാതിയതയും ഉച്ചനീചത്വവും തീണ്ടിക്കൂടായ്മയുമെല്ലാം അതേ പടി ഭദ്രമായി സൂക്ഷിക്കുവാൻ കിണഞ്ഞു പരിശ്രമിക്കുകയാണെന്ന ദയനീയ സത്യം ഖേദപൂർവ്വം ഇവിടെ സൂചിപ്പിച്ചു കൊള്ളട്ടെ. ഭാരതത്തിലെ ആദിമ ജനത നൂറ്റാണ്ടുകളായി. അനുഭവിച്ചു വന്ന കിരാതമായ അടിമത്ത്വം, അവരുടെ മനസ്സിൽ ആഴത്തിൽ ഏല്പിച്ച മുറിവ് ഇപ്പോഴും നിലനില്ക്കുന്നു. അത്തരം മാനസീകാവസ്ഥയിൽ നിൽക്കുന്നവരുടെ തികച്ചും ഒന്നാമത്തേതോ, രണ്ടാമത്തേതോ തലമുറ ആയ ഇപ്പോഴുള്ള ജനങ്ങൾ, തങ്ങളും ശപിക്കപ്പെട്ടവരാണെന്നു സ്വയം ചിന്തിക്കുന്നുവെങ്കിൽ അതിൽ ഒട്ടും അത്ഭുതത്തിനവകാശമില്ല. നാം സാംസ്ക്കാരികമായി സാക്ഷരതയിലും മറ്റും നമ്മുടെ രാജ്യത്ത് സംസ്ഥാനങ്ങൾക്ക് മാതൃകയായി നില്ക്കുന്ന കേരളത്തിൽ ഇപ്പോഴും അടിമത്ത്വം നിലനില്ക്കുന്നു. എന്ന ദുഃഖസത്യം ഇവിടുത്തെ സാംസ്കാരിക നായകന്മാർ ഓർക്കണം.

ഈ രാജ്യത്തെ അടിമകളും അതിൻെറ പിൻ തലമുറക്കാരാണ് തങ്ങളെന്ന, പട്ടികജാതിക്കാരുൾ ക്കൊള്ളുന്ന പിന്നോക്ക വിഭാഗങ്ങളുടെ ചിന്താഗതിയും, അവർ ഉയർന്നു വരുവാൻ പാടില്ല എന്ന സവർണ്ണ ചിന്താഗതിയും നിലനിൽക്കുന്നേടത്തോളം കാലം വിദ്യാഭ്യാസപരമായി, സാംസ്കാരികമായി, സാമ്പത്തികമായി വളരെ പിന്നോക്കം നില്ക്കുന്ന ഒരു വലിയ ശതമാനം ജനങ്ങൾനമ്മുടെ രാജ്യത്തുണ്ടാകും. അത് നമ്മുടെ രാജ്യത്തിൻെറ സാംസ്കാരികത്തനിമയ്ക്ക് തികച്ചും ഒരപവാദമായിരിക്കും. ഈ അപവാദത്തിൽ നിന്നും മോചനം നേടുവാൻ നമുക്കു കൂട്ടായി ശ്രമിക്കാം.

**നിർദ്ദേശങ്ങൾ :**

**സംസ്കാരം :** നൂറ്റാണ്ടുകളോളം ക്രൂരമായ അടിമത്വത്തിനും കിരാതമായ മാനസിക പീഢനത്തിനും അന്ധവിശ്വാസങ്ങൾക്കും വിധേയമായ ഒരു ജനസമൂഹത്തിൻെറ അനന്തരഗാമികളായ 2-ാം തലമുറക്കാരാണ് ഇന്നത്തെ പട്ടികജാതിക്കാരും ദളിത് ക്രൈസ്തവർ തുടങ്ങിയവരും. താൻ പല കാര്യങ്ങളിലും താഴ്ന്നവനാണെന്ന തോന്നൽ (Inferiorty Complex) കാലഘട്ടം മാറിയിട്ടും അതുൾക്കൊള്ളാൻ കഴിയാത്തതു മൂലം മുൻ തലമുറ പിന്തുടർന്ന അന്ധവിശ്വാസങ്ങളോടുള്ള ആദരവ്, മൂലം രോഗങ്ങൾ വരുമ്പോൾ പോലും ശരിയായ ചികിത്സയ്ക്കു പോകാതെ അന്ധവിശ്വാസങ്ങളുടെ പുറകെ പോകുന്നു.

ഇത്തരം കാര്യങ്ങളിൽ നിന്നും അവരെ മോചിപ്പിക്കണമെങ്കിൽ ശരിയായ ബോധവൽക്കരണം ആവശ്യമാണ്. ഇതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു സമിതി രൂപീകരിക്കുക. ഈ സമിതിയിൽ സാമൂഹ്യ പ്രവർത്തകർ, സന്നദ്ധ സംഘടനാപ്രതിനിധികൾ വിഷയത്തിൽ അവബോധമുള്ള വ്യക്തികൾ തുടങ്ങിയവർ അടങ്ങിയിരിക്കണം. സെമിനാറുകൾ, ബോധവൽക്കരണക്ലാസ്സുകൾ ഫിലിം പ്രദർശനങ്ങൾ മുതലായവയിലൂടെ ഇത്തരം ബോധവൽക്കരണപരിപാടി നടപ്പിലാക്കുവാൻ സാധിക്കും.

**വിദ്യാഭ്യാസം :** വിദ്യാഭ്യാസത്തിൻെറ വിലയും അതുകൊണ്ടുണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയില്ലാത്തവരാണ് പട്ടികജാതി/വർഗ്ഗത്തിൽ പെട്ട മഹാഭൂരിപക്ഷവും. വിദ്യാഭ്യാസം ഇല്ലാത്തതു കൊണ്ടുള്ള ബുദ്ധിമുട്ട് പലപ്പോഴും അനുഭവിക്കുന്നുണ്ടെങ്കിലും അതിൻെറ നേട്ടങ്ങളെക്കുറിച്ച് ചിന്തിച്ച് അടുത്ത തലമുറയെ എങ്കിലും വിദ്യാസമ്പന്നമാക്കുവാൻ ഒരോ വ്യക്തിക്കും കഴിയുന്നില്ല. പക്ഷേ അതവരുടെ ജീവിതരീതി കൊണ്ടാകാം. ശരിയായ നിലയിൽ വീട്ടിൽ തന്നെ പരിശീലനം കൊടുക്കുവാനോ സ്വകാര്യട്യൂഷൻ നൽകുവാനോ, സാമ്പത്തിക പരാധീനത മൂലം കഴിയാതെ വരുന്നു. തന്മൂലം കഷ്ടിച്ച് 10-ാം ക്ലാസ്സു കൊണ്ട് പഠനം നിർത്തി കൂലി പണിക്കു പോയി തുടങ്ങുന്നു. ഇതോടെ അവൻെറ അധഃപതനവും മറ്റുള്ളവരുടെ ചൂഷണവും തുടങ്ങുന്നു. ഇനിയും വളരെ കഷ്ടപ്പെട്ടു പഠിച്ച് ഒരു ബിരുദം സമ്പാദിക്കുന്ന പട്ടി

കജാതിക്കാരനാകട്ടെ സംവരണമുണ്ടെങ്കിൽ പോലും സർക്കാർ ഉദ്യോഗമെന്നത് നമ്മുടെ വ്യവസ്ഥിതി പ്രകാരം ഒരു ബാലികേറാമലയായി അവശേഷിക്കുന്നു. വിസ്താരഭയത്താൽ അതിൻെറ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

കോളനികളായും ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി-ഇതര പിന്നോക്ക വിഭാഗങ്ങളെ വിദ്യാഭ്യാസം കൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ചു ബോധമുള്ളവരാക്കുകയാണ് വേണ്ടത്. അതിനു വേണ്ടി വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷനും രക്ഷകർത്താക്കൾക്ക് ബോധവൽക്കരണവും നൽകുക. ഇവരുടെ ജീവിത നിലവാരം ഉയരേണ്ടതും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുമാണ്. കുട്ടികളെ പരിപാലിക്കുവാനും വിനോദങ്ങളിൽ ഏർപ്പെടുവാനും ഉള്ള സമയവും സൗകര്യവും ഉണ്ടാക്കി കൊടുക്കണം.

**സാമ്പത്തികം :** കൂലിപ്പണിക്കാരാണധികവും അന്നന്നത്തെ അധ്വാനം കൊണ്ടു അന്നം തേടുന്നവർ. ആഹാരത്തിൻെറ നിലവാരം പലപ്പോഴും ശരാശരിയിൽ താഴെയാണ്. പരിമിതമായ മറ്റാവശ്യങ്ങൾ കൂടി കണക്കിലെടുത്താൽ ഇപ്പോഴുള്ള കൂലി നിലവാരമനുസരിച്ച് ഒരോ ദിവസവും അല്പം മാറ്റി വയ്ക്കുവാൻ സാധിക്കും. പുരുഷന്മാരണധികവും ജോലിക്കു പോവുക. ഇത്തരക്കാരുടെ സാമ്പത്തികനില അല്പം മോശമാണെങ്കിലും സ്ത്രീയും പുരുഷനും പണിക്കു പോകുന്ന കുടുംബങ്ങളിൽ സാമ്പത്തികനേട്ടമുണ്ടെങ്കിലും സാംസ്ക്കാരിക വിദ്യാഭ്യാസകാര്യങ്ങളിൽ വളരെ പിന്നോക്കമാണെന്നു കാണാം.

ഇതൊക്കെയാണെങ്കിലും പണിയില്ലാത്ത കാലത്ത് (മഴ സമയം) സാമ്പത്തിക ബുദ്ധിമുട്ട് ഏറെ അനുഭവപ്പെടുന്നു. ചെറിയ വരുമാനമാണുള്ളതെങ്കിലും വലിയ വരുമാനക്കാരനൊപ്പം പല കാര്യങ്ങളിലും ചെലവുണ്ടാകുന്നു. ഉദാ:- ആഹാരസാധനങ്ങൾ വാങ്ങിക്കുന്നതിന്, ബസ് ചാർജ്, ആശുപത്രി ചിലവ് അങ്ങനെ പലതും.

എന്നാൽ കിട്ടുന്ന പണം കുറച്ചാണെങ്കിലും എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെപ്പറ്റി വ്യക്തമായ ധാരണയില്ല. ഒരു കുടുംബബജറ്റ് ഇല്ലാത്തതാണിതിനു കാരണം. ആഹാരം വീടുകളിൽ കഴിക്കാതെ ചായക്കടകളിലും ഹോട്ടലുകളിലും ചെലവഴിക്കുന്ന വരും ഏറെയാണ്. ''പണമുണ്ടാക്കുന്നു, ചിലവാക്കുന്നു,'' എന്ന മനോഭാവമാണ് പലരിലും.

എന്നാൽ പണത്തിൻെറ വിനിയോഗത്തെപ്പറ്റി ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയാൽ അല്പം കൂടി മെച്ചപ്പെട്ട സാമ്പത്തിക നിലവാരം, കുറഞ്ഞ വേതനം ലഭിക്കുന്നവർക്കു കൂടി ഉണ്ടാകും എന്നു കരുതാം. മദ്യപാനം, പുകവലി, വെറ്റില മുറുക്, മുതലായവയും കുടുംബത്തിലെ സ്ത്രീകൾ, കുടുംബം എങ്ങനെ നയിക്കണം എന്നതിനെപ്പറ്റിയുള്ള അജ്ഞതയും സാമ്പത്തിക തകർച്ചയിലേയ്ക്കു കൊണ്ടു പോകുന്നു. ജോലിയിൽ നിന്നല്ലാതെ സ്വന്തമായി മറ്റൊരു വരുമാനം ഇല്ല എന്നുള്ളതാണ് ഭൂരിപക്ഷത്തിൻെറയും അവസ്ഥ പത്തു സെൻറിൽ താഴെ മാത്രം ഭൂസ്വത്തുള്ള പിന്നോക്കവിഭാഗക്കാർ എല്ലാ കാര്യത്തിനും വില നൽകേണ്ടിയിരിക്കുന്നു.

**പരിഹാരം :** ലഭിക്കുന്ന പണം കുറവാണെങ്കിലും കൂടുതലാണെങ്കിലും അതു വിനിയോഗിക്കുന്ന കാര്യത്തിൽ ഒരു മാർഗ്ഗരേഖ ഉണ്ടാക്കികൊടുക്കണം. ഒരു കുടുംബബജറ്റ് നിർബന്ധമായും ഉണ്ടായിരിക്കണം. ആഴ്ച, മാസം, എന്നി നിലകളിൽ ബജറ്റ് ഉണ്ടാക്കാവുന്നതാണ്. കുടുംബാംഗങ്ങൾ പരസ്പരമുള്ള സമീപനവും ധാരണയും രമ്യമായിരിക്കുവാൻ ഉള്ള അറിവെങ്കിലും കുടുംബാംഗങ്ങൾക്ക് ഉണ്ടാകണം. സംസ്കാരം, വിദ്യാഭ്യാസം മുതലായ കാര്യങ്ങളിൽ പറഞ്ഞതുപോലെ പഞ്ചായത്തു തലത്തിൽ സ്ഥിരമായി ബോധവൽക്കരണസമിതികൾ രൂപവൽക്കരിച്ച് പട്ടികജാതി-വർഗ്ഗ-പിന്നോക്ക വിഭാഗങ്ങളുടെ പൊതുവായ വളർച്ചയ്ക്ക് ഉത്തേജനം പകരാവുന്നതാണ്. മൂന്നു സെൻറാണെങ്കിൽ പോലും വീടു കഴിഞ്ഞുള്ള ബാക്കി സ്ഥലത്ത് സ്വന്തമായി പച്ചക്കറിത്തോട്ടം നടപ്പിലാക്കാവുന്നതാണ്.

പൊതുവായി പറഞ്ഞാൽ സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ഈ വിഭാഗം ജനങ്ങളുടെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന ഘടകം. പണമില്ലാത്തതുകൊണ്ട് പോഷകാഹാരക്കുറവുണ്ടാകുന്നു. ശരിയായി വിദ്യാഭ്യാസം നൽകാൻ പറ്റാതെ വരുന്നു. ദിനപത്രം, റേഡിയോ, ടി. വി. മുതലായ വാർത്താമാധ്യമങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ സാധിക്കാതെ വരുന്നു. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്ത മൂലം പകർച്ചവ്യാധികളും മറ്റു രോഗങ്ങളും ഉണ്ടാകുന്നു. പ്രസവവും, മധുവിധുവും, രോഗവും, സാധാരണ ഉറക്കവും ഒരേ മുറിയിലാകുമ്പോൾ ഇതിൽ നിന്നുരുത്തിരിഞ്ഞു വരുന്ന പുത്തൻ തലമുറ സമൂഹത്തിലൊരു പുഴുക്കുത്താകുന്നുവെങ്കിൽ അതിൽ ഒട്ടും അത്ഭുതപ്പെടാനില്ല.

അടിസ്ഥാനപരമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും തുടരെ തുടരെയുള്ള ബോധവൽക്കരണ പരിപാടികളും നടത്തി പട്ടികജാതി-വർഗ്ഗ-പിന്നോക്കവിഭാഗങ്ങളുടെ പൊതുവായ നിലവാരം ഉയർത്തിയില്ലെങ്കിൽ ഇൻഡ്യപോലുള്ള ഒരു വികസ്വരരാജ്യത്ത് ഇത്തരം വിഭാഗക്കാർ എന്നുംസമൂഹത്തിലെ തീരാവ്യാധിയായി അവശേഷിക്കും.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരുടേതായ കോളനികൾ രണ്ടെണ്ണം മാത്രമേ ഉള്ളൂ. അത് 9, 10 വാർഡുകളിലാണ്. പട്ടികവർഗ്ഗക്കാരുടെ കോളനികൾ ഇല്ല. പത്തിൽ താഴെയുള്ള വീടുകൾ പലയിടങ്ങളിലായി വസിക്കുന്നു. കൂലിപ്പണിക്കാരാണധികവും. തൊഴിലിനു മാന്യമായ സ്ഥാനം നൽകി അവരുടെ നിലവാരം ഉയർത്തണം. അതിനായി പറമ്പിലും പാടത്തും പണിയെടുക്കുന്ന തൊഴിലാളികളെ ഫീൽഡ് അസിസ്റ്റൻറ് ഫാം അസിസ്റ്റൻറ്, എന്നിങ്ങനെയുള്ള പേരുകൾ നൽകി തൊഴിലിനു മാന്യത കല്പിക്കാം. കുലത്തൊഴിലായ ബാർബർ ജോലി ബ്യൂട്ടി പാർലർ ആയപ്പോൾ, പഴയതിനെ നികൃഷ്ടമായി കണ്ടവർ ഇപ്പോൾ 'ബ്യൂട്ടിഷ്യൻ' ആകുവാൻ ശ്രമിക്കുയാണ് അത്തരത്തിൽ തൊഴിനു മാന്യത നല്കുക.

**1. കുടിവെള്ളം :** പഞ്ചായത്തിലെ പട്ടികജാതി-വർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾ പൊതുവെ കോളനികൾ പോലെ കൂട്ടമായി വസിക്കുന്നവരാണ്. മറ്റു ഉന്നതവിഭാഗക്കാരുമായി ബന്ധപ്പെടാതെ ഒറ്റപ്പെട്ട ജീവിതം. കുടിവെള്ളം സുലഭമായി കിട്ടാൻ സാധ്യതയില്ലാത്ത കുന്നിൻ പ്രദേശങ്ങൾ. മഴക്കാലത്തു മാത്രം കുടിവെള്ളം സുലഭമായി കിട്ടും. വേനലിൻെറ ആരംഭം മുതൽമൈലുകൾക്കകലെ നിന്നാണ് ആവശ്യത്തിനു കുടിവെള്ളം കൊണ്ടുവരുന്നത്. പകൽ സമയത്തിൻെറ നല്ലൊരു പങ്കും ഇതിനുവേണ്ടി ചെലവാകുന്നു. അതുമൂലം വീട്ടുകാര്യങ്ങൾ കുട്ടികളുടെ പരിചാരണം, ഇവയ്ക്കു തടസ്സങ്ങൾ ഉണ്ടാകുകയും ആട്, മാട്, കോഴി വളർത്തൽ വരുമാനമാർഗ്ഗത്തിനുള്ള മറ്റു കൈതൊഴിലുകൾ മുതലായവയ്ക്കുള്ള സമയം നഷ്ടപ്പെടുന്നു.

കുടിവെള്ളം സ്ഥിരമായി കിട്ടുന്നതിനുള്ള സംവിധാനമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. ഏറ്റവുമടുത്ത് കുടിവെള്ളം ധാരാളമായി ലഭിക്കുവാൻ ഇടയുള്ളിടത്തു നിന്നും ഇവരുടെ വാസസ്ഥലത്ത് ടാങ്ക് കെട്ടി കുടിവെള്ളം ധാരാളമായി ലഭ്യമാക്കുക.

**2. പാർപ്പിടം :** സർക്കാർ നിയമമനുസരിച്ച് രണ്ടു മുറിയും വരാന്തയും ഉൾക്കൊള്ളുന്ന വീടാണ് ഇപ്പോൾ നല്കുന്നത്. അതിൽ ഒരു മുറിയിൽ തന്നെ അടുക്കളയും . വാതിൽ കതകിനു പകരം അഴിയിട്ടാൽ മതി എന്നാണ് സർക്കാർ ഭാഷ്യം. ഇത്രയും തീർക്കാൻ ഉള്ള ചെലവിൻെറ പകുതി ഭാഗം പോലും സഹായമായി കിട്ടുന്ന ധനം കൊണ്ടു തികയുന്നില്ല. അതിനാൽ അടിസ്ഥാനസൗകര്യങ്ങളോടുകൂടി അല്പം കൂടി സൗകര്യമുള്ള വീടു പണിയുവാൻ കാലഘട്ടത്തിനു നിരക്കുന്ന രീതിയിൽ ധനസഹായം നല്കുക.

**3. അറ്റകുറ്റപ്പണി :** ഏകദേശം 15 വർഷങ്ങൾക്കിപ്പുറം പണി തീർത്തിട്ടുള്ള വീടുകൾ പലതും കേടുപാടുകൾ സംഭവിച്ചു വാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ട് പ്രത്യേകിച്ചും കോളനി പ്രദേശങ്ങളിൽ ഇത്തരം വീടുകൾ പരിശോധിച്ചശേഷം അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം അനുവദിക്കുക.

കോളനികൾ ഉൾപ്പെടെ പലേടത്തും സ്വന്തമായി പട്ടയമില്ലാത്തവരാണ് പട്ടികജാതിക്കാർ. ഏതെങ്കിലും കാരണത്താൽ പട്ടയം ലഭിക്കാതെ പോയവരാണിവർ. വളരെ ചെറിയ അയോഗ്യതയാൽ മാറ്റി നിർത്താതെ ഭവനരഹിതരെങ്കിൽ വീട് അനുവദിച്ചു കൊടുക്കുക.

**4. വൈദ്യുതി :** ഈ കാലഘട്ടത്തിൽ വൈദ്യുതി എന്നത് ജീവിതത്തിൻെറ ഭാഗമായി മാറിക്കഴിഞ്ഞു. പഞ്ചായത്തിൽ വൈദ്യുതി ലഭിക്കാത്ത എല്ലാ പട്ടികജാതി കുടുംബങ്ങളും സൗജന്യമായി വൈദ്യുതീകരിക്കേണ്ടത് അത്യാവശ്യമാണ്. ചെറിയ അയോഗ്യതകൾ പറഞ്ഞു മാറ്റിനിർത്തുന്നത് ശരിയല്ല. വൈദ്യുതി ഇല്ലാത്തതുമൂലം കുട്ടികളുടെ വിദ്യാഭ്യാസം മന്ദഗതിയിലാകുകയും അത് അവരുടെ സാംസ്കാരികതയെ ബാധിക്കുകയും ചെയ്യും. മണ്ണെണ്ണ വിളക്കുപയോഗിക്കുന്ന ഒരു കുട്ടി മണ്ണെണ്ണ ഇല്ലാത്ത ഒരവസ്ഥയെപ്പറ്റി ആലോചിച്ചു നോക്കൂ.

വൈദ്യുതീകരിക്കാത്ത വീടുകളുള്ളത് പലപ്പോഴും കോളനികളിലാണ്. വീടിനോടനുബന്ധിച്ച് ഇത്തരം പദ്ധതികളില്ലായിരിക്കാം, അല്ലെങ്കിൽ പട്ടയത്തെ സംബന്ധിച്ചാകാം. പട്ടികജാതി കോളനി വികസന പരിപാടിയിൽ ഉൾപ്പെടുത്തി, ആ കോളനിയിലെ സ്ഥിരതാമസക്കാരനാണെന്നു ബോധ്യപ്പെട്ടാൽ അത്തരക്കാർക്കു സൗജന്യമായി വൈദ്യുതി എത്തിച്ചു കൊടുക്കുക.

**5. റോഡ് :** ഈ റിപ്പോർട്ടിൻെറ ആദ്യ ഭാഗത്തു സൂചിപ്പിച്ചതുപോലെ പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ചു കിട്ടുന്ന സ്ഥലം, കുന്നിൻ പുറങ്ങളും മറ്റാരും എത്തിനോക്കാൻ പോലും മടിക്കുന്ന പ്രദേശങ്ങളുമാണ്. കോളനിയായി ബന്ധപ്പെട്ട വകുപ്പു അംഗീകരിച്ചിട്ടുണ്ടെങ്കിലും കൂരോപ്പട പഞ്ചായത്തിൽ ഇത്തരം കോളനികളിലേക്ക്, സ്ഥലത്തെ പ്രധാന വീഥിയുമായി ബന്ധിപ്പിക്കുന്ന സഞ്ചാരയോഗ്യമായ വഴിയില്ല എന്നതാണ് സത്യം.

അതുകൊണ്ട് പട്ടികജാതിക്കാർ താമസിക്കുന്ന ലക്ഷം വീടു കോളനികൾ കോളനിയായി പ്രഖ്യാപിക്കാതെ പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങൾ മുതലായവ സ്ഥലത്തെ പ്രധാന വീഥിയുമായി യോജിപ്പിക്കുവാൻ സഞ്ചാരയോഗ്യമായ രീതിയിൽ ടാർ ചെയ്തു കൊടുക്കുക.

**6. കോളനികൾ :** പഞ്ചായത്തിലെ ആകെയുള്ള രണ്ടു പട്ടികജാതി കോളനികളാണ് 9-ാം വാർഡിലെ വല്യപാറപട്ടികജാതി സെറ്റിൽമെൻറും 10-ാം വാർഡിലെ പറയർ കുന്ന് പട്ടികജാതി സെറ്റിൽമെൻറും.

9-ാം വാർഡിലെ വലിയ പാറ പട്ടികജാതി കോളനി ജില്ലയിലെ പ്രധാന വഴിയായ കെ. കെ. റോഡിനു വളരെ സമീപമാണെങ്കിലും പകൽ സമയത്തു പോലും നടന്നു പോകുവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്ന അവസ്ഥയിലാണ് കെ. കെ. റോഡിൽ നിന്നും കോളനിയിലേക്കുള്ള വഴി. 30-ൽ പരം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന ഈ കോളനിയിലേക്ക് മണ്ണാത്തിപ്പാറയിൽ നിന്നുള്ള വഴിയും, കോളനിയുടെ കിഴക്കേ അതിരു ചേർന്നുള്ള വഴിയും ടാർ ചെയ്ത് വാഹനങ്ങൾ പോകത്തക്കരീതിയിൽ സഞ്ചാരയോഗ്യമാക്കുക.

10-ാം വാർഡിൽ 12-ാം മൈൽ കുരിശു പടിക്കൽ നിന്നും പറയർ കുന്നു കോളനി വരെയുള്ള വഴി ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

**7. കക്കൂസ് :** മനുഷ്യൻെറ അടിസ്ഥാനസൗകര്യങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് കക്കൂസ്. ജനപ്പെരുപ്പം മൂലം മലവിസർജ്ജനം തുറസായ സ്ഥലങ്ങളിൽ ആകാൻ വയ്യാത്ത ഒരവസ്ഥയാണിപ്പോൾ. തുറസായ സ്ഥലങ്ങളിൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതുമൂലം രോഗങ്ങളും പകർച്ചവ്യാധികളും വന്നു കൂടുന്നു. അതുകൊണ്ട് പഞ്ചായത്തിലെ കക്കൂസില്ലാത്ത മുഴുവൻ പട്ടികജാതി/വർഗ്ഗക്കാർക്കും കക്കൂസ് അനുവദിച്ചു കൊടുക്കുക.

പഞ്ചായത്തിലെ 9, 10 വാർഡുകളിലെ പട്ടികജാതി കോളനികളിൽ താമസിക്കുന്ന, കക്കൂസ് ഇല്ലാത്ത പട്ടികജാതിക്കാർക്ക് നിർബന്ധമായും കക്കൂസ് അനുവദിച്ചു കൊടുക്കുക.

**8. ഗ്രന്ഥശാല :** പഞ്ചായത്തിലെ, കോളനിയായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും പട്ടികജാതിക്കാർ കൂട്ടായി താമസിക്കുന്ന സ്ഥലങ്ങൾ പട്ടികജാതിക്കാരുൾക്കൊള്ളുന്ന ലക്ഷം വീടു കോളനികൾ പഞ്ചായത്തിലെ രണ്ടു പട്ടികജാതി കോളനികൾ എന്നീവിടങ്ങളിൽ ഗ്രന്ഥശാലകളും അതോടനുബന്ധിച്ച് കലാ-കായികരംഗങ്ങളിൽ താല്പര്യമുള്ള ഒരു പുത്തൻ തലമുറയെ വാർത്തെടുക്കുന്നതിലേക്കുമായി ആർട്സ്-സ്പോർട്ട്സ് ക്ലബ്ബുകൾ രൂപീകരിക്കുക.

ആനുകാലിക പ്രസിദ്ധീകരണങ്ങളും ദിനപത്രങ്ങളും വായിച്ചു മനസ്സിലാക്കുന്നതിലൂടെ അവരുടെ സംസ്കാരം, സാമ്പത്തികം, വിദ്യാഭ്യാസം എന്നീ മേഖലകളിലെല്ലാം അവർ ഉയർന്നു വരുമെന്നു പ്രത്യാശിക്കാം. പഞ്ചായത്തിലെ രണ്ടു കോളനികളിലും ഗ്രന്ഥശാലകൾ അത്യന്താപേക്ഷിതമാണെന്നു പറഞ്ഞു കൊള്ളട്ടെ.

**9. സാംസ്കാരികകേന്ദ്രം, കമ്മ്യൂണിറ്റി ഹാൾ:**

ഈ റിപ്പോർട്ടിൻെറ ആദ്യഭാഗത്തു സൂചിപ്പിച്ചതുപോലെ സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തിക ഉന്നതിക്ക് സെമിനാറുകളും ബോധവൽക്കരണക്ലാസ്സുകളും ശില്പശാലകളും മറ്റും നടത്തി ജനങ്ങളെ അറിവിൻെറ പാതയിലേക്കു വഴി നടത്തണമെന്നുണ്ടെങ്കിൽ അതിനാവശ്യമായ സൗകര്യം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് 9, 10 വാർഡുകളിലെ സെറ്റിൽമെൻറ് കോളനികളിൽ കമ്മ്യൂണിറ്റിഹാൾ/സാംസ്കാരികകേന്ദ്രം സ്ഥാപിക്കുക.

**10. മാവേലി സ്റ്റോർ :**

അവശ്യസാധനങ്ങളുടെ വില ദൈനംദിനം കുതിച്ചുയരുന്ന ഈ കാലഘട്ടത്തിൽ തുച്ഛവരുമാനക്കാരായ പട്ടികജാതിക്കാർക്ക് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതിനു വേണ്ടി പഞ്ചായത്തിലെ പട്ടികജാതി കോളനികൾ സ്ഥിതി ചെയ്യുന്ന 9, 10 വാർഡുകളുടെ മദ്ധ്യഭാഗമായ 12-ാം മൈൽ കേന്ദ്രമാക്കി ഒരു മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. ഇത്തരമൊരു സ്ഥാപനം ഇവിടെ വന്നാൽ സമീപത്തുള്ള ഏതാനും ലക്ഷം വീടു കോളിനക്കാർക്കും ഇതര പിന്നോക്ക വിഭാഗക്കാർക്കും വലിയ ആശ്വാസമായിരിക്കും.

**11.** പട്ടികജാതി കോളനികളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

**12.** സ്വന്തമായി വാസസ്ഥലമില്ലാത്ത പഞ്ചയാത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും ഭൂരഹിത-ഭവനരഹിത-പുനരധിവാസ പദ്ധതി പ്രകാരം 4 സെൻറ് സ്ഥലവും വീടും അനുവദിക്കുക.

**13. വിവിധോദ്ദേശ സഹകരണസംഘം:** പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ മഹാഭൂരിപക്ഷവും കൂലി പണിക്കാരാണ്. പരമ്പരാഗത തൊഴിലുകളായ പായ്, കുട്ട, മുറം, പനമ്പ് മുതലായവ നിർമ്മിക്കുന്നതിനും മറ്റു കൈതൊഴിലുകൾ, ചെറുകിട വ്യവസായങ്ങൾ മുതലായവ ചെയ്യുന്നതിനും, ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനും മറ്റുമുള്ള അടിസ്ഥാനസൗകര്യങ്ങൾ ചെയ്തു കൊടുത്താൽ ഇവരുടെ സാമ്പത്തിക നില ഉയരുകയും ഒപ്പം മണ്മറഞ്ഞു കൊണ്ടിരിക്കുന്ന ഇത്തരം തൊഴിലുകൾ നിലനിർത്തുകയും ചെയ്യാം. ആയതിലേക്ക് ഇത്തരം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും നില നില്പിനും വേണ്ടി പട്ടികജാതി കോളനികൾ സ്ഥിതിചെയ്യുന്ന

വാർഡുകൾ കേന്ദ്രീകരിച്ചു ഒരു വിവിധോദ്ദേശ സഹകരണസംഘം രൂപീകരിക്കുക.

**14. പ്രകൃതി ക്ഷോഭം :** പ്രകൃതി ക്ഷോഭം മൂലം കാലാകാലങ്ങളിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ നികത്തുവാൻ ഒരു സ്ഥിരം സമിതി രൂപീകരിക്കുക.

**15. പെൻഷൻ ആനുകൂല്യം :** കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യപെൻഷൻ, വിധവാ പെൻഷൻ മുതലായവ യോഗ്യതയുള്ളവർക്ക് യഥാസമയം നൽകുക.

സ്ഥാപിക്കുകയും, നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക.

നമ്മുടെ രാജ്യത്തെ ആദിമനിവാസികളുടെ പിന്തലമുറക്കാരായ ഇപ്പോഴത്തെ പട്ടികജാതി/വർഗ്ഗ വിഭാഗക്കാരുടെ സമഗ്രമായ പുരോഗമനത്തിനാവശ്യം അവരുടെ അജ്ഞതയെ തുടച്ചു മാറ്റുക എന്നതാണ്. അതിനുവേണ്ടി ബോധവൽക്കരണക്ലാസ്സുകളും സെമിനാറുകളും മറ്റും സംഘടിപ്പിക്കുകയും ദിനപത്രം തുടങ്ങി

## കൂരോപ്പട പഞ്ചായത്തിലെ പട്ടികജാതി/വർഗ്ഗക്കാരുടെ സ്ഥിതി വിവര കണക്ക്

| വാർഡ് | കുടുംബങ്ങളുടെ എണ്ണം | | വീട്ടുള്ളവർ | വീട് ഇല്ലാത്തവർ | വൈദ്യുതീകരിച്ചവ | അല്ലാത്തവ | കക്കൂസ് ഉള്ളവർ | കക്കൂസ് ഇല്ലാത്തവർ | പട്ടികജാതി കോളനി | |
|---|---|---|---|---|---|---|---|---|---|---|
| | SC | ST | | | | | | | | |
| I | 20 | 8 | 11 | 9 | 9 | 11 | 10 | 10 | ഇല്ല | 9, 10 വാർഡുകളിൽ ഓരോ പട്ടികജാതി സെറ്റിൽമെൻറ് ഉണ്ട്. |
| II | 23 | 6 | 19 | 4 | 15 | 8 | 7 | 16 | ഇല്ല | |
| III | 10 | — | 8 | 2 | 6 | 4 | 5 | 5 | ഇല്ല | |
| IV | 7 | — | 5 | 2 | 4 | 3 | 2 | 5 | ഇല്ല | |
| V | 15 | — | 10 | 5 | 6 | 7 | 6 | 9 | ഇല്ല | |
| VI | 12 | — | 5 | 7 | 6 | 6 | 5 | 7 | ഇല്ല | |
| VII | 14 | — | 9 | 5 | 3 | 11 | 9 | 5 | ഇല്ല | |
| VIIII | 14 | — | 9 | 5 | 8 | 6 | 9 | 5 | ഇല്ല | |
| IX | 47 | — | 39 | 7 | 33 | 14 | 17 | 30 | കോളനി ഒന്ന് (SC) | |
| X | 19 | — | 14 | 5 | 15 | 4 | 9 | 10 | കോളനി ഒന്ന് (SC) | |

**16. അടുക്കളത്തോട്ടം :** പട്ടികജാതിക്കാരുടെ വീടുകൾ ഇരിക്കുന്ന സ്ഥലം ഒഴിച്ച് മറ്റിടങ്ങളിൽ അടുക്കളത്തോട്ടം നിർമ്മിച്ച് അമിതചെലവു കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും അതിനാവശ്യമായ വിത്ത്, വളം, പണിയായുധങ്ങൾ മുതലയാവ കൃഷിഭവനിലൂടെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

**17.** സ്വന്തമായി പട്ടയമില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും പട്ടയവിതരണത്തിനുള്ള സത്വരനടപടി സ്വീകരിക്കുക.

**18.** കുട്ടികളുടെ പ്രാഥമികവിദ്യാഭ്യാസം സുഗമമാക്കുവാൻ പട്ടികജാതി കോളനികളിൽ അംഗൻവാടികൾ

ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വായിക്കുവാൻ ശീലിപ്പിക്കുകയുമാണ് വേണ്ടത്. ഐ.ആർഡി.പി. പോലുള്ള ധനസഹായം അവരെ കടബാധ്യതയുള്ളവരാക്കുന്നു. നിലവിലുള്ള കോർപറേഷനും, ബോർഡുകളും മറ്റു ക്ഷേമവകുപ്പുകളും പട്ടികജാതിക്കാരുടെ സമഗ്രമായ പുരോഗമനത്തിനുതകുന്നില്ല. നടപ്പിലാക്കാൻ പോകുന്ന 9-ാം പഞ്ചവത്സരപദ്ധതിയിലൂടെയെങ്കിലും ഈ രാജ്യത്തെ അടിസ്ഥാനവർഗ്ഗത്തിനു സ്ഥായിയായ മോചനമുണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

*

# 1.9

# സംസ്കാരം

സംസ്കാരവും പരിഷ്കാരവും ഒന്നാണെണ്ണൊരു ധാരണ പലർക്കുമുണ്ട്. തലമുറകളായി ഒരു പ്രദേശത്തെ ജനത കല സാഹിത്യം ആചാരങ്ങൾ വിശ്വാസങ്ങൾ മൂല്യബോധം എന്നിവയിലൂടെ ആർജ്ജിച്ചതിന്റെ സത്തയാണ് സംസ്കാരമെങ്കിൽ അനുകരണങ്ങളിലുടെയും പ്രലോഭനങ്ങളിലൂടെയും ആർജ്ജിക്കപ്പെടുന്നവയാണ് പരിഷ്കാരം. ആയിരക്കണക്കിന് വർഷങ്ങളിലൂടെയും തലമുറകളിലൂടെയും വികാസ പരിണാമ പ്രക്രിയയ്ക്ക് വിധേയമമാക്കപ്പെടുന്നവയാണ് സംസ്കാരമെങ്കിൽ പരിഷ്കാരം പലപ്പോഴും നൈമിഷികവും സ്ഥല കാലപരിമിതികൾക്ക് വിധേയവുമാണ്. ഒരു സമൂഹം പരിഷ്കാരമായി അംഗീകരിച്ചിട്ടുള്ളത് മറ്റൊരു സമൂഹത്തിന് പലപ്പോഴും അങ്ങിനെയായി കൊള്ളണമെന്നില്ല.

കൂരോപ്പട പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രം പരിശോധിക്കുന്ന ഒരാൾക്ക് സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് ഉയർന്ന് വീക്ഷണവും പക്വതയാർന്ന സമീപനവും അടിയുറച്ച മൂല്യബോധവും സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക ജാതി മതവർഗ്ഗ വർണ്ണ വിഭാഗീയ തക്കതീതമായ കാഴ്ചപ്പാടും പുലർത്തി പോന്നിരുന്നവരാണ്. എന്ന് കാണാം. പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമായി തീരുന്നതിനുമുമ്പ് നിലനിന്നിരുന്ന അനൗപചാരിക വിദ്യാഭ്യാസ മേഖലകളിൽ ഭാഷയുടേയും ഗണിത ശാസ്ത്രത്തിൻേറയും അടിസ്ഥാന പാഠങ്ങൾക്കുശേഷം മതഗ്രന്ഥങ്ങളും അതുമായി ബന്ധപ്പെട്ട കലാരൂപങ്ങളുമാണ് സാംസ്കാരിക വളർച്ചയ്ക്ക് കളമൊരുക്കിയിരുന്നത്. പ്രബല ഹൈന്ദവ ഭവനങ്ങളിൽ വിശേഷ അവസരങ്ങളിൽ കഥകളി, ശാസ്ത്രീയ സംഗീത കച്ചേരി തിരുവാതിര കളി എന്നിവ നടത്തിവന്നിരുന്നതായി കാണാം. മിഷനറി പ്രവർത്തകരുടെ പരിശ്രമഫലമായി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച വിദ്യാലയങ്ങളും പലേടത്തും സ്ഥാപിച്ച പള്ളികളിലൂടെയും നല്കപ്പെട്ട മതബോധനവും നമ്മുടെ സാംസ്കാരിക വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ വലുതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി വിശ്വസാഹിത്യത്തേയും ചരിത്രത്തേയും കുറിച്ച് പരിചയപ്പെട്ടു തുടങ്ങിയതോടെ നമ്മുടെ സാംസ്കാരിക നവോത്ഥാനത്തിനു തുടക്കം കുറിച്ചു.

വിദ്യാഭ്യാസ രംഗത്തുണ്ടായ വളർച്ച ഗ്രന്ഥശാലകളുടെ ആവിർഭാവത്തിനും വായനശീലത്തിന്റെ വളർച്ചയ്ക്കും കളമൊരുക്കിയതായി കാണാം. 1950-കളിൽ ദേശബന്ധു നവയുഗം കേരളഭൂഷണം മലയാള മനോരമ മാതൃഭൂമി ദേശാഭിമാനി കേരള കൗമുദി പൗരധ്വനി തുടങ്ങിയ ഇന്ന് പ്രചാരത്തിലുള്ള മിക്ക പത്രങ്ങളും പ്രചാരത്തിൽ വന്നു. ഇവയ്ക്കു പുറമേ ഇന്ന് പ്രചാരത്തിലുള്ള എല്ലാ പത്രങ്ങൾക്കും ഇതര പ്രസിദ്ധീകരണങ്ങൾക്കും വായനക്കാരുള്ള പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്റെ ഒട്ടുമിക്ക വാർഡുകളിലും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന നിരവധി ഗ്രന്ഥശാലകളും ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകളും നമ്മുടെ സാംസ്കാരിക പുരോഗതിക്ക് നൽകിയ സംഭാവനകൾ ചെറുതല്ല. എന്നാൽ ടെലിവിഷൻ പ്രചാരത്തിലായതോടുകൂടി പുസ്തകവായനരംഗത്ത് വലിയ മാന്ദ്യം സംഭവിച്ചിട്ടുള്ളതായി കാണാം.

കൂരോപ്പടയുടെ പുരോഗതിയിൽ അതീവ താല്പര്യം പ്രകടിപ്പിക്കുകയും നമ്മുടെ സാമൂഹ്യ, സാംസ്കാരിക സാമുദായിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് എന്നെന്നും ആവേശവും പ്രചോദനവും നല്കിയിരുന്ന ശ്രീ ആശാരി പറമ്പിൽ ഗോപാലൻ പിള്ളയുടെ സേവനങ്ങൾ എടുത്തു പറയേണ്ടവയാണ്. കൂരോപ്പട പഞ്ചായത്താഫീസ്, പബ്ലിക് മാർക്കറ്റ് വില്ലേജ് ആഫീസ് കൂരോപ്പട പബ്ലിക് ലൈബ്രറി എന്നിവ സ്ഥാപിക്കുവാൻ സ്ഥലം സംഭാവന ചെയ്തതും പഞ്ചായത്തിലെ ആദ്യത്തെ പി. ഡബ്ല്യു. ഡി. റോഡായ ളാക്കാട്ടൂർ കവല-കൊറ്റമംഗലം റോഡ് വെട്ടിച്ചതും അദ്ദേഹമാണ്. ളാക്കാട്ടൂർ സൗത്ത് ഗവർമ്മെൻറ് എൽ. പി. സ്കൂൾ, ളാക്കാട്ടൂർ എൻ. എസ്. എസ്. കരയോഗം എന്നിവ സ്ഥാപിക്കുവാൻ സ്ഥലം നൽകിയതോടൊപ്പം അദ്ദേഹത്തിന്റെ പരിശ്രമഫലമായി സ്ഥാപിക്കപ്പെട്ടവയാണ് ളാക്കാട്ടൂർ എം. ജി. എം. എൻ. എസ്.എസ്. എച്ച്. എസ്. എസ്., ശിവപാർവ്വതി ക്ഷേത്രം എന്നിവ കൂരോപ്പട പഞ്ചായത്ത് സ്ഥാ

പിതമായ 1953-ൽ രണ്ടാം വാർഡിൽ നിന്നും പഞ്ചായത്തു സമിതിയിലേക്കു തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം പഞ്ചായത്തിൻെറ സർവ്വോതോന്മുഖമായ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

കൂരോപ്പട പഞ്ചായത്തിൻെറ സാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ നിറഞ്ഞു നിന്ന ഒരു വ്യക്തിത്വമായിരുന്നു ഗുരുജി എന്നറിയപ്പെട്ടിരുന്ന ശ്രീ. എ. എൻ. രാമകൃഷ്ണപിള്ള. ഹിന്ദി, മലയാളം, സംസ്കൃതം എന്നീ ഭാഷയിൽ അഗാധപാണ്ഡിത്യം നേടിയിരുന്ന ഗുരുജിയെ 'സഞ്ചരിക്കുന്ന വിജ്ഞാനകോശം' എന്ന് വിശേഷിപ്പിച്ചിരുന്നു. കേരളത്തിൻെറ വിവിധ ഭാഗങ്ങിൽ അദ്ധ്യാപകരായി സേവനമനുഷ്ഠിക്കുന്ന കൂരോപ്പടയിലേയും സമീപപ്രദേശങ്ങളിലേയും നിരവധി ആളുകൾ അദ്ദേഹത്തിൻെറ ശിഷ്യന്മാരാണ്. പാഠ്യഭാഗങ്ങളെക്കാൾ ഉപരി കാവ്യ നാടക അലങ്കാര ശാസ്ത്രങ്ങളിലും വേദോപനിഷത്തുകളിലും പുരാണേതിഹാസങ്ങളിലും അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു. അദ്ദേഹം രചിച്ച നിരവധി ശ്ലോകങ്ങൾ കേരളത്തിലെ അക്ഷരശ്ലോക സദസ്സുകളിൽ ഇന്നും പ്രചാരത്തിലുള്ളവയാണ്. കൂരോപ്പടയുടെ സാംസ്കാരിക പുരോഗതിക്കു ബൗദ്ധിക സംഭാവനകൾ നൽകിയ ഗുരുജിയുടെ പിന്മുറക്കാരിൽ മികച്ച അദ്ധ്യാപകനുള്ള 1996-ലെ സംസ്ഥാന അവാർഡും പൗരസ്ത്യ ഭാഷാ അദ്ധ്യാപക സംഘടനാ അവാർഡും നേടിയ ശ്രീ. പി. പി. ഗോപിനാഥൻ നായർ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുകയും നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു പോരുന്ന 1995-ലെ 'ഭീംജി' അവാർഡ് ജേതാവ് , ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ നായർ ശ്രീ. വി. എ. പുരുഷോത്തമൻ നായർ, ഫാ. ജേക്കബ് കാട്ടൂർ ശ്രീ ജോസ് നാഞ്ഞിലത്ത് ആൻറണി മൈക്കിൾ, എസ്സെമ്പുരം കരുണാകരൻ എന്നിവരുടെ സംഭാവനകൾ ശ്രദ്ധേയമാണ്.പുസ്തക പ്രസാധനരംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് തിളക്കമാർന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞ ചലനം പബ്ലിക്കേഷൻസ് ഈ രംഗത്തെ നമ്മുടെ പുരോഗതിയുടെ നാഴികകല്ലാണ്.

കേരളം ഇന്നേവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ബൃഹത്തായ സാംസ്കാരിക പ്രവർത്തനത്തിന്-സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന് ഇതര പഞ്ചായത്തുകൾക്ക് മാതൃകയും വഴികാട്ടിയും ആകുവാൻ കോട്ടയം ജില്ലയിലെ ഈ കൊച്ചു ഗ്രാമത്തിന് കഴിഞ്ഞു. പതിറ്റാണ്ടുകളുടെ ജീവിതാനുഭവങ്ങളും സാമൂഹ്യ-സാംസ്കാരിക രംഗത്തെ പ്രവർത്തന അനുഭവവും പങ്കുവയ്ക്കുവാൻ സർവ്വതല സ്പർശിയായ ഒരു സാംസ്കാരിക പ്രവർത്തനമാക്കി സാക്ഷരത പ്രവർത്തനത്തെ മാറ്റുവാൻ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ആളുകളേയും സഹകരിപ്പിക്കുവാനും നമുക്ക് കഴിഞ്ഞു. ജില്ലയിൽ ഏറ്റവുമധികം സാക്ഷരതാപ്രവർത്തകരെ രംഗത്തിറക്കുവാനും അവരുടെ ആത്മാർത്ഥശ്രമഫലമായി 546 നിരക്ഷരരെ ക്ലാസ്സുകളിൽ എത്തിക്കുവാനും നമുക്ക് കഴിഞ്ഞു. മനോഹരമായ കൈയ്യെഴുത്തു മാസികകളും പഞ്ചായത്ത് സാക്ഷരതാ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ''കണിക'' എന്ന ലിറ്റിൽ മാഗസിൻ ജനശ്രദ്ധ ആകർഷിച്ചവയാണ്. ജില്ലയിൽ ആദ്യമായി മുഴുവൻ നിരക്ഷരരേയും ക്ലാസ്സുകളിൽ എത്തിച്ച കൂരോപ്പട പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനങ്ങൾ നീരിക്ഷിക്കുവാനും പഠിക്കുവാനും ആസ്സാം,ആൻഡമാൻ എന്നിവിടങ്ങളിൽ നിന്നുമുള്ള പഠനസംഘം ഉൾപ്പെടെ സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമായി നിരവധി വിശിഷ്ടവ്യക്തികൾ നമ്മുടെ പഞ്ചായത്തിൽ എത്തിയിരുന്നു.

നമ്മുടെ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഓട്ടൻ തുള്ളൽ, ഗരുഡൻ പറവ, മാർഗ്ഗം കളി പരീചമുട്ടുകളി, തിരുവാതിരകളി മുതലായവ നിലനിന്നു പോരുന്നുണ്ട്. ശ്രീ. എസ്. എൻ. പുരം ഗോപിനാഥൻ നായർ, (ഓട്ടൻതുള്ളൽ) കോത്തല മുണ്ടോക്കുളത്ത് പാപ്പനാശാൻ പങ്ങട മുരുത്തോലുങ്കൽ വിജയൻ നായർ (ഗരുഡൻ പറവ) പങ്ങട ആനിവേലിൽ ശ്രീ. ഏ. പി. മത്യൂസ്, മർക്കോസ് (പരീചമുട്ടുകളി) എന്നിവർ നാടൻ കലാരൂപങ്ങളിൽ പ്രാവീണ്യം നേടിയവരായിരുന്നു.

മദ്ധ്യകേരളത്തിൽ മാത്രം പ്രചാരത്തിലുണ്ടായിരുന്നതും ഇപ്പോൾ നാശോന്മുഖമായി കൊണ്ടിരിക്കുന്നതുമായ നാടൻ പന്തുകളിക്ക് ഗണ്യമായ സംഭാവന നൽകാൻ മുൻകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. നിരവധി സാമുദായിക സംഘടനകൾ തങ്ങളുടേതായ പ്രവർത്തനങ്ങളിലൂടെ കൂരോപ്പടയുടെ സാമൂഹ്യ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഗണ്യമായ സംഭാവനങ്ങൾ നല്കി പോരുന്നവയാണ്. കൂടാതെ വർത്തമാന പത്രങ്ങളുടെ സാംസ്കാരിക വിഭാഗത്തിൻെറ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തനം നടത്തി പ്പോരുന്ന വിദ്യാർത്ഥി -യുവജനപ്രസ്ഥാനങ്ങളും ഈ രംഗത്ത് തങ്ങളുടേതായ സംഭവനകൾ നല്കി പോരുന്നു.

കൂരോപ്പട ഗ്രാമപഞ്ചായത്തിൽ ജാതി മത ഭിന്നതകൾ മറന്ന് മതപരമായ ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും തലമുറകളായി ഒത്തു ചേരുന്നവരാണ്. പഞ്ചായത്തിൻെറ ഒട്ടു മിക്ക വാർഡുകളിലും ഹൈന്ദവ ക്രൈസ്തവ ദേവാലയങ്ങൾ വേണ്ട വിധം പരിപാലിപ്പിക്കപ്പെട്ടു പോരുന്നുണ്ട്. ഇവയിലെ ആഘോഷങ്ങളെല്ലാം വിശ്വാസികളെക്കാൾ ഉപരി അതാത് പ്രദേശത്തെ

ആളുകളുടെ പൊതു ആഘോഷമായിട്ടാണ് നടത്തിപ്പോരുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജാതീയതയും വർഗ്ഗീയതയും കലാപങ്ങളിലേയ്ക്ക് നയിച്ച ഘട്ടങ്ങളിൽ പോലും ആത്മസംയമനം കൈവിടാതെ സാംസ്കാരിക മഹിമയുടെ ഉന്നത മൂല്യങ്ങൾ പുലർത്തി പോന്ന പാമ്പര്യമാണ് ഇവിടെയുള്ളത്.

**സാദ്ധ്യതകൾ :**

1. പാരമ്പര്യ കലാരൂപങ്ങൾ പുനരുധരിപ്പക്കുവാൻ നടപടി സ്വീകരിക്കുക.
2. പഞ്ചായത്തിലെ ലൈബ്രറി പ്രവർത്തനം ഏകോപിപ്പിക്കുകയും ഒരു പഞ്ചായത്ത് സെൻട്രൽ ലൈബ്രറി സ്ഥാപിക്കുകയും ചെയ്യുക.
3. എല്ലാ വാർഡുകളിലും ലൈബ്രറി യൂണി റ്റുകൾ സ്ഥാപിക്കുക.
4. പഞ്ചായത്തിന്റെ സാമൂഹ്യ, സാംസ്കാരിക രാഷ്ട്രീയ ചരിത്രം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുക.
5. മാടപ്പാട്ടു പ്രവർത്തിക്കുന്ന അമ്പിളി സംസ്കൃത വിദ്യാലയം പുനരുജീവിപ്പിക്കുകയും പ്രവർത്തന മേഖല വിപുലപ്പെടുത്തുകയും ചെയ്യുക.
6. വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ റീഡിംഗ് പ്രൊമോഷൻ ക്ലബ്ബുകൾ സ്ഥാപിക്കുക.
7. കൂരോപ്പട പഞ്ചായത്തു ആസ്ഥാനത്തു ഒരു സാംസ്കാരിക നിലയവും കമ്മ്യൂണിറ്റി ഹാളും പണികഴിപ്പിക്കുക.
8. റേഡിയോ ടി. വി. എന്നിവ ഇല്ലാത്ത ലൈബ്രറികളിലും ക്ലബ്ബുകളിലും അത് സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
9. വിദ്യാഭ്യാസത്തിനും വിനോദത്തിനും സാമൂഹ്യ നന്മയ്ക്കും ലാക്കാക്കിയുള്ള ചിത്രങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക.
10. പ്രമുഖ സാഹിത്യകാരന്മാർ കലാകാരന്മാർ എന്നിവരെ വിദ്യാലയങ്ങളിൽ പരിചയപ്പെടുത്തുക.
11. പഞ്ചായത്തു തലത്തിൽ വിവിധ കലകൾ അഭ്യസിപ്പിക്കുവാൻ കേന്ദ്രങ്ങൾ ആരംഭിക്കുക.
12. സാഹിത്യാഭിരുചി വളർത്തുന്നതിനു വേണ്ട ഒരു writers forum സംഘടിപ്പിക്കുക.
13. കായിക താരങ്ങളെ കണ്ടെത്തി അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകുക.
14. അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന സ്റ്റേഡിയം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

# 1.10

# വനിതാക്ഷേമം

സ്വാതന്ത്ര്യപ്രാപ്തിക്ക് മുമ്പു തന്നെ നമ്മുടെ ഔപചാരിക വിദ്യാഭ്യാസം സാർവത്രികമായി ആൺ കുട്ടികളോടൊപ്പം തന്നെ പെൺകുട്ടികൾക്കും നൽകുവാൻ രക്ഷകർത്താക്കൾ ശ്രദ്ധിച്ചു വന്നിരുന്നതായി കാണാം. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത തേടുന്നതിലുപരി തൊഴിൽ സമ്പാദിക്കുന്നതിനുതകുന്ന വിദ്യാഭ്യാസത്തിലേയ്ക്ക് നിഷ്ക്കർഷ പുലർത്തിയിരുന്നതായി കാണുന്നില്ല. സമൂഹത്തിൻെറ താഴെ തട്ടിൽ സ്ത്രീ വിദ്യാഭ്യാസത്തിൻെറ സന്ദേശം എത്താൻ കാലം കുറെകൂടി പിന്നിടേണ്ടതായിവന്നു. ഇന്ന് ആൺ പെൺ ഭേദമില്ലാതെ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുന്ന കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് മററാരേക്കാളും പിന്നിലല്ല. ഹൈന്ദവ കുടുംബങ്ങളിൽ മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്ന കാലങ്ങളിൽ ഗാർഹിക രംഗത്തും സാമൂഹ്യരംഗത്തും സ്ത്രീക്ക് പ്രബലമായ സ്വാധീനം നില നിന്നിരുന്നതായി കാണാം. പുസ്തകം വായനയിലും കലാരംഗത്തും പെൺകുട്ടികൾക്കുള്ള കഴിവുകളെ അപൂർവ്വമായെങ്കിലും പ്രോത്സാഹിപ്പിച്ചിരുന്നതായി കാണാം.

ഭരണഘടനാപരമായിത്തന്നെ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുന്നതിനു മുമ്പ് പൊതു പ്രവർത്തനത്തിൽ എത്തിച്ചേർന്ന വനിതകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യത നേടിയ സ്ത്രീകളും ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നതായി കാണാം.

സ്ത്രീധന സമ്പ്രദായം അനുവദനീയമായിരുന്ന കാലഘട്ടത്തിൽ സാമ്പത്തിക തുല്യതയുള്ള കുടുംബങ്ങൾ തമ്മിലുള്ള ബന്ധം ഭാര്യാഭത്തൃ പദവികൾക്കും തുല്യത നൽകിയിരുന്നു. ഗൃഹഭരണത്തിലും ശിശുസംരക്ഷണത്തിലും മാത്രം ശ്രദ്ധിക്കേണ്ടിവന്നിരുന്ന അമ്മമാർക്ക് കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും കുടുംബത്തിൻെറ പൊതുഭരണം നടത്തുന്നതിലൂടെയും കാര്യപ്രാപ്തി തെളിയിക്കുവാൻ അവസരങ്ങൾ ഉണ്ടായിരുന്നു.

പ്രമുഖ കുടുംബങ്ങളിലെ സ്ത്രീകൾ അനുഭവിച്ചു പോന്ന ഈവിധ സൗഭാഗ്യങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന ബഹുഭൂരിപക്ഷത്തിനും വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിൽ ഇന്നത്തെ നില കൈവരിക്കുവാൻ നിരവധി വർഷങ്ങൾ വേണ്ടി വന്നു. പരമ്പരാഗത തൊഴിലുകൾ ചെയ്തു പോന്ന കുടുംബങ്ങളിൽ പുരുഷനെ തൊഴിലിൽ സഹായിക്കുന്നതിനോടൊപ്പം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കുടുംബഭരണം നടത്തുന്നതിനും സ്ത്രീകളാണ് മുൻകൈ എടുത്തിരുന്നത്. കാർഷികമേഖലയിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും പണിയെടുത്തിരുന്നതായി കാണാം.

വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതി സ്ത്രീകളുടെ തൊഴിൽ മേഖലകളിലും പ്രകടമായ മാററം വരുത്തി. വിദ്യാഭ്യാസം നേടിയ വനിതകളിൽ ബഹുഭൂരിപക്ഷവും അദ്ധ്യാപന ആതുര സേവന മേഖലകളിൽ ആധിപത്യം നേടിയപ്പോൾ ന്യൂനപക്ഷം സർക്കാർ അർദ്ധസർക്കാർ ബാങ്കിംഗ് മേഖലകൾ തിരഞ്ഞെടുത്തതായി കാണാം. സാമന്യ വിദ്യാഭ്യാസം മാത്രം നേടിയവരാകട്ടെ റബ്ബർ, തീപ്പെട്ടി വ്യവസായ മേഖലകളിലും ടെയിലറിംഗ് രംഗത്തും പ്രവർത്തിച്ചു വരുന്നതായി കാണാം. അമിതമായ കായികാദ്ധ്വാനം ആവശ്യമുള്ള കാർഷിക, നിർമ്മാണ മേഖലകളിൽ നിസ്സാര ശമ്പളത്തിനു പണിയെടുക്കേണ്ടിവരുന്ന സ്ത്രീകളുടെ എണ്ണം ഇവരേക്കാൾ കൂടുതലാണ്. പൊതു പ്രവർത്തനവും പ്രൊഫഷണൽ രംഗവും തെരഞ്ഞെടുത്തിരിക്കുന്ന വനിതകളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ നന്നേ കുറവാണ്. തൊഴിൽ മേഖലകളിൽ വൈവിധ്യങ്ങൾ ഉണ്ടായിട്ടും തൊഴിലവസരങ്ങൾ വർദ്ധിച്ചിട്ടും ഇവ സമർത്ഥമായി പ്രയോജനപ്പെടുത്തുവാനോ സാമ്പത്തിക സാമൂഹിക പദവികളിൽ തുല്യത നേടുവാനോ ഈ പഞ്ചായത്തിലെ വനിതകൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

ബിരുദ ബിരുദാനന്തരം നേടുന്ന പെൺകുട്ടികൾ പോലും തൊഴിലിനുവേണ്ടി ശ്രമിക്കാതെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നതു വഴി പുരുഷൻെറ മാത്രം വരുമാനത്തെ ആശ്രയിച്ച് ജീവിക്കേണ്ടിവരുന്നു.

മിഥ്യാഭിമാനം മൂലം വേലയ്ക്കു വില കല്പിക്കുകയും സെയിൽസ് ഗേൾസ് തീപ്പെട്ടി, റബ്ബർ ബാൻറ് ഫാക്ടറികളിലെ ജോലികൾ എന്നിവയ്ക്ക് പെൺകുട്ടി

കളെ അയയ്ക്കാൻ വിമുഖത കാണിക്കുന്ന രക്ഷാകർത്താക്കളും തൊഴിൽ രംഗത്തെ ഈ അസമത്വത്തിന് വഴിയൊരുക്കുന്നു. തൊഴിലില്ലാത്ത വനിതകളുടെ പ്രശ്നങ്ങളേക്കാൾ ഗൗരവമേറിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നവരാണ് തൊഴിലെടുക്കുന്ന വനിതകൾ. ആഹാരം പാകം ചെയ്യുക കുട്ടികളെ വളർത്തുക വസ്ത്രങ്ങൾ അലക്കുക തുടങ്ങിയ വീട്ടുജോലിക്ക് പുറമേ ഔദ്യോഗിക കൃത്യ നിർവഹണത്തിനും ജോലി സ്ഥലത്തേയ്ക്കുള്ള യാത്രയ്ക്ക് സമയം കണ്ടെത്തേണ്ടിവരുന്ന സ്ത്രീയുടെ വിശ്രമമില്ലാത്ത ജീവിതം മാനസിക സംഘർഷങ്ങളിലേയ്ക്കും കുടുംബജീവിതത്തിലെ താളപ്പിഴകളിലേയ്ക്കും വഴി തെളിക്കുന്നവയാണ്.

കുടുംബത്തിലെ പുരുഷന്മാരുടെ മദ്യപാനംമൂലം ദുരിതമനുഭവിക്കേണ്ടിവരുന്ന സ്ത്രീകളുടെ എണ്ണം നമ്മുടെ പഞ്ചായത്തിലും കൂടിവരികയാണ്. നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരു ആചാരമായി തുടർന്നു പോരുന്ന സ്ത്രീധന സമ്പ്രദായവും വികലമാക്കുന്ന കുടുംബബന്ധങ്ങളും, പീഡനവും നമ്മുടെ പഞ്ചായത്തിലും ചെറിയ അളവിലെങ്കിലും നിലനില്ക്കുന്നുണ്ട്. ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള അജ്ഞതയും അവഗണനയും മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണവും ഒട്ടും കുറവല്ല.

സ്ത്രീകളുടെ വ്യക്തിത്വ വികസനത്തിനുവേണ്ട വിദ്യാഭ്യാസം നൽകുക.

പ്രസവാവധി 6 മാസമായി ഉയർത്തുക.

കൂരോപ്പട പഞ്ചായത്തിൽ 15 ശതമാനം കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്. നമ്മുടെ പഞ്ചായത്തിൽ യുവദീപ്തി വനിതാസംഘടനവനിതാ അസോസിയേഷൻ, വിമൻസ് വെൽഫെയർ സൊസൈറ്റി, പൗർണ്ണമി വനിതാ ചാരിറ്റബിൾ സൊസൈറ്റി, ത്രിവേണി ഹോട്ടൽ വനിതാ ക്ഷീരോല്പാദകയൂണിറ്റ് ഇവ കൂടാതെ മഹിളകൾക്കുവേണ്ടിയും ഭാഗികമായി ചില സ്ഥലങ്ങളിൽ മഹിളാസ്വസ്തസംഘ്' എന്നപേരിൽ അംഗനവാടികൾ വഴി 6 സംഘങ്ങൾ പ്രവർത്തിക്കുന്നു. സ്ക്കൂളുകൾ, തീപ്പെട്ടി കമ്പനികൾ, റബ്ബർ ബാൻറുകമ്പനി എന്നിവയിൽ വനിത ജീവനക്കാരാണ് കൂടുൽ ഉള്ളത്. കൂരോപ്പട പഞ്ചായത്തിൽ 24 അംഗനവാടികൾ പ്രവർത്തിയ്ക്കുന്നുണ്ട്. വനിതകളുടെ പ്രധാനതൊഴിൽ മേഖല കെട്ടിട നിർമ്മാണപ്രവർത്തനമാണ് ഓരോ ജോലിയ്ക്കും വനിതകളുടെ കൂലി നിരക്ക് പുരുഷന്മാരേക്കാൾ 25 ശതമാനം കുറവാണ് കൂലിനിരക്കിൽ സത്രീ പുരുഷ അന്തരം കൂടുതലുള്ളത് കെട്ടിട നിർമ്മാണ മേഖലയിലാണ്. പഞ്ചായത്തിലെ ചില വാർഡുകളിൽ സ്വയം തൊഴിൽ മേഖലയിൽ സത്രീകളുടെ പങ്കാളിത്തം കൂടിവരുന്നുണ്ട്. തൊഴിൽ ശാലകളിൽ സത്രീകൾക്ക് പ്രത്യേകമായും കക്കൂസ് ഉള്ളവയും ഇല്ലാത്തവയുമുണ്ട്. കൂരോപ്പട പഞ്ചായത്തിൽ ക്രെഷ് നിലവിലില്ല. സ്ത്രീ തൊഴിലാളികൾക്ക് ജോലിയ്ക്ക് പോകേണ്ടി വരുന്ന സന്ദർഭത്തിൽ തൻെറ കുഞ്ഞുങ്ങളെ സംരക്ഷിയ്ക്കുവാൻ സാധിയ്ക്കാത്ത മാതാക്കൾക്കു വേണ്ടി സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിയ്ക്കുന്ന ക്രഷ് വളരെ അത്യാവശ്യമാണ്. റേഷൻകടകളിലും മാവേലി സ്റ്റോറിലും, ചന്തയിലും സാധനം വാങ്ങാൻ വരുന്നത് കൂടുതലും പുരുഷന്മാരാണ്. ജനസംഘടനകളിൽ വനിതാ പങ്കാളിത്തം വളരെ കുറവാണ്. കൂടുതൽ പ്രോത്സാഹനം കുടുംബങ്ങളിൽ നിന്നും ഉണ്ടാകുകയും ബോധ വല്ക്കരണത്തിനാവശ്യമായ വനിതാസംഘടനകൾ നിലവിൽ വരികയുമാണെങ്കിൽ വനിതകൾ കൂടുതലായി പൊതു രംഗത്തുവരും. വനിതാ, ചാരിറ്റബിൾ സൊസൈറ്റി, വനിതാഹോട്ടൽ വനിതാ ക്ഷീരോല്പാദക യൂണിറ്റ് എന്നിങ്ങനെ സ്വയം തൊഴിൽ സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. സാങ്കേതിക വൈദഗ്ധ്യ പരിശീലനം അനിവാര്യമാണ്. തൃപ്തികരമായ പ്രവർത്തനത്തിനു വേണ്ട എല്ലാ സഹായ സഹകരണങ്ങളും പഞ്ചായത്തിൽ നിന്നും ബ്ലോക്കിൽ നിന്നും ലഭ്യമാകണം. സ്ത്രീകളും കുട്ടികളുമാണ്. ആശുപത്രികളിൽ കൂടുതലായി വരുന്നത്. മദ്യപാനം മൂലം ദുരിതമനുഭവിയ്ക്കുന്ന സ്ത്രീകൾ നിരവധിയുണ്ട്. ചാരായനിരോധനം വളരെയധികം ഫലപ്രദമായിനടത്തണം. സമ്പൂർണ്ണ മദ്യനിരോധനം വളരെ നല്ലതും നടപ്പിൽ വരുത്തേണ്ടത് അത്യന്താപേക്ഷിതവുമാണ്, മഹിളകളുടെ നേതൃത്വത്തിൽ ഓരോ വാർഡിലും മദ്യനിരോധന സമിതികൾ ഉണ്ടാക്കുകയും മദ്യനിരോധനത്തിനുവേണ്ട ബോധവല്ക്കരണ സെമിനാറുകൾ സംഘടിപ്പിയ്ക്കുകയും വേണം. സ്ത്രീധനത്തിൻെറ പേരിൽ പീഡനമനുഭവിയ്ക്കുന്ന സ്ത്രീകൾ ഉണ്ട്. സ്ത്രീധനനിരോധന നിയമം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടെങ്കിലും മറികടക്കുന്നു. സ്ത്രീകളോടുള്ള അക്രമം ചിലസ്ഥലങ്ങളിൽ നടക്കാറുണ്ട്. ഇതിനെ തടയുവാൻ കൗൺസിലിംഗ് സെൻറുകൾ സ്ഥാപിയ്ക്കണം. അശ്ലീല പോസ്റ്റുകൾ ഉള്ള ചില സ്ഥലങ്ങൾ ഉണ്ട്.

കേരളവികസന മാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി ചൂണ്ടികാണിച്ചിട്ടുള്ളത് വികസന പ്രക്രിയയിലെ കുറഞ്ഞ സ്ത്രീപങ്കാളിത്തമാണ്. ഇതു മറികടക്കണമെങ്കിൽ ഇന്നു നടക്കുന്ന പ്രാദേശികാസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും വൻതോ

തിൽ സ്ത്രീകൾ പങ്കാളികളാവണം.

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യവിദ്യാഭ്യാസം, സാമൂഹികക്ഷേമ മേഖലകളിലെല്ലാം സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടെങ്കിലും, കൃഷി, വ്യവസായം, മുതലായ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം പൊതുവേ കുറവാണ്. നിലവിൽ പല സ്ത്രീക്ഷേമ പദ്ധതികൾ ഉണ്ടെങ്കിലും സാമ്പത്തിക പരാധീനതമൂലം അവയുടെ പ്രവർത്തനം ഏതാണ്ട് മന്ദീഭവിച്ച മട്ടാണ്. അവയുടെ പോരായ്മകൾ പരിഹരിയ്ക്കുന്നതിലേയ്ക്കായി നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണത്തിൻെറ ഭാഗമായി വികസന നിർദ്ദേശങ്ങൾക്കാവശ്യമായ ഉപദേശക കമ്മറ്റിയ്ക്ക് രൂപം നൽകണം.

സ്ത്രീകളുടെ വികസന പ്രശ്നങ്ങൾ വനിതാ ക്ഷേമം ഗ്രൂപ്പിൽ മാത്രം ഒതുക്കി നിർത്താതെ മറ്റു വിഷയങ്ങളുടെ ചർച്ചയിലും നിർദ്ദേശങ്ങളിലും വേണ്ടത്ര പ്രാതിനിധ്യം നൽകി വിവിധ മേഖലകളിലെ പദ്ധതി രൂപീകരണത്തിലും മുൻഗണന ക്രമനിർണയത്തിലും സ്ത്രീപരിഗണന ഉണ്ടാകണം.

വനിത ക്ഷേമം മുൻ നിർത്തിയിട്ടുള്ള വികസന ചർച്ചയിൽ കൃഷി, തൊഴിൽ, വ്യവസായം തുടങ്ങിയ ഉല്പാദന മേഖലകളിലും സ്ത്രീ പങ്കാളിത്തത്തിന് പ്രാധാന്യം നൽകണം. സമ്പത്തുല്പാദനവുമായി സ്ത്രീകളെ ബന്ധപ്പെടുത്തിയാലേ അവരുടെ സ്വയം പര്യാപ്തതയും കുടുംബത്തിൻെറ ക്ഷേമവും ഉറപ്പു വരുത്താനാവൂ.

കാർഷിക മേഖലയിലെ മുരടിപ്പ് കർഷകതൊഴിലാളി സ്ത്രീകളുടെ തൊഴിലവസരം കുറയാൻ കാരണമാകുന്നു. കൃഷിപ്പണിയെടുത്തിരുന്ന സ്ത്രീകൾ ഭൂരിഭാഗവും ഇന്ന് ഉപജീവനത്തിന് കെട്ടിട നിർമ്മാണം, റോഡുപണി, പാറമടയിലെ പണി ഇതിനെയൊക്കെ ആശ്രയിയ്ക്കുന്നു. സ്ത്രീകളെ കാർഷിക വൃത്തിയിലേയ്ക്കു തിരിച്ചു വിട്ടാൽ സ്ത്രീകൾക്ക്, മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതിനും, ഒപ്പം കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിയ്ക്കാനുമുള്ള കേരളത്തിലെ കാർഷിക മുന്നേറ്റപ്രവർത്തനങ്ങളിൽ ക്രിയാത്മക ഘടകമായി മാറാനും സ്ത്രീകൾക്ക് കഴിയും.

പഞ്ചായത്തിൻെറ കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. കൃഷിപരിചയമുള്ളവർ, സാമൂഹികവും, സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്നവർ, പ്രവർത്തന സന്നദ്ധരായ സ്ത്രീകൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷിപദ്ധതികൾ പഞ്ചായത്തിൽ ആസൂത്രണം ചെയ്യാൻ സാധിയ്ക്കണം. ഇതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ടാവുമെന്ന് ഉറപ്പുവരുത്തണം. പച്ചക്കറികൃഷി, ഔഷധ സസ്യകൃഷി തുടങ്ങിയ നിരവധി കാർഷിക പദ്ധതികൾക്കുള്ള സാദ്ധ്യത പഞ്ചായത്തിലുണ്ടാകണം.

കന്നുകാലി സംരക്ഷണവും ക്ഷീര വികസനവും സ്ത്രീകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാവുന്ന മേഖലയാണെങ്കിലും സ്ത്രീ പങ്കാളിത്തം കുറവാണ്. പഞ്ചായത്തിൻെറ മൊത്തം പാലുല്പാദനവും പാലിൻെറ ആവശ്യകതയുമായി താരതമ്യം ചെയ്തുകൊണ്ട് പുതിയ ക്ഷീരവികസന സംരംഭങ്ങൾ ആരംഭിയ്ക്കാവുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസ മുൾപ്പെടെ ഉന്നതബിരുദങ്ങൾ നേടിയ സ്ത്രീകൾ ധാരാളമുണ്ടെങ്കിലും തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുകൊണ്ടിരിയ്ക്കുന്നു. പുതിയ പുതിയ തൊഴിൽ മേഖലകളിലേയ്ക്കു കടക്കാൻ സ്ത്രീകളെ പ്രബുദ്ധരാക്കണം.

പരമ്പരാഗത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്ത് തൊഴിൽദിനങ്ങളുടെ കുറവ് മോശപ്പെട്ട ജീവിതസാഹചര്യം തൊഴിൽ ജന്യരോഗങ്ങൾ എന്നിവയ്ക്കു മതിയായ രീതിയിൽ വേണ്ട പോം വഴികൾ കണ്ടെത്തി അവരെ പുനരുദ്ധരിയ്ക്കുന്നതിനു വേണ്ട ഉറപ്പു വരുത്തണം. പരമ്പരാഗതതൊഴിലാളികളുടെ തൊഴിൽ, വരുമാനം, വിദ്യാഭ്യാസ പദവി, സാമൂഹികമായ അവസ്ഥ ഇവ വികസിപ്പിയ്ക്കുന്നതിനുവേണ്ട സ്കീമുകൾ നിലവിൽ കൊണ്ടുവരുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

## സാദ്ധ്യതകൾ

1. ഉന്നതവിദ്യാഭ്യാസം ലഭിച്ച വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ വേണ്ടി വനിതകളുടെ സഹകരണ മേഖലയിൽ പാരലൽ കോളേജ് സ്ഥാപിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ ആവശ്യമാണ്.
2. തൊഴിൽ സാദ്ധ്യതകൾ ഏറെയുള്ള ഹോം നേഴ്സിംഗ് ട്രെയിനിംഗ് സെൻറർ പ്രവർത്തിപ്പിയ്ക്കുവാൻ ആവശ്യമായ ഒത്താശകൾ നൽകുക.
3. ഹൗസ് മെയിഡ് സെൻറർ, ഹാൻഡി ക്രാഫ്റ്റ് സെൻറർ ഇവ തുടങ്ങുവാൻ വേണ്ട സ്വകര്യങ്ങൾ നടപ്പിലാക്കുക.
4. എംബ്രോയഡറി, നീഡിൽ വർക്കസ് മുതലായവയ്ക്കു വേണ്ടി പരിശീലന കേന്ദ്രവും പ്രൊഡക്ഷൻ സെൻററും ആരംഭിയ്ക്കുക.
5. ഹാൻഡ് മെയിഡ് പേപ്പർ യൂണിറ്റ് തുടങ്ങുക.

6. എല്ലാ വാർഡിലും വനിതകളുടെ നേതൃത്വത്തിൽ ഡ്രൈക്ലീനിംഗ് ആൻറ് ഡാണിംഗ് സെൻറർ തുടങ്ങുക.
7. ബേക്കറി & കൺഫക്ഷനറി സെൻറർ തുടങ്ങുക.
8. പഴം, പച്ചക്കറി സംസ്ക്കരണ കേന്ദ്രം നടപ്പിൽ വരുത്തുക.
9. ടി. വി. റേഡിയോ തുടങ്ങിയ ഗാർഹിക ഉപകരണങ്ങളുടെ സർവ്വീസ് റിപ്പയറിംഗ് യൂണിറ്റ് തുടങ്ങുക.
10. അംഗൻവാടികളുടെ ശോചനീയാവസ്ഥ പരിഹരിച്ച് ആധുനിക വല്ക്കരിയ്ക്കുകയും അംഗൻവാടി ജീവനക്കാർക്ക് മിനിമം വേജസ് ആക്റ്റ് പ്രകാരമുള്ള വേതനം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിയ്ക്കുക.
11. വനിതകൾക്കായി ഒരു ഡ്രൈവിംഗ് പരിശീലനകേന്ദ്രം തുറക്കുക.
12. Thrift Centre തുടങ്ങുക (പഴയ സാരി, കുട്ടികളുടെ കളിസാധനങ്ങൾ എന്നിവ പഴവിലയ്ക്കെടുത്ത് പോളീഷ് ചെയ്ത് പുതുക്കി വലിയ മുതൽ മുടക്കു കൂടാതെ വിതരണം ചെയ്യുക.
13. കൂൺ കൃഷി, പച്ചക്കറിതോട്ടം മുതലായവ നടപ്പിലാക്കി പഞ്ചായത്തിലെ ഓരോ കുടുംബത്തിനും അവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിയ്ക്കുന്നതിനുവേണ്ട സൗകര്യങ്ങൾ നടപ്പിൽ വരുത്തുക.
14. ചാരായനിരോധനം ഫലപ്രദമായി നടപ്പാക്കുവാൻ വേണ്ടി വാർഡുതലങ്ങളിൽ വേണ്ട സ്ക്വാഡുകൾ രൂപീകരിയ്ക്കുക.
15. പുകവലി, മദ്യപാനം, മയക്കുമരുന്ന്, എയ്ഡ്സ് ഇവയ്ക്കെതിരേ ബോധവല്ക്കരണം നടത്തുക.
16. രക്തഗ്രൂപ്പു നിർണയം, രക്തദാനം, നേത്രദാനം ഇവയെപ്പറ്റിയുള്ള ബോധവല്ക്കരണം നടത്തുകയും രജിസ്ട്രേഷൻ നടപ്പിൽ വരുത്തുകയും, Blood Doners Forum നടപ്പാക്കുകയും ചെയ്യുക.
17. നമ്മുടെ പഞ്ചായത്തിൽ വനിതാതൊഴിൽ സംരംഭകർക്ക് തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക.
18. സ്ത്രീധന സമ്പ്രദായത്തിനെതിരായി ബോധവല്ക്കരണം നടത്തുക.
19. പാനെയ്ത്ത്, കുട്ട, വട്ടി, മുറം ചൂൽ മുതലായവയുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കുവേണ്ടി കോ. ഓപ്പറേറ്റിംഗ് സൊസൈറ്റി ഉണ്ടാക്കുക.
20. വിധവാപെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളിക്ക് പെൻഷൻ യഥാസമയം ലഭിയ്ക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക.
21. ഒരു എസ്. ടി.ഡി. ബൂത്ത് ഒരു വനിതാലൈബ്രറി ഇവ നടപ്പിലാക്കുക.
22. ഒരു കുട നിർമ്മാണ യൂണിറ്റ് വനിതകൾക്കു വേണ്ടി തുടങ്ങുക.
23. പച്ചക്കറി വിത്തുകൾ ശേഖരിച്ച് ഓരോ കുടുംബത്തിനും ആവശ്യമായവ നൽകുവാൻ വേണ്ട സ്ക്വാഡുകൾ രൂപീകരിക്കുക.
24. വനിതാ സംഘടനവഴി പഞ്ചായത്തിനാവശ്യമായ രീതിയിൽ നോട്ടുബുക്കുകൾ നിർമ്മിയ്ക്കുവാൻ വേണ്ട യൂണിറ്റ് തുടങ്ങുക. (സ്കൂളുകൾക്കാവശ്യമായ ബുക്കുകൾ) സ്കൂൾബാഗുകൾ നിർമ്മിയ്ക്കുന്ന യൂണിറ്റു നടപ്പാക്കുക.
25. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.
26. തുല്യജോലിയ്ക്ക് തുല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.
27. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികൾക്ക് വിനോദത്തിനും, വിശ്രമത്തിനും, ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.
28. സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിയ്ക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.
29. മേന്മയേറിയ പപ്പട നിർമ്മാണ യൂണിറ്റ്, മെഴുകുതിരി സോപ്പ് ഇവ നിർമ്മിയ്ക്കുന്നതിനാവശ്യമായ യൂണിറ്റ് തുടങ്ങുക.
30. റൈറ്റപ്പ്റൈറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനാവശ്യമായ സഹകരണം നൽകുക.
31 വനിതകൾക്ക് വേണ്ടി ഒരു ബ്യൂട്ടിപാർലർ ട്രെയിനിംഗ് സെൻറർ ആരംഭിയ്ക്കുക.
32 ചെരുപ്പ് നിർമ്മാണം.
33 കുടുംബസ്വത്തിൽ സ്ത്രീക്കും പുരുഷനും തുല്യ അവകാശം
34 പഴയസാധനങ്ങൾ ദാനമായി സ്വീകരിച്ച് പോളിഷ്ചെയ്ത് സാധുക്കളുടെ കുട്ടികൾക്ക് വിതരണം ചെയ്യണം.
35. എല്ലാ വാർഡിലും വനിതാസമാജം രൂപീകരിക്കുക.

# 1.11

# സഹകരണം

## അവലോകനം

പഞ്ചായത്തിലെ സഹകരണ പ്രസ്താനത്തിന്റെ ചരിത്രത്തിൽ പ്രസ്താവനയോഗ്യമായ ആദ്യത്തെ സഹകരണ സംഘം കൂരോപ്പട സർവ്വീസ് സഹ കരണ ബാങ്ക് (ക്ലിപ്തം) നമ്പർ 3965 ആണ്. കൊറ്റമംഗലത്ത് പുത്തമ്പുരയിൽ പി. കെ. വാസുദേവൻ നായർ പ്രസിഡൻറായി ഈ സംഘം 1956-ൽ പ്രവർത്തനം ആരംഭിച്ചു.

പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള വായ്പേതര സഹകരണപ്രസ്ഥാനങ്ങൾ.

| | | |
|---|---|---|
| വാർഡ് | 1 | 1) റബർ ഉത്പാദകസംഘം |
| | | 2) കേര കർഷകസംഘം |
| | | 3) ളാക്കാട്ടൂർ കർഷക സംഘം |
| വാർഡ് | 2 | 1) ക്ഷീരോത്പാദനസഹകരണസംഘം |
| | | 2) ഒരു റബർ പ്രൊഡ്യൂസേർസ് സഹകരണസംഘം |
| വാർഡ് | 3 | 1) പരമ്പരാഗത കൈത്തൊഴിലുകാരുടെ (കുട്ടനെയ്ത്ത് മുതലായവ) |

സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്.

| | | |
|---|---|---|
| വാർഡ് | 5 | 1) കൂരോപ്പട റബ്ബർ ഉത്പാദകസംഘം |
| | | 2) ക്ഷീരോത്പാദനസഹകരണസംഘം |
| വാർഡ് | 6 | 1) റബ്ബർ ഉത്പാദകസഹകരണസംഘം |
| വാർഡ് | - 8 | 1) കേരകർഷകസംഘം |
| | | 2) ക്ഷീരവ്യവസായസഹകരണസംഘം |

ഏറ്റവും കൂടുതൽ ജനസമ്പർക്കമുള്ള സഹകരണ പ്രസ്ഥാനം കൂരോപ്പട സർവ്വീസ് സഹകരണബാങ്ക് ആണ്. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ബാങ്കും ഇതു തന്നെയാണ്. ഇപ്പോൾ ഈ സംഘത്തിലെ അംഗസംഖ്യ 15 103 ഉം ഓഹരി മൂലധനം രൂപ 33, 18620 ഉം സർക്കാർ ഓഹരി രൂപ 200600 ഉം ആണ്. പൊതുജനങ്ങളിൽ നിന്നുമുള്ള നിക്ഷേപം ആറു കോടിയും കാർഷികവായ്പ ഒന്നര കോടി രൂപയും മറ്റു വായ്പകൾ രണ്ടു കോടി 85 ലക്ഷം രൂപയും ആണ്.

1995-96 ഏകദേശം 21 ലക്ഷം രൂപ വിലവരുന്ന രാസവളങ്ങളും അമ്പതിനായിരം രൂപയ്ക്കുള്ള കീടനാശിനിയും ഈ ബാങ്കിൽ കൂടി വിതരണം ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങളും പരിഹാരങ്ങളും :

നോൺക്രെഡിറ്റ് സഹകരണ സംഘങ്ങൾ എല്ലാം തന്നെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്രവണത മാറുന്നില്ലെങ്കിൽ സഹകരണ പ്രസ്ഥാനത്തിന്റെ നിലനില്പു തന്നെ അപകടത്തിലാകാനാണ് സാദ്ധ്യത. സങ്കുചിത കക്ഷിരാഷ്ട്രീയ വർഗ്ഗീയ ചിന്തകൾക്കതീതമായി, അഴിമതിയും സ്വജനപക്ഷപാതവും ഇല്ലാത്ത നേതൃത്വത്തിന്റെ, അഭാവം, സാങ്കേതിക നവീകരണം നടപ്പിലാക്കാനും, വിവിധ നവീന പ്രവർത്തന മേഖലകളിലേക്ക് കടന്നു ചെല്ലുവാനുള്ള അറിവിന്റേയും ആത്മധൈര്യത്തിന്റേയും കുറവ് സർവ്വോപരി മറ്റെല്ലാ മേഖലകളിലെയും എന്നപോലെ വ്യക്തികളുടെ പരിശ്രമത്തിന്റെയും സഹകരണ മനോഭാവത്തിന്റേയും അപര്യാപ്ത എന്നിവ സഹകരണ പ്രസ്താനത്തിന്റെ വളർച്ചക്ക് വിലങ്ങു തടിയായി നിൽക്കുന്നു. ചുരുക്കത്തിൽ മാനുഷിക മൂല്യങ്ങളെ അറിയുകയും അനുസരിക്കുകയും ചെയ്യുന്ന സഹകാരികളെ നിർമ്മിക്കുന്നതിലാണ് സഹകരണ പ്രസ്ഥാനത്തിന്റെ വിജയം. പ്രവർത്തനരഹിതമയായും പ്രവർത്തനം മന്ദീഭവിച്ചും ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന സംഘങ്ങളെക്കുറിച്ചും വിശദമായി പഠിക്കുന്നതിനും അവയുടെ സുഗമമായ പ്രവർത്തനത്തിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മൂന്നംഗങ്ങളിൽ കുറയാത്ത ഒരു കമ്മിറ്റിയെ നിയോഗിക്കുക. പുതിയ സഹകരണ സംഘങ്ങൾ തുടങ്ങണമെന്നുള്ള ഗ്രാമസഭാ നിർദ്ദേശങ്ങളെ പറ്റി അവഗാഡം പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി മറ്റൊരു കമ്മറ്റി യെ നിയോഗിക്കുക. സഹകരണപ്രസ്ഥാനത്തിന്റെ വിജയത്തിന് അടിസ്ഥാനമായ സഹകരണ മനോഭാവവും വസ്തുതകളുടെ സത്യാസത്യങ്ങളെ തിരിച്ചറിവാനും അവയ്ക്ക് അനുകൂലമായോ പ്രതികൂലമായോ നിഷ്പക്ഷമായും നിർഭയമായും പ്രതികരിക്കാനുള്ള കഴിവു വർദ്ധിപ്പിക്കുന്നതിനാവശ്യമായ ബോധവൽക്കരണപരിപാടിക്ക് രൂപം നൽകുക.

അനുവദിയ്ക്കാവുന്ന വായ്പകളെ കുറിച്ച് അറിവ് ലഭിക്കുന്നതിനുള്ള സൗകര്യം കൂരോപ്പട സർവ്വീസ്

സഹകരണബാങ്ക് ഏർപ്പെടുത്തണം.

അംഗത്വത്തിന് അപേക്ഷിക്കുന്നവർക്ക് അപ്പഴപ്പോൾ അംഗത്വം നൽകണം.

കാലതാമസം കൂടാതെ വായ്പ അനുവദിക്കണം. വായ്പ തിരിച്ചടക്കുന്നതിന് സാവകാശം നൽകണം. വായ്പയുടെ തിരിച്ചടയ്ക്കാവുന്ന കാലാവധി ഉയർത്തുക. കൂടതൽ വായ്പ തുക അനുവദിക്കുക. പലിശ കൂടുതൽ ഉദാരമാക്കുക. വളം സബ്സിഡി നിരക്കിൽ നൽക്കുക. സഹകരണബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പകൾക്കുവേണ്ടി രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങൾക്കുള്ള രാജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുക. വായ്പ തുകകൾക്കു വേണ്ടി നിലവിലുള്ള ഓഹരി അനുപാതം കുറയ്ക്കുക.

## സാദ്ധ്യതകൾ :

1. ചെറുകിട/കുടിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഒരു സഹകരണസംഘം 2-ാം വാർഡിൽ സ്ഥാപിക്കുക.
2. രണ്ടാം വാർഡിൽ ഒരു റബ്ബർ റ്റാപ്പേഴ്സ് സഹകരണസംഘം ഒരു വനിതാ സഹകരണസംഘം എന്നിവ തുടങ്ങുക.
3. സഹകരണ മേഖലയിൽ റബറധിഷ്ഠിത വ്യവസായം തുടങ്ങുന്നതിനും, നാളികേരം സംഭരിച്ചു വിപണനം ചെയ്യുന്ന ഒരു സംഘവും, പരമ്പരാഗത കൈത്തൊഴിലുകൾക്കു വേണ്ടി ഒരു സംഘവും, പട്ടുനൂൽ നിർമ്മാണസഹകരണസംഘവും തുടങ്ങണമെന്ന് 3-ാം വാർഡിലെ ഗ്രാമസഭ അഭിപ്രായപ്പെട്ടു.
4. പച്ചക്കറി സംഭരണവിപണനത്തിന് ഒരു സംഘം സ്ഥാപിക്കണമെന്ന് 4-ാം വാർഡ് ഗ്രാമസഭ അഭിപ്രായപ്പെട്ടു.
5. 6-ാം വാർഡ് ഗ്രാമസഭയിൽ താഴെ പറയുന്ന സഹകരണ സംഘങ്ങൾ തുടങ്ങണമെന്ന ആവശ്യം ഉയർന്നു വന്നു.

   1) ക്ഷീരവ്യവസായ സഹകരണ സംഘം

   2) കാലിത്തീറ്റ ഫാക്ടറി

   3) വനിതാ ഫുഡ് പ്രൊഡക്ട് സെൻട്രർ

   4) സഹകരണ തയ്യൽ കേന്ദ്രം

   5) പരമ്പരാഗത തൊഴിലഭിവൃദ്ധിക്കു വേണ്ടിയുള്ള ഒരു സംഘം

   6) തൊഴിലാളി സഹകരണസംഘം

   7) 6-ാം വാർഡിലെ വികസനപ്രവർത്തനമൂലധനം പ്രയോജന പ്രദമായി വിനിയോഗിക്കുന്നതിന് ഒരു സഹകരണസംഘം സ്ഥാപിക്കുക. ഈ വാർഡിൽ കൂരോപ്പട സർവ്വീസ് സഹകരണ ബാങ്കിൻെറ ഒരു ശാഖ ഏർപ്പെടുത്തണമെന്നും സഹകരണ മേഖലയിൽ ഈ വാർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തുണി നെയ്തു മില്ലിൻെറ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിന് ഗവർമ്മെൻറിൽ സമ്മർദ്ദം ചെലുത്തണമെന്നും അഭിപ്രായമുണ്ട്.
6. കാർഷികാവശ്യങ്ങൾക്ക് മാത്രമായി ഒരു കാർഷിക വികസന സഹകരണബാങ്ക് തുടങ്ങണമെന്നാണ് 7-ാം വാർഡ് ഗ്രാമസഭ അഭിപ്രായപ്പെടുന്നത്.
7. താഴെ പറയുന്ന സഹകരണസ്ഥാപനങ്ങൾ സ്ഥാപിച്ചു കിട്ടണമെന്ന് 9-ാം വാർഡ് ഗ്രാമസഭയിൽ നിന്നും അഭിപ്രായമുണ്ടായി.

   1) റബ്ബർ പാൽ സംഭരിക്കുന്നതിനും, റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തനിമായി ഒരു സഹകരണസംഘം.

   2) ക്ഷീരോത്പാദകസഹകരണസംഘം

   3) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ ഉന്നമനത്തിനായി ഒരു വിവിധോദ്ദേശ സഹകരണ സംഘം ഇപ്പോൾ പ്രവർത്തനം മന്ദീഭവിച്ചു കിട്ടക്കുന്ന കൂരോപ്പട പഞ്ചായത്ത് കൺസ്യൂമർ കോഓപ്പറ്റേറീവ് സൊസൈറ്റി, വനിതാ സഹകരണസംഘം എന്നിവ പുനരുദ്ധികരിക്കണമെന്ന അഭിപ്രായവും ഈ ഗ്രാമസഭയിൽ ഉന്നയിച്ചു.
8. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആശുപത്രി സ്ഥാപിക്കുക.

✳

# 1.12

# വിഭവ സമാഹരണം

നാളിതുവരെയുള്ള വികസന പ്രവർത്തനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി പദ്ധതിയേതര സ്രോതസ്സുകളിൽ നിന്നും പണം കണ്ടെത്തിപോന്ന കേരളത്തിലെ പഞ്ചായത്തുകളിൽ 9-ാം പദ്ധതിയോടു കൂടി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തികച്ചും ജനകീയമായ ആസൂത്രണവും നിർവ്വഹണവും സാക്ഷാത്ക്കരിക്കപ്പെടുകയാണ്. ഗ്രാമ ജീവിതത്തിൻെറ സമസ്ത മേഖലകളിലും ഉണ്ടാക്കേണ്ടുന്ന വികസനത്തെക്കുറിച്ചുള്ള ജനാഭിലാഷം പ്രാവർത്തികമാക്കുന്നതിന് നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭകളുടെ നിർദ്ദേശം ഘട്ടം ഘട്ടമായി പ്രാവർത്തികമാക്കേണ്ടതുണ്ട്.

9-ാം പദ്ധതിക്കാലത്തെ വികസന പ്രവർത്തനങ്ങൾക്ക് പദ്ധതിവിഹിതമായി അനുവദിക്കപ്പെടുന്ന സംഖ്യക്കു പുറമേ നമുക്ക് ലഭ്യമാകുന്ന ഇതര വിഭവസ്രോതസ്സുകളും സമർത്ഥമായി പ്രയോജനപ്പെടുത്തേണ്ടതാണ്. തികച്ചും കാർഷിക പശ്ചാത്തലമുള്ള ഈ പഞ്ചായത്തിൽ കൃഷിയുടേയും അനുബന്ധ മേഖലകളുടേയും വികസനത്തോടൊപ്പം സേവന മേഖല ഉൾപ്പെടെയുള്ള ഇതര മേഖലകളുടേയും വികസനത്തിനായി പ്രകൃതി വിഭവങ്ങൾ, കാർഷിക വിഭവങ്ങൾ മാനവ വിഭവശേഷി എന്നിവപൂർണ്ണമായും വിനിയോഗിക്കപ്പെട്ടേതീരൂ.

നമ്മുടെ പഞ്ചായത്തിൽ ഒട്ടുമിക്ക വാർഡുകളിലും സുലഭമായ കരിങ്കല്ല് വെട്ടുകല്ല് എന്നിവ ചില സ്വകാര്യ വ്യക്തികളുടെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണാവശ്യങ്ങൾക്കായി ഖനനം ചെയ്തു വില്ക്കുന്നതൊഴികെ വ്യാപകമായി ഉപയോഗപ്പെടുത്തി തുടങ്ങിയിട്ടില്ല. നിരവധി പേർക്ക് തൊഴിൽ സാദ്ധ്യതയും, ഇടത്തട്ടുകരെ ഒഴിവാകുന്നതുവഴി നേടാവുന്ന ലാഭവും 9-ാം പദ്ധതി കാലത്തു നേടിയെടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കാവുന്നതുമാണ്.

കരിങ്കൽ ക്വാറി, ക്രഷർ യൂണിറ്റ്, വെട്ടുകല്ല്, വെട്ടുമട എന്നിവയ്ക്കു ലൈൻസു നൽകുന്ന വേളയിൽ പഞ്ചായത്തു തലത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ ഉല്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ മുടക്കുമുതൽ മാത്രം കൈപറ്റിക്കൊണ്ട് വിട്ടുതരേണ്ടതാണെന്നും വ്യവസ്ഥ ചെയ്യേണ്ടതാണ്.

കാർഷിക ജലസേചന വൈദ്യുതോല്പാദന രംഗത്തു പ്രയോജനപ്പെടുത്താവുന്ന ജലസ്രോതസ്സുകളെ നാം ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ല. മൂന്നാം വാർഡിൽ കൂടി കടന്നുപോകുന്ന പന്നഗം തോട്ടിലേയും, പഞ്ചായത്തിൻെറ ഇതര ഭാഗങ്ങളിലുള്ള ചെറുതോടുകളുടേയും, പൊതു കുളങ്ങളുടേയും ജലസമ്പത്ത് പ്രസ്തുത മേഖലകളിലെ വികസനത്തിനായി പരമാവധി പ്രയോജന പ്പെടുത്താവുന്നതാണ്.

പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുവാൻ ഉപകരിക്കുന്ന രീതിയിൽ പുറം പോക്കിലുള്ള വൻവൃക്ഷങ്ങൾ നിലനിർത്തുന്നതിനോടൊപ്പം പുറമ്പോക്കുകളിലും പഞ്ചായത്തു റോഡുകളുടെ ഇരുവശങ്ങളിലും ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുവാനും സംരക്ഷിക്കുവാനും ബോധവൽക്കരണവും പ്രോത്സാഹനവും പഞ്ചായത്തുതലത്തിൽ ആവിഷ്കരിക്കേണ്ടതാണ്. നിലവിലുള്ള ഫലവൃക്ഷങ്ങളുടെ ആദായവും നട്ടുപിടിപ്പിക്കുവാനുദ്ദേശിക്കുന്ന വൃക്ഷങ്ങളിലെ ആദായം ലേലം ചെയ്യുക വഴി പഞ്ചായത്തിൻെറ വികസന പദ്ധതികൾക്ക് ഭാവിയിൽ ഒരു പ്രധാന വരുമാന സ്രോതസ്സായി മാറും.

നമ്മുടെനാട്ടിൽ പ്രകൃതി വിഭവങ്ങളേക്കാൾ കൂടുതൽ വികസനപ്രക്രിയക്ക് പ്രയോജനപ്പെടുത്താവുന്ന രീതിയിലുള്ള മാനവ വിഭവശേഷി പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി ഇനിയും പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടില്ല. തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യരിൽ സാങ്കേതിക വിദ്യാഭ്യാസം തേടിയവരുടേയും സാങ്കേതിക പദവികളിൽ നിന്നും വിരമിച്ചവരുടേയും സേവനം കാർഷിക മൃഗപരിപാലന രംഗങ്ങളിൽ അനുഭവങ്ങളിലൂടെ പ്രായോഗികജ്ഞാനം തേടിയവർ വികസനാവശ്യത്തിനായി കായികദ്ധ്വാനം നൽകുവാൻ തയ്യാറുള്ളവർ എന്നിവരെ കണ്ടെത്തി വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ആവിഷ്ക്കരിക്കപ്പെടുന്ന പദ്ധതികൾക്ക് അവയുടെ ആസൂത്രണം മുതൽ നടപ്പിലാക്കുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും അവരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുവാൻ ആവിഷ്കരി

ക്കാവുന്നതാണ്. ഗതാഗതം ജലസേചനം കുടി വെള്ളത്തിനുള്ള പദ്ധതികൾ ഭവനനിർമ്മാണം ശുചിത്വത്തിനുള്ള പദ്ധതികൾ നിരക്ഷരതാ നിർമ്മാർജനം പരിഹാര ബോധനം തൊഴിലന്വേഷകർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിലെ ബോധവൽക്കരണം എന്നിവയ്ക്ക് മാനവ വിഭവ ശേഷി സർവ്വേ നടത്തി പട്ടിക പ്പെടുത്തി പ്രയോജനപ്പെടുത്താവുന്നതാണ് .

പഞ്ചായത്തിൽ നിലവിലുള്ള വരുമാന സ്റോതസ്സുകളായ കെട്ടിട നികുതി തൊഴിൽ നികുതി എന്നിവയുടെ ഘടന ശാസ്ത്രീയമായും യാഥാർത്ഥ്യ ബോധത്തോടെയും പരിഷ്ക്കരിച്ച് നടപ്പിലാക്കുന്നതുവഴി പദ്ധതി നടത്തിപ്പിനുള്ള ധനാഗമമാർഗ്ഗം വിപുലപ്പെടുന്നതാണ്. തൊഴിലെടുക്കുന്ന എല്ലാ ആളുകളേയും തൊഴിൽ നികുതി പിരിക്കേണ്ടവരുടെ ലിസ്റ്റിൽ ഉൾപ്പെടത്തുകയും നിശ്ചിത വിസ്തൃതിയിൽ കൂടുതൽ വരുന്ന കെട്ടിട നികുതിഘടനയിൽ ആവശ്യമായ ഭേദഗതി വരുത്തി അധികമായി സമാഹരിക്കുന്ന സംഖ്യയും ഇതിലുൾപ്പെടുന്നു. ഇവയ്ക്കു പുറമേ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളിൽ നിന്നും ഓരോ വർഷവും ഓരോ ദിവസത്തെ വരുമാനം വീതം സമാഹരിക്കുന്ന ഒരു ''പഞ്ചായത്ത് വികസന ഫണ്ട് '' രൂപീകരിക്കാവുന്നതാണ്. അത്യാഡംബരപൂർവ്വം നടത്തപ്പെടുന്ന വിവാഹങ്ങൾക്കും ഗൃഹപ്രവേശ ചടങ്ങുകൾക്കും യുക്തമായ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന സംഖ്യയും വികസന ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്.

വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പഞ്ചായത്തിലെ ആളുകളിൽ നിന്നും വികസന ഫണ്ടിലേയ്ക്ക് സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന അറവു ശാലകൾക്ക് ലൈസൻസിംഗ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്നതാണ്.

പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ഷോപ്പിംഗ് കോപ്ലക്സുകൾ സ്ഥാപിക്കുകയും അതിൽ നിന്നും ലഭിക്കാവുന്ന സെക്യൂരിറ്റി, വാടക എന്നിവ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിലെ കൂരോപ്പട, കോത്തല എന്നീ സ്ഥലങ്ങളിൽ ഓട്ടോറിക്ഷ, ടാക്സി, ബസ്സ്, സ്റ്റാൻഡുകൾ നിർമ്മിക്കുകയും അവയിൽ വാടക ഈടാക്കാനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുന്നതിലൂടെ ലഭിക്കുന്ന സംഖ്യയും വികസനത്തിനുള്ള വിഭവ സ്രോതസ്സായി പരിഗണിക്കാവുന്നതാണ് പ്രസ്തുത സറ്റാൻറുകളോടനുബന്ധിച്ച പണം കൊടുത്തു ഉപയോഗിക്കാവുന്ന പൊതു കക്കൂസുകളും കുളിമുറിയും നിർമ്മിച്ച് ലേലത്തിൽ നൽകുന്നതുവഴിയുള്ള വരുമാനവും വികസനത്തിന് മുതൽ കൂട്ടാവുന്നതുമാണ്. കൂരോപ്പട കേന്ദ്രമാക്കി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിലൂടെയും വ്യവസായ വികസന രേഖകളിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന ടൂറിസം വികസനത്തിനായുള്ള പ്രോജ്കടുകൾ മുഖേനയും വികസന പ്രവർത്തനങ്ങൾക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

9-ാം പദ്ധതിക്കാലത്ത് വിവിധ വികസന മേഖലകളിൽ പഞ്ചായത്തു തലത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്ന പ്രാഥമിക ദ്വിതീയ മേഖലകളിലെ സംരംഭങ്ങൾക്ക് വിവിധ ബാങ്കിംഗ് ഏജൻസികളിൽ നിന്നും സർക്കാർ നിയന്ത്രണത്തിലുള്ള ഏജൻസികളിൽ നിന്നോ പ്രവർത്തന മൂലധനം സ്വരൂപിക്കാവുന്നതാണ്. കൂടാതെ സ്വകാര്യ ധനകാര്യ ഏജൻസികളിൽ നിന്നും വ്യക്തികളിൽ നിന്നും വിഭവ സമാഹരണം നടത്തുവാൻ പഞ്ചായത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. സർവ്വോപരി തൊഴിലില്ലായ്മവേതനം കൈപറ്റുന്ന ആളുകളുടെ സേവനം പ്രയോജനപ്പെടുത്തി ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്ക് നിക്ഷേപങ്ങളും ഏർപ്പെടുത്തി കൊടുക്കുകയും അതിന്റെ വിഹിതമായി കിട്ടുന്ന സംഖ്യയും വികസനപ്രവർത്തനങ്ങൾക്കുവേണ്ടി കണ്ടെത്താവുന്നതാണ്.

## വിഭവ സമാഹരണം.

## ഗ്രാമസഭ റിപ്പോർട്ട് സംഗ്രഹം.

### വാർഡ് -1

കാർഷിക വിളകളും , പാറകളും, സന്നദ്ധ സേവനവും ലഭ്യമാണ്.

### വാർഡ്-2

സർക്കാർ, ധനകാര്യസ്ഥാപനം, സംഭാവന നികുതിഘടന ശാസ്ത്രീയമായും യാഥാർത്ഥ്യ ബോധത്തോടെയും പരിഷ്കരിക്കുകയും, ജനപങ്കാളിത്തം, വൃക്ഷസമ്പത്ത് വനവൽക്കരണം , കരിങ്കല്ല്, വെട്ടുകല്ല്.

### വാർഡ്-3

വിദേശത്തുപോയവരിൽ നിന്നും ഫണ്ട് സമാഹരണം - പന്നഗം വൈദ്യുതപദ്ധതി, ജല സ്രോതസ്സ് പ്രയോജനപ്പെടുത്തുക, ലാറ്റക്സ്.

### വാർഡ്- 4

പണം കൊടുത്തു ഉപയോഗിക്കാവുന്ന പൊതു കക്കൂസുകൾ ലേലത്തിൽ നൽകുന്നതു വഴിയുള്ള വരവ്.

അറവുശാല ലൈസൻസ് റ്റീ ഷോപ്പിംഗ് സെൻറർ, മാനവശേഷി, (കായികം, ബുദ്ധിപരം, സാങ്കേതികം).

**വാർഡ് - 5**

ഷോപ്പിംഗ് കോംപ്ലക്സ്- (ഓട്ടോ, ടാക്സി സ്റ്റാൻഡ് കൂരോപ്പട ബസ്റ്റാൻഡ്) കരിങ്കല്ല്, ജലം, മണ്ണ്,

**വാർഡ് -6**

നിശ്ചിത പരിധിയിൽ കൂടുതൽ വരുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി, ടാക്സി/ ബസ്, ചന്ത, പാറമട, അറവുശാല, ലൈസൻസ് കമ്മ്യൂണിറ്റിഹാൾ, കൃത്യമായ നികുതി പിരിവ്-സംഭാവന, ടൂറിസം വികസനം

**വാർഡ്-7**

കെട്ടിടങ്ങൾക്കുള്ള ആധുനിക നികുതി, വ്യാപാര വ്യവസായങ്ങളിൽ നിന്നുള്ള പുറമ്പോക്കിലെ വൃക്ഷങ്ങളുടെ ആദായം ലേലം ചെയ്യുക മാനവ വിഭവം.

**വാർഡ് -9.** ദേശീയ സമ്പാദ്യപദ്ധതി വിഹിതം-

**വാർഡ് -10 .** മാനവവിഭവശേഷി.

## പൊതുനിർദ്ദേശങ്ങൾ

തൊഴിൽ നികുതിഎല്ലാവരിൽനിന്നും വാങ്ങുക

തീയേറ്റർ വിനോദനികുതി,

മനുഷ്യശേഷിയുടേത്.

വികസനഫണ്ട് സ്വരൂപിക്കുക,

പഞ്ചായത്ത് ബാങ്കുകളിൽ നിന്നും സംഖ്യ എടുക്കുക.

# ഉപസംഹാരം

ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ആദ്യത്തെ ഉൽപന്നമാണ് പഞ്ചായത്ത് വികസന റിപ്പോർട്ട് ഈ വിവര ഭൂപടം തയ്യാറാക്കുന്നതിന് മുഖ്യമായ അവലംബം ഗ്രാമസഭാ റിപ്പോർട്ടുകളും വിവധ ഓഫീസുകളിൽ നിന്നു ശേഖരിച്ച ദ്വിതീയ വിവരക്കണക്കുകളുമാണ്. പഠന പര്യടനത്തിലൂടെയും മറ്റുമുണ്ടായ കണ്ടറിവും, കേട്ടറിവും, നാട്ടറിവും, വിദഗ്ദ്ധ സാങ്കേതിക വിജ്ഞാനവും ഇവിടെ സംഗ്രഹിച്ചിരിക്കുന്നു. കൂരോപ്പടപഞ്ചായത്തിലെ നൂറുകണക്കിന് സാമൂഹ്യപ്രവർത്തകരുടെ ബുദ്ധിയും സമയവും ഇതിനുവേണ്ടിപ്രയോജനപ്പെട്ടിട്ടുണ്ട്. ഒടുവിൽ വിവിധ വിഷയക്കമ്മറ്റികളും എഡിറ്റോറിയൽ ബോർഡംഗങ്ങളും, നിരവധി രാപ്പകലുകളിൽ സംവാദങ്ങളും, ക്രോഡീകരണങ്ങളും, രേഖപ്പെടുത്തലുകളും നടത്തിയതിൻെറ ഫലമാണ് ഈ റിപ്പോർട്ട് .

പഞ്ചായത്ത് വികസന റിപ്പോർട്ട് വികസന പദ്ധതിയല്ല, റിപ്പോർട്ടാണ് ഇനിയിത് പ്രവർത്തനക്ഷമമായ പ്രൊജക്ടുകളായും പ്രൊജക്ടുകൾ പരിപാടികളായും, പരിപാടികൾ പദ്ധതികളായും മാറ്റുന്നതിന് വലിയ മനുഷ്യാദ്ധ്വാനം ആവശ്യമുണ്ട്.

കേരളത്തിൻെറ ഒൻപതാം പഞ്ചവത്സരപദ്ധതി രണ്ട് നെടും തൂണുകളിലാണ് ഉയരുന്നത്. ഒന്നാമത്തേത് ഓരോ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും തയ്യാറാക്കുന്ന പ്രാദേശിക വി കസന റിപ്പോർട്ടുകൾ, രണ്ടാമത്തേത്, സംസ്ഥാനതലത്തിൽ ആസൂത്രണബോർഡ് നിയോഗിച്ചിട്ടുള്ള ഒൻപതു സ്റ്റീയറിംഗ് കമ്മറ്റികളും, 65 ടാസ്ക്ഫോർസുകളും തയ്യാറാക്കുന്ന ഉന്നതല റിപ്പോർട്ടുകൾ പ്രദേശികതലത്തിൽ റിപ്പോട്ടുകൾ തയ്യാറാക്കുന്നവർക്ക് പ്ലാനിംഗ്ബോർഡ് നിയോഗിക്കുന്ന വിദഗ്ധരെപ്പോലെ ഈ രംഗത്ത് മുൻപരിചയമില്ലെങ്കിലും ആത്മാർത്ഥത കൈമുതലായുള്ള ഇവർക്ക് അത്യാവശ്യമായ പരിശീലനം നല്കുന്നതോടെ കേരളത്തിലാകെ പതിനായിരകണക്കായ പ്ലാനിംഗ് വിദഗ്ധരുടെ പുതിയ നിര രൂപം കൊള്ളുകയാണ്. ഇത് അസൂയാർഹമായ ഒരു നേട്ടമാണ്.

എന്താണീ പ്രോജക്റ്റ്? പ്രത്യേകരമായി വിശകലനത്തിനോ ആസൂത്രണത്തിനോ നിർവ്വഹണത്തിനോ സാധ്യതയുള്ള ഏറ്റവും ചെറിയ വികസനഘടകമാണത്. ഇനിയങ്ങോട്ട് പഞ്ചായത്ത് വികസനസെമിനാറിലും തുടർന്നും ജനകീയസൂത്രണ പ്രക്രയയിൽ പങ്കെടുക്കുന്ന സാമൂഹ്യ പ്രവർത്തകരുടെ മുഖ്യകടമ. പ്രവർത്തനക്ഷമമായ പ്രൊജക്റ്റുകൾ കണ്ടെത്തുകയും പ്രൊജക്ട് റിപ്പോർട്ടു തയ്യാറാക്കുകയുമാണ്.

എന്നാൽ ഈ വികസനറിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്കാകെ ഒറ്റയടിക്ക് പരിഹാരം കാണാം എന്ന് വ്യാമോഹിച്ചിട്ടുകാര്യമില്ല. വരുന്ന ഒന്നോ രണ്ടോ പഞ്ചവത്സരപദ്ധതികൾകൊണ്ട് ഇവയൊക്കെ നടപ്പാക്കാൻ കഴിഞ്ഞാൽ നമ്മുടെ നാടിൻെറ മുഖഛായ മാറ്റിമറിക്കാൻ കഴിയും.

ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുകയാണ്. എന്നാൽ അതിലു മെത്രയോ ഇരട്ടി മനുഷ്യവിഭവശേഷിപ്രാദേശികമായിപ്രയോജനപ്പെടുത്താൻ കഴിയണം. അദ്ധ്വാനമാണ് സമ്പത്ത്. അദ്ധ്വാനശേഷി വേണ്ടതുപോലെ ഉപയോഗിക്കപ്പെട്ടാൽ നമ്മുടെ നാടിനുണ്ടാവുന്ന വളർച്ചയ്ക്ക് അതിരുകളില്ല.

പഞ്ചായത്ത് കമ്മറ്റിയുമായി ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ, കക്ഷിരാഷ്ട്രീയ ഭേദമന്യേ, സർവ്വാത്മനാസഹകരിച്ച സാമൂഹ്യപ്രവർത്തരോടുള്ള നന്ദിയും കടപ്പാടും അറിയിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തകയാണ്. കൂരോപ്പട പഞ്ചായത്തിൻെറ പൂർണ്ണ രൂപത്തിലുള്ള ഭൂപടം ആദ്യമായി പ്രസിദ്ധീകരിച്ചത് 1991-ലെ കണികമാസികയുടെ ലോകസാക്ഷരതാ ദിനപതിപ്പായിരുന്നു. അതു തയ്യാറാക്കിയതാവട്ടെ സാമൂഹ്യപ്രതി ബദ്ധതയ്ക്കും സാമർത്ഥ്യത്തിനും നിരവധിതവണ അംഗീകാരങ്ങൾ നേടിയ വില്ലേജ് ഒഫീസർ ശ്രീ. പി. വി. അന്ത്രയോസ്യം. കോട്ടയം ജില്ലയിലെ ഏറ്റവും മികച്ച സാക്ഷരതാ പ്രവർത്തനത്തിന് അവാർഡു നേടിയ കരോപ്പടയിലെ സാക്ഷരതാ പ്രവർത്തകരുടെ സംരഭമായ കണിക മാസികയോടും ശ്രീ. പി. വി. അന്ത്രയോസിനോടുമുള്ള കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു.

ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ഏതെങ്കിലും കാരണത്താൽ ബന്ധപ്പെടാൻ കഴിയാതെ നില്ക്കുന്ന വിദഗ്ദ്ധരുടെ സേവനം തുടർന്നുലഭ്യമാവണം. മാത്രമല്ല ഇപ്പോൾ ബന്ധപ്പെട്ടുന്നവരുടെ സേവനം ഇനിയും കൂടുതൽ പ്രയോജനപ്പെടുത്തേണ്ടതുമുണ്ട്.

കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി ഇപ്പോൾ രൂപപ്പെട്ടുവന്നിട്ടുള്ള വികസന സംസ്കാരം കൂടുതൽ സുദൃഡമാക്കാനുള്ള ഇച്ഛാശക്തിയും, സമീപനവും ബന്ധപ്പെട്ട എല്ലാവരുടേയും ഭാഗത്തു നിന്നുണ്ടാകണമെന്ന അഭ്യർത്ഥനയോടെ കൂരോപ്പട പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും പഠനത്തിനും പരിഗണനയ്ക്കുമായി ഈ വികസന റിപ്പോർട്ട് സമർപ്പിക്കുന്നു.

# അധികാരം ജനങ്ങളിലേക്ക് - നിയമത്തിൻെറ പ്രസക്ത ഭാഗങ്ങൾ

## ഗ്രാമപഞ്ചായത്തിൽ വികസന ചുമതലകൾ - പ്രധാനപ്പെട്ട സെക്ഷനുകൾ

**166. ഗ്രാമപഞ്ചായത്തിൻെറ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും** - (1) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കു വിധേയമായി, മൂന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച്, ഗ്രാമപഞ്ചായത്തു പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ഗ്രാമപഞ്ചായത്തിൻെറ കർത്തവ്യമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കും സർക്കാരിൻെറ മാർഗ്ഗനിർദ്ദേശങ്ങൾക്കും സാമ്പത്തികവും സാങ്കേതികവും മറ്റു വിധത്തിലുമുള്ള സഹായങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്തിന് മൂന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടത്തുന്നതിന് പൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) [1][ഗ്രാമപഞ്ചായത്തിന് തൊഴിൽ സൗകര്യങ്ങൾ] വർദ്ധിപ്പിക്കുവാനും വികസന പ്രവർത്തനങ്ങൾ നടത്തുവാനും ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ [2][മാൻപവർ ബാങ്കുകൾ ആരംഭിക്കുവാനും ഉള്ള] അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

1. 1995-ലെ 7-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത്.
2. 1995-ലെ 7-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(4) സർക്കാരും ജില്ലാ പഞ്ചായത്തും, ബ്ലോക്കു പഞ്ചായത്തും വിഭവങ്ങളുടെ ലഭ്യതയ്ക്കു വിധേയമായി, ഗ്രാമപഞ്ചായത്തുകൾക്ക് [1][അവയുടെ ചുമതലകൾ] നിർവഹിക്കുന്നതിന് സാധ്യമാക്കുന്നതിലേക്ക് ആവശ്യമായ സാമ്പത്തികവും സാങ്കേതികവും മറ്റു തരത്തിലുള്ളതുമായ സഹായങ്ങൾ നൽകേണ്ടതാണ്.

(5) മൂന്നാം പട്ടികയിൽ അക്കമിട്ടു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് സർക്കാർ അനുവദിച്ചിട്ടുള്ള എല്ലാ സഹായ ഗ്രാൻറുകളും സബ്സിഡികളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യേണ്ടതാണ്.

(6) സർക്കാർ, ഈ ആക്റ്റിൻെറ പ്രാരംഭത്തിനു ശേഷം കഴിയുന്നത്ര വേഗം മൂന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും കെട്ടിടങ്ങളും മറ്റു വസ്തുവകകളും സ്വത്തുക്കളും ബാദ്ധ്യതകളും എല്ലാം തന്നെ ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

**167. ഗ്രാമപഞ്ചായത്തുകളിലേക്കുള്ള ചുമതലകളുടെയും സ്ഥാപനങ്ങളുടെയും പണികളുടെയും കൈമാറ്റം** - (1) നിർണ്ണയിച്ചേക്കാവുന്ന അപ്രകാരമുള്ള ചട്ടങ്ങൾക്കു വിധേയമായി, സർക്കാരിനോ ജില്ലാ പഞ്ചായത്തിനോ അഥവാ ബ്ലോക്കു പഞ്ചായത്തിനോ ഏതെങ്കിലും സ്ഥാപനത്തിൻെറ നടത്തിപ്പോ പരിപാലനമോ, ഏതെങ്കിലും പണികളുടെ നിർവ്വഹണമോ, പരിപാലനമോ, അല്ലെങ്കിൽ, ഏതെങ്കിലും അധികാരങ്ങളുടെ വിനിയോഗമോ അഥവാ ഗ്രാമപഞ്ചായത്തു പ്രദേശത്തിനുള്ളിൽ ഈ ആക്റ്റിങ്കൽ വ്യവസ്ഥ ചെയ്തിട്ടുള്ളതോ അല്ലാത്തതോ ആയ ഏതെങ്കിലും അധികാരത്തിൻെറ വിനിയോഗമോ ഏതെങ്കിലും കർത്തവ്യങ്ങളുടെ നിർവ്വഹണമോ ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.

(2) സർക്കാരിന്, ഗ്രാമപഞ്ചായത്തുകൾക്ക് വിനിയോഗിക്കാവുന്ന ഇതിനുമുമ്പ് പറഞ്ഞിട്ടുള്ള അധികാരങ്ങൾക്കും ചുമതലകൾക്കും പുറമെ, ഭൂനികുതിയുടെ പിരിവ്, സർവ്വേയുടെയും വില്ലേജിനെ സംബന്ധിച്ച റിക്കാർഡുകളുടെയം പരിപാലനം, ഗ്രാമ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം, സർക്കാർ പ്രൈമറി സ്കൂളുകളിലും, ചികിത്സാ പൊതുജനാരോഗ്യ മാതൃശിശുക്ഷേമസ്ഥാപനങ്ങൾ എന്നിവയുടെ പരിശോധനയും നിയന്ത്രണവും തുടങ്ങി,സർക്കാർ കാലാകാലങ്ങളിൽ പ്രത്യേകം പറഞ്ഞേക്കാവുന്നവയും, കൃഷി, മൃഗസംരക്ഷണം, വാർത്താവിനിമയം, ഗ്രാമവ്യവസായങ്ങൾ മണ്ണു സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, വനസംരക്ഷണം, വന്യജീവി സംരക്ഷണം, അനാഥരുടെ സംരക്ഷണം, വയോജനസംരക്ഷണം, സാംസ്ക്കാരിക പ്രവർത്തനം, അനൗപചാരിക വിദ്യാഭ്യാസം എന്നി

വയുടെ വികസനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹ്യവികസന ജോലികളുടെ നടത്തിപ്പ് തുടങ്ങിയ ഏതെങ്കിലും ചുമതലകളുടെ നിർവ്വഹണമോ ഏതെങ്കിലും അധികാരത്തിൻെറ വിനിയോഗമോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അപ്രകാരമുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു വഴി ഒരു ഗ്രാമപഞ്ചായത്തിനെ അധികാരപ്പെടുത്താവുന്നതാണ്.

1. 1995-ലെ 7-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(3) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്കു വിധേയമായി, ഒരു ഗ്രാമപഞ്ചായത്തിൻെറ അനുമതിയോടും സമ്മതിച്ച പ്രകാരമുള്ള നിബന്ധനകൾക്കു വിധേയമായും ഒരു ആൾക്കോ ആളുകളുടെ ഒരു നികായത്തിനോ പഞ്ചായത്തു പ്രദേശത്തുള്ള ഏതൊരു സ്ഥാപനത്തിൻെറയും നടത്തിപ്പും പരിപാലനവും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.

(4) സർക്കാരോ ജില്ലാ പഞ്ചായത്തോ ബ്ലോക്കു പഞ്ചായത്തോ അവർ അതതു സമയം ഗ്രാമപഞ്ചായത്തിന് (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം കൈമാറ്റം ചെയ്ത ഏതെങ്കിലും സ്ഥാപനത്തിൻെറ നടത്തിപ്പിനോ/പരിപാലനത്തിനോ സംരക്ഷണത്തിനോ, അല്ലെങ്കിൽ, ഏതെങ്കിലും പണിയുടെ നിർവഹണത്തിനോ പരിപാലനത്തിനോ, അല്ലെങ്കിൽ, ഏതെങ്കിലും അധികാരത്തിൻെറ വിനിയോഗത്തിനോ അഥവാ ഏതെങ്കിലും കർത്തവ്യത്തിൻെറ നിർവഹണത്തിനോ വേണ്ട ചെലവുകൾ നേരിടുന്നതിന് അവരുടെ അഭിപ്രായത്തിൽ ആവശ്യമെന്ന് തോന്നുന്ന പ്രാകാരമുള്ള തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് സംഭാവന ചെയ്യുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

**168. പൊതുവായ ഡിസ്പെൻസറികളും ശിശുക്ഷേമ കേന്ദ്രങ്ങളും മറ്റും നടത്തൽ -** ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഗ്രാമപഞ്ചായത്തിനോ അല്ലെങ്കിൽ രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകൾ കൂടി ചേർന്നോ പൊതുവായ ഡിസ്പെൻസറികളും ശിശുക്ഷേമ കേന്ദ്രങ്ങളും, സർക്കാർ നിർണ്ണയിച്ചേക്കാവുന്ന മറ്റു വിധത്തിലുള്ള സ്ഥാപനങ്ങളും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യാവുന്നതാണ്.

**169. പൊതു റോഡുകൾ ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാകൽ -** (1) 1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റിലോ (1958-ലെ 8) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു ഗ്രാമ പഞ്ചായത്തിൻെറ പ്രദേശത്തിനുള്ളിലുള്ളതും സർക്കാർ ദേശീയ പാതയായി തരംതിരിച്ചിട്ടുള്ള റോഡുകളോ സംസ്ഥാന ഹൈവേയായി തരം തിരിച്ചിട്ടുള്ള മറ്റു റോഡുകളോ ഒഴികെയുള്ള എല്ലാ പൊതുവഴികളും നിരത്തുകളും, ലെയിനുകളും പാതകളും പാലങ്ങളും കിടങ്ങുകളും അണകളും, അവയ്ക്ക് മുകളിലോ വശങ്ങളിലോ ഉള്ള വേലികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും, എല്ലാ നടപ്പാതകളോടും കല്ലും മറ്റു സാധനങ്ങളും അവിടെ സ്ഥാപിച്ചിട്ടുള്ള മറ്റെല്ലാ സാധന സാമഗ്രികളോടും അപ്രകാരമുള്ള റോഡുകളിലോ അതിനോട് ചേർന്നോ അതിന് കീഴിലോ ഗ്രാമ പഞ്ചായത്തിൻെറ ഫണ്ടിൽ നിന്നോ അഥവാ മറ്റു വിധത്തിലോ ഉള്ള ചെലവിൽ നിർമ്മിച്ചിട്ടുള്ള എല്ലാ അഴുക്ക് ചാലുകളും, ഡ്രെയിനേജ് പണികളും ടണലുകളും കലുങ്കുകളും അവയോട് ചേർന്നുള്ള, എല്ലാ പണികളും സാധനങ്ങളും സാമഗ്രികളും എല്ലാം കൂടി ഗ്രാമ പഞ്ചായത്തിലേക്ക് പൂർണ്ണമായും കൈമാറ്റം ചെയ്തതായും നിക്ഷിപ്തമായതായും കണക്കാക്കാവുന്നതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരം ഗ്രാമ പഞ്ചായത്തിലേക്ക് നിക്ഷിപ്തമായ പൊതുവഴികളേയും മറ്റു വസ്തു വകകളെയും മറ്റു സാധനസാമഗ്രികളെയും സംബന്ധിച്ച സർക്കാരിൻെറ സർവ്വവിധ അവകാശങ്ങളും ബാദ്ധ്യതകളും അപ്രകാരം നിക്ഷിപ്തമായ തീയതി മുതൽ ഗ്രാമപഞ്ചായത്തിൻെറ അവകാശങ്ങളും ബാദ്ധ്യതകളും ആയിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് ഏതൊരു സമയത്തും ഗസറ്റ് വിജ്ഞാപനം വഴി, അപ്രകാരമുള്ള പൊതുവലിയോ അഴുക്ക് ചാലോ ഓടയോ ഡ്രെയിനേജ് പണിയോ ടണലോ കലുങ്കോ ഈ ആക്റ്റിൻെറ പ്രവർത്തനപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതും, അതുപോലെ തന്നെ അപ്രകാരമുള്ള ഒരു വിജ്ഞാപനം ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും അതിനെ തുടർന്ന് അവ സർക്കാരിലേക്ക് പുനർ നിക്ഷിപ്തമാകുന്നതുമാണ്:

എന്നാൽ അപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി, സർക്കാർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി ആലോചിക്കേണ്ടതും, ആക്ഷേപം എന്തെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് അർഹമായ പരിഗണന നൽകേണ്ടതുമാണ്.

(4) സർക്കാരിന്, ഗസറ്റുവിജ്ഞാപനം വഴി ഗ്രാമ

പഞ്ചായത്തിലുള്ള ഏത് പൊതുവഴിയും അല്ലെങ്കിൽ ഏതൊരു വിഭാഗം പൊതുവഴികളും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യാനും നിക്ഷിപ്തമാക്കാനും ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, അതോടെ, അപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട വഴിയോ അല്ലെങ്കിൽ വഴികളോ, (1)-ാം ഉപവകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, എന്നാൽ ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായും, അപ്രകാരമുള്ള ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും നിക്ഷിപ്തമാവുകയും ചെയ്യുന്നതാണ്.

(5) (1)-ാം ഉപവകുപ്പു പ്രകാരമോ അല്ലെങ്കിൽ (4)-ാം ഉപവകുപ്പു പ്രകാരമോ ഒരു ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതും നിക്ഷിപ്തമായിട്ടുള്ളതും ആയ ഏതെങ്കിലും ഭൂമി, അത് പുറംപോകായിരുന്നാലും അല്ലെങ്കിലും, ഏതെങ്കിലും ആൾ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള മുൻകൂട്ടിയുള്ള അനുവാദമില്ലാതെ കൈവശപ്പെടുത്തുന്നത് നിയമവിരുദ്ധമായിരിക്കുന്നതാണ്.

വിശദീകരണം - സംശയ നിവാരണത്തിനായി, മേൽപ്പറഞ്ഞ ഏതെങ്കിലും ഭൂമിയുടെ മീതെയോ മുകളിലോ തൂങ്ങി കിടക്കുന്ന ഏതെങ്കിലും എടുപ്പോ ഉന്തി നിൽക്കുന്ന ഏതെങ്കിലും പണിയോ നിർമ്മിക്കുന്നത് (അത് സ്ഥിരമായാലും താൽക്കാലികമായാലും) അപ്രകാരമുള്ള ഭൂമിയെ കൈവശപ്പെടുത്തുന്നതായി കണക്കാക്കുന്നതാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

**171. സമൂഹസ്വത്തുക്കളോ വരുമാനമോ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാകൽ -** നാട്ടാചാരപ്രകാരം ഗ്രാമവാസികളുടെ പൊതുവകയായിട്ടുള്ളതോ അവരുടെ പ്രയോജനത്തിലേക്കുള്ളതോ, ഗ്രാമത്തിലെ ഭൂമി കൂട്ടായി കൈവശം വച്ചിരിക്കുന്ന ആളുകൾക്കു പൊതുവായി പ്രയോജനപ്പെടുന്നതിലേക്കോ അല്ലെങ്കിൽ ഒരു പ്രത്യേക വിവരണത്തിൽപ്പെടുന്നതോ വളരെ ചെറിയ ഒരു ജലസേചന സ്രോതസ്സിൻകീഴിൽ വരുന്നതോ ആയ ഭൂമിയുടെ കൈവശക്കാർക്കു പ്രയോജനപ്പെടുന്നതിലേക്കോ ഭരിക്കപ്പെടുന്നതോ ആയ ഏതെങ്കിലും സ്വത്തോ വരുമാനമോ അവ മേല്പറഞ്ഞ ഗ്രാമവാസികളുടെയോ കൈവശക്കാരുടെയോ പ്രയോജനത്തിലേക്ക് ഭരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാകുന്നതാണ്.

**174. സർക്കാരിൻെറ അധികാരങ്ങളും ചുമതലകളും പഞ്ചായത്തുകളെ ഏല്പിച്ചു കൊടുക്കൽ** (1) സർക്കാരിന്, ഗസറ്റു വിജ്ഞാപനം വഴി, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്യാത്ത ഏതെങ്കിലും സംഗതി സംബന്ധിച്ച് വിജ്ഞാപനത്തിൽ വ്യക്തമാക്കിയേക്കാവുന്ന പ്രകാരം, അതിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, അതായത് സമയം, ഏതു തലത്തിലുള്ള പഞ്ചായത്തിലേക്കും സർക്കാരിൻെറ ഏത് അധികാരങ്ങളും ചുമതലകളും ഏല്പിച്ചു കൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സർക്കാർ ഒരു ചുമതല ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിനെ ഏല്പിച്ചു കൊടുക്കുന്നിടത്ത് ആ പഞ്ചായത്തിനെ അപ്രകാരം ഏല്പിക്കപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിന് പ്രാപ്തമാക്കുന്നതിലേക്ക് ആവശ്യമായ അപ്രകാരമുള്ള ഫണ്ടും ഉദ്യോഗസ്ഥന്മാരെയും സർക്കാർ ആ പഞ്ചായത്തിലേക്ക് അനുവദിക്കേണ്ടതാണ്.

**175.പഞ്ചായത്തുകൾ വികസന പദ്ധതികൾ തയ്യാറാക്കൽ -** (1) ഓരോ ഗ്രാമപഞ്ചായത്തും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന അപ്രകാരമുള്ള ഫാറത്തിൽ തൊട്ടടുത്ത വർഷത്തേക്ക് ഗ്രാമത്തിനുവേണ്ടി ഒരു വികസനപദ്ധതി തയ്യാറാക്കേണ്ടതും, അത് , നിർണ്ണയിക്കപ്പെട്ടേക്കാവുന്ന തീയതിക്കു മുമ്പായി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്.

(2) ഓരോ ബ്ലോക്ക് പഞ്ചായത്തും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന അപ്രകാരമുള്ള ഫാറത്തിൽ ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച വികസന പദ്ധതികൾക്ക് പരിഗണന നൽകികൊണ്ട് ബ്ലോക്കിനുവേണ്ടി തൊട്ടടുത്ത വർഷത്തേക്കുള്ള ഒരു വികസന പദ്ധതി തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെട്ടേക്കാവുന്ന തീയതിക്കുമുമ്പ് ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് സമർപ്പിക്കേണ്ടതുമാണ്.

(3) ഓരോ ജില്ലാ പഞ്ചായത്തും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന അപ്രകാരമുള്ള ഫാറത്തിൽ ജില്ലയിലുള്ള ബ്ലോക്ക് പഞ്ചായത്തുകൾ സമർപ്പിച്ച വികസന പദ്ധതികൾക്ക് പരിഗണന നൽകികൊണ്ട് തൊട്ടടുത്ത വർഷത്തേക്ക് ജില്ലയ്ക്കുവേണ്ടി ഒരു വികസന പദ്ധതി തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെട്ടേക്കാവുന്ന തീയതിക്കുമുമ്പായി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

(4) പഞ്ചായത്തുകൾ ഒരു നിശ്ചിത കാലയളവ് മുന്നിൽ കണ്ടു കൊണ്ട് അതിൻെറ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും, അത് അതതു ജില്ലാ പഞ്ചായത്തു മുഖേന ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് നൽകേണ്ടതുമാണ്.

25/3799/95/MG

വിശദീകരണം - ഈ വകുപ്പിൻെറ ആവശ്യങ്ങൾക്കായി, ഒരു വികസന പദ്ധതി എന്നാൽ, ഈ ആക്റ്റി

ലേയോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾ അനുസരിച്ച് ഭരണപരമായ അധികാരം പഞ്ചായത്തുകളിൽ നിക്ഷിപ്തമായ സംഗതികൾ ഉൾപ്പെടെ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള സംഗതികളോട് ബന്ധപ്പെട്ട സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള ഒരു വികസന പദ്ധതി എന്നർത്ഥമാകുന്നു.

(5) ഇപ്രകാരമുള്ള വികസന പദ്ധതികളുടെ അന്തിമ തീരുമാനം ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിന് വളരെ മുമ്പ് തന്നെ കൈക്കൊള്ളേണ്ടതാണ്.

**176. നിർവഹണത്തിനായി പദ്ധതികൾ പഞ്ചായത്തുകളെ ഭരമേല്പിക്കൽ** - (1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, ഏർപ്പെടുത്തണമെന്ന് അവർക്ക് ഉചിതമെന്നു തോന്നിയേക്കാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഒരു ഉത്തരവുവഴി ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള അപ്രകാരമുള്ള പദ്ധതികളുടെ നിർവഹണം ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിനെ ഭരമേല്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പനുസരിച്ച്, സർക്കാർ ഒരു പദ്ധതി ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിനെ ഭരമേല്പിച്ചിട്ടുള്ളിടത്ത്, അവർ ആ പഞ്ചായത്തിനെ ആ പദ്ധതി നടപ്പിൽ വരുത്തുന്നതിനു പ്രാപ്തമാക്കുന്നതിലേയ്ക്ക് ആവശ്യമായ അപ്രകാരമുള്ള ഫണ്ടും ഉദ്യോഗസ്ഥന്മാരേയും അനുവദിക്കുകയും ചെയ്യേണ്ടതാണ്.

## അനുബന്ധം II

## മൂന്നാം പട്ടിക

[166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നോക്കുക]

**ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ :**

1. പൊതുകുളങ്ങളുടെ സംരക്ഷണം.
2. ജലസേചനത്തിനോ, ശുദ്ധജലവിതരണത്തിനോ വേണ്ടിയുള്ള കുഴൽ കിണറുകളും, കിണറുകളും കുഴിക്കലും സംരക്ഷണവും.
3. കേരള ജല അതോറിറ്റി ഭരമേൽപ്പിക്കുന്നതും അല്ലാതെയുള്ള ജലവിതരണപദ്ധതികൾ നടപ്പാക്കൽ.
4. ഇപ്പോൾ ഗ്രാമപഞ്ചായത്തുകളുടെ കീഴിലുള്ളതും സർക്കാർ കൈമാറ്റം ചെയ്തു കൊടുക്കുന്നതുമായ ഗ്രാമീണ റോഡുകളുടെയും, ഈ റോഡുകൾക്കു വേണ്ടിയുള്ള പാലങ്ങളുടെയും കലുങ്കുകളുടെയും ഓടകളുടെയും സംരക്ഷണവും പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണസംരക്ഷണം എന്നിവയും.
5. പുതിയ റോഡുകൾക്കും നിലവിലുള്ള റോഡുകൾക്കും വീതി കൂട്ടുന്നതിനുവേണ്ടി ഭൂമി സ്വമേധയാ വിട്ടുകൊടുക്കുന്നതു സംഘടിപ്പിക്കൽ.
6. കടത്തുകൾ നടത്തുകയും അവയ്ക്ക് ലൈസൻസ് നൽകുകയും ചെയ്യൽ.
7. ജലമാർഗ്ഗങ്ങളും പൊതു കനാലുകളും സംരക്ഷിക്കൽ.
8. തെരുവുവിളക്കുകൾ പ്രദാനം ചെയ്യുകയും അവയുടെ സംരക്ഷണവും.
9. അനാരോഗ്യകരമായ പ്രദേശങ്ങൾ ഉദ്ധരിക്കുകയും പരിസരശുചിത്വം പരിപാലിക്കുകയും അതിനുവേണ്ടി ബോധവൽക്കരണം നടത്തുകയും ചെയ്യുക.
10. അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുക.
11. കൊതുക് നിയന്ത്രണം.
12. കശാപ്പുശാലകളുടെ നടത്തിപ്പ്.
13. മാംസം, മത്സ്യം, പെട്ടെന്ന് ചീത്തയാകുന്ന മറ്റു ഭക്ഷ്യ ഇനങ്ങൾ എന്നിവയുടെ വിൽപ്പന നിയന്ത്രിക്കൽ.
14. ഭക്ഷ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ.
15. അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ.
16. റോഡുകളും ഓടകളും മാർക്കറ്റുകളും മറ്റും വൃത്തിയാക്കുകയും ഖരരൂപത്തിലുള്ള വർജ്ജ്യ വസ്തുക്കൾ നീക്കം ചെയ്യലും.
17. 'വാട്ടർടൈപ്പ് ക്ലോസറ്റു'കൾ പ്രചരിപ്പിക്കുക.
18. ശവം അടക്കം ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമുള്ള പൊതുസ്ഥലങ്ങളും വൈദ്യുതി ക്രിമറ്റോറിയങ്ങളും ഉണ്ടാക്കുകയും സംരക്ഷിക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക.
19. കന്നുകാലി പൗണ്ടുകൾ നടത്തുക.
20. അനാഥ പ്രേതങ്ങളും മൃഗങ്ങളുടെ ശവശരീരങ്ങളും മറവു ചെയ്യുക.
21. പൊതുമാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ് സ്റ്റാൻഡുകൾ, പാർക്കുകൾ, റെസ്റ്റ് ഹൗസുകൾ മുതലായവ നടത്തുക.
22. ടാക്സികളും ഓട്ടോ റിക്ഷകളും ഉൾപ്പെടെയുള്ള

വാഹനങ്ങൾ പാർക്കു ചെയ്യുവാനുള്ള സ്ഥലങ്ങൾ ഏർപ്പെടുത്തുക.

23. ബസ് കാത്ത് നിൽക്കുന്നതിനുള്ള ഷെഡ്ഡുകൾ ഏർപ്പെടുത്തുക.

24. പൊതു മൂത്രപ്പുരകളും കക്കൂസുകളും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.

25. ജനനങ്ങളും മരണങ്ങളും വിവാഹങ്ങളും രജിസ്റ്റർ ചെയ്യുക.

26. വാർഷിക ബഡ്ജറ്റ് തയ്യാറാക്കുക.

27. ചേരി പരിഷ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക.

28. അനധികൃത കെട്ടിട നിർമ്മാണവും ഭൂവിനിയോഗവും നിയന്ത്രിക്കുക.

29. നദികളിലും കുളങ്ങളിലും കുളിക്കടവുകൾ ഏർപ്പെടുത്തുകയും കന്നുകാലികളെ കുളിപ്പിക്കുന്നതിന് പ്രത്യേകം കടവുകൾ ഏർപ്പെടുത്തുകയും ചെയ്യുക.

30. കനാലുകളിൽ ബോട്ടുകൾ പാർക്കു ചെയ്യാനുള്ള സ്ഥലം ഏർപ്പെടുത്തുക.

31. മേളങ്ങളും ഉത്സവങ്ങളും നിയന്ത്രിക്കുക.

32. ദുർബല വിഭാഗങ്ങൾക്കായി നിയമസഹായ സമിതികൾ രൂപീകരിക്കുക.

### ഗ്രാമപഞ്ചായത്തു വഹിക്കേണ്ടതായ മറ്റു ചുമതലകൾ

**1. കൃഷി**

(എ) കൃഷി അഭിവൃദ്ധിപ്പെടുത്തലും മാതൃകാ കൃഷിക്കളങ്ങൾ സ്ഥാപിക്കലും.

(ബി) പച്ചക്കറി/തീറ്റപ്പുൽക്കൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷിയും അവയുടെ വിതരണവും മെച്ചപ്പെടുത്തൽ.

(സി) ധാന്യപ്പുര സ്ഥാപിക്കൽ.

(ഡി) ഗ്രാമ പഞ്ചായത്തിൻെറ വകയോ അഥവാ അതിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ പാഴ്ഭൂമികളും തരിശു ഭൂമികളും കൃഷി ചെയ്യലും ഭൂമിയുടെ ഏറ്റവും പ്രയോജനകരമായ വിനിയോഗത്തെ പ്രോത്സാഹിപ്പിക്കലും.

(ഇ) വളം ലഭിക്കുന്നതായ സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പു വരുത്തുക; പച്ചിലവളം ക-ൃഷി ചെയ്തുണ്ടാക്കുക; കൂട്ടുവളം നിർമ്മിക്കുകയും വളം വിൽപ്പന നടത്തുകയും ചെയ്യുക; ജൈവ വളത്തിൻെറ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

(എഫ്) മെച്ചപ്പെട്ട ഇനം വിത്തുകളുടെയും തൈകളുടെയും നടീൽ വസ്തുക്കളുടേയും നഴ്സറികൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(ജി) പണിയായുധങ്ങൾ, സാമഗ്രികൾ, കീടനാശിനികൾ മുതലായവ നൽകൽ.

(എച്ച്) സഹകരണ കൃഷിയും കൂട്ടുകൃഷിയും പ്രോത്സാഹിപ്പിക്കുക.

(ഐ) വിള പരീക്ഷണങ്ങൾ നടത്തുകയും വിള സംരക്ഷണ പദ്ധതികൾ ആരംഭിക്കുകയും ചെയ്യുക.

(ജെ) കർഷകരുടെ ക്ലബ്ബുകൾക്കും സമിതികൾക്കും പ്രോത്സാഹനം നൽകുക.

(കെ) ഭൂപരിഷ്ക്കരണ പദ്ധതികൾ നടപ്പാക്കുന്നതിൽ സർക്കാരിനെ സഹായിക്കുക.

(എൽ) മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക.

(എം) ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുക.

(എൻ) മേച്ചിൽ സ്ഥലങ്ങൾ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(ഒ) ഗുരുതരമായ കീടങ്ങൾക്കും രോഗങ്ങൾക്കും എതിരെ സസ്യങ്ങളെ സംരക്ഷിക്കുകയും കള കൾ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുക.

(പി) കാർഷികപ്രദർശനങ്ങൾ നടത്തുക.

(ക്യു) കൃഷിഭവനുകളുടെ പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും വഹിക്കുക.

(ആർ) ഭൂമി ഏറ്റവും പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി വിള വികസന പരിപാടികൾ.

(എസ്) രാസവളങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

(റ്റി) ഭാഗികമായ യന്ത്രവൽക്കരണം ഏർപ്പെടുത്തൽ.

(യു) വിത്തുൽപ്പാദനം പ്രോത്സാഹിപ്പിക്കൽ.

(വി) ഗ്രാമതലത്തിൽ മേളകളും സെമിനാറുകളും കർഷക ദിനവും, നിവേശപക്ഷാചരണം (ഇൻപുട്ട് ഫോർട്ട് നൈറ്റ് ) എന്നിവ നടത്തുക.

**2. മൃഗസംരക്ഷണവും ക്ഷീരവികസനവും** (സർക്കാരിൻെറ മാർഗ്ഗനിർദ്ദേശത്തിനും വിധേയമായി)

(എ) കന്നുകാലികളെയും കന്നുകാലി പ്രജനനവും കന്നുകാലികളുടെ പൊതുസംരക്ഷണവും അഭിവൃദ്ധിപ്പെടുത്തൽ.

(ബി) ക്ഷീരവികസനം പ്രോത്സാഹിപ്പിക്കുക.

(സി) സർക്കാർ വെറ്റിനറി ഡിസ്പെൻസറികളുടെ നടത്തിപ്പ്.

(ഡി) കോഴിവളർത്തൽ, തേനീച്ചവളർത്തൽ, പന്നിവളർത്തൽ എന്നിവ അഭിവൃദ്ധിപ്പെടുത്തുക.

(ഇ) പുൽമേടുകളുടെ വികസനം.

(എഫ്) കന്നുകാലി പ്രദർശനങ്ങളും കോഴി പ്രദർശനങ്ങളും നടത്തുക.

(ജി) മൃഗങ്ങളോടുള്ള ക്രൂരത തടയുക.

(എച്ച്) കൃത്രിമ ഗർഭോൽപ്പാദന സൗകര്യങ്ങൾ ഏർപ്പാടാക്കുക.

(ഐ) മൃഗങ്ങളുടെ പൊതുവായ ആരോഗ്യം.

(ജെ) മൃഗചികിത്സ ഉൾപ്പെടെ മൃഗസംരക്ഷണം.

(കെ) മൃഗങ്ങളുടെ രോഗങ്ങൾ തടയുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ബന്ധപ്പെട്ട അധികാരികളെ സഹായിക്കൽ.

### 3. ചെറുകിട ജലസേചനം

(എ) പഞ്ചായത്തിനുള്ളിൽ പ്രയോജനം ലഭിക്കുന്ന 5 ഹെക്ടറിൽ കൂടാതെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും നിർമ്മാണവും പരിപാലനവും.

(ബി) ശുദ്ധജല വിതരണത്തിന് വേണ്ടിയുള്ള കുഴൽക്കിണറുകൾ കുഴിക്കലും സംരക്ഷണവും.

(സി) കമാൻഡ് ഏരിയാ വികസന അതോറിറ്റി ഏൽപ്പിക്കുന്ന പണികൾ ഏർപ്പാടാക്കൽ.

(ഡി) ജലസേചനത്തനായുള്ള ജലത്തിന്റെ മാനേജ്മെന്റും ശരിയായ ഉപയോഗവും.

(ഇ) കേരള വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തിയ ജല വിതരണപദ്ധതികൾ നടപ്പാക്കലും അവയുടെ പരിപാലനവും.

(എഫ്) കർഷകരുടെ സഹകരണത്തോടെ പാടങ്ങളിൽ നീർച്ചാലുകളും ഫീൽഡ് ബൂത്തുകളും നിർമ്മിക്കുക.

### 4. മത്സ്യബന്ധനം

(എ) പൊതുജലാശയങ്ങൾ പാട്ടത്തിന് കൊടുത്തുകൊണ്ടും സംരംഭകരെ പ്രോത്സാഹിപ്പിച്ചുകൊണ്ടും മത്സ്യവിതരണം നടത്തികൊണ്ടും മറ്റും ഉൾനാടൻ മത്സ്യബന്ധനം വികസിപ്പിക്കുക.

(ബി) പരമ്പരാഗതമായ ലാൻഡിംഗ് സെന്ററുകൾ (ഇറക്കു കേന്ദ്രങ്ങൾ) നടത്തിക്കൊണ്ടു പോകുകയും പരിപാലിക്കുകയും ചെയ്യുക.

(സി) മത്സ്യബന്ധന റോഡുകളും ഡിസ്പെൻസറികളും സ്ക്കൂളുകളും പരിപാലിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.

(ഡി) സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും ഗ്രാന്റുകളും സൗജന്യമോ സബ്സിഡിയോടു കൂടിയതോ ആയ പുസ്തകങ്ങളും നൽകികൊണ്ട് മത്സ്യത്തൊഴിലാളികളുടെ-വിദ്യാഭ്യാസ സൗകര്യങ്ങൾ വ്യാപിപ്പിക്കുക.

(ഇ) തീരദേശങ്ങളിൽ നഴ്സറി സ്ക്കൂളുകളും സാക്ഷരതാ പരിപാടികളും സംഘടിപ്പിക്കുക.

(എഫ്) മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ടി ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

### 5. സാമൂഹ്യവനവൽക്കരണം (സർക്കാരിന്റെ സാങ്കേതിക മാർഗ്ഗനിർദ്ദേശത്തിനും മേൽനോട്ടത്തിനും വിധേയമായി)

(എ) മരങ്ങൾ നട്ടു പിടിപ്പിക്കുന്നതിനുള്ള പ്രചരണം സംഘടിപ്പിക്കൽ.

(ബി) ചോലമരങ്ങളും സാമൂഹ്യ വനവൽക്കരണ സ്ട്രിപ്പുകളും നട്ടുപിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യൽ.

(സി) വിറകിനുള്ള വൃക്ഷങ്ങൾ വളർത്തുകയും വിറകു വിതരണം നടത്തുകയും ചെയ്യൽ.

(ഇ) വൃക്ഷത്തൈകൾ വളർത്തിയെടുക്കുന്നതിനുള്ള നഴ്സറികൾ നേരിട്ടും വിദ്യാഭ്യാസസംസ്ഥാപനങ്ങളെയും സ്വമേധയാ പ്രവർത്തിക്കുന്ന ഏജൻസികളെയും സഹായിച്ചുകൊണ്ടും സ്ഥാപിക്കുക.

(എഫ്) പരിസ്ഥിതി സംബന്ധമായ ഘടകങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

### 6. ചെറുകിട വ്യവസായങ്ങൾ

(എ) ഒരു പ്രദേശത്തെ പരമ്പരാഗതമായുള്ള തൊഴിൽപരമായ കഴിവുകൾ തിരിച്ചറിയുകയും കുടിൽ വ്യവസായങ്ങൾ വികസിപ്പിക്കുകയും ചെയ്യുക.

(ബി) ചെറുകിട വ്യവസായങ്ങൾക്കും പണ്ടകശാലകൾക്കും ലൈസൻസ് നൽകുക.

(സി) കൈത്തൊഴിൽ ചെയ്യുന്നവർക്കും കരകൗശലപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പരിശീലനം നൽകാനുള്ള പരിപാടികൾ സംഘടിപ്പിക്കുക.

(ഡി) പട്ടുനൂൽപ്പുഴു വളർത്തൽ പ്രോത്സാഹിപ്പിക്കുക.

(ഇ) ചെറുകിട വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും നോക്കി നടത്തുകയും ചെയ്യുക.

(എഫ്) അസംസ്കൃത സാധനങ്ങളുടെ പ്രാദേശിക വികസനത്തെ സഹായിക്കുക.

(ജി) ഗ്രാമവ്യവസായങ്ങൾക്കും അവയുടെ ഉല്പന്നങ്ങൾക്കും സമൂഹത്തിൽ താൽപ്പര്യം ജനിപ്പിക്കുക.

(എച്ച്) ചെറുകിട വ്യവസായത്തിനുള്ള സാമ്പത്തിക സഹായ വിതരണം സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതികൾക്ക് സഹായം നൽകൽ കൈത്തറി കരകൗശല വ്യവസായങ്ങളുടെ വികസനം.

### 7. ഭവന നിർമ്മാണം

(എ) ഭവനരഹിതരായ കുടുംബങ്ങളേയും പുറമ്പോക്കിൽ താമസിക്കുന്നവരേയും തിരിച്ചറിയുക.

(ബി) ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുക.

(സി) ഗ്രാമീണ ഭവനനിർമ്മാണത്തിനുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുകയും അവ ഭവനരഹിതർക്ക്

വിതരണം നടത്തുകയും ചെയ്യുക.

(ഡി) ചെലവു കുറഞ്ഞ ഭവനനിർമ്മാണത്തിനും കെട്ടിടനിർമ്മാണ സാമഗ്രികൾക്കും പ്രചാരം നൽക്കുക.

(ഇ) ഷെൽട്ടർ അപ്ഗ്രഡേഷൻ പദ്ധതികൾ നടപ്പിലാക്കുക.

(എഫ്) ഹൗസിംഗ് കോളനികളിൽ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുക.

## 8. വൈദ്യുതിയും പാരമ്പര്യേതര ഊർജ്ജവും

(എ) ഗ്രാമീണ വൈദ്യുതീകണം ഉൾപ്പെടെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് നടത്തേണ്ടതായ വൈദ്യുതീകരണ ജോലികൾ തിരിച്ചറിയുക.

(ബി) ബയോഗ്യാസ് പ്ലാൻറ് ഉൾപ്പെടെയുള്ള പാരമ്പര്യേതര ഊർജ്ജം പ്രചാരത്തിലാക്കകു.

(സി) ഊർജ്ജം ലാഭിക്കുന്നതിനുള്ള ഉപായങ്ങൾക്ക് പ്രോത്സാഹനം നൽകുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

## 9. ദാരിദ്ര്യ നിർമ്മാർജ്ജനവും ഗ്രാമീണ വികസന പരിപാടികളും

(എ) ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളെക്കുറിച്ചു പൊതുജനബോധവൽക്കരണവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.

(ബി) ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക.

(സി) ജെ. ആർ. വൈ. പദ്ധതിയുടെയും മറ്റു പദ്ധതികളുടെയും കീഴിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പരിപാടികൾ കേന്ദ്ര സർക്കാരിൻെറ നിബന്ധനകൾക്ക് വിധേയമായി.

(ഡി) മഹിളാ സമാജങ്ങളെ പ്രോത്സാഹിപ്പിക്കുക.

(ഇ) തരിശു ഭൂമിവികസന പദ്ധതികൾ നടപ്പാക്കുക.

## 10. വിദ്യാഭ്യാസം

(എ) ഗ്രാമപഞ്ചായത്തുകളിലുള്ള എൽ. പി. സ്ക്കൂളുകളുടെ നിയന്ത്രണം.

(ബി) സർക്കാർ സ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

(സി) സ്ക്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക.

(ഡി) പ്രീ-പ്രൈമറി സ്ക്കൂളുകളും വ്യാവസായിക പരിശീലനകേന്ദ്രങ്ങളും ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയ സ്ക്കൂളുകൾ നടത്തുക.

(ഇ) വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പുകളും ഗ്രാൻറുകളും വിതരണം ചെയ്യുക.

(എഫ്) അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റു സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക.

(ജി) ഗ്രാമീണവായനശാലകളുടെ നിയന്ത്രണവും മേൽനോട്ടവും.

(എച്ച്) ഗ്രന്ഥശാല സ്ഥാപിക്കുകയും ആ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

(ഐ) നിലത്തെഴുത്ത് ആശാന്മാർക്ക് ഗ്രാൻറു നൽകുക.

(ജെ) സ്ക്കൂളുകളിൽ കായികാദ്ധ്വാന സംസ്ക്കാരം അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

(കെ) ഗ്രാമീണ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

## 11. സാംസ്കാരിക കാര്യങ്ങളും പൈതൃകവും

(എ) സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക.

(ബി) കമ്മ്യൂണിറ്റിഹാളുകളും ഓപ്പൺ എയർ തീയേറ്ററുകളും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(സി) സ്ക്കൂൾ യുവജനോത്സവങ്ങൾക്കും മറ്റു തദ്ദേശീയ ഉത്സവങ്ങൾക്കും സഹായം നൽകുക.

(ഡി) പ്രശസ്ത വ്യക്തികൾക്കും ചരിത്രപ്രസിദ്ധർക്കും സ്മാരകങ്ങൾ ഉണ്ടാക്കുന്നതിനും അതിൻെറ നടത്തിപ്പിനും സഹായം നൽകുക.

## 12. പൊതുജനാരോഗ്യവും ശുചീകരണവും

(എ) ഗ്രാമപ്രദേശങ്ങളിൽ [സർക്കാർ ഡിസ്പെൻസറികളുടേയും കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളുടേയും] (ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളുൾപ്പെടെ) നടത്തിപ്പും നിയന്ത്രണവും.

(ബി) ഗ്രാമപഞ്ചായത്തുതലത്തിലുള്ള എല്ലാവിധ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും നിയന്ത്രണവും മേൽനോട്ടവും.

(സി) പൊതുജനാരോഗ്യം സംരക്ഷിക്കലും മെച്ചപ്പെടുത്തലും.

(ഡി) മാതൃ-ശിശുക്ഷേമ കേന്ദ്രങ്ങളുടെ നടത്തിപ്പും നിയന്ത്രണവും.

(ഇ) സാംക്രമികരോഗങ്ങൾക്കെതിരെ വാക്സിനേഷൻ ഉൾപ്പെടെയുള്ള ആരോഗ്യസംബന്ധമായ വിദ്യാഭ്യാസവും രോഗപ്രതിരോധ നടപടികളും

(എഫ്) മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതിനും മദ്യപാനത്തിനും പുകവലിക്കും എതിരായി പ്രചരണം നടത്തുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യുക.

(ജി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതി

രായി പ്രചരണവും ബോധവൽക്കരണവും നടത്തുക.

(എച്ച്) സ്വമേധയായുള്ള രക്തദാനവും നേത്രദാനവും പ്രോത്സാഹിപ്പിക്കുകയും, ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്യുക.

(ഐ) ഗ്രാമീണ വൈദ്യന്മാർക്ക് ഗ്രാൻറു നൽകുക.

**13. സാമൂഹ്യക്ഷേമം**

(എ) പ്രീ-സ്ക്കൂൾ കുട്ടികൾക്കും ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.

(ബി) ശിശുക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.

(സി) പഞ്ചായത്തു തലത്തിലുള്ള അംഗനവാടികളുടെ നിയന്ത്രണവും മേൽനോട്ടവും.

(ഡി) അംഗൻവാടി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവയ്ക്കു മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(ഇ) അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾനിർമ്മിക്കുക.

(എഫ്) അന്ധവിശ്വാസങ്ങൾക്കും ജാതിചിന്തയ്ക്കും അയിത്താചാരണത്തിനുമെതിരായി പ്രചരണം നടത്തുക.

1. 1995-ലെ 7-ാം ആക്റ്റ് പ്രകാരം പകരം ചേർത്തത്.

(ജി) കള്ളക്കടത്തിനും കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനും നികുതിവെട്ടിപ്പിനും മറ്റു സാമൂഹ്യ വിപത്തുകൾക്കുമെതിരായി പ്രചരണം നടത്തുക.

(എച്ച്) അഗതി, വിധവ വാർദ്ധ്യകാല പെൻഷൻ, വിധവകളുടെ (പാവപ്പെട്ട) പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള ധനസഹായം നൽകൽ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവയ്ക്കുള്ള അപേക്ഷ സ്വീകരിച്ച് അന്വേഷണം നടത്തി ശുപാർശ ചെയ്യാവുന്നതാണ്.

**14. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം**

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി വയോജന വിദ്യാഭ്യാസപരിപാടികൾ നടപ്പിലാക്കുക.

(ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഓല മേയുന്നതിനും ധനസഹായം നൽകുക.

(സി) പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും കോളനികളിൽ കിണറുകളും പൊതുജലടാപ്പുകളും തെരുവുവിളക്കുകളും ഏർപ്പെടുത്തുക.

(ഡി) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വിവാഹം, വൈദ്യചികിത്സാ, ഉപരിപഠനം ഇൻറർവ്യൂവിന് പോകുന്നതിലേക്കുള്ള യാത്രാബത്ത എന്നിവയ്ക്ക് സഹായധനം നൽകുക.

(ഇ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കോളനി രൂപീകരണ പദ്ധതികൾ നടപ്പിലാക്കുക.

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിവേചനാധിഷ്ഠിത (ഡിസ്ക്രിഷനറി) ഗ്രാൻറുകൾ നൽകുക).

(ജി) വൃത്തിഹീനമായ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് സ്ക്കോളർഷിപ്പ് നൽകുക.

(എച്ച്) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുക.

(ഐ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ ക്ഷേമപരിപാടികൾ ആരംഭിക്കുക.

**15. പൊതുവിതരണ സമ്പ്രദായം**

(എ) പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(ബി) അളവും തൂക്കവും സംബന്ധിച്ചു കുറ്റങ്ങൾക്കെതിരെ പ്രചരണം സംഘടിപ്പിക്കുക.

(സി) റേഷൻകടകളുടെയും മാവേലി സ്റ്റോറുകളുടെയും പൊതു മേൽനോട്ടം വഹിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പുതിയ പൊതു വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

**16. പൊതുമരാമത്ത്**

പഞ്ചായത്ത് അതിർത്തിക്കുള്ളിലെ റോഡുകളുടെ മേൽനോട്ടവും അറ്റകുറ്റപ്പണികളും.

**17. സാമാന്യം**

(എ) സ്റ്റേഡിയവും കളിസ്ഥലങ്ങളും നിർമ്മിക്കുകയും പരിപാലിക്കുകയും കായികവിനോദങ്ങളും കളികളും പ്രോൽസാഹിപ്പിക്കുകയും ഇവയിൽ പരിശീലനം നൽകുകയും ചെയ്യുക;

(ബി) പ്രകൃതിക്ഷോഭത്താൽ കഷ്ടതയനുഭവിക്കുന്ന ആളുകൾക്ക് സൗജന്യ ആശ്വാസ നടപടികൾ ഏർപ്പാടു ചെയ്യുക;

(സി) പ്രദേശത്തിൻെറ വികസനത്തിനുവേണ്ടി വാർഷിക-ദീർഘകാല പദ്ധതികൾ തയ്യാറാക്കുക;

(ഡി) സാമൂഹ്യ വികസന പരിപാടികൾക്കായി ശ്രമദാനം സംഘടിപ്പിക്കുക;

(ഇ) തീപിടുത്ത സുരക്ഷിതത്വ സംവിധാനങ്ങളെ സംബന്ധിച്ച് പ്രചരണം നടത്തുകയും തീപിടുത്തമുണ്ടാകുന്നത് നിയന്ത്രിക്കുന്നതിനായി ധനസഹായം നൽകുക, പ്രഥമ ശുശ്രൂഷ, പരിശീലനം, വാഹന അപകടങ്ങൾക്കെതിരെ ബോധവൽക്കരണം, ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, നിയമസഹായം ലഭ്യമാക്കൽ, പൗരബോധം വളർത്തുക തുടങ്ങിയവ;

(എഫ്) ദേശീയ സമ്പാദ്യ പരിപാടികളിൽ പങ്കെടുക്കുക, സമ്പാദ്യശീലം വളർത്തുക, മിതവ്യയശീലം വളർത്തുക;

(ജി) ആംബുലൻസ് സർവ്വീസ് നടത്തുക.

അധികാരം ജനങ്ങളിലേക്ക്